
www.malankaralibrary.com

# ആർച്ചുബിഷപ്പ് മാർ ഗ്രിഗോറിയോസ്



1969

www.malankaralibrary.com

Matthew Alummoottil.

# ആർച്ചുബിഷപ്പ്
# മാർ ഗ്രിഗോറിയോസ്

To Br. Alummoottil Mathew
with prayerful good wishes.
Fr. Geevarghese Chediyath
March 1970.

ഗ്രന്ഥകർത്താ

ഫാദർ ജേക്കബ് ഞായല്ലൂർ

ST. THOMAS MINOR SEMINARY ★ ATTARKOM
Library
Diocese of
Pathanamthitta

Price Rs. 2.

www.malankaralibrary.com

167

Matthew Alummoottil

# ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ്

## ഉപോദ്ഘാതം

മദ്ധ്യതിരുവിതാംകൂറിൻെറ തൊട്ടുകുറിയെന്നോണം വിരാജിക്കുന്ന കല്ലൂപ്പാറ പ്രകൃതിസൗന്ദര്യത്തിൻെറ പ്രദർശനവേദിയാണ്. ഹരിതാഭ കലർന്ന വയലേലകൾ, മന്ദസമീരണൻ നൃത്തം ചെയ്യുന്ന കമുകിൻ തോപ്പുകൾ, കനകകുംഭങ്ങൾ ശിരസ്സിലേററി തലയുയർത്തിനില്ക്കുന്ന തെങ്ങിൻ തോപ്പുകൾ, ഭൂമിക്ക് പച്ചപ്പട്ടു നല്കുന്ന കൃഷിസ്ഥലങ്ങൾ—ഇവയെല്ലാം അദ്ധ്വാനത്തിൽ അഭിമാനം കൊള്ളുന്ന ഒരു ജനതയുടെ പ്രയത്നത്തെ വിളംബരം ചെയ്യുകയാണ്. കല്ലൂപ്പാറയുടെ പാർശ്വഭാഗത്തുകൂടി ശാന്തഗംഭീരമായൊഴുകുന്ന മണിമലയാറിന് ആ നാടിൻെറ ശതാബ്ദങ്ങളിലൂടെയുള്ള ചരിത്രപുരോഗതിയുടെ ഒട്ടനവധി സുന്ദര കഥകൾ പറയാനുണ്ടാവും!

തിരുവല്ലാ–കോഴഞ്ചേരി റോഡിൽക്കൂടി പോയാൽ നാലു മൈൽ കഴിഞ്ഞു് കവിയൂർ–മല്ലപ്പള്ളി റോഡ്

www.malankaralibrary.com



കാണാം. പ്രസ്തുത റോഡിൽ കൂടി രണ്ടു മൈൽ യാത്ര ചെയ്താൽ കല്ലൂപ്പാറയെത്താം.

ഇടപ്പള്ളി സ്വരൂപത്തിന്റെ വകയായിരുന്ന കല്ലൂപ്പാറയിൽ പണ്ടു മുതൽ തന്നെ ഹിന്ദുക്കളും ക്രിസ്ത്യാനികളും സഹോദരങ്ങളെപ്പോലെ ഒത്തൊരുമയോടെ ജീവിക്കുന്നു. സമുദായസൗഹാർദ്ദം കല്ലൂപ്പാറയിലും പരിസരങ്ങളിലും പുരാതനകാലം മുതൽ അഭംഗുരം നിലനിന്നു പോരുന്നു. എല്ലാ സ്ഥലങ്ങളിലുമുള്ളതുപോലെ സാമ്പത്തികമായി പല നിലകളിലുള്ളവർ കല്ലൂപ്പാറയിലുമുണ്ടു്. എന്നാൽ, പൊതുവേ പറഞ്ഞാൽ ജനങ്ങളുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെട്ടതാണു്. അദ്ധ്വാനശീലരാണാളുകൾ. അഭിമാനബോധവും സ്വതന്ത്രചിന്താരീതികളും ലളിതജീവിതവും ഉള്ള കർഷകരാണു് ജനസംഖ്യയിൽ നല്ലൊരു പങ്കു്. എന്തു ക്ലേശങ്ങൾ സഹിച്ചും സന്താനങ്ങൾക്കു് കഴിയുന്നത്ര വിദ്യാഭ്യാസം നല്കണമെന്നു് തീക്ഷ്ണമായ ആഗ്രഹമുള്ള ജനങ്ങൾ വസിക്കുന്ന കല്ലൂപ്പാറയും പരിസരങ്ങളും, അഭ്യസ്തവിദ്യരുടെ കാര്യത്തിൽ മദ്ധ്യതിരുവിതാംകൂറിൽ മുന്നിട്ടു നില്ക്കുന്ന പ്രദേശങ്ങളാണു്. അഭ്യസ്തവിദ്യരിൽ ഗണനീയമായ ഒരു പങ്കു് അദ്ധ്യാപനവൃത്തിയിൽ ഏർപ്പെട്ടിട്ടുണ്ടു്. ധാർമ്മികബോധവും മതനിഷ്ഠയുമുള്ള ജനങ്ങളാണു് ഭൂരിഭാഗവും. കേരളത്തിലെ ക്രിസ്ത്യാനികളിൽ ഏതെല്ലാം അവാന്തരവിഭാഗങ്ങളുണ്ടോ അവയെല്ലാം തന്നെ കല്ലൂപ്പാറയിലും പരിസരങ്ങളിലുമുണ്ടെന്നു പറയാം. പള്ളികളിലും അമ്പലങ്ങളിലും പോകുന്നവരുടെ ശത

www.malankaralibrary.com



മാനം മററു സ്ഥലങ്ങളിലേതിനേക്കാൾ ഈ ഭാഗങ്ങളിൽ കൂടുതലാണു്. ചുരുക്കിപ്പറയാം. മതം ജീവിതത്തിൽ ആഴത്തിൽ വേരോടിയിട്ടുള്ള സ്ഥലമാണു് കല്ലൂപ്പാറ.

കൊല്ലവർഷം 515–ാ മാണ്ടു് മിഥുനമാസം മൂന്നാം തീയതി സ്ഥാപിതമായ പള്ളിയാണു് ഇപ്പോഴത്തെ യാക്കോബായപ്പള്ളി. കല്ലൂപ്പാറപ്പകുതിയിൽപെട്ട മല്ലപ്പള്ളിയിലാണു് യാക്കോബായ മെത്രാപ്പോലീത്തായും അതിപ്രഗത്ഭനമായിരുന്ന വട്ടശ്ശേരിൽ മാർ ഗീവർഗ്ഗീസ് ദിവന്നാസിയോസ് തിരുമേനി ജനിച്ചതു്. ആർച്ചുബിഷപ്പ് മാർ സേവറിയോസ് തിരുമേനിയും മല്ലപ്പള്ളി സ്വദേശിയായിരുന്നു. മാർത്തോമ്മാസഭയുടെ അഭിമാനഭാജനമായിരുന്ന മാരേട്ടു് ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ ജന്മനാട്ടു് കല്ലൂപ്പാറയാണു്. ഇന്നു് യാക്കോബായസഭയിൽ ഒരു റമ്പാനും എട്ടോളം വൈദികരും കല്ലൂപ്പാറയിൽ നിന്നുണ്ടു്. കല്ലൂപ്പാറ നിന്നും ബഥനി ആശ്രമത്തിൽ ഒൻപതു് വൈദികർ ഇപ്പോഴുണ്ടു്. ഇടവകവൈദികരായി ഏഴുപേർ കത്തോലിക്കാസഭയിൽ സേവനമനുഷ്ഠിക്കുന്നുണ്ടു്. കന്യാസ്ത്രീകളുടെ സംഖ്യ പന്ത്രണ്ടോളമുണ്ടു്. കല്ലൂപ്പാറ നിന്നുള്ള കത്തോലിക്കാശെമ്മാശ്ശന്മാർ റോമിലും ജമ്മനിയിലും ഇന്ത്യയിലുമുള്ള മേജർ സെമിനാരികളിൽ പഠിക്കുന്നുണ്ടു്. ദൈവസ്നേഹത്തിലും ധാമ്മികശുശ്രൂഷയിലും മുൻപന്തിയിൽ നില്ക്കുന്ന ജനങ്ങളാണു് കല്ലൂപ്പാറയിലും പരിസരങ്ങളിലുമുള്ളതെന്നു കാണിക്കുവാനാണു് ഈ സ്ഥിതിവിവരക്കണക്കുകൾ ഇവിടെ നിരത്തിവെച്ചതു്.

www.malankaralibrary.com



കല്ലൂപ്പാറയുടെ പ്രധാന ഭാഗത്തു നിന്നും ഒരു മൈൽ വടക്ക് കടമാൻകുളമെന്ന പേരിൽ അറിയപ്പെടുന്ന പ്രശാന്തസുന്ദരമായ ഒരു കൊച്ചുഗ്രാമമുണ്ടു്. ആ ഗ്രാമത്തിന്റെ കൈകരം സ്വർഗ്ഗത്തിലേക്ക് കൂപ്പിനില്ക്കുകയാണ് എന്ന പ്രതീതി പ്രേക്ഷകരിൽ ജനിപ്പിക്കുന്ന ഒരു കുന്നിൽ കടമാൻകുളം കത്തോലിക്കാപ്പള്ളി അഭിമാനഭരിതയായി തലയുയർത്തിനില്ക്കുന്നു. പ്രസ്തുത പള്ളിയിൽ നിന്നു് രണ്ടു ഫർലോംഗു് അകലെ കുന്നിന്റെ പടിഞ്ഞാറേ ചരുവിലായി പുഞ്ചനിലങ്ങളുടെ അടുത്തു് ഒരു ഗ്രാമീണഭവനം കാണാം. 'തങ്ങളത്തിൽ' എന്ന വീട്ടുപേരുള്ള ആ കൊച്ചു ഭവനത്തിൽ ജനിച്ച ഒരു കുഞ്ഞു് ഇന്നു് ലോകപ്രസിദ്ധനാണു്, സർവ്വജനസമാരാധ്യനാണു്, പുനരൈക്യപ്രസ്ഥാനത്തിന്റെ അഭിമാനഭാജനവും നായകനുമാണു്. ആ കുഞ്ഞിന്റെ ബാല്യജീവിത ചരിത്രമാണു് ഈ ഗ്രന്ഥത്തിലെ പ്രമേയം.

www.malankaralibrary.com

## അദ്ധ്യായം ഒന്ന്

# കുടുംബചരിത്രം

മാർത്തോമ്മാശ്ലീഹാ കേരളത്തിൽ സ്ഥാപിച്ച ഏഴര പള്ളികളിൽ ഒന്നായിരുന്നല്ലോ നിലക്കൽ (ചായൽ) പള്ളി. ശബരിഗിരിയിൽ നിന്നു് നിലക്കലേക്ക് അധികദൂരമില്ല. ഇന്നു് കൊടുംകാടായി കിടക്കുന്ന ആ പ്രദേശങ്ങൾ ഒരു കാലത്തു് സംസ്കാരസമ്പന്നരായ ജനങ്ങൾ അധിവസിച്ചിരുന്ന സ്ഥലങ്ങളാണെന്നുള്ളതിനു് ധാരാളം തെളിവുകളുണ്ടു്. പുരാതനമായ നിലക്കൽ പള്ളിയുടെ സ്ഥാനം കണ്ടെത്തിയിട്ടുള്ളതായാണു് ചിലർ അവകാശപ്പെടുന്നതു്. നിലക്കലും പരിസരപ്രദേശങ്ങളിലും ക്രിസ്തുവബ്ദം ഒന്നാം നൂററാണ്ടിൽ ധാരാളം നമ്പൂതിരിയില്ലങ്ങൾ ഉണ്ടായിരുന്നതായി ചരിത്രരേഖകളുണ്ടു്. ആ ഇല്ലങ്ങളിൽ ആഭിജാത്യംകൊണ്ടും സാമ്പത്തികമേന്മകൊണ്ടും പ്രമുഖമായിരുന്നതു് കാളിമാൻകോട്ട് എന്ന പേരിലറിയപ്പെട്ടിരുന്ന ഒരു ഭവനമായിരുന്നു. മാർത്തോമ്മാശ്ലീഹായുടെ ദിവ്യശക്തിയിൽ

www.malankaralibrary.com



ആകൃഷ്ടരായിത്തീർന്ന നമ്പൂതിരിമാർ ക്രൈസ്തവമതം സ്വീകരിച്ച കൂട്ടത്തിൽ കാളിമാൻകോട്ട് ഇല്ലത്തിലെ അംഗങ്ങളും ഉൾപ്പെട്ടിരുന്നു. നിലക്കൽ പള്ളി പ്രസ്തുത ഇല്ലത്തിന്റെ സമീപത്താണ് നിർമ്മിതമായത്. അതിന്റെ നിർമ്മാണച്ചുമതല കാളിമാൻകോട്ട് ഇല്ലത്തിനായിരുന്നു. പള്ളിയുടെ പുരോഭാഗത്ത് സ്ഥിതി ചെയ്തിരുന്ന ഭവനമായിരുന്നതിനാൽ പള്ളിവാതുക്കൽ എന്ന് ആ ഇല്ലത്തിന് അവർ പേരിട്ടു. കാളിമാൻ കോട്ട് എന്ന പേര് ഹിന്ദുമതവുമായുള്ള ബന്ധത്തെ സൂചിപ്പിക്കുന്നതാണെന്നും അവർ കരുതിയതായിരിക്കാം. വൈദികശുശ്രൂഷയ്ക്കുവേണ്ടി ഈ കുടുംബത്തിൽപ്പെട്ട ചിലരെ മാർത്തോമ്മാശ്ലീഹാ തിരഞ്ഞെടുത്ത് അവർക്ക് വേണ്ട അഭ്യസനവും കൈവെയ്പും നല്കിയതായിട്ടാണ് പാരമ്പര്യം. കാലക്രമേണ നിലക്കലും പരിസരങ്ങളിലുമുണ്ടായിരുന്ന മിക്ക ആളുകളും ക്രിസ്തുമതം സ്വീകരിച്ചു. നാട്ടിലെ ജനസംഖ്യയും വർദ്ധിച്ചു. പള്ളിവാതുക്കൽ കുടുംബം പല വീടുകളായി. നിലക്കൽ നിന്നുള്ള മലമ്പാത വഴി പാണ്ടിനാടുമായി ജനങ്ങൾ വാണിജ്യബന്ധത്തിൽ ഏർപ്പെട്ടിരുന്നു. സാമ്പത്തികമായി ജനങ്ങൾ വളരെയധികം പുരോഗമിച്ചു. സമ്പത്തിന്റെ കൂടെപ്പിറപ്പായ പല ദുർഗ്ഗുണങ്ങളും നിലക്കൽ നിവാസികളുടെയിടയിൽ നുഴഞ്ഞുകയറി. ദൈവികമായ പ്രതികാരം ആ പ്രദേശങ്ങളുടെ മേൽ ആഞ്ഞുപതിച്ചു. എന്തായിരുന്നു ആ പ്രതികാരം എന്നതിനെക്കുറിച്ച് ചരിത്രകാരന്മാരുടെയിടയിൽ ഭിന്നാഭിപ്രായങ്ങളാണുള്ളത്. പാണ്ടിയിൽ നിന്ന് മലമ്പാത

www.malankaralibrary.com



വഴിയെത്തിയ മറവന്മാരുടെ ഭീകരമായ ആക്രമണവും കൊള്ളയും കൊള്ളിവെയ്പുമായിരുന്നു അതെന്നു് ഒരു കൂട്ടർ അഭിപ്രായപ്പെടുന്നുണ്ടു്. വേറൊരു കൂട്ടരാകട്ടെ, ആളുകളുടെയിടയിൽ പിടിപെട്ടു് താണ്ഡവനൃത്തമാടിയ ഏതോ ദുർഭഗമായ സാംക്രമികരോഗമാണെന്നാണഭിപ്രായപ്പെടുന്നതു്. വേറെ ചിലരാകട്ടെ, പററം പററമായി, ലക്ഷക്കണക്കായി വന്ന വെട്ടുക്കിളി ശല്യമായിട്ടാണു് അതു കാണുക. ഏതായാലും ഒരു കാര്യം തീച്ച്. രക്ഷപെടാനാഗ്രഹിച്ചവർ നാടും വീടും സമ്പാദ്യവുമെല്ലാം ഉപേക്ഷിച്ചു് നിലക്കൽ നിന്നു് പലായനം ചെയ്തു. എന്നാണിതു സംഭവിച്ചതെന്നു് സുനിശ്ചിതമായി പറയുക സാദ്ധ്യമല്ല.

ഇങ്ങനെ രക്ഷപ്പെടുന്നതിനു വേണ്ടി പലായനം ചെയ്തവരിൽ കാളിമാൻകോട്ടു് പള്ളിവാതുക്കൽ കുടുംബാംഗങ്ങളായ ചിലരും ഉണ്ടായിരുന്നു. അവർ പള്ളിവക ഉപകരണങ്ങളും, അനായാസം കൊണ്ടുപോരുവാൻ സാധിക്കുമായിരുന്ന ജംഗമസ്വത്തുക്കളും പതിനെട്ടു് കഴുതകളുടെ മേൽ കയററി കാഞ്ഞിരപ്പള്ളിയിലെത്തി. കുറെ ദിവസങ്ങൾ അവരെല്ലാവരും കൂടി അവിടെ താമസിച്ചു. അവരിലൊരാൾ അവിടെത്തന്നെ താമസിക്കുവാൻ നിശ്ചയിച്ചു. ആ ഭവനത്തിനു് കുടുംബനാമമായ പള്ളിവാതുക്കൽ എന്ന പേരു് അവർ നല്കി. ബാക്കിയുള്ളവർ തെക്കോട്ടു യാത്ര തിരിച്ചു് മണ്ണടി രാജാവിൻെറ ഭരണസീമയിൽപെട്ടിരുന്ന കടമ്പനാട്ടു് എന്ന സ്ഥലത്തെത്തി. അവർ രാജാവിനെച്ചെന്നുകണ്ടു് അദ്ദേ

www.malankaralibrary.com



ഹത്തിന് വിലപിടിച്ച തിരുമുൽക്കാഴ്ചകൾ സമർപ്പിച്ചു തങ്ങൾക്ക് കടമ്പനാട്ട് താമസമാക്കുവാൻ വേണ്ട സഹായങ്ങൾ നല്കണമെന്നഭ്യർത്ഥിച്ചു. രാജാവ് അവർക്ക് നിലങ്ങളും പുരയിടങ്ങളും കരമൊഴിവായി നല്കി. കായികാഭ്യാസികളായിരുന്ന അവർ രാജസേവയിലും, രാജ്യസേവയിലും പ്രമുഖസ്ഥാനം നേടി. പൂർവ്വികകുടുംബത്തിൻെറ പേരായിരുന്ന പള്ളിവാതുക്കൽ എന്ന പേര് അവരും സ്വീകരിച്ചു. ദൈവാരാധനയ്ക്കു വേണ്ടി തങ്ങൾക്ക് ഒരു പള്ളി വെയ്ക്കുവാൻ രാജാവിൻെറ പക്കൽ അവർ അനുവാദം അപേക്ഷിച്ചു. രാജാവിൻെറ അനുവാദമനുസരിച്ച് അവർ കടമ്പനാട്ടു പള്ളി പണിതു.

ഏകദേശം 650 സംവത്സരങ്ങൾക്കു മുൻപ് കടമ്പനാട്ട് പള്ളിവാതുക്കൽ കുടുംബത്തിൻെറ ഉപശാഖയായ തെക്കേവീട്ടിൽ നിന്ന് വക്കി എന്നും നൈനാൻ എന്നും പേരുള്ള രണ്ടു സഹോദരന്മാർ പുത്തൻ താമസസ്ഥലങ്ങൾ തേടി വടക്കോട്ടു യാത്രയായി. ജ്യേഷ്ഠനായിരുന്ന വക്കി കല്ലൂപ്പാറയിലും അനുജൻ നൈനാൻ, പുത്തൻകാവിലും എത്തിച്ചേർന്നു. വക്കി ഇടപ്പള്ളി രാജാവിനെ സന്ദർശിച്ച് തനിക്കു താമസിക്കുവാൻ സ്ഥലം നല്കണമെന്നഭ്യർത്ഥിച്ചു. ഇടപ്പള്ളിത്തമ്പുരാൻ വക്കിക്ക് മുണ്ടുപാലത്തിങ്കൽ പുരയിടം തീറായി നല്കി. മുണ്ടുപാലത്തിങ്കൽ താമസിച്ച വക്കിയുടെ സന്താനപരമ്പരകൾ പല സ്ഥലങ്ങളിലേക്കും മാറിത്താമസിച്ചു. ഈ കുടുംബത്തിൻെറ ഉപശാഖകൾ ഇപ്പോൾ കല്ലൂപ്പാറ, ആഞ്ഞിലിത്താനം, കോട്ടൂർ, കവുങ്ങുംപ്രയാർ, ചെങ്ങരൂർ

www.malankaralibrary.com



കുന്നന്താനം, തിരുവാർപ്പ്, കോന്നി, കങ്ങഴ മുതലായ സ്ഥലങ്ങളിലായി താമസിച്ചുവരുന്നു. കടമ്പനാട്ട് പള്ളിവാതുക്കൽ കുടുംബത്തിൻെറ ഉപശാഖകളായി വർദ്ധിച്ച വീട്ടുകാർ ഇപ്പോൾ ആയിരത്തിഇരുനൂറോള മുണ്ടെന്നാണ് മതിപ്പുകണക്ക്.

മുണ്ടപ്പാലത്തിങ്കൽ കുടുംബത്തിൻെറ ഒരു ഉപശാഖയാണ് തങ്ങളത്തിൽ കുടുംബം. ആ കുടുംബത്തിലെ വർഗ്ഗീസ് എന്നയാൾ ദൈവഭക്തനും നാട്ടുകാരാൽ സ്വഭാവഗുണത്തിന് മാനിക്കപ്പെട്ടിരുന്ന ഒരു വ്യക്തിയുമായിരുന്നു. വർഗ്ഗീസിൻെറ സാമ്പത്തിക നില കേവലം സാമാന്യമായിരുന്നുവെന്നു പറയാം. അദ്ദേഹത്തിന് രണ്ടു ആൺമക്കളും രണ്ടു പെൺമക്കളും ജാതരായി. ആൺമക്കളിൽ മൂത്തയാളാണ് ഇടിക്കുള. കുട്ടി എന്ന ഓമനപ്പേരിലാണ് മാതാപിതാക്കൾ അദ്ദേഹത്തെ വിളിച്ചിരുന്നത്. രണ്ടാമത്തെ മകൻ ചെറിയാനാണ്. ഇടിക്കുളയ്ക്ക് കേവലം നാലരവയസ്സു മാത്രം പ്രായമുണ്ടായിരുന്നപ്പോൾ കുടുംബനാഥനായിരുന്ന വർഗ്ഗീസ് ചരമം പ്രാപിച്ചു. വർഗ്ഗീസിൻെറ ചരമം ആ കുടുംബത്തിന് തീക്ഷ്ണമായ ഒരു അശനിപാതമായിരുന്നു. വർഗ്ഗീസിൻെറ ധർമ്മപത്നിയായിരുന്ന മറിയാമ്മ അന്ന് ഗർഭവതിയായിരുന്നു. സാമ്പത്തികമായി വലിയൊരു ഉലച്ചിൽ ആ കുടുംബത്തിന് അനുഭവപ്പെട്ടു. എങ്കിലും ദൈവപരിപാലനയിൽ അടിയുറച്ച വിശ്വാസമുണ്ടായിരുന്ന പുണ്യചരിതയായിരുന്ന ആ സാധ്വി വസ്തുവകകളിലെ തുച്ഛമായ ആദായം കൊണ്ടു് ആ കുഞ്ഞുങ്ങളെ വളർത്തി മുന്നോ

www.malankaralibrary.com



ട്ടനീങ്ങി. സാമ്പത്തികക്ലേശങ്ങൾമൂലം മക്കളെ ആഗ്രഹാനുസരണം വിദ്യാഭ്യാസം ചെയ്യിക്കുവാൻ ആ നല്ല അമ്മയ്ക്കു കഴിഞ്ഞില്ല. ഇടിക്കുള പ്രായമായതോടുകൂടി മൂത്തപുത്രനെന്ന നിലയിൽ കുടുംബസംരക്ഷണഭാരം സ്വാഭാവികമായിത്തന്നെ അദ്ദേഹത്തിന്റെ തോളിലായി. സഹോദരിമാരുടെ വിവാഹം, അനുജന്റെ വിദ്യാഭ്യാസം, അമ്മയുടെ സംരക്ഷണം, ഇവയെല്ലാം അദ്ദേഹം വളരെയധികം ക്ലേശങ്ങൾ സഹിച്ചു് നിറവേററി. കഴിവിലധികം കടബാദ്ധ്യത അദ്ദേഹത്തിനുണ്ടായി. ചെറുപ്പത്തിൽത്തന്നെ ഇടിക്കുള കൃഷികാര്യങ്ങളിലും ചെറിയ തോതിലുള്ള കച്ചവടത്തിലും ഏർപ്പെട്ടിരുന്നു.

ഇടിക്കുള 1084 കുംഭം 3-ാം തീയതി ഞായറാഴ്ച കവിയൂർ ചിറത്തലയ്ക്കൽ ഫീലിപ്പോസിന്റെയും ഏലിയാമ്മയുടെയും പുത്രിയായ അന്നമ്മയെ കല്ലൂപ്പാറ സെൻറ് മേരീസ് യാക്കോബായപ്പള്ളിയിൽ വച്ചു് വിവാഹം ചെയ്തു. കുറവിലങ്ങാട്ടുനിന്നും കവിയൂർ വന്നു് താമസിച്ച ചിറത്തലയ്ക്കൽ കുടുംബം പ്രശസ്തവും അതിപുരാതനവുമായ ഒരു കുടുംബമാണു്. കാലംചെയ്ത കാതോലിക്കാബാവാ ബസേലിയോസ് തൃതീയനുമായി ഏററം അടുത്ത ബന്ധമുള്ളയാളാണു് ചിറത്തലയ്ക്കൽ ശ്രീ ഫീലിപ്പോസ്.

ഇടിക്കുളയ്ക്കും അന്നമ്മയ്ക്കും സീമന്ത സന്താനമായി ഒരാൺകുഞ്ഞു് പിറന്നു. മൂന്നു ദിവസങ്ങൾക്കുശേഷം മാതാപിതാക്കളെ കദനത്തിലാഴ്ത്തിക്കൊണ്ടു് ആ കുഞ്ഞു്

www.malankaralibrary.com



ചരമമടഞ്ഞു. ഇനിയും ജനിക്കുന്ന കുഞ്ഞിനെ പരുമല പ്പള്ളിയിൽ 'അടിമ'വെയ്ക്കാമെന്നു് ദമ്പതികൾ നേർന്നു. 1091 മകരം 19–ാം തീയതി (1916 ഫെബ്രുവരി 1–ാം തീയതി) പകൽ 12 മണിക്കു് അന്നമ്മ ഒരു ആൺ കുഞ്ഞിനെ പ്രസവിച്ചു. ഈ കുഞ്ഞാണു് പുനരൈക്യ പ്രസ്ഥാനത്തിൻെറ ഇന്നത്തെ മാല്പമിയും തിരുവനന്ത പുരം അതിരൂപതയെ പ്രഗത്ഭമായി നയിക്കുന്ന ദേഹവു മായ ബനഡിക്ടു് മാർ ഗ്രീഗോറിയോസു് തിരുമേനി.

കുഞ്ഞു് ജനിച്ചു് 28–ാം ദിവസം, കുംഭം 14–ാം തീയതി ഞായറാഴ്ച, വിശുദ്ധ കർബാനയ്ക്കുശേഷം വർ ഗ്ഗീസു് എന്ന നാമധേയത്തിൽ കുഞ്ഞിനു് മാമോദീസാ നല്കപ്പെട്ടു. പ്ലാക്കോട്ടു് ദിവ്യ ശ്രീ അലക്സന്ത്രയോസു് അച്ചനാണു് മാമോദീസാ നല്കിയതു്. അദ്ദേഹം വൈദികനായതിനു ശേഷം നടത്തിയ ആദ്യത്തെ മാമോ ദീസായായിരുന്നു അതു്. തന്മൂലം ബഹുമാനപ്പെട്ട അച്ചനു് ഈ കുഞ്ഞിനോടു് ഒരു പ്രത്യേക വാത്സല്യം ഉണ്ടായിരുന്നു. കുഞ്ഞിനു് പത്തുവയസ്സു പ്രായമായ പ്പോൾ വിശുദ്ധകുർബാനയിൽ ശുശ്രൂഷിക്കുവാൻ ബാലനെ അദ്ദേഹം പരിശീലിപ്പിച്ചു. ഈ ബാലൻെറ ആദ്ധ്യാത്മികവളർച്ചയിൽ അദ്ദേഹം പ്രത്യേക ശ്രദ്ധ പതിപ്പിച്ചുപോന്നു.

കുഞ്ഞിനു്, കുഞ്ഞുകുട്ടി എന്ന ഓമനപ്പേരാണു് മാതാപിതാക്കൾ നൽകിയതു്. കുഞ്ഞുകുട്ടിയെ പരുമല പ്പള്ളിയിൽ അടിമവെച്ചുകൊള്ളാമെന്ന നേർച്ച നിറ വേററുന്നതിനുവേണ്ടി 1092 തുലാം 18–ാം തീയതി

www.malankaralibrary.com



ശിശുവിനെ മാതാപിതാക്കളും മററു ബന്ധുക്കളും കൂടി പരുമലയ്ക്കു കൊണ്ടുപോയി, ആ പരിശുദ്ധ കർമ്മം നിർവ്വഹിച്ചു. പരുമലപ്പെരുന്നാൾ ദിനങ്ങളായിരുന്നതിനാൽ രണ്ടു മെത്രാന്മാരും അന്ന് റമ്പാനായിരുന്ന കാലം ചെയ്ത ബസേലിയോസ് തൃതീയൻ കാതോലിക്കാബാവായും ഈ മംഗളകർമ്മത്തിൽ സംബന്ധിക്കാൻ ഇടയായി. കുഞ്ഞിനെ സ്ലീബാ മുത്തിച്ചപ്പോൾ കുഞ്ഞ് സ്ലീബായിൽ കയറിപ്പിടിച്ചു. ഈ കുഞ്ഞ് ഭാവിയിൽ ആരായിത്തീരുമെന്നതിൻെറ സൂചനയാണിതെന്ന് റമ്പാച്ചൻ അതിനെ വ്യാഖ്യാനിച്ചു.



www.malankaralibrary.com

## അദ്ധ്യായം രണ്ട്

# ബാല്യവും വിദ്യാഭ്യാസവും

മാതാപിതാക്കളുടെ മനസ്സിൽ ഭാവിയെക്കുറിച്ചുള്ള ശുഭപ്രതീക്ഷകൾ ഉണർത്തിക്കൊണ്ട് കുഞ്ഞുകുട്ടി വളർന്നു. ഊർജ്ജസ്വലതയും പ്രസരിപ്പും ഉണ്ടായിരുന്ന ഈ ബാലൻ എല്ലാവരുടെയും കണ്ണിലുണ്ണിയായിരുന്നു. നാലു വയസ്സ് പ്രായമായപ്പോൾ മാതുലനായ വാഴവേലിൽ പാപ്പിസാർ കുഞ്ഞുകുട്ടിയെ എഴുത്തിനിരുത്തി. തുടർന്നുള്ള അക്ഷരാഭ്യാസം നടത്തിപ്പിച്ചതു് പിതൃസഹോദരനായ ചെറിയാൻ ഇട്ടിയായിരുന്നു. ഉദ്ദേശം ഒരു വർഷം നിലത്തെഴുത്ത് പഠിപ്പിച്ചശേഷം അഞ്ചാമത്തെ വയസ്സിൽ ബാലനെ വീട്ടിനടുത്തുള്ള പുതുശ്ശേരി സൗത്ത് എൽ. പി. സ്കൂളിൽ ചേർത്തു. പഠനത്തിൽ കുഞ്ഞുകുട്ടി ബാല്യാൽ പ്രഭൃതി സമർത്ഥനായിരുന്നു. ബാലസഹജമായ കളികളിലും വിനോദങ്ങളിലും മുമ്പന്തിയിലായിരുന്നു ഈ ബാലൻ. അദ്ധ്യാപകർക്ക് ഈ ബാലനോട്

www.malankaralibrary.com



സവിശേഷമായ പ്രതിപത്തി തോന്നിയതിൽ അതിശയിക്കാനില്ല. കുഞ്ഞുകുട്ടിയുടെ സ്കൂളിലെ പേരു് ടി. ഇ. വർഗ്ഗീസ് എന്നായിരുന്നു.

പ്രൈമറിസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയപ്പോൾ സാമ്പത്തികപരാധീനത നിമിത്തം കുഞ്ഞുകുട്ടിയെ മലയാളം മിഡിൽസ്കൂളിൽ ചേർക്കാനാണു് പിതാവായ ഇടിക്കുള നിശ്ചയിച്ചതു്. എന്നാൽ ഈ ബാലൻെറ പഠനസാമർത്ഥ്യവും സ്വഭാവമഹിമയും ഗ്രഹിച്ചിരുന്ന തേരേട്ടു് ജോൺ സാറും, പുളിയകീഴ് സി. പി. വർഗ്ഗീസും ബാലനെ ഇംഗ്ലീഷ് മിഡിൽ സ്കൂളിൽ ചേർത്തു് പഠിപ്പിക്കുവാൻ ഇടിക്കുളയെ നിർബന്ധിച്ചു. അതനുസരിച്ചു് പുതുശ്ശേരി എം. ഡി. യൂ. പി സ്കൂളിൽ കുഞ്ഞുകുട്ടി വിദ്യാഭ്യാസം തുടങ്ങി. വീട്ടിൽ നിന്നു് സ്കൂൾ ദൂരെയായിരുന്നതിനാൽ ഉച്ചഭക്ഷണത്തിനു് പൊതിച്ചോറു കൊണ്ടുപോയിരുന്നു. കാക്കനാട്ടിൽ കെ. കെ. കുര്യനും, കെ. വി. കുര്യനുമായിരുന്നു അക്കാലത്തു് കുഞ്ഞുകുട്ടിയുടെ ഉത്തമ സുഹൃത്തുക്കൾ. സഹപാഠികളായ ഇവർ മൂവരും വീട്ടിലും ഒന്നിച്ചിരുന്നാണു് പഠിച്ചതു്. ഉച്ചയ്ക്കു പൊതിച്ചോറുണ്ടശേഷം ഒരു പ്ലാവിൻെറ ചുവട്ടിൽ ഈ മൂന്നു ബാലന്മാരും കൂടി പ്രാർത്ഥനായോഗം നടത്തുമായിരുന്നു. 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥനയോടുകൂടി 'യോഗം' തുടങ്ങും. പിന്നീടു് മതകാര്യങ്ങളെക്കുറിച്ചുള്ള ചർച്ചയായി. 'നന്മനിറഞ്ഞ മറിയമേ' എന്നുള്ള പ്രാർത്ഥനയോടുകൂടി യോഗം സമാപിക്കും. കുഞ്ഞുകുട്ടി പഠനകാര്യങ്ങളിൽ

www.malankaralibrary.com



ഉന്നതമായ നിലവാരമാണു് പുലത്തിപ്പോന്നതു്. മററുള്ളവരെ സഹായിക്കുവാനുള്ള പ്രവണത അക്കാലത്തുതന്നെ കുഞ്ഞുകുട്ടി പ്രകടിപ്പിച്ചുപോന്നു. ഇംഗ്ലീഷ്, വ്യാകരണം, കണക്കു് എന്നീ വിഷയങ്ങൾ പഠിക്കുന്നതിനു് മററുള്ള കുട്ടികൾക്കു് കുഞ്ഞുകുട്ടി ട്യൂഷൻ കൊടുക്കുമായിരുന്നു.

ഒരു ക്ലാസ്സിലും തോല്ക്കാതെ പഠിക്കുകയാണെങ്കിൽ കുഞ്ഞുകുട്ടിക്കു് ഒരു സ്വർണ്ണമോതിരം സമ്മാനമായി നല്കാമെന്നു് പിതൃസഹോദരനായ ചെറിയാൻ സാർ, കുഞ്ഞുകുട്ടി മിഡിൽസ്കൂൾ ക്ലാസ്സിൽ ചേർന്ന സന്ദർഭത്തിൽ പറഞ്ഞിരുന്നു. മെത്രാനായി തെരഞ്ഞെടുക്കപ്പെട്ടശേഷം ഫലിതരൂപേണ ഈ വിവരം തിരുമേനി ഉപ്പാപ്പനെ അനുസ്മരിപ്പിച്ചു. മെത്രാഭിഷേകാവസരത്തിൽ സ്വർണ്ണമോതിരം നല്കി ഉപ്പാപ്പൻ അദ്ദേഹത്തിൻെറ വാക്കുപാലിച്ചു.

മിഡിൽസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം കുഞ്ഞുകുട്ടി ഇരവിപേരൂർ സെൻറ് ജോൺസ് ഹൈസ്കൂളിൽ ചേർന്നു. കുഞ്ഞുകുട്ടിയുടെ ഹൈസ്കൂൾ വിദ്യാഭ്യാസകാലത്തെക്കുറിച്ചു് അന്നത്തെ രണ്ടു് ഹൈസ്കൂൾ അദ്ധ്യാപകന്മാർ ഈ ഗ്രന്ഥകർത്താവിനയച്ച രണ്ടു കത്തുകൾ താഴെ ചേർക്കുന്നു. ആദ്യത്തെ കത്തു് ഇരവിപേരൂർ ശ്രീ എം. വി. ചാക്കോ ബി. എ. എൽ. ടി. യുടേതാണു്. അദ്ദേഹം എഴുതുന്നു:—

"അതു് ഇരവിപേരൂർ സെൻറ് ജോൺസ് ഇംഗ്ലീഷ് ഹൈസ്കൂളിൻെറ ചരിത്രത്തിൽ ഒരു സുദിന

www.malankaralibrary.com



മായിരുന്നു. 1929 മെയ് 20 തിങ്കൾ ഈ രാജ്യത്തെ പ്രഥമഗണനീയനായ ഇംഗ്ലീഷ് ഹൈസ്കൂൾ ഹെഡ് മാസ്റ്റർ എന്നു ഡിപ്പാർട്ടുമെൻറും പൊതുജനങ്ങളും ഒരു പോലെ സമ്മതിച്ചിരുന്ന ശ്രീ പി. സി. തോമസ് ബി. എ. എൽ. ടി. ആയിരുന്നു ഞങ്ങളുടെ ഹെഡ് മാസ്റ്റർ. അന്നു പഠിപ്പിക്കുന്നതിനായി ഞാൻ ക്ലാസ്സിൽ ചെന്നു. ഏകദേശം നാല്പത്തിയഞ്ചു പുതുമുഖങ്ങളെ ഞാൻ അവിടെ ദർശിച്ചു. പരിചയപ്പെടുന്നതിനായി ഓരോരുത്തരുടെയും വീടും നാടും ഞാൻ ചോദിച്ചു. ക്ലാസ്സിലേക്കും പ്രായംകുറഞ്ഞ കുട്ടി എന്നു തോന്നിയ ഒരാളിനോടു് ഞാൻ ചോദിച്ചു. പേരെന്തു്? ഉടൻ ചുണയായിട്ടു് എഴുന്നേററുനിന്നു് പുഞ്ചിരിതൂകി ക്കൊണ്ടു് ററി. ഇ. വർഗ്ഗീസ് എന്നു പറഞ്ഞു. വീടെ വിടെ? "കല്ലൂപ്പാറ." വീട്ടുപേരു്? "തങ്ങളത്തിൽ." ഈ വീടിനെക്കുറിച്ചു് എനിക്കു നേരത്തെ അറിയാമാ യിരുന്നതുകൊണ്ടും എൻെറ ഒരു സഹപാഠിയായിരുന്ന ഇട്ടിസാർ എന്നൊരാൾ ഈ വീട്ടിൽ ഉണ്ടായിരുന്നതു കൊണ്ടും ഈ കുട്ടിയെക്കുറിച്ചു് പലതും ഞാൻ ചോദിച്ച റിഞ്ഞു. അന്നുമുതൽ ഈ കുട്ടിയോടു് എനിക്കു് വളരെ സ്നേഹം തോന്നി. കാരണം മറെറാന്നുമല്ല. അതതു ദിവസത്തെ പാഠങ്ങൾ അതതു ദിവസം ശരിയായി പഠിക്കും. ഗൃഹപാഠത്തിൽ കുടിശികയില്ല. എല്ലായ്പോഴും ഒരു പുഞ്ചിരി. ക്ലാസ്സിൽ ഒന്നാമനല്ല എങ്കിലും ഏററവും നല്ല മാർക്കു വാങ്ങിക്കുന്ന ക്ലാസ്സിലെ മൂന്നുനാലു കുട്ടികളെ എടുത്താൽ അതിൽ ഒരാളായിരിക്കും വർഗ്ഗീസ്. ഒരിക്കൽ ഞാൻ ആംഗ്ലിബ്രായിലെ ഐഡെൻററിററീ

www.malankaralibrary.com



സിനെക്കുറിച്ച് ഈ കുട്ടിയോടു ചോദിച്ചു. ഇന്നെന്ന പോലെ ഞാൻ ഓർക്കുന്നു. വറുഗീസ് ആദ്യത്തെ മൂന്നു സമവാക്യങ്ങളും ഒരേ ശ്വാസത്തിൽ പറഞ്ഞു. ജോമട്രി ക്ലാസ്സുകളിൽ 'റൈഡേഴ്സ്' പ്രൂവുചെയ്യുന്നതിനു കുട്ടികളോടു് ഞാൻ ആവശ്യപ്പെടുമ്പോഴും, ചിലപ്പോഴെല്ലാം ഞാൻ ഉദ്ദേശിക്കാത്ത ഒറിജനൽ പ്രൂഫ് വറുഗീസ് പറഞ്ഞിട്ടുള്ളതായി ഓർക്കുന്നു. ഇങ്ങനെ മൂന്നുകൊല്ലം ഈ കുട്ടിയെ പഠിപ്പിക്കുന്നതിനുള്ള ഭാഗ്യം എനിക്കു സിദ്ധിച്ചിട്ടുണ്ടു്. ഞങ്ങളുടെ സ്കൂളിലെ സ്കൗട്ടിംഗിൽ സജീവമായ ഒരു പങ്കു വഹിച്ചിട്ടുള്ള ഒരാളായിരുന്നു ഇന്നത്തെ തിരുവനന്തപുരം ആർച്ചുബിഷപ്പായിരിക്കുന്ന അന്നത്തെ ഞങ്ങളുടെ വറുഗീസ്. സ്കൂൾഫൈനൽ പരീക്ഷ കഴിഞ്ഞു് വിജയശ്രീലാളിതനായി മി. വറുഗീസ് ഈ സ്കൂൾ വിട്ടെങ്കിലും അന്നുമുതൽ ഇന്നുവരെ ഈ സ്കൂളിനേയും അതിനോടു ബന്ധപ്പെട്ട ഞങ്ങളേയും കുറിച്ചു് തിരുമേനി സ്മരിക്കുന്നുണ്ടു് എന്നു് അറിയുന്നതിൽ ഞങ്ങൾക്കു കൃതാർത്ഥതയുണ്ടു്."

ഹൈസ്കൂൾ ക്ലാസ്സുകളിൽ കുഞ്ഞുകുട്ടിയെ പഠിപ്പിച്ച ശ്രീ എം. ഒ. ഐപ്പു്, ബി. എ. എൽ. ടി. ഈ ഗ്രന്ഥകർത്താവിനു് ഇംഗ്ലീഷിൽ അയച്ച ഒരു കത്തിന്റെ പരിഭാഷയാണു് താഴെ ചേർക്കുന്നതു്.

"1929-ാം സംവത്സരം. ഇരവിപേരൂർ സെൻറു് ജോൺസ് ഹൈസ്കൂൾ, ദിവംഗതനായ സി. പി. തോമസ് എന്ന പ്രശസ്തനായ ഹെഡ്മാസ്റ്ററുടെ പ്രഗത്ഭമായ നിയന്ത്രണത്തിലായിരുന്നു. അദ്ദേഹത്തിന്റെ

www.malankaralibrary.com



കീഴിൽ ഒരുഗണം യുവാദ്ധ്യാപകരുണ്ടായിരുന്നു. അവരും അദ്ദേഹവും തമ്മിലുള്ള പ്രായത്തിലുള്ള അന്തരമോ, അദ്ധ്യാപന രീതികളിലുള്ള അന്തരമോ, അവർ തമ്മിൽ വഴക്കിടുന്നതിനോ, രഹസ്യ വിമർശനങ്ങൾ നടത്തുന്നതിനോ ഇടയായിട്ടില്ല. അതിനാൽ എല്ലാവരും ഒരു ടീമായിത്തന്നെ അദ്ദേഹത്തിൻെറ കീഴിൽ സുഗമമായി പ്രവർത്തിച്ചു. ഈ അന്തരീക്ഷം സ്കൂളിൻെറയും സ്കൂളിൽ ചേർന്ന കുട്ടികളുടെയും ആരോഗ്യകരമായ വളർച്ചയ്ക്കു് സഹായകമായിരുന്നു. അദ്ദേഹത്തിൻെറ കീഴിൽ ജോലിചെയ്യുവാനുള്ള ഭാഗ്യം എനിക്കുണ്ടായി. അക്കാലത്തു ഞാൻ ഫോർത്തുഫോറം ബി. ഡിവിഷനിലെ ക്ലാസ്സദ്ധ്യാപകനായിരുന്നു.

1929-ൽ സ്കൂളിലേക്കുള്ള പുതിയ അഡ്മിഷനുകൾ നടക്കുകയായിരുന്നു. മുഖ്യശിപായി ഒരു കൊച്ചു കുട്ടിയെ എൻെറ ക്ലാസ്സിലേക്കു കൂട്ടിക്കൊണ്ടുവന്നു. എല്ലാ പുതിയ അഡ്മിഷനുകളും ഹെഡ്മാസ്റ്റർതന്നെ വ്യക്തിപരമായി നടത്തുകയായിരുന്നു പതിവു്. രക്ഷകർത്താവിൻെറ സാന്നിദ്ധ്യത്തിൽ പുതിയ വിദ്യാർത്ഥിയെ അദ്ദേഹം തന്നെ ഇൻറർവ്യൂ ചെയ്യുകയും ഓരോ ക്ലാസ്സിലേക്കു നിർദ്ദേശിക്കുകയും ചെയ്തുപോന്നു. ഈ പരീക്ഷണം കടക്കാതെ യാതൊരുകുട്ടിക്കും പ്രവേശനം ലഭിക്കുമായിരുന്നില്ല. അതിനുശേഷം ഒരു ചിറ്റോടുകൂടി അദ്ദേഹം കുട്ടിയെ ക്ലാസ്സിലേക്കയക്കും. പ്യൂണന്മാരിൽ ഒരുവൻ കുട്ടിയെ ക്ലാസ്സിലേക്കു് കൂട്ടിക്കൊണ്ടു ചെല്ലും. ഒരു വിദ്യാർത്ഥിയെ പ്യൂൺ ക്ലാസ്സിലേക്കു കൊണ്ടുവന്നു.

www.malankaralibrary.com



ചിററു് എൻെറ പക്കൽതന്നെ. കുട്ടിയെ ഞാൻ നോക്കി. ആ വർഷം ക്ലാസ്സിൽ വന്ന കുട്ടികളിൽ ഏററവും പ്രായം കുറഞ്ഞ വിദ്യാർത്ഥിയാണെന്നു് മനസ്സിലായി. ആ വിദ്യാർത്ഥിയുടെ മുഖത്തു് ഒരു പുഞ്ചിരി തത്തിക്കളിച്ചിരുന്നു. അവൻെറ നയനങ്ങളും വിശാലമായ ഫാലദേശവും എൻെറ ശ്രദ്ധയെ വളരെ ആകർഷിച്ചു. ക്ലാസ്സിൽ കയറിയപ്പോൾ കണ്ട ഭയരാഹിത്യവും വിശ്വാസവും ഇന്നും ഞാൻ ഓർക്കുന്നുണ്ടു്. ഒന്നാമത്തെ ബെഞ്ചിൽ ഞാൻ ആ വിദ്യാർത്ഥിക്കു് ഒരു സ്ഥാനം നല്കി. ചിററു് ഞാൻ നോക്കി. ടി. ഇ. വർഗ്ഗീസെന്നാണു് വിദ്യാർത്ഥിയുടെ പേരെന്നു് ഞാൻ മനസ്സിലാക്കി. അവൻെറ വീടിനെക്കുറിച്ചു് ഞാൻ അന്വേഷിച്ചു. അവനെ എൻെറ ഓർമ്മയിൽ നന്നായി നിർത്തുന്നതിനുവേണ്ടി ബന്ധുക്കളെക്കുറിച്ചു് ഞാൻ അന്വേഷിച്ചു. അവരെ എനിക്കു പരിചയമാണല്ലോ എന്നു ഞാൻ വിചാരിച്ചു. അവൻെറ അമ്മ എൻെറ സ്വദേശിയാണെന്നും അമ്മാച്ചന്മാർ എൻെറ അയൽവാസികളാണെന്നും ഞാൻ മനസ്സിലാക്കി. അതുമൂലം അവനെ ഓർമ്മയിൽ നിർത്തുന്നതിനു് എനിക്കു പ്രയാസമില്ലാതായി. ഇതു കൂടാതെ തന്നെ അതു് എളുപ്പമായിരുന്നേനേ. കാരണം ബുദ്ധി സാമർത്ഥ്യംമൂലം അവൻ അറിയപ്പെടുന്ന ഒരു വിദ്യാർത്ഥിയായിത്തീർന്നു.”

“ക്ലാസ്സിൽ ഈ വിദ്യാർത്ഥിയിൽ അസാധാരണത്വം ഒന്നുമില്ലായിരുന്നു. ഒരു വർഷം മുഴുവനും ക്ലാസ്സദ്ധ്യാപകനെന്നുള്ള നിലയിൽ ഈ വിദ്യാർത്ഥിയെ ശരിയാ

www.malankaralibrary.com



യിട്ട മനസ്സിലാക്കുവാൻ എനിക്കു കഴിഞ്ഞിട്ടുണ്ട്. എൻെറ വിഷയം ആക്കും ഒഴിഞ്ഞുമാറാവുന്ന ഒന്നായിരുന്നു. എന്നാൽ ടി. ഇ. വർഗ്ഗീസ് ഒരിക്കലും അതുപേക്ഷിച്ചിട്ടില്ല. ഈ വിദ്യാത്ഥിയുടെ പഠനകാര്യങ്ങളിലുള്ള ശ്രദ്ധയെക്കുറിച്ച് എല്ലാ അദ്ധ്യാപകന്മാരും സംസാരിച്ചിട്ടുണ്ട്. ഒരു വിദ്യാത്ഥിയെന്നുള്ള നിലയിൽ അസാധാരണപ്രതിഭയൊന്നും അവൻ കാണിച്ചിട്ടില്ല. എന്നാൽ തൻെറ ചുമതലയേയും അതു് പൂണ്ണമായി നിവ്വഹിക്കുന്നതിനെയും കുറിച്ച് അവന് തികച്ചും ഗൗരവതരമായ അവബോധം ഉണ്ടായിരുന്നുവെന്നുള്ളതു് സ്പഷ്ടമാണു്. ക്ലാസ്സിൽ ഹാജരാകുന്നതിൽ അവൻ വളരെ കൃത്യനിഷ്ഠയുള്ളവനായിരുന്നു. ഒരിക്കലും താമസിച്ചുവന്നിട്ടില്ല. അവധി വാങ്ങാതെ ക്ലാസ്സിൽ ഹാജരാകാതിരുന്നിട്ടുമില്ല. ക്ലാസ്സ്‌വക്ക് സമയത്തിനു ചെയ്തു തീക്കുമായിരുന്നു. കളികളിൽ അവൻ മുമ്പനല്ലായിരുന്നു. എന്നാൽ ആ കുറവ് മററു പ്രവത്തനം മുഖേന അവൻ പരിഹരിച്ചു.

"സ്ക്കൂളിലെ സ്കൗട്ട്മാസ്റ്റർ ഞാനായിരുന്നു. ആ വർഷത്തെ പുതിയ റിക്രൂട്ടുകളെ എടുത്തപ്പോഠം യോഗസ്ഥലത്തു് അവൻ എത്തുകയും ഗ്രൂപ്പിൽ അംഗമായി ച്ചേരുകയും ചെയ്തു. അതിനുശേഷം മൂന്നുവർഷക്കാലത്തേക്ക് എല്ലാ സ്കൗട്ട് മീററിംഗുകളിലും അവൻ കൃത്യമായി പങ്കെടുത്തു. ആ കാലത്തു് സ്കൗട്ട് ഗ്രൂപ്പിൽ ക്യാമ്പുകഠം സാധാരണയായിരുന്നു. ക്യാമ്പിൽ പങ്കെടുക്കുന്നവരിൽ തീച്ചയായും ഒരാഠം അവനായിരിക്കും. ഈ

www.malankaralibrary.com



ക്യാമ്പുകൾ ഞങ്ങൾ വളരെയധികം ആസ്വദിച്ചു. ചില പ്പോൾ സ്കൗട്ടുകൾ തന്നെത്താൻ ക്യാമ്പിനുപോകുമായിരുന്നു.''

''തന്റെ പഴയ സ്കൂളിനോടുള്ളബന്ധം സ്കൂൾ വിട്ടു കഴിഞ്ഞതിനുശേഷവും അദ്ദേഹം തുടൎന്നുപോന്നതു് ഞങ്ങൾ സന്തോഷത്തോടെ സ്മരിക്കുന്നു. ബിഷപ്പായി ക്കഴിഞ്ഞതിനു ശേഷവും അദ്ദേഹം തന്റെ പഴയ സ്ഥാപനം സന്ദൎശിക്കുകയും ഞങ്ങൾക്കെല്ലാം പ്രോത്സാഹനം നല്കുകയും ചെയ്തിട്ടുണ്ടു്. അദ്ദേഹം ദീൎഘനാൾ ജീവിക്കട്ടെയെന്നും ഞങ്ങൾക്കെല്ലാവൎക്കും ഇനിയും പ്രോത്സാഹനം നല്കട്ടെയെന്നും ദൈവത്തിനും മനുഷ്യൎക്കും ശുശ്രൂഷചെയ്യുവാൻ കൂടുതൽ ഉത്തരവാദിത്വമുള്ള സ്ഥാനം അദ്ദേഹത്തിനു നല്കപ്പെടട്ടെയെന്നും ഞങ്ങൾ ആശംസിക്കുന്നു.''

കുഞ്ഞുകുട്ടി താൻ പഠിച്ചിരുന്ന ക്ലാസ്സിലെ വിദ്യാൎത്ഥികളിൽ തന്നെ പ്രായം കുറവായിരുന്ന വിദ്യാൎത്ഥിയായിരുന്നെങ്കിലും പ്രായത്തിൽ കവിഞ്ഞ ധിഷണാശക്തിയും ഉത്തരവാദിത്വബോധവും പരിശ്രമശീലവും പ്രദൎശിപ്പിച്ചുപോന്നു. വിദ്യാൎത്ഥികളുടെയിടയിലെ നല്ലൊരു പ്രാസംഗികനുമായിരുന്നു ടി. ഇ. വൎഗ്ഗീസ്. പഠനകാൎയ്യങ്ങളിൽ ക്ലാസ്സിലെ രണ്ടോമൂന്നോ അതിസമൎത്ഥരായ വിദ്യാൎത്ഥികളിൽ ഒരാളായിരുന്നു കഥാപുരുഷൻ. തന്റെ ഭാവിപ്രവൎത്തനരംഗമായ തിരുവനന്തപുരം കുഞ്ഞുകുട്ടി ആദ്യം കണ്ടതു് സ്കൗട്ട് ക്യാമ്പിനു് തിരുവനന്തപുരത്തു പോയ വേളയിലാണു്.

www.malankaralibrary.com



സ്കൂൾ വിട്ടുവന്നാൽ ഗൃഹകാര്യങ്ങളിൽ മാതാപിതാക്കളെ സഹായിക്കുവാൻ കുഞ്ഞുകുട്ടി പ്രത്യേകം ശ്രദ്ധിച്ചിരുന്നു. വെണ്ട, പാവൽ, പടവലം, വഴുതന, ചീര മുതലായ പച്ചക്കറികൾ വച്ചുപിടിപ്പിച്ചു വളർത്തുന്നതിലും, വീട്ടിലുള്ള കന്നുകാലികളെ സംരക്ഷിക്കുന്നതിലും കുഞ്ഞുകുട്ടിക്ക് വലിയ ഉത്സാഹമായിരുന്നു. കുടുംബത്തിലെ സാമ്പത്തികപ്രയാസങ്ങളെക്കുറിച്ച് ഈ ബാലൻ തികച്ചും ബോധവാനായിരുന്നുവെന്നു വേണം പറയുവാൻ. ചില സന്ദർഭങ്ങളിൽ ഒരു തോർത്ത് തലയിൽ കെട്ടി രസകരങ്ങളായ പാട്ടുപാടി നടക്കുന്നതിൽ ഈ ബാലൻ ആഹ്ലാദം കൊണ്ടിരുന്നു. ഈ കാലഘട്ടത്തിലാണ് റവ. ഫാദർ ഡോമിനിക്ക് തോട്ടാശ്ശേരി കല്ലൂപ്പാറയിലും പരിസരങ്ങളിലും മിഷനറി പ്രവർത്തനം നടത്തിയിരുന്നത്. ബഹുമാനപ്പെട്ട അച്ചന്റെ പരിശ്രമഫലമായി പമ്പയ്ക്കു വടക്ക് പലസ്ഥലങ്ങളിലും അകത്തോലിക്കാ സഹോദരങ്ങൾ കത്തോലിക്കാസഭയോട് പുനരൈക്യപ്പെട്ടു. അക്കാലത്ത് മദ്ധ്യതിരുവിതാംകൂറിലെ അകത്തോലിക്കരുടെയിടയിൽ കത്തോലിക്കനാകുക എന്നു പറഞ്ഞാൽ ഏതോ കടുത്ത അപരാധം ചെയ്യുന്ന പ്രതീതിയാണ് നിലവിലുണ്ടായിരുന്നത്. കത്തോലിക്കനായി എന്നുള്ള പദംപോലും അകത്തോലിക്കർ ഉപയോഗിക്കാൻ മടിച്ചിരുന്നു. അതിനുപകരം റോമാക്കാരനായി, റോമായിൽ പോയി, മരയ്ക്കാനായി, എന്നൊക്കെയാണ് അവർ പറഞ്ഞുപോന്നത്. കത്തോലിക്കാസഭയെക്കുറിച്ച് മി. കെ. എം. ഡാനിയേൽ ഗ്രന്ഥങ്ങളും പ്രസംഗങ്ങളും മുഖേന പ്രചരിപ്പിച്ചിരുന്ന അപ

www.malankaralibrary.com



വാദങ്ങളെല്ലാംതന്നെ മദ്ധ്യതിരുവിതാംകൂറിലെ മിക്ക അകത്തോലിക്കാ സഹോദരങ്ങളും പരിശുദ്ധ വേദപ്രമാണംപോലെ വിശ്വസിച്ചിരുന്നു. കത്തോലിക്കാ വൈദികർ അന്നു പട്ടം വടിക്കുമായിരുന്നു. ഈ പട്ടം വടിക്കലിനെയും കപ്പായത്തേയും പുച്ഛിച്ചും അപഹസിച്ചും കൊണ്ടുള്ള ചില പാട്ടുകൾ അക്കാലത്തു് നാട്ടിൻപുറങ്ങളിൽ പ്രചാരത്തിലുണ്ടായിരുന്നു. ഈദൃശപാട്ടുകൾ പാടി രസിക്കുന്നതിൽ കഥാപുരുഷൻ പ്രത്യേകമായ ഒരു കൗതുകവും താല്പര്യവും പ്രകടിപ്പിച്ചുപോന്നു. കത്തോലിക്കാസഭയെക്കുറിച്ചു് അന്നു് കുഞ്ഞുകുട്ടിക്കു് കാര്യമായ പരിജ്ഞാനമൊന്നുമില്ലായിരുന്നു. യാക്കോബായസഭയിൽ ഉള്ള ദൃഢമായ വിശ്വാസവും സമുദായസ്നേഹവുമാണു് കുഞ്ഞുകുട്ടിയെ ഇങ്ങനെയുള്ള പാട്ടുകൾ പാടാൻ പ്രേരിപ്പിച്ചതു്. കത്തോലിക്കാ വൈദികരെ അപഹസിച്ചുകൊണ്ടുള്ള ഗാനങ്ങൾ പാടുന്നതിൽ ഉത്സാഹംകൊണ്ടിരുന്ന ഈ വ്യക്തി ഇന്നു് കത്തോലിക്കാ ആർച്ചുബിഷപ്പും പുനരൈക്യപ്രസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ അഭിവൃദ്ധിക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ചു് അഹർനിശം നിസ്തന്ദ്രപരിശ്രമങ്ങളിൽ ഏർപ്പെട്ടു കഴിയുന്ന ഒരു ദേഹവുമായി പരിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നതു കണ്ടാലും! ദൈവതൃക്കരങ്ങളുടെ അത്ഭുതാവഹമായ പ്രവർത്തനവും പരിപാലനയും!!

www.malankaralibrary.com

## അദ്ധ്യായം മൂന്ന്

# ബഥനിയുമായുള്ള സമ്പർക്ക സാമീപ്യങ്ങൾ

മാർ ഈവാനിയോസ് തിരുമേനി വൈദികനായിരുന്നപ്പോൾ ബഥനിആശ്രമം തുടങ്ങിയതു് ഒരു സ്വതന്ത്രസ്ഥാപനമെന്ന നിലയിലായിരുന്നു. കക്ഷിവഴക്കുകൾ മുഖേന കാറും കോളും കൊണ്ട സമുദായാന്തരീക്ഷത്തിൽ അന്ത്യോക്യാ പാത്രിയർക്കീസിൻെറയോ മലങ്കര മെത്രാപ്പോലീത്തായുടെയോ ഭരണത്തിനു കീഴ്പ്പെടാതെയുള്ള ഒരു സ്ഥാപനമാണ് യാക്കോബായസഭയുടെ അഭിവൃദ്ധിക്കുവേണ്ടി പരിശ്രമിക്കുന്നതിന് സഹായകമെന്നു് അദ്ദേഹം കരുതി. അദ്ദേഹം മെത്രാനായതിനു ശേഷം ബഥനിപ്പള്ളികൾ എന്ന പേരിൽ പലസ്ഥലങ്ങളിലും പള്ളികൾ വെയ്ക്കുകയുണ്ടായി. ആകെ പതിനഞ്ചു സ്ഥലങ്ങളിൽ പള്ളികൾ നിർമ്മിതമായി. പന്ത്രണ്ടു സ്ഥലങ്ങളിൽ പള്ളികൾക്ക് സ്ഥലങ്ങൾ

www.malankaralibrary.com



വാങ്ങിക്കുകയും ചെയ്തു. ബഥനി ആശ്രമാദ്ധ്യക്ഷനായിരുന്ന മാർ ഈവാനിയോസ് തിരുമേനിയുടെ ത്യാഗോജ്ജ്വലമായ ജീവിതവും വാഗ്മിത്വം തുളുമ്പുന്ന പ്രസംഗങ്ങളും സംഭാഷണവൈദഗ്ധ്യവും മദ്ധ്യതിരുവിതാംകൂറിലെ ആളുകളുടെയിടയിൽ തിരുമേനിയെക്കുറിച്ച് അപാരമായ മതിപ്പുളവാക്കിയിരുന്നു. ബഥനി ആശ്രമസ്ഥരുടെ കാവിവസ്ത്രവും ലളിതജീവിതവും പരസ്നേഹപ്രവൃത്തികളും സുവിശേഷപ്രചാരണത്തിനുള്ള തീക്ഷ്ണതയും ബഥനിയെക്കുറിച്ചും, ബഥനി സ്ഥാപനങ്ങളെക്കുറിച്ചും ജനതാമദ്ധ്യത്തിൽ സ്നേഹവികാരങ്ങളും ആദരവും ഉളവാക്കാൻ പോരുന്നവയായിരുന്നു.

മാർ ഈവാനിയോസ് തിരുമേനി, ബഥനി പ്രസ്ഥാനത്തിൻെറ പ്രാരംഭകാലത്തു തന്നെ കല്ലൂപ്പാറ ഒരു പ്രവർത്തനകേന്ദ്രമായി തെരഞ്ഞെടുത്തിരുന്നു. ബഥനിയിൽ ആദ്യഅംഗങ്ങളായിരുന്ന പത്തുപേരിൽ ഒരാൾ കല്ലൂപ്പാറക്കാരനായ എബ്രഹാം (ഇപ്പോൾ ഫാ. എബ്രഹാം ഒ. ഐ. സി.) ആയിരുന്നു. പിന്നീട് ഫാ. റഫായേൽ ഒ. ഐ. സി. യും ഫാ. കോശി ഒ. ഐ. സി. യും ബഥനിയിൽ ചേർന്നു. കല്ലൂപ്പാറ വലിയ പള്ളിയിൽ അന്നു നടന്നിരുന്ന കക്ഷിവഴക്കുകൾ വലിയ പള്ളി ഇടവകക്കാരായ ഏതാനും ആളുകൾക്ക് കടമാൻകുളത്ത് ഒരു ബഥനിപ്പള്ളി ഉണ്ടാകുന്നത് സർവ്വപ്രകാരേണയും നല്ലതായിരിക്കുമെന്നുള്ള ചിന്ത ഉദിപ്പിച്ചു. ഫാ. കോശി ഒ. ഐ. സി. ആശ്രമസ്ഥനായ കാലം മുതൽ ഇക്കാര്യത്തിനുവേണ്ടി അദ്ദേഹത്തിൻെറ പതിവ്

www.malankaralibrary.com



കാക്കനൊട്ടിൽ ഏബ്രഹാം, മാർ ഈവാനിയോസ് തിരുമേനിയെ നിർബന്ധിച്ചുകൊണ്ടിരുന്നു. കാക്കനൊട്ടിൽ ഏബ്രഹാം (അവിരാച്ചൻ) ഒരേക്കറോളം വരുന്ന സ്വന്തസ്ഥലം തിരുമേനിയുടെ പേർക്കെഴുതിക്കൊടുത്തു. കാക്കനൊട്ടിൽ ഏബ്രഹാം, കാക്കനൊട്ടിൽ തൊമ്മി, പറയനോലിക്കൽ ഈപ്പച്ചൻ തുടങ്ങിയവരുടെ അത്യുത്സാഹത്താൽ അവിടെ ഒരു ബഥനിച്ചാപ്പൽ നിർമ്മിതമായി. പുതിയ ചാപ്പലിന്റെ വികാരിയായി ഫാ. ബർസ്ലീബാ ഒ. ഐ. സി. യെ മാർ ഈവാനിയോസ് തിരുമേനി നിയമിച്ചു. ബഥനിക്കാരുടെ പുതിയ പ്രവേശനത്തോടുകൂടി ബഥനിപ്പള്ളിയിലേക്ക് അനേകമാളുകൾ ആകർഷിക്കപ്പെട്ടു.

കുഞ്ഞുകുട്ടിക്ക് ബഥനി വൈദികരോട് വലിയ ഒരു ആകർഷണം തോന്നി. എപ്പോഴെല്ലാം അവർ കടമാൻകുളത്തും കല്ലൂപ്പാറയിലും ഓരോ കാര്യങ്ങൾക്കായി ചെല്ലുമോ, അപ്പോഴെല്ലാം അവരെ വേണ്ടവിധത്തിൽ സഹായിക്കുന്നതിന്, ഈ ബാലൻ പ്രത്യേകം താല്പര്യം പ്രദർശിപ്പിച്ചുപോന്നു. ബഥനിക്കു വേണ്ടിയുള്ള പിടിയരി പിരിവിലും ധപ്പിക്കാശു പിരിവിലും അച്ചന്മാരെ കുഞ്ഞുകുട്ടി സഹായിച്ചിരുന്നു. ഈ കാലഘട്ടത്തിൽ ഈ ബാലൻ കല്ലൂപ്പാറ വലിയ പള്ളിയിലും കടമാൻകുളം ബഥനിപ്പള്ളിയിലും ഒരു അൾത്താരശുശ്രൂഷകനായും പ്രവർത്തിച്ചിരുന്നു. ഒരിക്കൽ എല്ലാ കുട്ടികളും അവരവരുടെ വീടുകളിൽ നിന്ന് ചെടികൾ കൊണ്ടുചെന്ന് കടമാൻകുളം പള്ളിപ്പരിസരത്തു നട്ടു.

www.malankaralibrary.com



ആ ചെടികളിൽ കഥാപുരുഷൻ നട്ട ചെടി ആദ്യം മുളയ്ക്കുകയും, ആദ്യം പുഷ്പിക്കുകയും ചെയ്തു. ഈ സംഭവം കേവലം നിസ്സാരവും യാദൃശ്ചികവുമാണെങ്കിലും ഇതു് ഈ ബാലൻെറ ഭാവിപ്രവർത്തനങ്ങളുടെ വിജയത്തിൻെറ ഒരു സൂചനയായിക്കണക്കാക്കാവുന്നതാണു്.

അക്കാലത്തു കടമാൻകുളം ബഥനിപ്പള്ളി നടത്തിയവരിൽ, ഒരാളായ വെ. റവ. ഫാ. ജോഷ്വാ ഒ. ഐ. സി. യുടെ അനുഭവവിവരണങ്ങൾ ചുവടെ ചേർത്തുകൊള്ളുന്നു:–

"1929–ലെ ക്രിസ്മസ്സ്. എൻെറ വൈദികജീവിതത്തിലെ പ്രഥമ 'യൽദാ' പെരുനാൾ. കല്ലൂപ്പാറ കടമാൻകുളം പള്ളിയിൽ ശുശ്രൂഷകൾ നടത്തുവാൻ ഞാൻ നിയുക്തനായി. ഒരു ദിവസം മുമ്പുതന്നെ ബ. ജോൺ ശെമ്മാശനമൊത്തു് ഞാൻ കടമാൻകുളത്തെത്തി."

"കല്ലൂപ്പാറയും പരിസരങ്ങളും ബഥനിക്കാരോടു് വലിയ ഭക്തിബഹുമാനങ്ങളുള്ള പ്രദേശങ്ങളായിരുന്നു. അവിടെ നിന്നു പലരും ബഥനിയിൽ അംഗങ്ങളായി ചേർന്നിട്ടുമുണ്ടായിരുന്നു. ക്രിസ്മസ്സ് ശുശ്രൂഷകൾ നടത്തുവാൻ ബഥനിക്കാർ വന്നിരിക്കുന്നു എന്നു കേട്ടു് സമീപപ്രദേശങ്ങളിൽ നിന്നെല്ലാം ആളുകൾ ഓടിക്കൂടി. അങ്ങനെ അസാധാരണമായ ഒരു ജനക്കൂട്ടത്തെയാണു് എൻെറ പ്രഥമ ക്രിസ്മസ്സ് ശുശ്രൂഷയിൽ അഭിമുഖീകരിക്കേണ്ടിവന്നതു്. ഭക്തിപരമായ പള്ളിശുശ്രൂഷകൾക്കുശേഷം സാമാന്യം ദീർഘമായ ഒരു 'ഊരുചുററി'

www.malankaralibrary.com



പ്രദക്ഷിണവും നടത്തുകയുണ്ടായി. അന്നത്തെ ചടങ്ങുകളിൽ ആദ്യവസാനം ഭക്തിപൂർവ്വം സംബന്ധിച്ചിരുന്ന 13 വയസ്സുകാരനായ ഒരു അംശുശ്രൂഷി എന്റെ ശ്രദ്ധയെ പ്രത്യേകം ആകർഷിച്ചു. ചടങ്ങുകളെല്ലാം അവസാനിച്ചപ്പോൾ പ്രസ്തുത ബാലനെ ഒന്നു കണ്ടാൽ കൊള്ളാമെന്ന് ഞാൻ അടുത്തു നിന്നവരോട് ആഗ്രഹം പ്രകടിപ്പിച്ചു. എന്റെ ആഗ്രഹനിവൃത്തിക്ക് അധിക നേരം നോക്കിപ്പാർക്കേണ്ടിവന്നില്ല. എന്റെ ആഗ്രഹം ഗ്രഹിച്ചിട്ടെന്നപോലെ യാത്ര പറയാൻ കൂടിയ ആളുകളുടെ കൂട്ടത്തിൽ പ്രസ്തുത ബാലനും പ്രത്യക്ഷനായി. അന്ന് അയാൾ ഇരവിപേരൂർ ഹൈസ്ക്കൂളിൽ നാലാം ഫാറത്തിൽ പഠിക്കുകയായിരുന്നു. ഇടവകക്കാരോടുള്ള കുശലപ്രശ്നാവസരത്തിൽ, പ്രസ്തുത ബാലൻ പഠനത്തിലെന്നതുപോലെ ദൈവഭക്തിയിലും അംശുശ്രൂഷകളിലും അദ്വിതീയനാണെന്നും സ്ഥലവാസികൾക്കെല്ലാം അയാളുടെ നേരെ അപാരമായ മതിപ്പും സ്നേഹവുമാണുള്ളതെന്നും വെളിപ്പെടുകയുണ്ടായി. ബാലനോടുള്ള അഭിമുഖസംഭാഷണത്തിൽ, ഇടവകക്കാരുടെ അഭിപ്രായത്തിൽ ഒട്ടും അതിശയോക്തി ഇല്ലെന്ന് എനിക്കു ബോദ്ധ്യമായി. സ്വഭാവിയെക്കുറിച്ചുള്ള അയാളുടെ ആശയങ്ങളും ഏറെക്കുറെ മനസ്സിലാക്കുവാൻ ആ സംഭാഷണം എനിക്കു അവസരം നല്കി. അങ്ങനെ, ഞങ്ങളെ ഇരുവരെയും സംബന്ധിച്ചിടത്തോളം പ്രസ്തുത സമാഗമം ഒരു യാത്ര പറച്ചിൽ എന്നതിനേക്കാൾ, സുദീർഘമായ ഒരു ബന്ധത്തിന്റെ തുടക്കം മാത്രമായി ഭവിച്ചു.''

www.malankaralibrary.com



മാർ ഈവാനിയോസ് തിരുമേനിയും ബഥനി സന്യാസികളും, കത്തോലിക്കാസഭയോടു പുനരൈക്യപ്പെടുന്നതിനു മുൻപുതന്നെ ബഥനിമല വിട്ടിറങ്ങി. പുനരൈക്യത്തിനു മുൻപ് ഒരുമാസത്തോളം അവർ വെണ്ണിക്കുളത്ത് താമസിച്ചു. 1930 സെപ്തംബർ 20-ാം തീയതി മാർ ഈവാനിയോസ് തിരുമേനിയും, മാർ തെയോഫിലോസ് തിരുമേനിയും റവ. ഫാ. ജോൺ ഒ. ഐ. സി. യും ബ്ര. അലക്സാണ്ടർ ശെമ്മാശൻ ഒ. ഐ. സി. യും (ഫാ. സെറാഫിയോൻ ഒ. ഐ. സി.) കിളിലേത്തു വീട്ടിൽ കെ. ജി. ചാക്കോയും (മാനേജർ ചാക്കോച്ചൻ) പുനരൈക്യപ്രസ്ഥാനത്തിൻെറ ആദ്യഫലങ്ങൾ എന്ന നിലയിൽ കൊല്ലം അരമനയിൽവെച്ച് സുഭഗസ്മരണാർഹനായ ബൻസിഗർ തിരുമേനിയുടെ മുമ്പിൽ സത്യപ്രതിജ്ഞ ചെയ്ത് കത്തോലിക്കാ സഭാംഗങ്ങളായി. ഈ സംഭവം മദ്ധ്യതിരുവിതാംകൂറിലെ അകത്തോലിക്കാസുറിയാനിക്രിസ്ത്യാനികളുടെയിടയിൽ വലിയ ഒരു കോളിളക്കംതന്നെ സൃഷ്ടിച്ചു. കത്തോലിക്കാ സഭയേയും മാർ ഈവാനിയോസ് തിരുമേനിയേയും അനുയായികളേയും കുറിച്ച് നിരവധി കുപ്രചരണങ്ങൾ മദ്ധ്യതിരുവിതാംകൂറിൽ അലയടിച്ചുകൊണ്ടിരുന്നു. മാർ ഈവാനിയോസ് തിരുമേനിയുടെ പുനരൈക്യശേഷം വെണ്ണിക്കുളത്തു താമസിച്ചിരുന്ന ബഥനി സന്യാസികളും തിരുമൂലപുരത്തു താമസിച്ചിരുന്ന സന്യാസിനികളും കത്തോലിക്കാസഭാംഗങ്ങളായി. വെണ്ണിക്കുളത്തുണ്ടായിരുന്ന സന്യാസികളിൽ കടമാൻകുളത്തു കാക്കനൊട്ടിൽ ഏബ്രഹാമിൻെറ മകൻ സാധു കോശിയും (റവ. ഫാ.

www.malankaralibrary.com



കോശി ഒ. ഐ. സി.) ഉണ്ടായിരുന്നു. മകനെ ഈ പുതിയ പ്രസ്ഥാനത്തിൽനിന്നു പിൻതിരിപ്പിക്കുന്നതിനുവേണ്ടി കാക്കനാട്ടിൽ അവിരാച്ചൻ, കാക്കനാട്ടിൽ തൊമ്മിയോടും പറയനോലിക്കൽ ഈപ്പച്ചനോടും കൂടി വെണ്ണിക്കുളത്തു ചെന്നു. കത്തോലിക്കാ വിദ്വേഷത്തിൽ അവിടെയെത്തിയ ഈ മൂന്നുപേരും മാർ ഈവാനിയോസ് തിരുമേനിയുമായിനടന്ന സുദീർഘസംഭാഷണഫലമായി അന്നുതന്നെ അദ്ദേഹത്തിൻെറ മുമ്പിൽ മുട്ടുകുത്തി വിശ്വാസപ്രഖ്യാപനം നടത്തി കത്തോലിക്കരായിത്തീർന്നു. കാക്കനാട്ടിൽ അവിരാച്ചൻ മാർ ഈവാനിയോസ് തിരുമേനിയുടെ പേർക്ക് എഴുതിക്കൊടുത്തിരുന്ന പള്ളിവസ്തു തിരുമേനി തിരിച്ച് ഇവരുടെ പേർക്കെഴുതിക്കൊടുത്തു. കടമാൻകുളം ബഥനിപ്പള്ളി കത്തോലിക്കാപ്പള്ളിയായി രൂപാന്തരപ്പെട്ടു. ഇതിൽ അമർഷം കൊണ്ട യാക്കോബായ സഹോദരങ്ങൾ പുതിയ പ്രസ്ഥാനക്കാരുമായി ഏററുമുട്ടി. ഗവണ്മെൻറ് ഇടപെട്ട് പള്ളി പൂട്ടി. രണ്ടുകൊല്ലത്തോളം കേസ് നടന്നു. ഒടുവിൽ കത്തോലിക്കാവിഭാഗത്തിനനുകൂലമായി വിധിയുണ്ടായി. അങ്ങനെ കടമാൻകുളത്തു കത്തോലിക്കാപ്പള്ളിക്ക് സ്ഥിരപ്രതിഷ്ഠ ലഭിച്ചു. ഈ രണ്ടുകൊല്ലക്കാലം കടമാൻകുളത്തെ കത്തോലിക്കർ കല്ലൂപ്പാറ ചന്തയ്ക്കു സമീപം ചങ്ങനാശ്ശേരി രൂപതയിലെ മിഷനറിപ്രവീണനായിരുന്ന വെ. റവ. ഫാ. ഡോമിനിക്ക് തോട്ടാശ്ശേരിയുടെ നേതൃത്വത്തിൽ വാങ്ങിയിരുന്ന സ്ഥലത്തുള്ള ഒരു ഷെഡ്ഡിൽവെച്ച് ദൈവാരാധന നടത്തിപ്പോന്നു. ആ സ്ഥലം പിന്നീട് തിരുവല്ലാരൂപതയ്ക്കു വിട്ടുകൊ

www.malankaralibrary.com



ടുത്തു. ഇന്നു് അവിടെ വലിയതും മനോഹരവുമായ ഒരു ദൈവാലയവും ഒരു ചെറിയ ഇടവകയും ഉണ്ടു്.

കടമാൻകുളം പള്ളി കേസുമൂലം തിരുവല്ലാ രൂപതയ്ക്കു വിട്ടുകിട്ടി. ഈ പള്ളി തിരുവല്ലാ രൂപതയിലെ ആദ്യപള്ളികളിൽ ഒന്നാണു്. ഇന്നു് എൺപതു വീട്ടുകാർ ഈ ഇടവകയിലുണ്ടു്. വിശ്വാസദാർഢ്യത്തിനും ഭക്തിതീക്ഷ്ണതയ്ക്കും കടമാൻകുളം ഇടവക മററുള്ള ഇടവകകൾക്കു് മാതൃകയായി പരിലസിക്കുന്നു. വൈദികരുടെയും കന്യാസ്ത്രീകളുടെയും എണ്ണത്തിൽ ഒന്നാം സ്ഥാനവും തിരുവല്ലാ രൂപതയിൽ ഈ ഇടവകയ്ക്കുണ്ടു്.

വെ. റവ. ഫാദർ ജോഷ്വാ ഒ. ഐ. സി. ഈ ഗ്രന്ഥകാരനു് അയച്ച കത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു:-

"1929 മുതൽ 1934-വരെയുള്ള കാലം, ബഥനി ആശ്രമത്തെ സംബന്ധിച്ചിടത്തോളം വളരെ വിഷമം പിടിച്ച കാലഘട്ടമായിരുന്നു. 'ബഥനിക്കാർ യാക്കോബായ സഭ വിട്ടു് റോമ്മായിൽ പോകുന്നു' എന്ന ശ്രുതി, കാട്ടുതീപോലെ നാടെങ്ങും പരന്നു. പുനരൈക്യത്തിനു് അനുകൂലികളായിരുന്ന ആശ്രമസ്ഥർ തങ്ങളുടെ മാതൃമന്ദിരമായ പെരുനാട്ടു മുണ്ടൻമലയിലെ ആശ്രമം വിട്ടിറങ്ങി, അഭയസ്ഥാനം അന്വേഷിച്ചു് ചുററിക്കറങ്ങുകയായിരുന്നു. അതുവരെ പിടിയരികൊണ്ടും മററു സംഭാവനകൾകൊണ്ടും ആശ്രമത്തെ തീററി വന്ന ഗുണകാംക്ഷികൾ അവരുടെ സഹായഹസ്തം പിൻവലിച്ചു. എവിടെവിടെ ബഥനിക്കാർ കൂടുതലായി സ്നേഹിക്കപ്പെട്ടി

www.malankaralibrary.com



രുന്നുവോ, അവിടങ്ങളിൽ കൂട്ടതലായ എതിർപ്പിനെയും അഭിമുഖീകരിക്കേണ്ടിവന്നു. കല്ലൂപ്പാറ ദേശത്തു പുന രൈക്യത്തിന് ഏതാനും അനുകൂലികളുണ്ടായിരുന്നെ ങ്കിലും, വൈരികളും കുറവല്ലായിരുന്നു. അവരാകട്ടെ, അനുകൂലികളേക്കാൾ ലോകദൃഷ്ട്യാ പ്രബലന്മാരും, എന്തും ചെയ്യാൻ മടിക്കാത്തവരുമായിരുന്നു. ഈ സാഹചര്യ ത്തിൽ അവരുടെ കൂട്ടത്തിലൊരു യുവാവ് ബഥന്യാശ്രമ ത്തിൽ ചേരണമെങ്കിൽ അതിന് അസാധാരണ ധൈ ര്യവും ദൈവാനുഗ്രഹവും കൂടിയേ മതിയാവൂ എന്ന് ഏവരും സമ്മതിക്കും. ഒടുവിൽ ദൈവാനുഗ്രഹം വിജ യിച്ചു."

ബഥനിവൈദികരുമായി കുഞ്ഞുകുട്ടിയുടെ അക്കാ ലത്തെ സാമീപ്യസമ്പർക്കങ്ങളെക്കുറിച്ച് വെ. റവ. ഫാ. ജോൺ ഒ. ഐ. സി. ഈ ഗ്രന്ഥകാരനെ ഇപ്രകാരം എഴുതി അയച്ചിട്ടുണ്ട്:—

"1931-ൽ ഞാൻ തിരുവല്ലായിൽ നിന്നു് ശനി യാഴ്ച വൈകിട്ട് കടമാൻകുളത്തു പള്ളിയിൽ ചെന്നു താമസിക്കുകയും ഞായറാഴ്ച വി. കുർബാന, സണ്ടേ സ്കൂൾ, ആദിയായവ നടത്തിയിട്ടു തിരുവല്ലായ്ക്കു് തിരി ച്ചുപോരികയും ചെയ്തിരുന്നു. ഞാൻ പള്ളിയിലെത്തി യാൽ താമസിയാതെ സന്ധ്യാനമസ്കാരത്തിനായി മണിയടിക്കും. മണിയുടെ ശബ്ദം കേട്ടാലുടൻ തന്നെ അന്നു് ഒരു ഹൈസ്ക്കൂൾവിദ്യാർത്ഥിയായിരുന്ന തങ്ങള ത്തിൽ കുഞ്ഞുകുട്ടി പള്ളിയിലെത്തും. പിന്നെ ഞാൻ പോരുന്നതുവരെ എന്നോടുകൂടി പള്ളിക്കാര്യങ്ങളി

www.malankaralibrary.com



ലെല്ലാം സഹകരിച്ചുകൊണ്ടു് കുഞ്ഞുകുട്ടിയും അവിടെയുണ്ടായിരിക്കും.

"ദൈവാലയശുശ്രൂഷകളിൽ കുഞ്ഞുകുട്ടി പ്രദർശിപ്പിച്ചിരുന്ന ഭക്തിനിർഭരത മന്ദഭക്തരുടെയും ഭക്തിയെ ഉദ്ദീപിപ്പിക്കുവാൻ പര്യാപ്തമായിരുന്നു. ചിലപ്പോൾ തനിച്ച് മദ്ബഹായിൽ കുമ്പിട്ടുകിടന്നു പ്രാർത്ഥിച്ചിരുന്ന കുഞ്ഞുകുട്ടി എഴുന്നേല്ക്കുമ്പോൾ നിലം ബാഷ്പബിന്ദുക്കളാൽ നനഞ്ഞിരുന്നു. ഈ അന്യാദൃശ ഭക്തിപ്രചുരിമ കണ്ടു് ഭാവിയിൽ ആദ്ധ്യാത്മികമണ്ഡലത്തിൽ ഒരു സമുന്നതസ്ഥാനം കുഞ്ഞുകുട്ടി പ്രാപിക്കുമെന്നു് ഞാൻ ചിന്തിക്കാറുണ്ടായിരുന്നു

"ആദ്ധ്യാത്മികവേലകൾ നിർവ്വഹിക്കുന്നതിലും മററുള്ളവർക്കു് നന്മ ചെയ്യുന്നതിലും പള്ളിയടിക്കുക, വസ്ത്രങ്ങൾ കഴുകുക, മുതലായ ജോലികൾ ചെയ്യുന്നതിലും കാണിച്ചിരുന്ന വിനയാതിരേകവും ത്യാഗസന്നദ്ധതയും ആശ്ചര്യാവഹമായിരുന്നു. ഈ വിശിഷ്ടഗുണങ്ങളോടുകൂടിത്തന്നെ ഒരു ആവേശശീലവും (Impulsiveness) കുഞ്ഞുകുട്ടിയിൽ ദൃശ്യമായിരുന്നു.

"ആശ്രമസ്ഥരായ അച്ചന്മാരോടെല്ലാം കുഞ്ഞുകുട്ടി സവിശേഷസ്നേഹാദരങ്ങളോടെ ഇടപെട്ടിരുന്നു. അതിനു കിട്ടിയിരുന്ന അവസരങ്ങളെല്ലാം അതീവതാല്പര്യത്തോടെ വിനിയോഗിച്ചുമിരുന്നു. സ്വന്തം ആത്മീയാഭിവൃദ്ധിക്കുതകുന്ന കാര്യങ്ങൾ ചോദിച്ചു് പഠിക്കുവാനും സൽഗ്രന്ഥങ്ങൾ വാങ്ങി വായിക്കുന്നതിനുമാണു് ഈ സന്ദർഭങ്ങൾ പ്രധാനമായി വിനിയോഗിച്ചിരുന്നതു്.

www.malankaralibrary.com



ആത്മീയനടത്തിപ്പ് പ്രധാനമായും എന്നിൽനിന്നാണ് സ്വീകരിച്ചിരുന്നത്.''

ഈ കാലഘട്ടത്തിൽ കുഞ്ഞുകുട്ടി ഇരവിപേരൂർ ഹൈസ്ക്കൂളിൽ പഠിക്കുകയായിരുന്നു. ഫാദർ ജോൺ ഒ. ഐ. സി. കഥാനായകനു് ജപമാലയും, പടങ്ങളും, ഭക്തഗ്രന്ഥങ്ങളും നല്കി കത്തോലിക്കാസഭയിലേക്ക് ആകർഷിച്ചിട്ടുണ്ടു്.

ബഥനിക്കാർ കത്തോലിക്കരായതിനു ശേഷം കുഞ്ഞുകുട്ടി അവരോടിടപെട്ടിരുന്നതു് മാതാപിതാക്കൾക്ക് അത്ര ഇഷ്ടമായിരുന്നില്ല. കത്തോലിക്കാപുസ്തകങ്ങൾ രഹസ്യമായി കഥാപുരുഷൻ വായിച്ചുപോന്നു. ബഥനിക്കാരുമായുള്ള സമ്പക്സാമീപ്യങ്ങളും കത്തോലിക്കാഗ്രന്ഥങ്ങളുടെ പാരായണവും മാതാപിതാക്കളുടെ അറിവിൽ പെട്ടപ്പോഴെല്ലാം കുഞ്ഞുകുട്ടി കഠിനമായ ശിക്ഷയ്ക്കു് പാത്രമായിട്ടുണ്ടു്. ദൈവകരങ്ങളുടെ പ്രവൎത്തനങ്ങളെ ആൎക്കു തടുക്കുവാൻ കഴിയും? കത്തോലിക്കാസഭയോടുള്ള കഥാനായകൻെറ മനോഭാവത്തിൽ ഇതിനോടകം സാരമായ പരിവൎത്തനങ്ങൾ സംഭവിച്ചുകഴിഞ്ഞിരുന്നു. ക്രമേണയുണ്ടായ ഒരു പരിവൎത്തനമാണിതു്. ത്യാഗനിഷ്ഠയോടുകൂടിയ ഒരു ജീവിതത്തിനുള്ള അഭിവാഞ്ഛയും ബഥനിക്കാരോടുള്ള സമ്പക്സാമീപ്യങ്ങളിൽ നിന്നു് കുഞ്ഞുകുട്ടിയിൽ നാമ്പെടുത്തു് വളൎന്നുകൊണ്ടിരുന്നു.

ബഥനിക്കാർ വെണ്ണിക്കുളത്തു വന്നു് താമസമായ വിവരം മുൻപു് പ്രസ്താവിച്ചിട്ടുണ്ടല്ലോ. സ്കൂൾ വിട്ടു

www.malankaralibrary.com




കഴിഞ്ഞാൽ പലപ്പോഴും ഇരവിപേരൂരിൽ നിന്നു് നാലു മൈൽ നടന്നു് വെണ്ണിക്കുളത്തുള്ള ബഥനിആശ്രമത്തിൽ കുഞ്ഞുകുട്ടി പോകുമായിരുന്നു. ആശ്രമത്തിലെ സന്ധ്യാനമസ്കാരത്തിലും പ്രാർത്ഥനയിലും പങ്കുകൊണ്ടു് ഈ വിദ്യാർത്ഥി അന്നു് അവിടെ തങ്ങും വെണ്ണിക്കുളം ആശ്രമത്തിൽ വെച്ചാണു് കഥാപുരുഷൻ മാർ ഈവാനിയോസ് തിരുമേനിയുമായി അടുത്തിടപെട്ടിട്ടുള്ളതു്. തിരുമേനി ബഥനിയിലായിരിക്കുമ്പോൾ ഒരു ദനഹാ തിരുനാൾ കടമാൻകുളം ബഥനിപ്പള്ളിയിലാണു് നടത്തിയതു്. അന്നു് കുഞ്ഞുകുട്ടി കേവലം ഒരു ബാലനായിരുന്നു. പള്ളിശുശ്രൂഷകളിൽ പങ്കെടുക്കുന്നതിനു് അതീവതാല്പര്യവും പങ്കെടുക്കുമ്പോൾ അത്യധികം ഭക്തിയും പ്രദർശിപ്പിച്ചുപോന്ന ഈ ബാലൻ മാർ ഈവാനിയോസ് തിരുമേനി 'ദനഹാ'ശുശ്രൂഷ നടത്തിയ ആ സന്ദർഭത്തിൽ ശുശ്രൂഷക്കുപ്പായവുമിട്ടു് വാഴ്ത്തപ്പെട്ട വിശുദ്ധ ജലവും കൈകളിലേന്തി പ്രദക്ഷിണത്തിൽ പങ്കെടുത്തു. ആ സമയത്തു അസാധാരണമായ ഒരു തേജസ്സും ആകർഷണീയതയും ഈ ബാലൻെറ മുഖത്തു് പ്രത്യക്ഷമായിരുന്നുവെന്നു് ദൃക്സാക്ഷികൾ ഈ ഗ്രന്ഥകർത്താവിനെ അറിയിച്ചിട്ടുണ്ടു്. അന്നു് മാർ ഈവാനിയോസ് തിരുമേനിയുടെ സവിശേഷമായ ശ്രദ്ധയിൽ ഈ ബാലൻ പെട്ടിട്ടുണ്ടാവുമെന്നു് നമുക്കു് ന്യായമായി ഊഹിക്കാം. വെണ്ണിക്കുളം ആശ്രമത്തിൽ വെച്ചു് കുഞ്ഞുകുട്ടി എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന തങ്ങളത്തിൽ ടി. ഇ. വർഗ്ഗീസ് എന്ന വിദ്യാർത്ഥിയെ അടുത്തറിയുവാൻ മാർ ഈവാനിയോസ് തിരു

www.malankaralibrary.com



മേനിക്കു സാധിച്ചിരുന്നു. തിരുമേനിയുമായിട്ടു്, വീടിനെയും വീട്ടിലുള്ളവരെയും കുറിച്ചും ഒരു ആശ്രമസ്ഥനാകുവാനുള്ള അമിതമായ ആഗ്രഹത്തെക്കുറിച്ചും വർഗ്ഗീസ് പലപ്പോഴും ചർച്ച ചെയ്തിട്ടുണ്ടു്. മാർ ഈവാനിയോസ് തിരുമേനി തിരുമൂലപുരത്തായിരുന്നപ്പോഴും വർഗ്ഗീസ്, തിരുമേനിയെ പോയിക്കാണുകയും സംഭാഷണങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ടു്.



www.malankaralibrary.com

# അദ്ധ്യായം നാല്

# പ്രതിബന്ധങ്ങൾ

1932-ൽ ടി. ഇ. വർഗ്ഗീസ് ഇരവിപേരൂർ ഹൈസ്കൂളിൽ നിന്നു് സ്കൂൾ ഫൈനൽ പസ്സായി. അന്നു് കേവലം പതിനാറു വയസ്സ മാത്രമേ കഥനായകനു് പ്രായം ഉണ്ടായിരുന്നുള്ളു. എങ്കിലും പ്രായത്തിൽ കവിഞ്ഞ പക്വതയും ദീർഘവീക്ഷണവും സൗഹാർദ്ദ നിർഭരമായ രീതിയിൽ മററുള്ളവരോടു് ഇടപെടാനുള്ള കഴിവും വർഗ്ഗീസിൽ ദൃശ്യമായിരുന്നു. മുൻപിലത്തെ അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ, ബഥനി വൈദികരുമായും, മാർ ഈവാനിയോസ് തിരുമേനിയുമായുള്ള സമ്പർക്കം ഭാവിജീവിതത്തെക്കുറിച്ചു് കൂടുതൽ ആഴമായി ചിന്തിക്കുന്നതിനു് വർഗ്ഗീസിനു് പ്രേരകമായി ത്തീർന്നു.

തൻെറ മകൻ പ്രശസ്തമായ നിലയിൽ സ്കൂൾ ഫൈനൽ പരീക്ഷ പാസായ വിവരം കുഞ്ഞുകുട്ടിയുടെ

www.malankaralibrary.com



പിതാവായ ഇടിക്കളയെ അത്യധികം സന്തോഷിപ്പിച്ചു. മകനെക്കുറിച്ചുള്ള തന്റെ പ്രതീക്ഷകൾ ഫലവത്താകുമെന്നു്, തന്റെ ലൗകികമായ ഭാരങ്ങൾ ഇറക്കിവയ്ക്കാനുള്ള ഒരു അത്താണിയായി മകൻ ഭവിക്കുമെന്നു്, പുത്രവത്സലനായ ആ പിതാവു് സന്യായം വിചാരിച്ചു. കുഞ്ഞുകുട്ടിയുടെ ഭാവിയെക്കുറിച്ചു് ബന്ധുക്കളുടെയിടയിൽ പല അഭിപ്രായങ്ങളും പല പ്ലാനുകളും പൊന്തിവന്നു.

മകനെ ഏതെങ്കിലും ജോലിയിലാക്കി കുടുംബത്തിലെ സാമ്പത്തികക്ലേശങ്ങൾ ലഘൂകരിക്കുകയാണു് വേണ്ടതെന്നു് പിതാവു്. സമർത്ഥനും സൽസ്വഭാവിയുമായ അനന്തിരവനെ എത്ര ബുദ്ധിമുട്ടിയായാലും കോളജിൽ അയച്ചു് പഠിപ്പിക്കുകയാണു് വേണ്ടതെന്നു് മാതുലൻ. തനിക്കു് ഏററം അടുത്ത ചാർച്ചയുണ്ടായിരുന്ന കാതോലിക്കാബാവായുടെ (ദിവംഗതനായ ബസ്സേലിയോസ് തൃതീയൻ) സഹായത്തോടുകൂടി അനന്തിരവനെ ആലുവാ യൂണിയൻ ക്രിസ്ത്യൻകോളജിൽ അയച്ചു് പഠിപ്പിക്കുവാൻ ഒക്കുമോ എന്നു് ആ മാതുലൻ ഒന്നു് ആരാഞ്ഞുനോക്കി. പക്ഷേ അദ്ദേഹത്തിന്റെ ശ്രമം ഫലവത്തായില്ല.

ആശ്രമത്തിൽ പ്രവേശിക്കണമെന്നുള്ള കാര്യം കുഞ്ഞുകുട്ടി മിക്കവാറും തീർച്ചപ്പെടുത്തിക്കഴിഞ്ഞിരുന്നു. പക്ഷേ വീട്ടിലെ സാമ്പത്തികക്ലേശങ്ങൾ ആ യുവഹൃദയത്തെ വല്ലാതെ മഥിക്കുന്നുണ്ടായിരുന്നു. ഉപരിവിദ്യാഭ്യാസകാര്യത്തിൽ സ്വാഭാവികമായും ആഗ്രഹം ഉണ്ടാ

www.malankaralibrary.com



യിരുന്നുവെങ്കിലും അപ്പനെ ഇനിയും വിഷമിപ്പിക്കുന്നതു് ശരിയല്ലെന്നു കരുതി അക്കാര്യത്തിൽ അമിതമായ താല്പര്യം പ്രകടിപ്പിക്കുകയോ ബന്ധുജനങ്ങളെ നിർബന്ധിക്കുകയോ നമ്മുടെ യുവാവു് ചെയ്തില്ല. എന്തെങ്കിലും ചെറിയ ഒരു ജോലി സമ്പാദിച്ചു് കുറെ നാളത്തേയ്ക്കെങ്കിലും വീടിനെ ഒന്നു സഹായിക്കേണ്ടതു് തന്റെ കടമയാണെന്നു് കഥാനായകൻ കരുതി.

സ്കൂൾഫൈനൽ പരീക്ഷ പാസ്സായി, ഏതാനും നാളുകൾ കഴിഞ്ഞപ്പോൾ വീട്ടുകാരാരും അറിയാതെ വെണ്ണിക്കുളത്തുവച്ചു് റവ. ഫാ. എബ്രഹാം ഒ. ഐ. സി. യുടെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്തു് കുഞ്ഞുകുട്ടി കത്തോലിക്കനായി. അതിനുശേഷം തന്റെ സഭാപരിവർത്തനം ആദ്ധ്യാത്മികമായ അഭിവൃദ്ധിക്കുള്ള മാർഗ്ഗമായി കഥാനായകൻ വീക്ഷിച്ചു. മതജീവിതത്തിനു് മുൻപിലുത്തേക്കാൾ പ്രാമുഖ്യം വർഗ്ഗീസ് നല്കി. ഒരു ആശ്രമാംഗമാകുവാനുള്ള അഭിലാഷം കഥാനായകൻ വീട്ടിൽ പ്രകടിപ്പിച്ചുതുടങ്ങി. വീട്ടുകാർക്കാകട്ടെ ഈ സംഗതി ചിന്തിക്കുവാൻപോലും നിവൃത്തിയില്ലായിരുന്നു. വീട്ടിലെ സീമന്തസന്താനം, സാമ്പത്തിക ക്ലേശമുള്ള കുടുംബം. ഒരു ജോലി ലഭിക്കുവാൻ വലിയ പ്രയാസമില്ലാതിരുന്ന കാലം. സർവ്വോപരി നാടടക്കം പുച്ഛിക്കുന്ന 'റീത്തുകാരുടെ' ആശ്രമത്തിൽ ചേർന്നു് സന്യാസവൈദികനാകുക. എങ്ങനെ മാതാപിതാക്കളും മററുബന്ധുക്കളും സഹിക്കും? നേരെ മറിച്ചു് വിവാഹിതനായ ഒരു യാക്കോബായ വൈദികനായി കുടുംബകാര്യങ്ങൾക്കു് താങ്ങും തണലുമേ

www.malankaralibrary.com



കുന്ന നിലയിൽ കഴിയാനാണു് മകനിച്ഛിച്ചിരുന്നതെങ്കിൽ പിതാവു് അതിനു സമ്മതം മൂളിയേനേ. മനുഷ്യൻെറ പദ്ധതികളല്ലല്ലോ ദൈവത്തിൻെറ പദ്ധതികൾ. അദ്ദേഹം തൻെറ അഭിപ്രായത്തിൽ ഉറച്ചുനിന്നു. മാതാപിതാക്കന്മാരുടെ വികാരങ്ങൾ, വീട്ടിലെ വിഷമങ്ങൾ ഇവയെല്ലാം അദ്ദേഹത്തിനു് നന്നായി അറിയാമായിരുന്നു. പക്ഷേ, ദൈവത്തേക്കാളും മാതാപിതാക്കന്മാരെയും സഹോദരങ്ങളെയും വീടിനെയും പരിഗണിക്കുകയും സ്നേഹിക്കുകയും ചെയ്യുക ശരിയല്ലെന്നുള്ള ഉത്തമബോധം ഈ യുവാവിൽ ഇതിനു മുമ്പുതന്നെ ദൃഢമായിത്തീന്നിരുന്നു. ത്യാഗവും, സേവനവും, സുകൃതജീവിതവുമാണു് ഐഹിക ജീവിതത്തിൽ ആദരണീയമായവ എന്നു് കഥാപുരുഷൻ ബാല്യാൽപ്രഭൃതി വിശ്വസിച്ചിരുന്നു. തൻെറ ഉത്തമ ബോധത്തിനും വിശ്വാസത്തിനുമെതിരായി എത്രതന്നെ വലിയ സമ്മർദ്ദങ്ങളുണ്ടായാലും വഴങ്ങാത്ത ആദർശധീരതയാണു് കഥാനായകനു് അന്നുണ്ടായിരുന്നതും, ഇന്നുള്ളതും. അല്പകാലത്തേക്കെങ്കിലും വീട്ടിനു് ഒരു താങ്ങും തണലുമായി പ്രവർത്തിക്കണമെന്നു് വർഗ്ഗീസ് ഉറച്ചു.

മാർ ഈവാനിയോസ് തിരുമേനിയുടെ ഒരു ശുപാർശക്കത്തോടുകൂടി വർഗ്ഗീസ് ഒരു ജോലി ആരാഞ്ഞു് സ്വമാതുലനോടൊന്നിച്ചു് ചങ്ങനാശ്ശേരി സെൻറു് ബർക്കുമാൻസ് കോളജിൽ പ്രിൻസിപ്പലായിരുന്ന പെ. ബഹു: പുരയ്ക്കലച്ചനെ സമീപിച്ചു. അദ്ദേഹം കഥാനായകനെ അടിമുടി ഒന്നു വീക്ഷിച്ചു. തൻെറ മുമ്പിൽ

www.malankaralibrary.com



നില്ക്കുന്ന യുവാവിൽ ഏതോ ദൈവികമായ ഒരു ചൈതന്യം അദ്ദേഹം ദർശിച്ചിരിക്കണം. "കുഞ്ഞിനു് ജോലിക്കല്ലാ പ്രത്യുത വൈദികവൃത്തിക്കുള്ള ദൈവവിളിയാണല്ലോ കാണുന്നതു്" എന്നു് അദ്ദേഹം വറുഗീസിൻെറ മാതുലനോടു പറഞ്ഞു. അതു് ഒരു പ്രവചനമായിരുന്നു. "ഏതായാലും അടുത്ത സ്കൂൾവർഷമാകട്ടെ, ഞാൻ ഒരു ജോലികൊടുക്കാം" എന്നു് പറഞ്ഞു് പുരയ്ക്കലച്ചൻ വറുഗീസിനെയും മാതുലനേയും തിരിച്ചയച്ചു. എന്നാൽ അടുത്തവർഷമാകുന്നതിനു മുമ്പുതന്നെ ആദർശധീരനായ നമ്മുടെ യുവാവു് അദ്ദേഹത്തിൻെറ ഭാവിജീവിതത്തിലേക്കു് രംഗപ്രവേശം ചെയ്തു കഴിഞ്ഞിരുന്നു. സാന്ദർഭികമായി പ്രസ്താവിച്ചുകൊള്ളട്ടെ. കഥാനായകൻ മെത്രാനായപ്പോൾ ബഹു: പുരയ്ക്കലച്ചൻ പാളയം സെൻറു് മേരീസ് ഭദ്രാസന ദൈവാലയത്തിൽ വികാരിയായിരുന്നു. അദ്ദേഹം അനാരോഗ്യംമൂലം വികാരിസ്ഥാനം ഒഴിഞ്ഞു് ബാംഗ്ലൂർക്കു് ചികിത്സാർത്ഥം പോയതുവരെ ഏകദേശം മൂന്നുവർഷക്കാലത്തോളം കഥാനായകൻെറ കീഴിൽ സേവനം ചെയ്തിട്ടുണ്ടു്. അദ്ദേഹം ഭദ്രാസനദൈവാലയത്തിലെ വികാരി ആയിരുന്നപ്പോഴാണു് മാർ ഗ്രിഗോറിയോസ് തിരുമേനി മെത്രാപ്പോലീത്തായുടെ സ്ഥാനചിഹ്നമായ പാലിയം ഭദ്രാസന ദൈവാലയത്തിൽവെച്ചു് സ്വീകരിച്ചതു്. ഈ സന്ദർഭങ്ങളിലെല്ലാം ബഹു: പുരയ്ക്കലച്ചൻ ആ പഴയ പ്രവചനമോർത്തു് ആനന്ദാശ്രുക്കൾ പൊഴിച്ചിരിക്കണം.

അക്കാലം പുതുമഴയ്ക്കു് തകരകണക്കെ പുതിയ ഇൻഷുറൻസ് കമ്പനികളും ചിട്ടികളും മദ്ധ്യതിരുവി

www.malankaralibrary.com



താംക്രൂറിൽ പലയിടങ്ങളിലും മുളച്ച് പൊന്തിയിരുന്ന കാലമാണ്. നമ്മുടെ കഥാനായകനും മറേറതാനും പേരുംകൂടി ഒരു ഇൻഷൂറൻസ് കമ്പനി ഉണ്ടാക്കുന്ന സാഹസികമായ പണിയിലേർപ്പെട്ടു. വറുഗീസ് ആയിരുന്നു അതിൻെറ സെക്രട്ടറി. കുറെ മാസങ്ങൾ അങ്ങനെ നീങ്ങി. ശമ്പളമില്ലാത്ത ജോലി. ഒടുവിൽ ഇൻഷൂറൻസ് പദ്ധതി പരാജയപ്പെട്ടു.

ഈ കാലഘട്ടത്തിൽ ഒരു സന്യാസ വൈദികനാകണമെന്നുള്ള ആന്തരികമായ ആഹ്വാനം വറുഗീസിൽ മുഴങ്ങിക്കൊണ്ടിരുന്നു. വറുഗീസ് അദ്ദേഹത്തിൻെറ ആഗ്രഹം മാതാപിതാക്കളോട് പരോക്ഷമായിട്ടാണെങ്കിലും സൂചിപ്പിച്ചുപോന്നു. ചതുരുപായങ്ങൾ ഉപയോഗിച്ച് കഥാനായകനെ അദ്ദേഹത്തിൻെറ ആഗ്രഹത്തിൽനിന്നും പിന്തിരിപ്പിക്കുവാൻ മാതാപിതാക്കന്മാരും ബന്ധുമിത്രാദികളും വീട്ടിനടുത്തുള്ള ഹിന്ദുസഹോദരങ്ങൾ പോലുംശ്രമിച്ചിരുന്നു. എന്നാൽ പരിശുദ്ധാത്മാവിൻെറ പ്രവത്തനങ്ങൾ തടയുവാൻ ആക്കെങ്കിലും കഴിയുമോ? ഇപ്പോൾ വൈദികനായിരിക്കുന്ന ബഹു: ഇഗ്നേഷ്യസ് ഒ. ഐ. സി. യെ കഥാനായകൻെറ അമ്മ പൂണ്ണഗർഭത്തിൽ വഹിക്കുന്ന കാലം. കുടുംബത്തിലെ വിഷമസ്ഥിതിയോ വളരെ രൂക്ഷതരമായിത്തീന്ന ഒരു സന്ദർഭം. അതിഭയങ്കരമായ മഴയും വെള്ളപ്പൊക്കവും. വീട്ടിനടുത്തുള്ള പുഞ്ച ഒരു കായൽപ്പരപ്പുപോലെ ആയിത്തീന്ന ഘട്ടം. പുഞ്ചയുടെ അടുത്തുണ്ടായിരുന്ന ഭവനങ്ങളിലെല്ലാം വെള്ളം കയറിക്കഴിഞ്ഞു.

www.malankaralibrary.com



ത്തങ്ങളത്തിൽ വീട്ടിലും വെള്ളം കയറിയതുമൂലം അടുത്തുണ്ടായിരുന്ന ഒരു ഹിന്ദുവീട്ടിൽ കുടുംബാംഗങ്ങൾ താമസിച്ചുകൊണ്ടിരിക്കുന്ന സമയം. വറുഗീസിന്റെ സന്യാസജീവിതത്തിലേക്കുള്ള അഭിവാഞ്ഛ ഗ്രഹിക്കുന്നതിനിടയായ കുഞ്ഞുണ്ണിക്കുറുപ്പ് എന്ന പ്രേഷ്ഠസുഹൃത്ത് വറുഗീസിനോടു പ്രസ്താവിച്ചു. "കുട്ടിമാപ്പിള നടുക്കടലിൽ മുങ്ങിത്താഴാൻ തുടങ്ങുകയാണ്. ഈ അവസരത്തിൽ അങ്ങേരെ അതിൽനിന്നും രക്ഷിക്കുകയാണ് കുഞ്ഞുകുട്ടി ചെയ്യേണ്ടത്. കുഞ്ഞുകുട്ടി പോയാൽ കുട്ടിമാപ്പിള (കഥാപുരുഷന്റെ പിതാവ്) യും കുടുംബവും വെള്ളത്തിൽ താണുപോകും." പക്ഷേ പാറപോലെ ഉറച്ച തന്റെ തീരുമാനമായിരുന്നു ഇക്കാര്യത്തിൽ വറുഗീസിനുണ്ടായിരുന്നത്.

കോട്ടയത്ത് ഒരു കമ്പനിയിൽ വറുഗീസിനു ജോലി കിട്ടി. ആകെ 28 ദിവസങ്ങൾ മാത്രമേ അവിടെ ജോലിനോക്കിയുള്ളു. ശമ്പളമൊന്നും പററിയുമില്ല. വറുഗീസ് ഞായറാഴ്ചകൂടി ജോലിചെയ്യണമെന്ന് മാനേജർ തുടർച്ചയായി ആവശ്യപ്പെട്ടു. മതനിഷ്ഠയുള്ള നമ്മുടെ കഥാനായകനു് അത്ര സമ്മതമായിരുന്നില്ല. വറുഗീസ് എല്ലാ ആഴ്ചയിലും ശനിയാഴ്ച വീട്ടിൽ എത്തുകയായിരുന്നു പതിവ്. എന്നാൽ ഒരു വ്യാഴാഴ്ച വീട്ടിലെത്തിയ മകനെ കണ്ടിട്ട് അമ്മ ആരാഞ്ഞു: "എന്താ കുഞ്ഞേ, നേരത്തെ ഇങ്ങുവന്നത്?" മകന്റെ മറുപടി. "ഞായറാഴ്ചയും ജോലിനോക്കണം. അത് എനിക്കുവയ്യാ. അതുകൊണ്ട് നേരത്തെ ഇങ്ങു പോന്നതാണ്. കൂടാതെ

www.malankaralibrary.com



വെണ്ണിക്കുളത്തു് ഒരു മീററിംഗ് ഉണ്ടു്. അതിലൊന്നു സംബന്ധിക്കുകയും വേണം.'' കുഞ്ഞുകുട്ടി വീട്ടിൽനിന്നും നേരെ വെണ്ണിക്കുളം ആശ്രമത്തിലേക്കു പോയി.

ജോലിക്കു് വറുഗീസിനെ കാണാഞ്ഞു് കമ്പനി മാനേജർക്കു് വിഷമമായി. വറുഗീസിൻെറ സ്ഥാനത്തു് ഇതിനുമുമ്പു് മൂന്നുപേർ ജോലിനോക്കിയിട്ടുള്ളതാണു്. എന്നാൽ അവർ അത്ര വിശ്വസ്തരല്ലാതിരുന്നതിനാൽ അവരെ പിരിച്ചുവിട്ട സ്ഥാനത്തായിരുന്നു വറുഗീസിനെ പ്രവേശിപ്പിച്ചതു്. വറുഗീസ് വിശ്വസ്തനും ജോലി കാര്യങ്ങളിൽ കൃത്യനിഷ്ഠയുള്ളവനുമായിരുന്നതുകൊണ്ടു് വറുഗീസിനെ തിരികെകിട്ടുവാൻ ആഗ്രഹിച്ചുകൊണ്ടും കൂടുതൽ ശമ്പളം വാഗ്ദാനംചെയ്തുകൊണ്ടും കമ്പനിമാനേജരുടെ എഴുത്തു് വീട്ടിലെത്തി. ഈ എഴുത്തു് വർഗീസിൻെറ മാതുലൻ സി. പി. മാത്യുവിനാണു കിട്ടിയതു്. ഇരവിപേരൂർ നിന്നും ഈ എഴുത്തുംകൊണ്ടു് മാതുലൻ വീട്ടിൽ വന്നപ്പോൾ കുഞ്ഞുകുട്ടി വെണ്ണിക്കുളത്തായിരുന്നു. "കുഞ്ഞു വന്നാലുടൻ ഇരവിപേരൂർക്കു് വിടണം'' മെന്നും പറഞ്ഞു് മാതുലൻ തിരികെപ്പോയി. ശനിയാഴ്ച വർഗീസ് വീട്ടിൽ വന്നപ്പോഴേയ്ക്കും ഉപ്പാപ്പന്മാരും മററു ബന്ധുമിത്രാദികളും വീട്ടിൽ കൂടിയിരുന്നു. "കുഞ്ഞിനിയും കത്തോലിക്കാപ്പള്ളിയിൽ പോകരുതു്. നാളെ മുതൽ കല്ലൂപ്പാറ യാക്കോബായ പള്ളിയിൽ പോയാൽ മതി'' എന്നു് അവർ നിർബന്ധിച്ചുകൊണ്ടിരുന്നു. എന്നാൽ കഥാപുരുഷൻ ഒരൊററയക്ഷരംപോലും പ്രത്യുത്തരിച്ചില്ല. "കുഞ്ഞിപ്പോൾ ആശ്രമത്തിൽചേർന്നു് ഇ

www.malankaralibrary.com



വീടെനിന്നും പോയാൽ പൂർണ്ണഗർഭിണിയായ കുഞ്ഞിന്റെ അമ്മയെ തിരികെവരുമ്പോൾ കാണുകയില്ല," ഒരുപ്പാപ്പൻ പറഞ്ഞു. "ഞാൻ ഭ്രാന്തനല്ല, ദൈവത്തെവിളിയ്ക്കാൻ പോകയാണു്. ഞാൻ തിരികെവരുമ്പോൾ എന്റെ അമ്മ എന്നേപ്പോലെ ഒരാൺകുഞ്ഞിനെയും കൊണ്ടിരിക്കുന്നതു് ഞാൻ കാണും." ഇതുമാത്രമേ ഏതാനും മണിക്കൂറിനുള്ളിൽ കഥാപുരുഷൻ ഉച്ചരിച്ചുള്ളു. യഥാർത്ഥത്തിൽ അതൊരു പ്രവചനം തന്നെയായിരുന്നു. ആ ആൺകുട്ടിയാണു് ഇപ്പോൾ റവ. ഡോ. ഇഗ്നേഷ്യസ് ഒ. ഐ. സി.

വർഗ്ഗീസ് വെണ്ണിക്കുളത്തു് ബഥനിആശ്രമത്തിലെത്തി, അന്നു് അവിടെ സുപ്പീരിയറായിരുന്ന റവ. ഫാദർ ഏബ്രഹാം ഒ. ഐ. സി. യെ കണ്ടു. ഫാദർ ഏബ്രഹാം വർഗ്ഗീസിനു് തായ്‌വഴിയിൽ ബന്ധമുള്ള ആളാണു്, സ്വദേശിയുമാണു്. നേരത്തെ ബഥനിആശ്രമത്തിൽ ചേരാനുള്ള ആഗ്രഹം ഏബ്രഹാമച്ചനെ വർഗ്ഗീസ് പല പ്രാവശ്യം ധരിപ്പിച്ചിട്ടുള്ളതാണു്. അപ്പോഴൊക്കെ, ദൈവവിളിയെക്കുറിച്ചു് കൂടുതൽ ചിന്തിക്കുവാനാണു് അച്ചൻ തന്റെ ബന്ധുവായ കുഞ്ഞുകുട്ടിയോടു് ആവശ്യപ്പെട്ടിട്ടുള്ളതു്. എന്നാൽ കഥാനായകനു് ആശ്രമസ്ഥനാകുവാനുള്ള ദൈവവിളിയെക്കുറിച്ചു് പൂർണ്ണബോദ്ധ്യത, രണ്ടുപേർക്കും ഇതിനോടകം ഉണ്ടായിക്കഴിഞ്ഞിരുന്നു. ഇപ്രാവശ്യവും വീട്ടിലെ വിഷമങ്ങളും എതിർപ്പുകളും ഏബ്രഹാമച്ചൻ കഥാനായകന്റെ മുമ്പിൽ നിരത്തിവയ്ക്കുകയും അവ ഒരു ബാദ്ധ്യത

www.malankaralibrary.com



യാകയില്ലേയെന്നു് ആരായുകയും ചെയ്തു. ഉടൻതന്നെ വർഗ്ഗീസ് പ്രതിവചിച്ചു. "ദൈവം വീട്ടുകാരെ നോക്കി ക്കൊള്ളും." വർഗ്ഗീസിനെ ആശ്രമത്തിൽ സ്വീകരിക്ക ണമെന്നു് ഏബ്രഹാമച്ചൻ നിശ്ചയിച്ചു. ആദ്യസ്വീക രണം സുപ്പീരിയരുടെ അധികാരത്തിൽ പെട്ടതാണു്. എന്നാൽ ആവശ്യമുണ്ടെങ്കിൽ മേലധികാരിയെ പിന്നീടു വിവരം അറിയിച്ചാൽ മതി. പക്ഷേ വെണ്ണിക്കുളത്തു വർഗ്ഗീസിനെ താമസിപ്പിക്കുക വീട്ടുകാരിൽനിന്നും ഇതര ബന്ധുക്കളിൽ നിന്നും ശല്യകാരണമാകുമെന്നറിയാമായി രുന്നതുകൊണ്ടു് ഏബ്രഹാമച്ചൻ അതിനു തുനിഞ്ഞില്ല. ആശ്രമപണി സംബന്ധിച്ചും മററും ഏതാനും ആശ്രമ വൈദികർ അന്നു് നാലാഞ്ചിറ താമസിച്ചിരുന്നു. മാർ ഈവാനിയോസ് തിരുമേനി തിരുവനന്തപുരം ആസ്ഥാ നമാക്കിക്കഴിഞ്ഞിരുന്നു. അതിനാൽ നാലാഞ്ചിറ ആശ്ര മത്തിലേക്കു പോകുവാൻ ഏബ്രഹാമച്ചൻ വർഗ്ഗീസി നോടു് നിർദ്ദേശിച്ചു. എന്നാൽ പോകുന്ന ദിവസം താൻ അറിയേണ്ടെന്നുകൂടി അദ്ദേഹം പ്രസ്താവിച്ചു. കുഞ്ഞു കുട്ടിക്കു് വഴിയാത്രയ്ക്കുള്ള പണം നല്കുകണമെന്നും കാര്യം രഹസ്യമായിരിക്കണമെന്നും കാണിച്ചു് ഏബ്രഹാമച്ചൻ പറയനോലിക്കൽ ഈപ്പച്ചൻെറ പേക്കു് ഒരു കത്തു കൊടുത്തയച്ചു.

1109 ഇടവത്തിലെ ആ ഞായറാഴ്ച ദിവസം വർഗ്ഗീസിൻെറ മനസ്സിൽ വിവിധ വികാരങ്ങൾ ഓളം തല്ലി. ദൈവത്തിലാശ്രയിച്ചുകൊണ്ടു് താൻ നാടും വീടും വിട്ടുപോകയാണു്. വീട്ടിലെ മൂത്ത സന്താനമായ

www.malankaralibrary.com



താൻ മാതാപിതാക്കളുടെ അനുവാദമില്ലാതെ തന്നെ രഹസ്യമായി സ്ഥലം വിടുകയാണു്. താൻ വീട്ടിൽ താമസിക്കുന്ന അവസാനത്തെ ദിനമാണന്നു്. അന്നു വൈകുന്നേരം ഇളയസഹോദരങ്ങൾ കുളിക്കുന്നതിനും അത്താഴം കഴിക്കുന്നതിനും കുഞ്ഞുകുട്ടി അവരെ സഹായിച്ചു. അന്നുസന്ധ്യക്കു് സഹോദരങ്ങളെ പല പ്രാവശ്യം കുഞ്ഞുകുട്ടി ചുംബിക്കുകയുണ്ടായി. പലപ്പോഴും കുഞ്ഞുകുട്ടിയുടെ കണ്ണുകൾ നിറഞ്ഞൊഴുകിയിരുന്നു. പിറെറ ദിവസം പ്രഭാതമായി. ദിനചര്യകൾക്കുശേഷം കർമ്മധീരനായ ആ യുവാവു് യാത്രയ്ക്കു് ഒരുങ്ങി. "ഞാൻ ഇരവിപേരൂർ വരെ ചെന്നു് എഴുത്തു വാങ്ങട്ടെ." എന്നു പറഞ്ഞു് കുഞ്ഞുകുട്ടി വീട്ടിൽ നിന്നും ഇറങ്ങി. മൂന്നു പ്രാവശ്യം തിരികെ കയറി അമ്മയെ ആലിംഗനം ചെയ്യുകയും യാത്ര ചോദിക്കുകയും ചെയ്തു. മുൻപതിവിനു് വിപരീതമായ ഈ പ്രവർത്തനത്തിൽ അമ്മയ്ക്കു് സംശയം തോന്നാതിരുന്നില്ല. അയൽപക്കത്തു താമസിക്കുന്ന ബന്ധുമിത്രാദികളോടും കുഞ്ഞുകുട്ടി യാത്ര ചോദിച്ചു. കടമാൻകുളത്തുള്ള പല കത്തോലിക്കരും കുഞ്ഞുകുട്ടിയുടെ യാത്രയെക്കുറിച്ചു് അറിഞ്ഞിരുന്നു. പക്ഷേ അവരാരും ആ വിവരം പുറത്തുപറഞ്ഞില്ല.

വർഗ്ഗീസ് വീട്ടിൽ നിന്നും നേരെപോയതു് പുനരൈക്യപ്പെട്ടു് കോട്ടയം രൂപതാംഗമായി സേവനമനുഷ്ഠിച്ചുകൊണ്ടിരുന്ന ബഹു. എരണക്കലച്ചന്റെ വീട്ടിലേക്കാണു്. അവിടെ നിന്നും കഥാനായകൻ ഇരവിപേരൂർക്കു് പോയി അവിടെ ചിലരെയെല്ലാം കണ്ടതിനു

www.malankaralibrary.com



ശേഷം ആറാട്ടുപുഴ ചെന്നു് തിരുവനന്തപുരത്തേയ്ക്കു് യാത്രയായി.

രാത്രിയായിട്ടും മകൻ മടങ്ങിയെത്താഞ്ഞപ്പോൾ മാതാപിതാക്കന്മാർക്കു വിഷമമായി. ആ രാത്രി പിതാവു് ഇടിക്കുള നിദ്രാരഹിതനായി കഴിച്ചുകൂട്ടി. നേരം വെള്ളകീറിയപ്പോൾ തന്നെ അദ്ദേഹം മകനെ അന്വേഷിച്ചിറങ്ങി. വഴിക്കു വച്ചു് അദ്ദേഹം പറയനോലിക്കൽ ഈപ്പച്ചനെ കണ്ടുമുട്ടി. കുഞ്ഞുകുട്ടി എവിടെ പോയിരിക്കുന്നുവെന്നറിയാമായിരുന്ന ഈപ്പച്ചൻ ഇടിക്കുളയെ അദ്ദേഹത്തിൻെറ അന്വേഷണത്തിൽ നിന്നും പിൻതിരിപ്പിക്കുന്നതിനു് നയത്രപേണ ശ്രമിച്ചു. വർഗ്ഗീസിൻെറ പിതാവു് കല്ലൂപ്പാറയിലും സമീപസ്ഥലങ്ങളിലുമുള്ള ബന്ധുമിത്രാദികളോടെല്ലാം മകനെക്കുറിച്ചു് അന്വേഷിച്ചുകൊണ്ടിരുന്നു. കൃത്യമായി വിവരമറിയാമായിരുന്നവർ മുമ്പു് പ്രസ്താവിച്ചതുപോലെ മൗനം പൂണ്ടു. ആ ദിവസങ്ങളിൽ ഇടിക്കുള അനുഭവിച്ച മനോവേദന വായനക്കാർ ഊഹിച്ചുകൊള്ളുക. മകനെ അന്വേഷിച്ചുകൊണ്ടു് അദ്ദേഹം വെണ്ണിക്കുളം ബഥനി ആശ്രമത്തിലെത്തി എബ്രഹാമച്ചനെ കണ്ടു. ആ പിതാവു് നിരുദ്ധകണ്ഠനായി എബ്രഹാമച്ചനോടു പറഞ്ഞു. "കുഞ്ഞുകുട്ടിയെ കാണുന്നില്ല. തിങ്കളാഴ്ച രാവിലെ വീട്ടിൽ നിന്നും പോയി. തള്ളയുടെ വീട്ടിലാണെന്നു വിചാരിച്ചു. പക്ഷേ അവിടെ തിരക്കിയപ്പോൾ അവിടെ ചെന്നില്ലെന്നറിഞ്ഞു. അച്ചനു് വല്ലതുമറിയാമോ." എബ്രഹാമച്ചൻെറ മറുപടി "കുറെ ദിവസം മുമ്പു് ഇവിടെ വന്നു. ആശ്രമത്തിൽ ചേരണം

www.malankaralibrary.com



എന്നും മററും പറഞ്ഞു. പിന്നെ ഇവിടെ വന്നില്ല. തിരുവനന്തപുരത്തു ചെന്നിട്ടുണ്ടോയെന്നു് ഞാൻ എഴുതി ചോദിക്കാം." വാക്കുപാലിക്കുന്നതിനുവേണ്ടി എബ്രഹാമച്ചൻ തിരുവനന്തപുരത്തിനെഴുതി. ആ എഴുത്തിനു മറുപടി ലഭിക്കുന്നതിനു മുമ്പുതന്നെ വറുഗീസ് തിരുവനന്തപുരം ആശ്രമത്തിലെത്തിയിട്ടുള്ള വിവരം വീട്ടിലറിഞ്ഞുകഴിഞ്ഞിരുന്നു.

ആറാട്ടുപുഴനിന്നും യാത്രതിരിച്ചു് വർഗ്ഗീസ് നാലാഞ്ചിറ ആശ്രമത്തിൽ ഉച്ചകഴിഞ്ഞെത്തി. അവിടെയുള്ള എല്ലാ വൈദികർക്കും സാധുക്കൾക്കും ഈ യുവാവു് സുപരിചിതനാണല്ലോ. അവർ അദ്ദേഹത്തെ സസന്തോഷം സ്വാഗതംചെയ്തു. കാക്കനാട്ടിൽ അവിരാച്ചൻെറ മകൻ സാധു കോശി (ഫാദർ കോശി ഒ. ഐ. സി.) ആശ്രമത്തിലുണ്ടായിരുന്നു. കുഞ്ഞുകുട്ടി അദ്ദേഹത്തോടു് രഹസ്യമായി പറഞ്ഞു. 'ഞാൻ വീട്ടിൽ ആരെയും അറിയിക്കാതെയാണു് പോന്നിരിക്കുന്നതു്.' 'സാരമില്ല'—അദ്ദേഹം പ്രതിവചിച്ചു. പിറേറദിവസംതന്നെ അദ്ദേഹം കഥാനായകൻെറ പിതാവായ തങ്ങളത്തിൽ ഇടിക്കുളയ്ക്കു് ഇപ്രകാരമൊരു കത്തയച്ചു. "പ്രിയ കുട്ടിഅളിയൻ അറിയുവാൻ, നമ്മുടെ കുഞ്ഞുകുട്ടി സസുഖം ഇവിടെ വന്നുചേന്നു. നിങ്ങളാരും വിഷമിക്കേണ്ട. തിരുവനന്തപുരത്തുള്ള ബഥനിആശ്രമത്തിൽ ഞങ്ങളോടുകൂടി സുഖമായി കഴിയുന്നു. നിങ്ങൾ എല്ലാവക്കും വേണ്ടി ഞങ്ങൾ പ്രാത്ഥിക്കുന്നു."

മകനെക്കുറിച്ചും മകൻ മുഖേന വീടിൻെറ ഭാവിയെക്കുറിച്ചും താൻ കെട്ടിപ്പടുത്തിരുന്ന ആശാസൌധങ്ങ

www.malankaralibrary.com



ളെല്ലാം അടിയോടെ തകന്നു് തരിപ്പണമായതുപോലെ ഇടിക്കുളയ്ക്കു തോന്നി. പ്രസ്തുത കത്തു കിട്ടിയപ്പോൾ മകനെ തിരികെക്കൊണ്ടുവരുന്നതിനു് അദ്ദേഹം ഉടൻ തന്നെ യാത്രയായി. തിരുവനന്തപുരത്തു ചെന്നപ്പോൾ കുഞ്ഞുകുട്ടി ധ്യാനത്തിൽ പ്രവേശിച്ചുകഴിഞ്ഞിരുന്നു. മാർ ഈവാനിയോസ് തിരുമേനി അപ്പോൾ ആശ്രമത്തിലുണ്ടായിരുന്നു. തിരുമേനിതന്നെ കുഞ്ഞുകുട്ടിയെ ഇടിക്കുളയുടെ അടുത്തു കൊണ്ടുചെന്നു പറഞ്ഞു: "മകൻ ഇതാ, നില്ക്കുന്നു. വരുമെങ്കിൽ വിളിച്ചുകൊണ്ടുപൊയ്ക്കൊള്ളു" അപ്പൻെറയും മകൻെറയും കണ്ണുകൾ തമ്മിലിടഞ്ഞു. ആ നാലു നയനങ്ങൾ വാചാലങ്ങളായിരുന്നു. വിവിധ വികാരങ്ങൾ ആ കണ്ണുകളിൽ പ്രകടമായിരുന്നു. വളരെ ശാന്തമായി സങ്കടം ധ്വനിക്കുന്ന രൂപത്തിൽ അപ്പൻ മകനോടുപറഞ്ഞു. "മോനെ, നമുക്കു പോകാം." ഒരക്ഷരംപോലും പ്രതിവചിക്കാതെ അല്പസമയം കഴിഞ്ഞപ്പോൾ മകൻ മൗനമായി ആശ്രമാന്തർഭാഗത്തേക്കു തിരോധാനം ചെയ്തു.

കോപിഷ്ഠനായ ഇടിക്കുള നാട്ടിൽ തിരിച്ചെത്തി. എത്ര ബുദ്ധിമുട്ടിയായാലും കുഞ്ഞുകുട്ടിയെ ആശ്രമത്തിൽ നിന്നും ഇറക്കിക്കൊണ്ടുവരണമെന്നുതന്നെ അദ്ദേഹം തീരുമാനിച്ചു. വേദന തിന്നുകൊണ്ടു് ആ പിതാവു് തൻെറ മാതുലനായ കുരുവിള മാമ്മനേയും കൂട്ടിക്കൊണ്ടു് വീണ്ടും തിരുവനന്തപുരം ആശ്രമത്തിലെത്തി. വേണ്ടിവന്നാൽ ബലമായിട്ടുതന്നെ കുഞ്ഞുകുട്ടിയെ പിടിച്ചുകൊണ്ടുപോകാൻ വേണ്ടിയാണു് ഇത്തവണത്തെ പുറ

www.malankaralibrary.com



പ്പാട്. വളരെനേരം കാത്തുനിന്നിട്ടുപോലും കുഞ്ഞുകുട്ടിയെ കാണാൻ സാധിക്കാഞ്ഞതിൽ കോപംപൂണ്ടു് ക്രിമിനൽ കേസ് കൊടുത്തുകളയാമെന്നു പറഞ്ഞു് കുരുവിള മാമ്മൻ പുറത്തിറങ്ങി. ഇടിക്കുള ക്ഷമയോടുകൂടെ അവിടെ കാത്തിരുന്നു. കുറെ കഴിഞ്ഞു് സാധു കോശിയാൽ അനുഗതനായി കുഞ്ഞുകുട്ടി പുറത്തുവന്നു. എന്നാൽ അപ്പനും മകനും പരസ്പരം സംസാരിച്ചില്ല കുറച്ചുനേരം അവിടെ നിന്നതിനുശേഷം മകൻ ആശ്രമാന്തർഭാഗത്തേയ്ക്കു പോയി. അപ്പനും കുരുവിള മാമ്മനും നേരെ പട്ടണത്തിലേയ്ക്കാണു് പോയതു്. കുരുവിള മാമ്മൻ തന്റെ അടുത്ത ബന്ധുവായ ഒരു നിയമപണ്ഡിതനെ കണ്ടു് നിയമോപദേശം ആരാഞ്ഞു. അദ്ദേഹം പറഞ്ഞു: "പോലീസ് ബന്തവസ്സിൽ മൈനറായ കുഞ്ഞുകുട്ടിയെ കൊണ്ടുതരാം. എന്നാൽ പിന്നീടു് കുഞ്ഞുകുട്ടി പോയാൽ നിങ്ങൾ എന്തുചെയ്യും? അതുകൊണ്ടു് ഇതു് ദൈവവിളിയാണു്. അതുപോലെ നടക്കട്ടെ." അദ്ദേഹം നല്കിയ സമാധാനം അവരുടെ ഹൃദയത്തെ തൃപ്തിപ്പെടുത്തിയില്ലെങ്കിലും നിയമരീത്യാ ശരിയാണെന്നു ബോധ്യപ്പെട്ടതിനാൽ അവർ വിഷമത്തോടെ നാട്ടിലേക്കുമടങ്ങി.

www.malankaralibrary.com

## അദ്ധ്യായം അഞ്ച്

# പ്രതീക്ഷകൾ പൂവണിയുന്നു

മാതൃകായോഗ്യനായ ഒരു സന്യാസാർത്ഥിയായി ബ്രദർ വർഗ്ഗീസ് നാലാഞ്ചിറ ആശ്രമത്തിൽ താമസിച്ചു. ലൗകികബന്ധങ്ങളുടെ നൂലാമാലകളിൽ നിന്നെല്ലാം വിമുക്തനായി, സ്വജീവിതം ക്രിസ്തുനാഥനുവേണ്ടി ഹോമിക്കാനുള്ള ഒരു യാഗവസ്തുവായി കണക്കിലെടുത്ത ഈ യുവസന്യാസി ആശ്രമനിയമങ്ങൾ അക്ഷരശ്ശഃ അനുഷ്ഠിക്കുന്നതിൽ ദത്താവധാനനായിരുന്നു. ആശ്രമാധികാരികൾ നിർദ്ദേശിക്കുന്ന ഏതു ജോലിയും സസന്തോഷം നിറവേററുന്നതിൽ അദ്ദേഹം ഉത്സുകനായിരുന്നു. ആദ്ധ്യാത്മികമായി കരുത്തുററ ഒരു ജീവിതത്തിനു അടിത്തറ പാവുകയാണു ഈ കാലഘട്ടത്തിൽ കഥാനായകൻ ചെയ്തതു്. സ്വജീവിതത്തിലെ ഓരോ നിമിഷവും സ്വർഗ്ഗീയമായ ഒരു ദാനമാണെന്നും ആ ദാനത്തിനു സ്വജീവിതംവഴി തന്നെ ദൈവത്തിനു നന്ദി പ്രകടിപ്പിക്കേണ്ടതാണെന്നുമുള്ള ബോധം ഈ സന്യാ

www.malankaralibrary.com



സാൎത്ഥ്യയിൽ എപ്പോഴും ഉണ്ടായിരുന്നു. തന്റെ സന്യാസജീവിതത്തിനു വീട്ടുകാരിൽ നിന്നു ഇനിയും പ്രതിബന്ധങ്ങൾ ഉളവായേക്കുമോ എന്നു കഥാനായകൻ ആശങ്കിച്ചിട്ടുണ്ടു്. വീട്ടുകാരുടെ മനോഭാവത്തിനു മാററം വരുന്നതിനു് അദ്ദേഹം മനമുരുകി പ്രാൎത്ഥിച്ചുകൊണ്ടിരുന്നു. സകലത്തും ദൈവഹിതത്തിനു് ബ്രദർ വൎഗ്ഗീസ് സമർപ്പിച്ചു.

ബ്രദർ വൎഗ്ഗീസ് നാലാഞ്ചിറ എത്തി മൂന്നു നാലു മാസം കഴിഞ്ഞപ്പോഴേക്കും വെണ്ണിക്കുളം ആശ്രമത്തിലുണ്ടായിരുന്ന എല്ലാവരും നാലാഞ്ചിറ ആശ്രമത്തിൽ താമസമായി. ആശ്രമത്തിന്റെ പുരോഗതിക്കു വേണ്ടിയുള്ള നടപടികളുമായി. ഫാദർ ജോഷ്വാ ആശ്രമ സുപ്പീരിയരും, ഫാദർ ജോൺ നോവീസ് മാസ്റ്ററുമായി നിയമിക്കപ്പെട്ടു. 1933 നവംബർ 21-ാം തീയതി ബ്രദർ വൎഗ്ഗീസ് മററു ആറു പേരോടുകൂടെ നവശിഷ്യപദത്തിൽ (നൊവീഷ്യേററു്) പ്രവേശിച്ചു. അന്നു് ആശ്രമസുപ്പീരിയരായിരുന്ന ഫാദർ ജോഷ്വാ നമ്മുടെ കഥാനായകനെക്കുറിച്ചു് ഈ ഗ്രന്ഥകാരനെ ഇപ്രകാരം അറിയിച്ചിട്ടുണ്ടു്. "സഹോദരന്മാൎക്കു് എല്ലാ വിധത്തിലും അദ്ദേഹം ഒരു ഉത്തമമാതൃകയായിരുന്നു. ദൈനംദിനം ആദ്ധ്യാത്മികതയിലും പുണ്യത്തിലും അദ്ദേഹം അഭിവൃദ്ധി പ്രാപിച്ചുവന്നു. പ്രാൎത്ഥനാചൈതന്യത്തിലും അനുസരണത്തിലും ത്യാഗസന്നദ്ധമായ പരസ്നേഹത്തിലും അദ്ദേഹം കൂട്ടുനവശിഷ്യരെ അതിശയിച്ചിരുന്നു എന്നു് അനുഭവസ്ഥർ സാക്ഷിക്കുന്നു." ബ്രദർ വൎഗ്ഗീസിന്റെ

www.malankaralibrary.com



നവശിഷ്യപഠനഘട്ടത്തെക്കുറിച്ച് നോവീസ്മാസ്റ്ററായിരുന്ന ഫാദർ ജോൺ ഒ. ഐ. സി. ഈ ഗ്രന്ഥകർത്താവിനു് എഴുതിയിട്ടുള്ള കത്തു് അതേ പടി ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു.

"ബ്രദർ നോവിഷ്യേററുകാലത്തു് ഒരു മാതൃകാനൊവീസായിത്തന്നെ ജീവിച്ചു. അതിനാൽ നൊവീസ് മാസ്റ്ററെന്ന നിലയിൽ എന്റെ കൃത്യനിർവ്വഹണത്തിൽ ബ്രദർ ബനഡിക്ടു് വളരെ സഹായമായിരുന്നു."

"സഹനവശിഷ്യരെ സഹായിക്കാനും ശുശ്രൂഷിക്കാനും കൂടുതലായ താല്പര്യം പ്രദർശിപ്പിച്ചിരുന്നു. വസ്ത്രങ്ങൾ പൊതുവിൽ അലക്കുമ്പോൾ ഏററം മോശമായതൊക്കെ അലക്കുന്നതായിരുന്നു ബനഡിക്ടിനിഷ്ടം."

"രാത്രിയിൽ തനിയെ പുറത്തിറങ്ങി വല്ലതും ചെയ്യുന്നതിനു് പേടിയായിരുന്നതുനിമിത്തം കൂട്ടുകൂടിയേ പുറത്തിറങ്ങിയിരുന്നുള്ളു. എങ്കിലും അപ്പോഴത്തെ ദൃഢമൗനാചരണത്തിൽ വലിയ നിഷ്ഠവച്ചിരുന്നു. വിശുദ്ധ കുർബാനയുടെ സന്നിധിയിൽ സമയം ചെലവിടുവാൻ കിട്ടിയിരുന്ന സമയമൊക്കെയും അതിനായി നന്നായി വിനിയോഗിച്ചിരുന്നു."

"ഭക്ഷണസമയത്തു് രുചികരമായ പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതിൽ, (വിശേഷിച്ചു് പെരുനാൾ ദിവസങ്ങളിൽ) വലിയ ആശാനിഗ്രഹം പാലിച്ചിരുന്നു.

"ലോകത്തെ മുഴുവൻ ഒരു മഹാകുടുംബമായി ദർശിച്ചതിന്റെ ഫലമായി ഒരു പൊതുഭാഷ എല്ലാവർക്കും

www.malankaralibrary.com



കൂടി ഉണ്ടായിരിക്കണമെന്നു് ബ്രദറിനു് അഭിപ്രായമുണ്ടായിരുന്നു. തൽഫലമായി എസ്പിരാൻേറാ ഭാഷ പഠിക്കുവാൻ ഉത്സാഹിച്ചിരുന്നു.

"വസ്തുവകകളോടുള്ള നിർമ്മമതനിമിത്തം ഏററം മോശമായ സാധനങ്ങളാണു് ബ്രദർ ഉപയോഗിച്ചിരുന്നതു്. വസ്ത്രധാരണത്തിൽ ഇതു് പ്രത്യേകം ദൃശ്യമായിരുന്നു. മററുള്ളവർക്കു് അസഹ്യതയ്ക്കു പോലും ഇതു് ചിലപ്പോൾ ഇടയാക്കിയിരുന്നു."

"സ്വതന്ത്രമായ ഒരു ചിന്താഗതി എന്നും ഉണ്ടായിരുന്നു തൽഫലമായി ആശ്രമസ്ഥരും മാർ ഈവാനിയോസ് പിതാവുമായി ഉണ്ടായ ചില അഭിപ്രായഭിന്നതകളിൽ ഒരുവക ഒററപ്പെട്ട നിലയാണു് ബ്രദർ പിന്നീടുള്ള കാലങ്ങളിൽ അവലംബിച്ചിരുന്നതു്."

ബ്രദറിനു് രാത്രിയിൽ തനിയെ ഇറങ്ങി നടക്കുവാൻ ഭയമായിരുന്നു എന്നു് നോവീസ് മാസ്റ്ററായിരുന്ന ബ. ജോണച്ചൻെറ കത്തിൽ നാം കണ്ടുവല്ലോ. പക്ഷേ, ആ ഭയം നൊവീഷ്യേററു് കാലത്തുതന്നെ വിട്ടുകന്നു. അതിനു തക്ക ഒരു ചെറുസംഭവം ഉണ്ടായി. അക്കാലത്തു് ആശ്രമസ്ഥർ കുളിക്കുവാൻ പോയിരുന്നതു് നാലാഞ്ചിറ ആശ്രമത്തിൻെറ പടിഞ്ഞാറേ ചരുവിൽ വയലിൽ കുഴിച്ച ഒരു കിണററുകരയായിരുന്നു. ഒരു ദിവസം കുളികഴിഞ്ഞു് ബ്രദർ തൻെറ കൊന്ത അവിടെ മറന്നിട്ടു പോയി. രാത്രി അത്താഴംഊണു കഴിഞ്ഞുള്ള ഉല്ലാസസമയത്തു് കൊന്തയുടെ കാര്യം ബ്രദർ നോവീസ് മാസ്റ്ററെ അറിയിച്ചു. പോയി എടുത്തുകൊണ്ടുവരുവാൻ

www.malankaralibrary.com



ബ. ജോണച്ചൻ നിർദ്ദേശിച്ചു. ബ്രദറിനു പോകുവാൻ ഭയമായി. കൂടെ ആരെയെങ്കിലും അയക്കുമെന്നുള്ള പ്രതീക്ഷയിൽ ഇറങ്ങി തിരിച്ചു. ഭയമുണ്ടായിരുന്നിട്ടും പോയി കൊന്തയെടുത്തു. കൂടെ ആരുമില്ലായിരുന്നു. അന്നുമുതൽ രാത്രിയിൽ തനിയേ പുറത്തിറങ്ങുവാനുള്ള ഭയം പൂർണ്ണമായി മാറി.

ബ്രദർ തൻെറ നൊവീഷ്യേററുകാലം സ്തുത്യർഹമായി കഴിച്ചു. താല്ക്കാലിക വ്രതവാഗ്ദാനത്തിനുള്ള സമയമായി. തിരുവല്ലായിൽ ഒരു ആശ്രമം തുടങ്ങുവാനുള്ള സന്യാസസമൂഹത്തിൻെറ ശ്രമങ്ങൾ ഫലവത്തായി തീർന്ന വേളയാണ്. തിരുവനന്തപുരം ആശ്രമത്തിൽ നിന്നു് ആറുപേർ തിരുവല്ലായിലേക്കു യാത്രയായി. അവരോടുകൂടി ബ്രദർ വറുഗീസിനേയും മാർ ഈവാനിയോസ് തിരുമേനി വീട്ടിലേക്കയച്ചു. "കൊച്ചനെക്കൊണ്ടു് വ്രതം ചെയ്യിപ്പിച്ചാൽ വീട്ടുകാരുടെ ശല്യം മേലാൽ ഉണ്ടാകും. അതുകൊണ്ടു് വീട്ടുകാരുടെ സമ്മതം എഴുതി വാങ്ങിക്കൊണ്ടുവരണം. അല്ലെങ്കിൽ വരണ്ടാ" എന്ന കല്പനയാണ് മാർ ഈവാനിയോസ് തിരുമേനിയിൽ നിന്നും ഉണ്ടായതു്. ആശ്രമവൈദികർ ഇതിനോടു അനുകൂലിക്കാതെ തിരുമേനിയോടു നിർബന്ധിച്ചിട്ടും അദ്ദേഹം സമ്മതിച്ചില്ല. അതിനാൽ ബ്രദർ വറുഗീസിനെക്കൂടി അവർകൂടെ കൊണ്ടുപോയി. തിരുവല്ലായിൽ നിന്നും ഒരാളെക്കൂട്ടി ഏബ്രഹാമച്ചൻ ബ്രദറിനെ വീട്ടിലേക്കയച്ചു. മകൻ വീട്ടിലെത്തിയപ്പോൾ മാതാപിതാക്കൾക്കു് ഉണ്ടായ സന്തോഷം ഊഹിക്കുക

www.malankaralibrary.com



യാണുത്തമം. വിവരങ്ങളറിഞ്ഞപ്പോൾ അവർ കൂടുതൽ സന്തോഷിച്ചു. സമ്മതമെഴുതിക്കൊടുക്കാതിരുന്നാൽ മതിയല്ലോ, മകനെ തങ്ങൾക്കു നഷ്ടപ്പെടുകയില്ലല്ലോ, എന്നായി അവരുടെ ചിന്ത. ഓരോ ഒഴിവുകഴിവുകൾ പറഞ്ഞു സമ്മതമെഴുതിക്കൊടുക്കാതെ അവർ ദിവസങ്ങൾ മുന്നോട്ടു തള്ളിനീക്കിക്കൊണ്ടിരുന്നു. ഇത്രയധികം പ്രയാസങ്ങളനുഭവിച്ചു താൻ തെരഞ്ഞെടുത്ത ജീവിതാവസ്ഥയിൽ മുന്നോട്ടു പോകുന്നതിനു വേണ്ട സഹായാനുകൂല്യങ്ങൾ ലഭിക്കുന്നതിനുവേണ്ടി ബ്രദർ ഹൃദയമുരുകി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. തിരുവല്ലായിലുണ്ടായിരുന്ന ആശ്രമവൈദികരെ ബ്രദർ കൂടെക്കൂടെ സന്ദർശിച്ചു പോന്നു. ഒരാഴ്ചകഴിഞ്ഞപ്പോൾ മാർ ഈവാനിയോസ് തിരുമേനി മൈലപ്രായിൽ ഉണ്ടെന്നറിഞ്ഞു ഒരെഴുത്തുമായി ബ. ഏബ്രഹാമച്ചൻ ബ്രദറിനെ അങ്ങോട്ടയച്ചു. എന്നിട്ടും തിരുമേനി സമ്മതിച്ചില്ല. തദനന്തരം ബ. ഏബ്രഹാമച്ചൻ മാർ ഈവാനിയോസ് തിരുമേനിക്കു ഇപ്രകാരം എഴുതി അയച്ചു. "അങ്ങനെയെങ്കിൽ വീട്ടുകാരുടെ സമ്മതംവാങ്ങി കൊച്ചൻ വരിക സാദ്ധ്യമല്ല. അതുകൊണ്ടു ഞങ്ങൾ തിരുവല്ലായിൽ കൊച്ചനെ സ്വീകരിക്കുവാൻ പോകയാണ്." "കൊച്ചനെ തിരുവനന്തപുരത്തേയ്ക്കു അയച്ചേക്കുക" എന്നു കാണിച്ചു മാർ ഈവാനിയോസ് തിരുമേനിയുടെ മറുപടി ഏബ്രഹാമച്ചനു കിട്ടി. പക്ഷേ, അപ്പോഴേക്കും ബ്രദർ പല വിധ ശ്രമങ്ങൾ നടത്തി അപ്പൻെറ സമ്മതപത്രം വാങ്ങിക്കഴിഞ്ഞിരുന്നു. സസന്തോഷം അദ്ദേഹം തിരുവനന്തപുരത്തേക്കു യാത്രയായി.

www.malankaralibrary.com



1935 ഓഗസ്റ്റ് 15–ാം തീയതി ബ്രദർ വർഗ്ഗീസ്, ബനഡിക്ട് എന്ന പേരു സ്വീകരിച്ചു സന്യാസജീവിതത്തിലെ തല്ക്കാലവ്രതവാഗ്ദാനം നടത്തി. മാർ ഈവാനിയോസ് തിരുമേനിയാണ് കാർമ്മികനായിരുന്നതു്. മററുള്ള അഞ്ചുപേർ നേരത്തെ വ്രതവാഗ്ദാനം ചെയ്തു കഴിഞ്ഞിരുന്നു. ബനഡിക്ട് എന്ന പേരു് മേലധികാരികളാണ് അദ്ദേഹത്തിനു നല്കിയതു്. അനുഗ്രഹിക്കപ്പെട്ടവൻ എന്നാണ് ഈ പദത്തിൻെറ അർത്ഥം. കഥാനായകനെ സംബന്ധിച്ചിടത്തോളം എത്രയോ അന്വർത്ഥമായ നാമം!

റവ. ഫാ. ജോഷ്വാ ഒ. ഐ. സി. ഈ ഗ്രന്ഥകർത്താവിനെഴുതിയ കത്തിലെ ഒരു ഭാഗം ഉദ്ധരിച്ചുകൊള്ളുന്നു. "ഏവർക്കും തൃപ്തികരമാംവണ്ണം നവശിഷ്യകാലം കഴിച്ചുകൂട്ടിയ ബ്രദർ വർഗ്ഗീസിനു് വ്രതാനുഷ്ഠാനത്തിനു മുമ്പ് സ്വന്തക്കാരിൽ നിന്നു് ശക്തിയായ എതിർപ്പിനെ വീണ്ടും നേരിടേണ്ടിവന്നു. ആശ്രമാധികാരികളെയും ഇതു് തെല്ലൊന്നു് അമ്പരിപ്പിക്കാതിരുന്നില്ല. എങ്കിലും ദൈവത്തിൻെറ പ്രത്യേകപരിപാലനയിൽ, സൂര്യപ്രകാശത്തിൽ മഞ്ഞുതുള്ളികൾ കണക്കെ യഥാസമയം പ്രതിബന്ധങ്ങളെല്ലാം അപ്രത്യക്ഷമായി. ബ്രദർ വർഗ്ഗീസ് തന്നെ മുഴുവനായി ദൈവത്തിനു സമർപ്പിച്ചുകൊണ്ടു്, ബ്രദർ ബെനഡിക്ടായി വ്രതമെടുത്തു. ഇതഃപര്യന്തമുള്ള അദ്ദേഹത്തിൻെറ ജീവിതത്തെപ്പററി, പ്രതിബന്ധങ്ങളെ നേരിടുന്നതിൽ അദ്ദേഹം പ്രദർശിപ്പിച്ച ആത്മധൈര്യവും നിശ്ചയദാർഢ്യവും അതിസ്വാഭാവികമായിരുന്നുവെന്നു് ചുരുക്കിപ്പറയുവാനേ നിവൃത്തിയുള്ളു.

www.malankaralibrary.com



ബ്രദർ ബനഡിക്ടിന്റെ സന്യാസവ്രതവാഗ്ദാനത്തോടെ ചാർച്ചക്കാരിൽ നിന്നും ബന്ധുക്കളിൽ നിന്നും ഉള്ള എതിർപ്പിന്റെ ശക്തി കുറഞ്ഞു. ലൗകികബന്ധങ്ങളുടെ തുലാമാലകളിൽ നിന്നു് ബ്രദർ സ്വതന്ത്രനായതുപോലെ കാണപ്പെട്ടു. ഏറെ താമസിയാതെ ബ്രദർ ബെനഡിക്ട് സെന്റ് അലോഷ്യസ് പെററി സെമിനാരിയിൽ ചേർന്നു പഠനമാരംഭിച്ചു. പഠനത്തിൽ സ്വതവേ സമർത്ഥനായിരുന്ന അദ്ദേഹത്തിനു് ലത്തീനും സുറിയാനിയും ഹൃദിസ്ഥമാക്കാൻ അധികസമയം വേണ്ടിവന്നില്ല. പെററി സെമിനാരി ജീവിതത്തിന്റെ അവസാനഘട്ടത്തിൽ കൂട്ടുപഠിതാക്കളെ സുറിയാനി പഠിപ്പിച്ചതും ബ്രദർ ബനഡിക്ട് ആയിരുന്നു എന്നുള്ളതു് പ്രത്യേകം സ്മർത്തവ്യമത്രെ.''

അന്നു് പെററിസെമ്മിനാരി പഴയ പട്ടംപള്ളിക്കു സമീപം നിർമ്മിതമായ ഒരു ഷെഡ്ഡിലായിരുന്നു നടത്തിയിരുന്നതു്. റവ. ഡോ. മാത്യു പോത്തനാമൂഴി (ഇന്നത്തെ കോതമംഗലം മെത്രാൻ തിരുമേനി) റെക്ടറും റവ. ഫാ. മാത്യു ചേന്നാട്ടു് വൈസ് റെക്ടറുമായിരുന്നു. ബ്രദർ ബനഡിക്ട് നാലാഞ്ചിറ ആശ്രമത്തിൽ നിന്നു് പഠനദിവസങ്ങളിലെല്ലാം രാവിലെ പട്ടത്തേക്കു നടന്നുവരുകയും വൈകിട്ടു് ക്ലാസ്സുകൾ കഴിഞ്ഞു് നടന്നുതന്നെ മടങ്ങിപ്പോവുകയുമായിരുന്നു പതിവു്. രണ്ടു വർഷത്തെ കോഴ്സ് അദ്ദേഹം ഒരു വർഷം കൊണ്ടുതന്നെ പഠിച്ചു തീർത്തു.

www.malankaralibrary.com

## അദ്ധ്യായം ആറ്

# കാൻഡി സെമിനാരിയിൽ

പെററി സെമിനാരി പഠനത്തിനുശേഷം സിലോണിലെ സുപ്രസിദ്ധമായ കാൻഡി സെമിനാരിയിലേക്ക് സാധുബനഡിക്ട് ഉപരിപഠനാത്ഥം അയയ്ക്കപ്പെട്ടു. തിരുവനന്തപുരം അതിരൂപതയിലെ ഒരു വൈദികനായ വെരി. റവ. ഫാ. സേവ്യർ ഞായപ്പള്ളി ഒന്നിച്ചാണ് സാധു ബനഡിക്ട് കാൻഡിയിലേക്കു പോയതു്. ബഹു. ഞായപ്പള്ളി അച്ചൻ ഈ ഗ്രന്ഥകാരനെഴുതിയ കത്തിൽ നിന്നു് ഒരു ഭാഗം താഴെ ചേക്കുന്നു.

"1937 അവസാനം തത്വശാസ്ത്രപഠനം പൂത്തിയാക്കി നാട്ടിൽ വന്ന ഇടയ്ക്കാണ് കാവിവസ്ത്രധാരിയും "ഹോച്ചിമിൻ" സാമ്പിൾ താടിക്കാരനുമായ സാധു ബനഡിക്കിനെ ആദ്യമായി പട്ടം അരമനയിൽവെച്ച് പരിചയപ്പെടുക. അദ്ദേഹത്തിൻെറ സൗമ്യതയും, സ്നേഹമ

www.malankaralibrary.com



യമായ പെരുമാററവും, സുസ്മേരവദനവും എന്നെ വളരെ ആകർഷിക്കുകതന്നെ ചെയ്തു. അദ്ദേഹത്തിൻെറ മന്ദസ്മിതം കേവലം സ്വാഭാവികമായിരുന്നു.

1938 ജനുവരിയിൽ ഞാൻ കാൻഡിയിലേക്കു തിരിച്ചുപോകുന്നതിനുള്ള സമയം അടുത്തപ്പോൾ, സാധു ബനഡിക്ട് വൈദിക പഠനത്തിനായി അങ്ങോട്ടു വരുന്നുണ്ടെന്നുകേട്ടു. തിരുവല്ലാരൂപതയിലെ ബ. ജോൺ കുന്നത്തച്ചനും ഒരു ചെയിഞ്ചിനായി നാട്ടിൽ വന്നിട്ടുണ്ടായിരുന്നു. ഞങ്ങൾ ഒന്നിച്ചു പോകാനാണ് പ്ലാനിട്ടിരുന്നതു്. നിശ്ചിത ദിവസം ഞങ്ങളോടൊത്തു സാധു ബനഡിക്ട് യാത്രയായി. ട്രെയിനിൽ വച്ചു് തണുപ്പിനെ അല്പം അകററിനിത്തുന്നതിനു്, ബ. കുന്നത്തച്ചനും ഞാനും കുറച്ചൊന്നു പുകവലിയെ ആശ്രയിച്ചപ്പോൾ സാധു ബനഡിക്ട് കൊന്ത എടുത്തു ജപിച്ചുകൊണ്ടിരുന്നതു് ഇന്നലത്തെപ്പോലെ ഞാൻ സ്മരിച്ചുപോകയാണു്."

ബ്രദർ ബനഡിക്ടിൻെറ കാൻഡി സെമിനാരി ജീവിതത്തെക്കുറിച്ചു് ആണ്ടു്, മാസം, തീയതി എന്നീ കണക്കിൽ വിവരിക്കുവാനുള്ള വസ്തുതകളൊന്നും ഈ ഗ്രന്ഥകാരനു് ലഭിച്ചിട്ടില്ല. അക്കാലത്തു് കാൻഡി സെമിനാരിയിൽ പഠിച്ചു് ഇന്നു് തിരുവനന്തപുരം അതിരൂപതയിലും തിരുവല്ലാ രൂപതയിലും സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന ചില ബ. വൈദികരിൽനിന്നും ലഭിച്ചിട്ടുള്ള പൊതുവായ വസ്തുതകളാണു് ഈ അദ്ധ്യായത്തിൻെറ ഉള്ളടക്കം.

ബ്രദർ ബനഡിക്ട് കാൻഡിയിൽ ചെന്നപ്പോൾ തിരുവനന്തപുരം അതിരൂപതയിൽ നിന്നു് ആറു് ബ്രദേ

www.malankaralibrary.com



ഴ്സ് അവിടെ പഠിക്കുന്നുണ്ടായിരുന്നു. ഇൻഡ്യയിൽ അന്നുണ്ടായിരുന്ന പല രൂപതകളിൽ നിന്നും ശെമ്മാശ്ശന്മാർ അവിടെ അദ്ധ്യയനം നടത്തിയിരുന്നു. മൊറീഷ്യസിൽനിന്നും രണ്ടുപേർ ഉണ്ടായിരുന്നു. ഈശോസഭാംഗങ്ങളും കാൻഡിയിലുള്ള ബനഡിക്റ്റയിൻ ആശ്രമാംഗങ്ങളും കാൻഡി സെമിനാരിയിൽ മുൻപേമുതൽ പഠിച്ചിരുന്നെങ്കിലും ഒരു ഇൻഡ്യൻ സന്യാസസഭയിലെ അംഗം ആദ്യമായിട്ടാണ് അവിടെ ചേർന്ന് പഠിക്കുവാൻ ആരംഭിച്ചത്. ബ്രദർ ബനഡിക്ടായിരുന്നു ആ ഇൻഡ്യൻ സന്യാസി. കാൻഡിയിലെത്തിക്കഴിഞ്ഞ് ബ്രദർ മീശയും കാവിവസ്ത്രവും മാററി. വൈദികവിദ്യാർത്ഥികളുടെ വേഷമായിരുന്ന വെള്ളളോഹധരിച്ചു. പക്ഷേ വെള്ളളോഹയുടെ പുറത്ത് ബഥനിസന്യാസികൾ ഉപയോഗിക്കുന്ന തടിക്കുരിശ് ഒരു കറുത്ത ചരടിൽ ബന്ധിച്ചു ധരിച്ചുപോന്നു. പലരും അതിനെ സംബന്ധിച്ച് വിമർശനങ്ങൾ നടത്തിയപ്പോൾ ബ്രദർ ബനഡിക്ടിൻെറ സുഹൃത്തുക്കളിൽ ചിലർ അദ്ദേഹത്തെ ഉപദേശിച്ചു, കുരിശ് ളോഹയുടെ അകത്ത് ധരിക്കുന്നതിന്. ബ. റെക്ടറച്ചനും അതിൽ എതിരില്ലായിരുന്നു. എന്നാൽ ബ്രദർ ബനഡിക്ടാകട്ടെ, കുരിശു വെളിയിൽ ധരിക്കുന്നതു് അഭിമാനമായും ഒരവകാശമായുമാണ് പരിഗണിച്ചതു്. തൽഫലമായി കൂട്ടുകാർ അദ്ദേഹത്തെ ബ്രദർ മങ്ക് (Brother Monk-സന്യാസസഹോദരൻ) എന്നും പ്രൊഫസറന്മാർ **Wooden Bishop** എന്നും തമാശയായി വിളിച്ചിരുന്നു.

എല്ലാക്കാര്യങ്ങളിലും സെമിനാരിയിലെ ശെമ്മാശ്ശന്മാരുമായി ഒന്നിച്ചു സഹകരിച്ചുകൊണ്ടാണ് ബ്രദർ

www.malankaralibrary.com



ബനഡിക്ട് അദ്ദേഹത്തിന്റെ സെമിനാരിജീവിതം ആരംഭിച്ചത്. സാധാരണഗതിയിൽ മലയാളികൾ സെമിനാരിയിൽ ചെന്നാൽ, ഇംഗ്ലീഷ് സംസാരിക്കുന്നതിനുള്ള പരിചയക്കുറവുകൊണ്ടോ, ലജ്ജ കൊണ്ടോ ഉച്ചാരണരീതിയിൽ വന്നേക്കാവുന്ന അപാകതകളെക്കുറിച്ചുള്ള ഭയം കൊണ്ടോ ഇതരസ്ഥലങ്ങളിൽ നിന്നും എത്തിയിട്ടുള്ള ശെമ്മാശ്ശന്മാരുമായും സെമിനാരിയിലെ വൈദികരുമായും ഒരു മാസമെങ്കിലും കഴിഞ്ഞേ സ്വാതന്ത്ര്യമായി സംസാരിക്കുകയും ഇടപെടുകയും ചെയ്തിരുന്നുള്ളു. നവാഗതരായ മലയാളികളുടെ ഇടപെടൽ പരിധി, കുറച്ചുകാലത്തേയ്ക്കെങ്കിലും മലയാളികളുടെ കൂട്ടത്തിൽ അവർ ഒതുക്കിനിറുത്തിയിരുന്നു. എന്നാൽ ബ്രദർ ബനഡിക്ടാകട്ടെ സെമിനാരിയിൽ എത്തിയ ദിവസം മുതൽ പുതിയ പുതിയ ആളുകളെ കണ്ടു് പരിചയപ്പെടുന്നതിൽ പ്രത്യേകതരമായ ഔൽസുക്യവും നിപുണതയും പ്രകടിപ്പിച്ചുപോന്നു. വിനോദസമയങ്ങളിൽ യാതൊരു വ്യത്യാസവും കൂടാതെ എല്ലാവരുമായി സ്നേഹമസൃണമായ രീതിയിൽ ഇടപെടുക, പല കാര്യങ്ങൾ അവരോടു ചോദിച്ചു ഗ്രഹിക്കുക, അതിരൂപതയേയും കേരളത്തെപ്പററിയും തനിക്കു് അറിവുള്ള കാര്യങ്ങൾ അവരെ ഗ്രഹിപ്പിക്കുക, എന്നിവയിൽ ബ്രദർ തല്പരനായിരുന്നു.

ക്ലാസ്സിൽ നോട്ടുകൾ ശരിയായി എഴുതി എടുക്കുന്നതിലും പഠനവിഷയത്തെക്കുറിച്ചു് സംശയം വരുമ്പോൾ കിട്ടുന്ന സന്ദർഭമുപയോഗിച്ചു് അദ്ധ്യാപക

www.malankaralibrary.com



രോട്ട് ക്ലാസ്സിൽവച്ചോ അവരുടെ മുറിയിൽ പോയി കണ്ടോ സംശയനിവാരണം വരുത്തുന്നതിലും ബ്രദർ ബനഡിക്ട് വളരെ അധികം ഉത്സുകനായിരുന്നു.

റവ. ഫാദർ സേവ്യർ ഞായപ്പുള്ളി ഈ ഗ്രന്ഥകാരനെഴുതിയ കത്തിൽ പ്രസ്താവിക്കുന്നു. "ബ്രദർ ബനഡിക്ട് പുതിയ സാഹചര്യങ്ങളോടും എത്രയും വേഗത്തിൽ ഒത്തിണങ്ങിച്ചേർന്നു. ദൈവം കൊടുത്ത ബുദ്ധിശക്തിയെ പരമാവധി ഉപയോഗപ്പെടുത്തുന്നതിൽ നമ്മുടെ കഥാപുരുഷൻ വളരെ ശ്രദ്ധാലുവായിക്കാണപ്പെട്ടിരുന്നു. അചിരേണ ക്ലാസ്സിൽ ഒരു മാതൃകാവിദ്യാർത്ഥിയുടെ സ്ഥാനം അദ്ദേഹം കരസ്ഥമാക്കി.

"ജ്ഞാനസമ്പാദനത്തിലുണ്ടായിരുന്ന ശക്തിയായ ദാഹത്തിന് അവിടത്തെ ഗ്രന്ഥശാലയിലെ പുസ്തകങ്ങൾ മൂകസാക്ഷികളായിരുന്നു. അതേ സമയം സഹപാഠികൾ ദൃക്സാക്ഷികളും. ഇങ്ങനെ ക്ലാസ്സുവിഷയങ്ങളിൽ നല്ല ഉയന്ന നിലവാരം പുലത്തിക്കൊണ്ടിരുന്നപ്പോൾ, വിവിധങ്ങളായ മററു വിഷയങ്ങളിലുള്ള അറിവിലും വളച്ച്പ്രാപിച്ചുകൊണ്ടിരുന്നു.

"ഇതിനും പുറമേ കാൻഡി സെമിനാരിയിലുണ്ടായിരുന്ന ഒരു നല്ല സാഹചര്യത്തെ ശരിയായി ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ ബ്രദർ ബനഡിക്ട് ഒട്ടുംതന്നെ പിന്നോക്കം നിന്നില്ല. ഞങ്ങളുടെ ഗുരുക്കന്മാരെ ഏതുസമയവും അവരുടെ മുറികളിൽ ചെന്ന് സന്ദർശിച്ച് സംഭാഷണം നടത്തുന്ന കാര്യത്തിൽ യാതൊരു നിയന്ത്രണവും നിലവിലില്ലായിരുന്നു. എന്നുതന്നെയല്ല, അതെ

www.malankaralibrary.com



പ്പൊഴും സ്വാഗതം ചെയ്യപ്പെട്ടിരുന്നു. സ്നേഹിക്കുവാനും ഞങ്ങളോടൊപ്പം സന്തോഷിക്കാനും, സങ്കടപ്പെടാനും, ആവശ്യാനുസരണം സമാശ്വസിപ്പിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും മാത്രം അറിയാമായിരുന്ന ആ ഗുരുക്കന്മാരെ വിസ്മരിക്കുക അസാദ്ധ്യമാണ്. ഈ മഹാരഥന്മാരുമായിട്ട് അടുത്തുള്ള സമ്പക്കം ബ്രദർ ബനഡിക്ടിന്റെ വിജ്ഞാനചക്രവാളത്തെ ഒന്നുകൂടി വികസിപ്പിക്കുകയും സ്വഭാവരൂപവൽക്കരണത്തിൽ ഒരു വലിയ പങ്കുവഹിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ളത് ഒരു അനിഷേധ്യവസ്തുതയാണ്."

മററുള്ളവരെ സഹായിക്കുന്നതിൽ ബ്രദർ ബനഡിക്ട് സദാ സന്നദ്ധനായിരുന്നെന്ന് മാത്രമല്ലാ, അതിനുള്ള അവസരങ്ങൾ തേടിപ്പിടിച്ച് പരസ്നേഹചൈതന്യത്തികവിൽ പ്രവർത്തിക്കുന്നതിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുകയും ചെയ്തുപോന്നു. എപ്പോഴും മൂന്നുപേർ ഒന്നിച്ചേ നടക്കാൻ പോകാവൂ എന്നൊരു നിയമം മിക്ക സെമിനാരികളിലുമുണ്ട്. കാൻഡിയിലും ആ നിയമം ഉണ്ടായിരുന്നു. ചില ശെമ്മാശ്ശന്മാരുടെ സ്വഭാവത്തിലുള്ള ചില പ്രത്യേകതകൾ നിമിത്തം അവരോടൊന്നിച്ചു നടക്കാൻ പോകുവാൻ ചിലപ്പോൾ ആളുകളുണ്ടെയെന്നുവരികയില്ല. ആ സന്ദർഭങ്ങളിൽ നമ്മുടെ കഥാനായകൻ അങ്ങനെയുള്ളവരുടെ തുണയ്ക്ക് ഓടിയെത്തിയിരുന്നു. സ്വഭാവസംസ്കരണത്തിനും ജോലികളിൽ പരിശീലനം ലഭിക്കുന്നതിനും എല്ലാ സെമിനാരികളിലും അദ്ധ്യേതാക്കൾക്ക് ഓരോ ആഴ്ചയും ഓരോ

www.malankaralibrary.com



ചുമതലകൾ മാറി മാറി ഏല്പിക്കപ്പെടുക പതിവുണ്ട്. കാൻഡി സെമിനാരിയിലും ആ പതിവ് ഉണ്ടായിരുന്നു. ചില ചുമതലകൾ നിറവേറേണ്ടതു് ഉച്ചയ്ക്കും വൈകിട്ടും ഭക്ഷണം കഴിഞ്ഞു് വിനോദത്തിനു് നിശ്ചയിക്കപ്പെട്ടിരുന്ന സമയത്തായിരുന്നു. ഈ സന്ദർഭങ്ങളിൽ സഹോദരന്മാർ പരസ്പരം സഹായിക്കുക കാൻഡിയിലെ ഒരു പ്രത്യേകതയായിരുന്നു. ആ സന്ദർഭങ്ങളിൽ മററുള്ളവരുടെ ചുമതലകൾ വഹിക്കുന്നതിനു് കഥാപുരുഷൻ അവരെ സഹായിക്കാൻ മുന്നിട്ടു നിന്നിരുന്നു. ഇങ്ങനെ പലരെ സഹായിക്കാനുള്ള ശ്രമത്തിൽ ചിലപ്പോൾ സഹായിക്കാമെന്നേററിട്ടുള്ള കാര്യങ്ങൾ മറന്നുപോയ അവസരങ്ങളും ഉണ്ടായിട്ടുണ്ടു്. പാഠ്യേതരകാര്യങ്ങളിൽ ഏർപ്പെട്ടിരുന്നെങ്കിലും ബ്രദർ ബനഡിക്ട് പഠനകാര്യത്തിൽ ക്ലാസ്സിൽ എന്നും ഒന്നാമനായിരുന്നു.

കാൻഡിസെമിനാരിയിൽ സ്റ്റുഡൻറ്സ് ലൈബ്രറി എന്നും ഫാദേഴ്സ് ലൈബ്രറി എന്നും രണ്ടു വലിയ ലൈബ്രറികൾ ഉണ്ടായിരുന്നു. അവ വേണ്ടും വണ്ണം ബ്രദർ ബനഡിക്ട് പ്രയോജനപ്പെടുത്തിയിട്ടുണ്ടു്. ഇങ്ങനെ സമ്പാദിക്കുന്ന അറിവ് മററുള്ളവർക്ക് പ്രയോജനപ്പെടത്തക്കവണ്ണം അടുത്തുവരുന്ന സൗകര്യമുള്ള സമയങ്ങളിൽ ഊണുമുറിയിൽ വെച്ചായാലും കൊള്ളാം, വിനോദസ്ഥലത്തുവെച്ചായാലുംകൊള്ളാം, മററുള്ളവർക്ക് അദ്ദേഹം ഉദാരമായി പകർന്നുകൊടുത്തിരുന്നു. ബ്രദർ ബനഡിക്ട് സെമിനാരിയിലെ ലൈബ്രേറിയനായി ജോലി നോക്കിയിട്ടുമുണ്ടു്.

www.malankaralibrary.com



റവ. ഫാദർ സേവ്യർ ഞായപ്പിള്ളി ഈ ലേഖിതാവിനെഴുതിയ ഒരു കത്തിൽ ഇപ്രകാരം പ്രസ്താവിക്കുന്നു: "ബുദ്ധിപരമായ വളർച്ചയുടെ അടിസ്ഥാനത്തിൽമാത്രം ഒരുവൻ മററുള്ളവർക്ക് പ്രിയംകരനായിരിക്കണമെന്നില്ല. മറിച്ചുള്ള പ്രതികരണമാണ് സാധാരണ മററുള്ളവരിൽ ഉളവാകുക. എന്നാൽ നമ്മുടെ കഥാപുരുഷൻെറ പെരുമാററത്തിൽ എപ്പോഴും മുഴച്ചുനിന്നിരുന്ന വിനയം സഹാനുഭൂതി, സ്നേഹസമീപനം, അതിലുപരിയായി ഇവയെല്ലാം പരിപോഷിപ്പിച്ചുകൊണ്ടിരുന്ന ദൈവസ്നേഹം, എന്നിവയാണ് മററുള്ളവരെ ഒരു സ്നേഹവലയത്തിൻെറ കണ്ണികളാക്കിത്തീർത്തു്.

"തന്നിലുണ്ടായിരുന്ന ദൈവസ്നേഹത്തെ ഊതികത്തിക്കുന്നതിന് വേണ്ട പരിചയസമ്പത്തും പാണ്ഡിത്യവും കഴിവുമുള്ള ഒരു ആദ്ധ്യാത്മികനിയന്താവിനെ ബ. റോളണ്ട് അച്ചനിൽ ബ്രദർ ബനഡിക്ടിനു കണ്ടെത്തുവാൻ സാധിച്ചതു്, ഭാവിയുടെ തിരശ്ശീലയ്ക്കുള്ളിൽ തന്നെ കാത്തിരുന്ന ഭാരമേറിയ ജോലി സ്തുത്യർഹമാംവണ്ണം നിർവ്വഹിക്കുന്നതിന് ദൈവം പ്രത്യേകം ചെയ്തുകൊടുത്ത ഒരു വലിയ അനുഗ്രഹമാണ് എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. അങ്ങനെ അദ്ധ്യയനവർഷങ്ങൾ മുന്നോട്ട് നീങ്ങിക്കൊണ്ടിരുന്നതനുസരിച്ച് വിജ്ഞാനത്തിൽ വളർന്നുകൊണ്ടിരുന്ന ബ്രദർ ബനഡിക്ടിലെ ആദ്ധ്യാത്മികമനുഷ്യനും നല്ല വളർച്ചയെ പ്രാപിച്ചുകൊണ്ടിരുന്നു.

"മേൽപറഞ്ഞ തരത്തിലുള്ള സ്വാഭാവസിദ്ധികൾ മററുള്ളവരെ ഒരുവനിലേക്ക് ആകർഷിക്കുക വെറും

www.malankaralibrary.com



സ്വാഭാവികമാണല്ലോ. സ്വാന്തനവാക്കുകൾ ആവശ്യമുള്ളവർക്ക് അതും സഹതാപം ആവശ്യമുള്ളവർക്ക് അതും നൽകി എല്ലായ്പ്പോഴും എല്ലാവർക്കും ഒരു തികഞ്ഞ മിത്രവും ഗുണകാംക്ഷിയും ആയിട്ടുള്ള ഒരു ജീവിതമായിരുന്നു തന്റേതു്. ഇങ്ങനെ ആകെക്കൂടെ ബ്രദർ ബനഡിക്ടിന്റെ സെമിനാരിജീവിതം ഒരു തികഞ്ഞ വിജയമായിരുന്നു എന്നു പറഞ്ഞാൽ അതിൽ അതിശയോക്തിഭീതിക്കവകാശമില്ല.''

ഇൻഡ്യൻ ജനതയെ ക്രിസ്തുവിലേക്കാകർഷിക്കുന്നതിനു് കൂടുതൽ സഹായകമാകണം എന്ന ഉദ്ദേശത്തോടുകൂടി ഹൈന്ദവ തത്വശാസ്ത്രവും ഇൻഡ്യൻ സംസ്കാരവും പഠിക്കുന്നതിനു് കാൻഡി സെമിനാരിയിൽ വേണ്ട പ്രോത്സാഹനം അദ്ധ്യേതാക്കൾക്കു് നല്കിയിരുന്നു. ആ ലക്ഷ്യത്തോടുകൂടി തന്നെ ഇൻഡ്യൻ അക്കാഡമി എന്ന ഒരു സംഘടനയും സെമിനാരിയിലുണ്ടായിരുന്നു. അതിൽ സജീവമായി പങ്കെടുത്തുപോന്ന ഒരാളാണു് നമ്മുടെ കഥാപുരുഷൻ. അദ്ദേഹം ഈ അക്കാഡമിയുടെ സെക്രട്ടറിയായും പ്രസിഡൻറായും സേവനമനുഷ്ഠിച്ചിട്ടുണ്ടു്. അതുപോലെതന്നെ സെമിനാരിയിലെ ഇംഗ്ലീഷ് സമാജത്തിന്റെയും മലയാളം സമാജത്തിന്റെയും യോഗങ്ങളിൽ പ്രസംഗങ്ങൾ ചെയ്തും, അദ്ദേഹം അവയുടെ പ്രവർത്തനങ്ങളെ സഹായിച്ചുപോന്നു.

കാൻഡിസെമിനാരിയിൽ ആഴ്ചയിൽ ഒരു ദിവസം Villa day (വില്ലാദിനം) ആയിരുന്നു. അന്നു് ശെമ്മാശ്ശന്മാരെല്ലാവരുംതന്നെ നടന്നു് സെമിനാരിയിൽനിന്നു്

www.malankaralibrary.com



ഏകദേശം രണ്ടു മൈലകലെയുള്ള വില്ലായിൽ സമയം ചെലവഴിക്കണമെന്ന് നിർബന്ധമായിരുന്നു. ചിലർ നേരെ വില്ലായിലേക്ക് പോയി കിടന്നുറങ്ങും. മററു ചിലർ അതിരാവിലെ പുറപ്പെട്ട് മലകളും കുന്നുകളും താണ്ടി കാൻഡിയുടെ പ്രകൃതിഭംഗി തുളുമ്പിനില്ക്കുന്ന പല സ്ഥലങ്ങളും സന്ദർശിച്ച് ഏകദേശം ഉച്ചയോടു കൂടി വില്ലായിലെത്തും. ഈ ഗണത്തിൽ പെട്ട ആളായിരുന്നു ബ്രദർ ബനഡിക്ട്. വില്ലാകൊണ്ട് മേലധികാരികൾ ഉദ്ദേശിച്ചിരുന്ന മുഴുവൻ ഫലവും എടുക്കുവാൻ ശ്രമിച്ചുപോന്ന ചുരുക്കം ചിലരിൽ ഒരാളായിരുന്നു നമ്മുടെ കഥാപുരുഷൻ. അവധികാലങ്ങളിൽ വിദൂര സ്ഥലങ്ങളിലേക്ക് ഉല്ലാസയാത്ര നടത്തുക സെമിനാരിയിലെ ഒരു പതിവായിരുന്നു. നമ്മുടെ കഥാനായകൻെറ കാലത്ത്, ശെമ്മാശ്ശന്മാർ ഏററവും കൂടുതൽ ദൂരം നടന്നു പോയിട്ടുള്ളത്, അദ്ദേഹത്തിൻെറതന്നെ നേതൃത്വത്തിൽ അവർ നടത്തിയ ഒരു യാത്രാവേളയിലായിരുന്നു. ബ്രദർ ബനഡിക്ട് കയറിയിട്ടില്ലാത്ത മലകളും കുന്നുകളും കാൻഡിയിലോ, സമീപപ്രദേശങ്ങളിലോ ഇല്ല.

ബ്രദർ ബനഡിക്ട് കളികളിൽ വലിയ തല്പരനോ, വാശിയുള്ള ചാമ്പ്യനോ അല്ലായിരുന്നു. എങ്കിലും എല്ലാ കളികളിലും ബ്രദർ പങ്കെടുത്തുപോന്നു. ഹോക്കിയായിരുന്നു അന്ന് കൂടുതൽ പേരും കളിച്ചിരുന്നത്. ചുരുക്കം ചിലർ, പ്രത്യേകിച്ച് മലയാളികളും തമിഴരും ബാഡ്മിൻറനും, ആഴ്ചയിൽ രണ്ടുപ്രാവശ്യം വോളീബോളും കളിച്ചിരുന്നു. ആരെല്ലാം കളിയാക്കിയാലും ബ്രദർ ഇവയിലെല്ലാം പങ്കെടുത്തിരുന്നു.

www.malankaralibrary.com



സെമിനാരിയിൽ പഠിച്ചിരുന്ന വടക്കേ ഇൻഡ്യാക്കാരുടെ കളിയാണ് ക്രിക്കററ്. അതിൽ സാധാരണ തെക്കേ ഇൻഡ്യാക്കാർ പോവുക പതിവില്ല. അവധിക്കാലങ്ങളിൽ വടക്കർ രാവിലെ മുതൽ കളിസ്ഥലത്തു നില്ക്കുന്നതു കണ്ട് അവരെ കളിയാക്കുകയായിരുന്നു മലയാളികളുടെ ജോലി. എന്നാൽ നമ്മുടെ ബ്രദർ ചില അവസരങ്ങളിൽ വളരെ കാര്യമായി ക്രിക്കററിൽ പങ്കെടുക്കുമായിരുന്നു.

പുതിയ ശെമ്മാശ്ശന്മാർ ആഗതരാവുമ്പോൾ സെമിനാരിജീവിതത്തിൻെറ രീതികളും ജീവിതനിഷ്ഠയും മററും ചൂണ്ടിക്കാണിച്ച് അവരെ സഹായിക്കുന്നതിന് തത്വശാസ്ത്രം മൂന്നാംവർഷം പഠിക്കുന്ന മൂന്നോ നാലോ ശെമ്മാശ്ശന്മാരെ മാതാവിൻെറ സൊഡാലിററിയുടെ നേതൃത്വത്തിൽ തെരഞ്ഞെടുക്കുമായിരുന്നു. അവർ സൊഡാലിററിയുടെ കൗൺസിലേഴ്സും പുതിയ ശെമ്മാശ്ശന്മാരുടെ നൊവീസ് മാസ്റ്റേഴ്സും ആയിരിക്കും. അപ്രകാരമുള്ള ഒരു നൊവീസ് മാസ്റ്ററായിരുന്നു നമ്മുടെ കഥാനായകൻ.

പൗരസ്ത്യ റീത്തിൽ പെട്ടവൎക്കുവേണ്ടി ഞായറാഴ്ചകളിൽ സുറിയാനിക്ലാസ്സ് നടത്തുന്ന ഒരു പതിവ് കാൻഡി സെമിനാരിയിൽ നേരത്തെ ഉണ്ടായിരുന്നു. മലങ്കര റീത്തിലുള്ള ആരാധനക്രമം അഭ്യസിക്കുന്നതിന് മലങ്കര റീത്തിലെ ശെമ്മാശ്ശന്മാരെ ബ്രദർ ബനഡിക്ട് പ്രോത്സാഹിപ്പിച്ചു. സുറിയാനി ഗീതങ്ങളും മററും മലയാള ലിപികളിലെഴുതി അവയുടെ കോപ്പികൾ അ

www.malankaralibrary.com



ദ്ദേഹം മലങ്കരറീത്തിലുള്ള എല്ലാ ശെമ്മാശ്ശന്മാൎക്കും നല്കി. അവധിദിവസങ്ങളിൽ ഗീതങ്ങളും പ്രാൎത്ഥനകളും അവരെ അദ്ദേഹം പഠിപ്പിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തെക്കാൾ പല കൊല്ലങ്ങൾ സീനിയേഴ്സ് ആയിരുന്ന ശെമ്മാശ്ശന്മാൎക്ക് വിശുദ്ധ കുർബാനയുടെ അനുഷ്ഠാനരീതിയും മററും പറഞ്ഞുകൊടുത്ത് അവരെ പരിശീലിപ്പിച്ചതു് ബ്രദർ ബനഡിക്ടായിരുന്നു.

പുറത്തുനിന്നു് സെമിനാരിയിലെത്തുന്ന പ്രമുഖരായ സന്ദർശകരെക്കണ്ടു് അവരോടു പരിചയപ്പെടുന്നതിലും, പുനരൈക്യപ്രസ്ഥാനത്തെയും മലങ്കരറീത്തിനെയും കുറിച്ചു് അവരോടു സംസാരിക്കുന്നതിലും ബ്രദർ ബനഡിക്ട് വളരെ കഴിവു പ്രദർശിപ്പിച്ചുപോന്നു.

1940 അവസാനത്തിൽ തത്വശാസ്ത്രപഠനം പൂൎത്തിയാക്കി ബ്രദർ ബനഡിക്ട് ഒരുമാസത്തെ അവധിക്കു് തിരുവനന്തപുരത്തു് വന്നവേളയിലാണു് ഈ ലേഖിതാവു് അദ്ദേഹത്തെ ആദ്യമായിക്കാണുന്നതു്. അന്നു് ഈ ഗ്രന്ഥകാരൻ തിരുവനന്തപുരം പെററി സെമിനാരിയിൽ രണ്ടാംവർഷ വിദ്യാൎത്ഥിയായിരുന്നു. ബ്രദർ ബനഡിക്ടിനെ കണ്ട ദിവസംതന്നെ ഞങ്ങൾ തമ്മിൽ സംസാരിച്ചു. പല കാര്യങ്ങൾ സംസാരിച്ച കൂട്ടത്തിൽ അദ്ദേഹം കാൻഡിയിലേക്കു് എന്നു മടങ്ങിപ്പോകുമെന്നു് ഈ ലേഖിതാവു് ആരാഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി ഇപ്പോഴും സ്മരണയിൽ നിറഞ്ഞുനില്ക്കുകയാണു്. "പെട്ടെന്നു് മടങ്ങിപ്പോകണം. പഠിക്കാനുണ്ടു്. പട്ടത്തിനുള്ള പരീക്ഷയുണ്ടു്." ഇങ്ങനെ

www.malankaralibrary.com




പറഞ്ഞതിനുശേഷം അദ്ദേഹം ലത്തീനിൽ പറഞ്ഞു:
"Dominus pars haereditatis meae et calicis mei. Tu es qui restitues haereditatem meam mihi".

"എൻെറ അവകാശത്തിൻെറയും പാനപാത്രത്തിൻെറയും ഭാഗം കർത്താവാകുന്നു. നീ ആകുന്നു എനിക്കുള്ള ഓഹരിയെ തിരികെ നൽകുന്നവൻ" എന്നാണ് ഇതിൻെറ മലയാള പരിഭാഷ. ലത്തീൻറീത്തിൽ ആദ്യം പട്ടം സ്വീകരിക്കുമ്പോൾ പട്ടമേല്ക്കുന്ന വ്യക്തി ഈ വാചകം ചൊല്ലും. പതിനാറാം സങ്കീർത്തനം അഞ്ചാം വാക്യമാണിതു്.


ഈ സംഭവം ഉദ്ധരിച്ചതു്, ദൈവിക കാര്യങ്ങളെ കുറിച്ചു സംസാരിക്കുന്നതിനും അവയെക്കുറിച്ചുള്ള ബോധം മററുള്ളവരിൽ ഉളവാക്കുന്നതിനും ബ്രദർ ബനഡിക്ടിനുണ്ടായിരുന്ന താല്പര്യം വ്യക്തമാക്കുവാനാണ്. ഇതിനുപരി നാം കണ്ടതുപോലെ ദൈവത്തെ മാത്രം അവകാശമായി സ്വീകരിച്ചുകൊണ്ടു് തനിക്കു നേരിട്ട പ്രതിബന്ധങ്ങളെയെല്ലാം തരണം ചെയ്തു് സന്യാസജീവിതത്തിൽ പ്രവേശിച്ച നമ്മുടെ കഥാനായകനിൽ ദൈവസ്നേഹവും പരസ്നേഹവും എത്രമാത്രം കത്തിജ്വലിച്ചിരുന്നു എന്നും അദ്ദേഹത്തിൻെറ ഈ സംഭാഷണം വ്യക്തമാക്കുന്നുണ്ടു്.

ബ്രദർ ബനഡിക്ട് ഈ അവധിക്കാലത്താണ് അദ്ദേഹത്തിൻെറ നിത്യവ്രതവാഗ്ദാനം നടത്തിയതു്. 1941 ജനുവരി 7-ാം തീയതി ആയിരുന്നു, ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം, എന്നീ വ്രതത്രയങ്ങൾവഴി

www.malankaralibrary.com



സ്കൗട്ട്:
വലത്തുനിന്നും
രണ്ടാമത്തെ ബാലൻ.



നവവൈദികൻ കുടുംബാംഗങ്ങളോടൊത്ത്.

www.malankaralibrary.com



അദ്ദേഹം എന്നേയ്ക്കും ക്രിസ്തുനാഥന് തന്നത്തന്നെ സമർപ്പിച്ചത്. അന്നത്തെ പെററിസെമിനാരി ചാപ്പലിൽ വച്ചായിരുന്നു ഈ നിത്യവ്രതവാഗ്ദാനം നടന്നത്. മാർ ഈവാനിയോസ് തിരുമേനി ആയിരുന്നു കാർമ്മികൻ. ഈ ലേഖിതാവും മറെറാരു വൈദികവിദ്യാർത്ഥിയും ശുശ്രൂഷകരെന്ന നിലയിൽ ഈ സുഭഗസംഭവത്തിന് സാക്ഷികളായിരുന്നു. ഇന്നും ഈ ലേഖിതാവ് ഈ സംഭവത്തെക്കുറിച്ച് സ്മരിക്കുന്ന ഒരു സംഭവംകൂടി പ്രസ്താവിച്ചുകൊള്ളട്ടെ. വ്രതവാഗ്ദാനത്തിനു ശേഷം കാർമ്മികൻെറ പാദം മുത്തി കുമ്പിട്ട് പ്രാർത്ഥിച്ച് അനുസരണവും സമർപ്പണജീവിതവും വ്യക്തമാക്കുന്ന ഒരു ചടങ്ങ് മലങ്കരറീത്തിലുണ്ട്. ബ്രദർ ബനഡിക്ട് അല്പം കൂടുതൽനേരം കുമ്പിട്ടുകിടന്നു. മാർ ഈവാനിയോസ് തിരുമേനി നമ്മുടെ കഥാനായകൻെറ ഇടതേതോളത്ത് സ്പർശിച്ച് ബ്രദറിനെ കുമ്പിട്ടു കിടക്കുന്നതിൽ നിന്നും മാററുകയാണുണ്ടായത്.

ബ്രദർ ബനഡിക്ട് കാൻഡി സെമിനാരിയിലായിരുന്നപ്പോൾ കൂടെക്കൂടെ വീട്ടിലേക്ക് എഴുത്തുമായിരുന്നു. അദ്ദേഹം തത്വശാസ്ത്രപഠനം പൂർത്തിയാക്കി അവധിക്കു വീട്ടിൽ ചെന്നപ്പോൾ വളരെ സ്നേഹമസൃണമായ പെരുമാററമാണ് വീട്ടുകാരിൽ നിന്നും ലഭിച്ചത്. ഏകദേശം ഒരാഴ്ചയോളം കഥാപുരുഷൻ വീട്ടിൽ താമസിച്ചു. ഉറങ്ങിയിരുന്നത് കടമാൻകുളം കത്തോലിക്കാ പള്ളിയിലാണ്. സന്യാസസഭയിൽ ചേരുന്നതിനു വേണ്ടി വീടുവിട്ടിറങ്ങിയതിനുശേഷം ഇന്നേവരെ ഒരു രാത്രിപോലും കഥാനായകൻ സ്വഭവനത്തിൽ ഉറങ്ങിയിട്ടില്ലെന്നുള്ളത് ഇത്തരുണത്തിൽ സ്മർത്തവ്യമത്രെ.

www.malankaralibrary.com

## അദ്ധ്യായം ഏഴ്

# ക്രിസ്തുനാഥന്റെ പുരോഹിതൻ

ഏതൊരു ലക്ഷ്യത്തെ മുൻനിർത്തി സുദീർഘമായ ഒൻപതുവർഷങ്ങൾ ബനഡിക്ട് ശെമ്മാശ്ശൻ നിസ്തന്ദ്രം പരിശ്രമിച്ചുവോ, ആ ലക്ഷ്യമായ പൗരോഹിത്യപദ പ്രാപ്തി നേടിയ ആ സുദിനം ശെമ്മാശ്ശന്റെ ജീവിതത്തിലെ അവിസ്മരണീയമായ ഒന്നാണ്. വിജ്ഞാനവും വിശുദ്ധവും ആർജ്ജിച്ച് ക്രിസ്തുനാഥനും ആത്മാക്കൾക്കും വേണ്ടി ജീവിതം ഹോമിക്കുവാനുള്ള ഉൽക്കടമായ അഭിവാഞ്ഛയാണല്ലോ, കഥാനായകനിൽ ബാല്യാൽപ്രഭൃതി നിറഞ്ഞുനിന്നത്. ഇതിന്റെ സാക്ഷാൽക്കരണത്തിനു വേണ്ടി എത്രയെത്ര പ്രതിബന്ധങ്ങൾ അദ്ദേഹം തരണം ചെയ്തില്ല! ഒരാഴ്ചത്തെ ധ്യാനത്തിനുശേഷം ഇതാ! ഒടുവിൽ ആ ദിവസവും സമാഗതമായി.

1944 ഓഗസ്റ്റ് 24–ാം തീയതി പ്രഭാതം. കാൻഡി സെമിനാരിയിലെ അദ്ധ്യേതാക്കളായ പതിന്നാലുപേർ പൗരോഹിത്യപദവി സ്വീകരിക്കുന്ന ആ സുദിനം.

www.malankaralibrary.com



സെമിനാരിയിലെ അന്തേവാസികളായ സകലർക്കും പ്രത്യേകം ആമോദപ്രദമായ മംഗളദിനം. അഭിമാനവും സന്തോഷവും സെമിനാരിയിലെ വൈദികവിദ്യാർത്ഥികളുടെ മുഖങ്ങളിൽ സ്ഫുരിക്കുന്നുണ്ട്. കാൻഡി സെമിനാരിയിലെ മനോഹരമായ ചാപ്പലിലെ മദ്ബഹാ ബിഷപ്പ് ബെർണാർഡ് റേഞ്ഞോ ഒ. എസ്. ബി. (Bishop Bernard Regno O. S. B.) ശെമ്മാശ്ശന്മാർക്ക് വൈദികപട്ടം നല്കുന്നതിനുവേണ്ടി വിശുദ്ധ കർമ്മങ്ങൾ ആരംഭിക്കുന്നു. സെമിനാരിചാപ്പൽ നിറയെ ശെമ്മാശ്ശന്മാരും വിശ്വാസികളും തിങ്ങിക്കൂടി ആ വിശുദ്ധ കർമ്മങ്ങളിൽ സംബന്ധിക്കുന്നു. പതിന്നാലു ശെമ്മാശ്ശന്മാർ കാർമ്മികനിൽ നിന്നു് ക്രിസ്തുനാഥൻെറ പുരോഹിതന്മാരായി അഭിഷേകം പ്രാപിക്കുന്നു.

ആ പതിന്നാലുപേരിൽ ഒരാളായ നമ്മുടെ കഥാനായകൻ ഇന്നു് സിറോമലങ്കര ഹയരാർക്കിയുടെ മേലദ്ധ്യക്ഷനും തിരുവനന്തപുരം ആർച്ച്ബിഷപ്പുമാണു്. വേറൊരാൾ കുംഭകോണം ബിഷപ്പായ പോൾ അരുൾസ്വാമി അത്രെ. മററൊരാൾ ഉത്തരപ്രദേശിൽ മീററു് മെത്രാസനമന്ദിരത്തിൽ സേവനമനുഷ്ഠിക്കുന്ന മോൺസിഞ്ഞോർ ലെയോ പിഞ്ഞേരോ ആണു്.

ഫാദർ ബനഡിക്റ്റ് പിറെറദിവസം രാവിലെ സെമിനാരി ചാപ്പലിൽ തൻെറ പ്രഥമ ദിവ്യബലി അർപ്പിച്ചു. സിറോ മലങ്കരറീത്തിലുള്ള എല്ലാ ശെമ്മാശ്ശന്മാരും അദ്ദേഹത്തിൻെറ സുഹൃത്തുക്കളിൽപെട്ട പല വൈദികരും ശെമ്മാശ്ശന്മാരും ആ ദിവ്യബലിയിൽ സം

www.malankaralibrary.com



ബന്ധിച്ചു. ലോകത്തിൻേറതല്ലാതായി ലോകത്തിൽ ജീവിച്ച് മററുള്ളവക്കു നന്മചെയ്യുന്നതിനായുള്ള തൻെറ ദൃഢപ്രതിജ്ഞ ഈ ദിവസങ്ങളിൽ അദ്ദേഹം പുതുക്കിക്കാണുമെന്നു് നമുക്കു് ന്യായമായി ഊഹിക്കാവുന്നതാണു്. വൈദികനായ ശേഷവും ഫാദർ ബനഡിക്ട് പഠനം തുടൻ്റു. ഡിസംബർ മാസത്തിൽ ഉയൻ്റ റാങ്കോടുകൂടി ദൈവശാസ്ത്രത്തിൽ എൽ. ഡി. ബിരുദം കഥാനായകൻ നേടി. തത്വശാസ്ത്രത്തിൽ എൽ. പി. എച്ച്. ബിരുദം പ്രശസ്തമായ നിലയിൽ അദ്ദേഹം എടുത്തിരുന്നു എന്നുള്ളതും ഇവിടെ പ്രസ്താവ്യമാണു്.

1944 ഡിസംബർ അവസാനത്തെ ആഴ്ചയിൽ ഫാദർ ബനഡിക്ട് കാൻഡി സെമിനാരിയിലെ പഠനം കഴിഞ്ഞു് തിരുവനന്തപുരത്തെത്തി. പട്ടം അരമനയിൽ വന്നു് മാർ ഈവാനിയോസ് തിരുമേനിയെ കണ്ടതിൻെറ ശേഷം അദ്ദേഹം നാലാഞ്ചിറ ആശ്രമത്തിലേക്കു പോയി. ആശ്രമാംഗങ്ങൾ അദ്ദേഹത്തെ സസന്തോഷം സ്വാഗതം ചെയ്തു സ്വീകരിച്ചു. ആശ്രമനിയമങ്ങൾ അക്ഷരശ്ശഃ പാലിച്ചുകൊണ്ടു് ഫാദർ ബനഡിക്ട് ആശ്രമത്തിൽ താമസമായി. ഏതാനും ദിവസങ്ങൾ കഴിഞ്ഞു് അദ്ദേഹം സ്വദേശമായ കല്ലൂപ്പാറ എത്തി, കടമാൻകുളം കത്തോലിക്കാപ്പള്ളിയിൽ പുത്തൻകുർബാന അനുഷ്ഠിച്ചു. വീട്ടുകാരെല്ലാവരും അന്നു് യാക്കോബായക്കാരായിരുന്നുവെങ്കിലും അവർ ദിവ്യബലിയിൽ സംബന്ധിച്ചു. വിശുദ്ധ കർബാനയ്ക്കുശേഷം സെൻറ് മേരീസ് എൽ. പി. സ്കൂളിൽ വച്ചു് നവവൈദികനെ

www.malankaralibrary.com



അനുമോദിക്കുന്നതിനു് ഒരു യോഗം ചേരുകയുണ്ടായി. കഥാനായകനെ നാലാഞ്ചിറ ആശ്രമത്തിലേക്കു് പറഞ്ഞയച്ച ഫാദർ ഏബ്രഹാം ഒ. ഐ. സി. ആയിരുന്നു അന്നു് കടമാൻകുളംപള്ളിവികാരി.

ആശ്രമത്തിൽ താമസിക്കുന്ന കാലത്തു് പാളയം സെൻറ് മേരീസ് കത്തീഡ്രലിലെ അസിസ്റ്റൻറ് വികാരി എന്നുള്ള നിലയിലും, വെമ്പായം, വള്ളിയറപ്പുൻകാട്ടു് എന്നീ മിഷ്യനുകളിലെ വികാരി എന്ന നിലയിലും ഫാദർ ബനഡിക്ട് സ്തുത്യർഹമായ സേവനമനുഷ്ഠിച്ചു. അദ്ദേഹത്തിൻെറ സ്നേഹപൂർവ്വമായ പെരുമാററവും ദീനാനുകമ്പയും ത്യാഗഭരിതമായ സേവനൗൽസുക്യവും പ്രസ്തുത മിഷ്യൻപ്രദേശങ്ങളിലെ ജനങ്ങൾക്കു് കത്തോലിക്കാസഭയെക്കുറിച്ചു് കൂടുതൽ മതിപ്പുളവാക്കിയിട്ടുണ്ടു്. അദ്ദേഹത്തിൻെറ കാലത്തു് ആ മിഷ്യനുകൾ വളരെ അഭിവൃദ്ധി പ്രാപിച്ചു. ഇക്കാലത്തുതന്നെ അതിരൂപതവക പെററി സെമിനാരി പ്രഫസറായും അദ്ദേഹം ജോലിനോക്കി. ക്ലാസ്സുസമയമാകുമ്പോൾ ആശ്രമത്തിൽനിന്നു് സൈക്കിളിൽ സെമിനാരിയിലെത്തി ക്ലാസ്സു് കഴിഞ്ഞു് തിരികെ പോകുകയായിരുന്നു പതിവു്. അക്കാലഘട്ടത്തിൽ അവധിക്കു വരുന്ന ശെമ്മാശ്ശന്മാരെ അദ്ദേഹം സുറിയാനിയും ആരാധനക്രമവും പഠിപ്പിക്കുമായിരുന്നു. ഈ ലേഖിതാവു് അങ്ങനെ ഫാദർ ബനഡിക്ടിൻെറ കീഴിൽ അഭ്യസനം നടത്തിയിട്ടുണ്ടു്. 1946 മെയ് അവസാനംവരെ ഫാദർ ബനഡിക്ട് ഈ നിലകളിൽ തുടൎന്നു. പാരായണപ്രിയനായിരുന്ന കഥാ

www.malankaralibrary.com



നായകൻ ഈ സന്ദർഭത്തിൽ തൻെറ വിജ്ഞാനസമ്പാദനം തുടർന്നുകൊണ്ടിരുന്നു.

ബഥനിസന്യാസസമൂഹത്തിൻെറ പുരോഗതിക്കു വേണ്ട കാര്യങ്ങളെക്കുറിച്ചും നിയമസംഹിതയെക്കുറിച്ചും സമൂഹവും വൈദികമേലദ്ധ്യക്ഷന്മാരും തമ്മിൽ അക്കാലത്ത് ചില അഭിപ്രായവ്യത്യാസങ്ങൾ ഉടലെടുത്തു. ഫാദർ ബനഡിക്ടിൻെറ നിലപാട് സമൂഹത്തിൻേറതിൽ നിന്നും വിഭിന്നമായ ഒന്നാണെന്ന് ആശ്രമാംഗങ്ങൾ ധരിച്ചിരുന്നു. ഫാദർ എബ്രഹാം ഒ. ഐ. സി. അക്കാര്യത്തെക്കുറിച്ച് ഈ ഗ്രന്ഥകാരനെഴുതിയിട്ടുള്ളതു് അതേപടി ഉദ്ധരിച്ചുകൊള്ളുന്നു:–"ആശ്രമജീവിതത്തെ അവഗണിച്ചുകൊണ്ട് പ്രവത്തനമണ്ഡലത്തെ ഗണ്യമായും സ്ഥിരമായും പിൻതുടരുകയും തദനുസാരം നിയമം മാററുകയും മറിക്കുകയും ചെയ്യുന്ന രൂപതാദ്ധ്യക്ഷന്മാരുമായി ഞങ്ങൾക്ക് ചിലപ്പോൾ അഭിപ്രായവ്യത്യാസം ഉണ്ടായിട്ടുണ്ട്. ആ ലക്ഷ്യത്തോടെ ഫാദർ ബനഡിക്ടിനെ വന്ദ്യപിതാവു് ആശ്രമത്തിൽ നിന്നും പിൻവലിക്കാനിടയുണ്ട് എന്നുള്ള ഊഹത്തിന്മേൽ ഞാനൊരിക്കൽ ഫാദർ ബനഡിക്ടിനോട് ചോദിച്ചു. "ആശ്രമവും രൂപതാദ്ധ്യക്ഷനുമായി അഭിപ്രായഭേദം ഉണ്ടായാൽ ഏതു നിലയാണു് സ്വീകരിക്കേണ്ടതു്? അച്ചൻെറ അഭിപ്രായം എന്താണു്?" അല്പം ആലോചിച്ചിട്ടു തന്ന ഉത്തരം, 'ആശ്രമാധികാരിയുടെ പക്ഷമാണു്" എന്നായിരുന്നു."

കഥാനായകനെ ഉപരിപഠനാത്ഥം തൃശ്ശിനാപ്പള്ളി സെൻറ് ജോസഫ്സ് കോളേജിൽ അയയ്ക്കണമെന്ന്

www.malankaralibrary.com



ആശ്രമാധികാരികൾ തീരുമാനിച്ചു. മാർ ഈവാനി യോസ് തിരുമേനി ആ തീരുമാനം അംഗീകരിച്ചു. 1946 ജൂൺമാസത്തിൽ കഥാനായകൻ തൃശ്ശിനാപ്പള്ളി സെൻറ് ജോസഫ്സ് കോളേജിൽ ഒരു വിദ്യാത്ഥി യായി ചേൎന്നു. ധനതത്വശാസ്ത്രം ഐച്ഛിക വിഷയ മായെടുത്തു് ബി. എ. ഓണേഴ്സ് കോഴ്സിനാണു് അദ്ദേഹം ചേൎന്നതു്. ഇൻഡ്യൻ വിദ്യാഭ്യാസമണ്ഡല ത്തിലെ സുപ്രസിദ്ധരും പ്രഗത്ഭമതികളും മഹാരഥന്മാരു മായിരുന്ന ഫാദർ കാർട്ടി എസ്. ജെ., പ്രഫസ്സർ ശ്രീനിവാസൻ, പ്രഫസ്സർ ഹൃദയസ്വാമി എന്നിവരുടെ കീഴിലാണു് ഫാദർ ബനഡിക്ട് അഭ്യസനം നടത്തി യതു്. കോളേജിലെ ഏതാനും അദ്ധ്യാപകർ താമസി ച്ചിരുന്ന സെൻറ് ബല്ലാർമിൻസ് ഹോസ്റ്റലിൽ അവ രോടൊന്നിച്ചാണു് കഥാനായകൻ താമസിച്ചതു്. കാൻ ഡിയിലെപ്പോലെതന്നെ, ഇടപെട്ടവരുടെയെല്ലാം സ്നേഹ വും ആദരവും തൃശ്ശിനാപ്പള്ളിയിലും ബനഡിക്ടച്ചൻ നേടിയെടുത്തു. സഹവിദ്യാത്ഥികളെ കഴിയുന്നവിധ ത്തിൽ എല്ലാം സഹായിക്കുന്നതിൽ അദ്ദേഹം തല്പരനാ യിരുന്നു. അദ്ധ്യാപകരുടെ കണ്ണിലുണ്ണിയായിരുന്നു കഥാനായകൻ. നീണ്ട താടിമീശയും സദാ പ്രസന്ന മായ മുഖവും കാവിക്കുപ്പായവും മരക്കുരിശുമെല്ലാംതന്നെ അദ്ദേഹത്തെക്കാണുന്ന ഏവരിലും അവാച്യമായ ഒരനു ഭൂതിയുളവാക്കുവാൻ പര്യാപ്തമായിരുന്നു. ബനഡിക്ട ച്ചൻെറ സീനിയറായി തൃശ്ശിനാപ്പള്ളിയിൽ പഠിച്ചി രുന്ന ഒരു വൈദികനോടു് അക്കാലത്തു ഈ ലേഖിതാവു് കഥാനായകനെക്കുറിച്ചാരാഞ്ഞപ്പോൾ ആ വൈദികൻ

www.malankaralibrary.com



നല്കിയ മറുപടി ഇന്നും ഈയുള്ളവൻ ഓർക്കുന്നുണ്ട്. ബനഡിക്റ്റച്ചൻ "ഒരു കൊച്ചു മാർ ഈവാനിയോസാണു" എന്നത്രെ ആ വൈദികൻ പ്രതിവചിച്ചതു്.

ഈ സന്ദർഭത്തിൽ, അക്കാലത്തു് ബനഡിക്റ്റച്ചനിൽനിന്നുതന്നെ ഈ ലേഖകൻ ഗ്രഹിക്കുവാനിടയായ ഒരു സംഭവം, അതു് തീരെ നിസ്സാരമാണെങ്കിൽപ്പോലും, അദ്ദേഹത്തിൻെറ വിശിഷ്ടജീവിതത്തിലേക്കു വെളിച്ചം വീശുന്നതാകകൊണ്ടു് ഇവിടെ രേഖപ്പെടുത്തുന്നു. അച്ചൻ ഒരു അവധികഴിഞ്ഞു് തൃശ്ശിനാപ്പള്ളിയ്ക്കു യാത്ര ചെയ്യുകയാണു്. ശരീരത്തിനു് അത്ര നല്ല സുഖമില്ല. മൂന്നാംക്ലാസ്സ് കമ്പാർട്ടുമെൻറിലാണു് യാത്ര. കമ്പാർട്ടുമെൻറിൽ വളരെയധികം ആളുകൾ കയറിപ്പററിയിട്ടുണ്ടു്. ചെങ്കോട്ടനിന്നും അനുഭവിച്ചുതുടങ്ങിയ ചൂടുള്ള കാററു് ശരീരത്തിനസഹ്യമായി. ഏതോ കാരണവശാൽ തൃശ്ശിനാപ്പള്ളി സെൻട്രൽ സ്റ്റേഷനിൽ ട്രയിൻ വളരെയധികം താമസിച്ചാണെത്തിയതു്. അവിടെനിന്നും കോളേജ് ഹോസ്റ്റലിലെത്തിയപ്പോഴേയ്ക്കും രാത്രി പന്ത്രണ്ടുമണി കഴിഞ്ഞിരുന്നു. ശരീരത്തിനു വലിയ ക്ഷീണം. ഭയങ്കരമായ, സഹിക്കാൻപാടില്ലാത്ത, ദാഹം. അല്പം വെള്ളം കുടിച്ചാൽ ശരീരക്ഷീണവും ദാഹവും മാറും. പക്ഷേ, പാതിരാത്രി കഴിഞ്ഞിരിക്കുന്നു. പിറെറ ദിവസം രാവിലെ വിശുദ്ധ കർബാന ചൊല്ലണമെങ്കിൽ ഉപവാസം അനുഷ്ഠിക്കണം. ഉപവാസത്തെക്കുറിച്ച് മലങ്കരറീത്തിൽ ഇന്നുള്ള നിയമമല്ല, അന്നുണ്ടായിരുന്നതു്. ഇന്നു് പച്ചവെള്ളം കുടിക്കുന്നതു് ഉപവാസലം

www.malankaralibrary.com



ഘനമാകയില്ല. വി. കർബാന ചൊല്ലുന്നതു മുടങ്ങരുതെന്നുള്ള ആഗ്രഹംനിമിത്തം ബനഡിക്ടച്ചൻ ആ തീവ്രദാഹവും കൊണ്ടു് കിടക്കയെ ശരണംപ്രാപിച്ചു. തന്മൂലം ഉറക്കവും ശരിയായില്ല. പിറെറദിവസം രാവിലെ വിശുദ്ധ കർബാന ചൊല്ലി. എന്നാൽ ഇതിനോടകം പനി അദ്ദേഹത്തെ പിടികൂടികഴിഞ്ഞിരുന്നു. ഒരു ദിവസവും വിശുദ്ധ കർബാനയ്ക്കു മുടക്കംവരുത്തിയില്ലെങ്കിലും മൂന്നുദിവസങ്ങൾ ക്ലാസ്സിൽ ഹാജരാകുന്നതു് മുടക്കേണ്ടിവന്നു.

ബനഡിക്ടച്ചൻെറ സ്ഥിരമായ പരിശ്രമവും വിജ്ഞാനതൃഷ്ണയും അദ്ദേഹത്തിനു് 1949–ലെ മദ്രാസ്‌ യൂണിവേഴ്സിററിയുടെ ധനതത്ത്വശാസ്ത്രം ഓണേഴ്സ് പരീക്ഷയിൽ ഒന്നാംക്ലാസ്സിൽ ഒന്നാമൻ എന്ന സ്ഥാനം നേടിക്കൊടുത്തു. അദ്ദേഹത്തിൻെറ പ്രശസ്തമായ ഈ വിജയം അച്ചനെ പരിചയമുള്ളവർക്കെല്ലാം അതിരററ സന്തോഷമുളവാക്കി.

നമ്മുടെ കഥാനായകൻ തൃശ്ശിനാപ്പള്ളിയിൽ പഠിച്ചുകൊണ്ടിരുന്ന കാലത്താണു് മാർ ഈവാനിയോസ് തിരുമേനി അമേരിക്കൻപര്യടനത്തിലേപ്പെട്ടതു്. അമേരിക്കയിലെ താമസംകഴിഞ്ഞു് റോമിലെത്തി പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായെ സന്ദർശിക്കണമെന്നു് മാർ ഈവാനിയോസ് തിരുമേനി ആഗ്രഹിച്ചിരുന്നു. ഫാദർ ബനിഡിക്ട് അമേരിക്കയിലെത്തണമെന്നു കാണിച്ചു് മാർ ഈവാനിയോസ് തിരുമേനി അദ്ദേഹത്തിനെഴുതി. അതനുസരിച്ചു് കോളജ്പഠനത്തിൽ നിന്നു് കുറേക്കാല

www.malankaralibrary.com



ത്തേയ്ക്കു പിൻവാങ്ങി, മാർ ഈവാനിയോസ് തിരുമേനിയെ അമേരിക്കയിൽപോയി സന്ദർശിക്കുന്നതിനും അദ്ദേഹത്തിൻെറ ബാക്കിയുള്ള പര്യടനങ്ങളിൽ പങ്കെടുക്കുന്നതിനും കഥാനായകൻ വേണ്ട ഒരുക്കങ്ങളിലേർപ്പെട്ടു. പക്ഷേ, മാർ ഈവാനിയോസ് തിരുമേനി തൻെറ പ്ലാൻ മാററി അമേരിക്കയിൽ നിന്ന് ആസ്ത്രേലിയായിലേക്കു പോയി മെൽബോണിൽ നടന്ന ദിവ്യകാരുണ്യകോൺഗ്രസിൽ സംബന്ധിക്കുകയും അവിടെ നിന്നും ഇൻഡ്യയിലേക്കു മടങ്ങുകയുമാണുണ്ടായത്. ദീർഘവീക്ഷണചതുരനായിരുന്ന മാർ ഈവാനിയോസ് തിരുമേനി അദ്ദേഹത്തിൻെറ പിൻഗാമിയായി കഥാനായകനെ അക്കാലത്തുതന്നെ കണ്ടിരുന്നു. അമേരിക്കയിൽ നിന്നും 1947 നവംബർ 18–ാം തീയതി അദ്ദേഹം ഇൻഡ്യയിലെ അന്നത്തെ അപ്പസ്തോലിക് ഡലഗേററിനയച്ച ഒരു കത്ത് ഈ വസ്തുത വ്യക്തമാക്കുന്നുണ്ട്. റവ. ഫാദർ തോമസ് ഇഞ്ചയ്ക്കലോടി എഴുതിയിട്ടുള്ള ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ്–രണ്ടാം ഭാഗം'' എന്ന ഗ്രന്ഥത്തിൽ നിന്നാണ് ഈ കത്ത് ഉദ്ധരിക്കുന്നത്. മാർ ഈവാനിയോസ് തിരുമേനി ഇപ്രകാരം എഴുതി: ''അമേരിക്കയിൽ നിന്ന് ഞാൻ റോമിലേക്കു പുറപ്പെടുന്നതിനു മുൻപു ഇവിടെ വരണമെന്നുകാണിച്ച് ഫാദർ ബനഡിക്റ്റ് ഒ. ഐ. സി. യുടെ പേക്ക് ഇൻഡ്യയിലേക്കു എഴുതി അയച്ചിട്ടുണ്ട്. കാൻഡി പേപ്പൽ സെമിനാരിയിലെ പഠനത്തിനു ശേഷം അദ്ദേഹം ത്രിശ്ശിനാപ്പള്ളി സെൻറ് ജോസഫ്സ് കോളേജിൽ ധനതത്ത്വശാസ്ത്രം എം. ഏ. ഡിഗ്രിയ്ക്കു വേണ്ടി പഠിച്ചു

www.malankaralibrary.com



കൊണ്ടിരിക്കയാണ്. ഇൻഡ്യയിലേക്കു മടങ്ങുന്നതിനു മുൻപ് റോമിൽ ചെന്ന് പരിശുദ്ധപിതാവിനെക്കണ്ട് ഭക്ത്യാദരങ്ങൾ പ്രകടിപ്പിക്കണമെന്ന് നമുക്കാഗ്രഹമുണ്ട്. നമ്മുടെ കൂടെ ഫാദർ ബനഡിക്ടിനേയും റോമിലേക്കു കൊണ്ടുപോകുന്നതിന്റെ ഉദ്ദേശ്യം റോമായാത്ര അദ്ദേഹത്തിന് പ്രയോജനപ്പെടുമെന്നുള്ള നമ്മുടെ ബോദ്ധ്യമാണ്. തന്നെയുമല്ല, തിരുവനന്തപുരം അതിരൂപതയിൽ ഉള്ള വൈദികരിൽ ഏററം യോഗ്യനായ ഒരാളെന്ന നിലയിൽ പരിശുദ്ധ പിതാവിനും കർദ്ദിനാളിനും അദ്ദേഹത്തെ പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്യാമല്ലോ. ഭാവിവീക്ഷണത്തോടുകൂടിയാണ് ഇപ്രകാരം ചെയ്യുവാൻ ഞാനുദ്ദേശിക്കുന്നതു്.'' ഈ കത്തു് വളരെ സ്പഷ്ടമായിട്ടുള്ളതാകയാൽ ഇതിനൊരു ഭാഷ്യം ആവശ്യമില്ലല്ലോ.

ഫാദർ ബനഡിക്ട് തൃശ്ശിനാപ്പള്ളിയിൽ പഠിച്ചുകൊണ്ടിരുന്നപ്പോഴാണ് അദ്ദേഹത്തിന്റെ പിതാവും രണ്ടു സഹോദരന്മാരും കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടതു്. 1947-ൽ ബ. അച്ചൻ അവധിക്കു നാട്ടിൽ വന്നപ്പോൾ അന്ന് കടമാൻകുളം പള്ളിവികാരിയായിരുന്ന ഫാദർ ഏബ്രഹാം ഒ. ഐ. സി. യുടെ ക്ഷണമനുസരിച്ച് സ്വന്തം ഇടവകപ്പള്ളിയിൽ ഒരാഴ്ചത്തെ ധ്യാനപ്രസംഗങ്ങൾ നടത്തി. ധ്യാനം കഴിയുമ്പോൾ അച്ചന്റെ മാതാപിതാക്കളും സഹോദരീസഹോദരന്മാരും പുനരൈക്യപ്പെടുമെന്ന് വികാരിയച്ചൻ കഥാനായകന് ഉറപ്പുകൊടുത്തിരുന്നു. പക്ഷേ, സമയമായപ്പോൾ ബനഡിക്ടച്ചന്റെ പിതാവ് ഇടിക്കുളയും രണ്ടു

www.malankaralibrary.com




സഹോദരന്മാരും മാത്രമേ പുനരൈക്യപ്പെട്ടുള്ളു. കടമാൻകളം തിരുഹൃദയപ്പള്ളിയിൽ വികാരിമാരായിരുന്നിട്ടുള്ള എല്ലാ വൈദികരുടെയും പ്രാത്ഥനയും ഉപദേശവും ബനഡിക്ടച്ചൻെറ സ്നേഹപൂർവ്വമായ നിർബന്ധംകാണിക്കുന്ന എഴുത്തുകളും ഇടിക്കുളയുടെ പരിവത്തനത്തിന് ഹേതുവായിട്ടുണ്ട്. നമ്മുടെ കഥാപുരുഷൻ തന്നെയാണ് അപ്പനേയും സഹോദരന്മാരേയും കത്തോലിക്കാസഭയിലേക്ക് സ്വീകരിച്ചത്. അപ്പോൾ അമ്മയും മററു സഹോദരങ്ങളും വാശിയോടുകൂടി യാക്കോബായസഭയിൽതന്നെ ഉറച്ചുനിന്നു. അടുത്ത ഒരവധിക്ക് അച്ചൻ നാട്ടിലെത്തിയപ്പോൾ അമ്മ കത്തോലിക്കയാകുവാൻ സമ്മതിച്ചിട്ടുണ്ടെന്നുള്ള സൂചനയോടുകൂടിയ ഒരു കത്ത് കല്ലൂപ്പാറനിന്നും അച്ചന് ലഭിച്ചു. ബനഡിക്ടച്ചൻ തിരുവനന്തപുരത്തുനിന്നും വീട്ടിലെത്തി. മുററത്തു കയറിയപ്പോഴേ അമ്മയിൽനിന്ന് കാര്യം ഗ്രഹിക്കുവാനുള്ള ഒരു നയം എന്ന നിലയിൽ അച്ചൻ വിളിച്ചുപറഞ്ഞു. "അമ്മേ വിശക്കുന്നു. വല്ലതും തായോ." മകനു ഭക്ഷണം നല്കുവാനുള്ള പരിശ്രമത്തിൽ അമ്മ വ്യാപൃതയായി. അച്ചനും, അമ്മയോടടുത്തുകൂടി സംഭാഷണം തുടങ്ങി. സംഭാഷണത്തിനിടയിൽ അച്ചന് ഗ്രഹിക്കുവാനിടയായി, തനിക്കു ലഭിച്ച കത്തിൽ പറഞ്ഞ കാര്യം യഥാത്ഥമല്ലെന്ന്. അമ്മ അടുക്കളക്കാര്യങ്ങളിൽ ശ്രദ്ധിച്ചുകൊണ്ടിരുന്ന വേളയിൽ അച്ചൻ മറെറാരുവഴിയെ ഭഗ്നാശനായി തിരുവനന്തപുരത്തിനു മടങ്ങി. അച്ചൻ പോയി കുറേക്കഴിഞ്ഞപ്പോൾ ആ വീട്ടിലുണ്ടായിരുന്ന ഒരു കറവപ്പശുവിൻെറ തുള്ളിച്ചാടിനടന്നിരുന്ന ഒരു

www.malankaralibrary.com



കിടാവു് പെട്ടെന്നു പിടഞ്ഞുവീണു ചത്തു. തന്റെ മകന്റെ ഹൃദയം നൊമ്പരപ്പെടുത്തിയതിനാലാണു് ഇതുണ്ടായതെന്നു് ആ മാതാവു് പ്രസ്തുത സംഭവം വ്യാഖ്യാനിച്ചു. എങ്കിലും ഉടനെതന്നെ കത്തോലിക്കാസഭാംഗമായിക്കളയാമെന്നു് അമ്മ സമ്മതിച്ചില്ല. കഥാനായകന്റെ അപ്പനും രണ്ടു സഹോദരന്മാരും കത്തോലിക്കരായിത്തീർന്നതിനുശേഷം രണ്ടുവർഷത്തിനിടയിൽ അമ്മയും ബാക്കി സഹോദരങ്ങളും സഭാംഗങ്ങളായി. എല്ലാവരേയും കത്തോലിക്കാസഭയിലേക്കു് സ്വീകരിച്ചതു് ബനഡിക്ടച്ചനാണു്. എല്ലാവരും ചേർന്നുകഴിഞ്ഞതിന്റെശേഷമാണു് അച്ചന്റെ മുഖം നല്ലതുപോലെ പ്രസാദിച്ചതെന്നു് കുടുംബാംഗങ്ങൾ ഈ എഴുത്തുകാരനോടൊരിക്കൽ പ്രസ്താവിക്കുകയുണ്ടായി.



www.malankaralibrary.com

## അദ്ധ്യായം എട്ട്

# കോളജ് പ്രിൻസിപ്പൽ

മാർ ഈവാനിയോസ് തിരുമേനിയുടെ ഒരു ചിരകാലാഭിലാഷമായിരുന്നു ഒരു ഒന്നാംഗ്രേഡ് കോളജ് സ്ഥാപിക്കണമെന്നുള്ളത്. എം. ഡി. സെമിനാരി ഹൈസ്കൂൾ പ്രിൻസിപ്പലായിരുന്ന കാലത്തുതന്നെ ഈ അഭിലാഷം അദ്ദേഹത്തിൽ മൊട്ടിട്ടിരുന്നു. ഈ ലക്ഷ്യത്തോടുകൂടിയാണ് അദ്ദേഹം പല ശെമ്മാശ്ശന്മാരെയും ഉപരിപഠനത്തിനുവേണ്ടി കൽക്കട്ട, സെറാംപൂർ എന്നീ സർവ്വകലാശാലകളിലേക്ക് അയച്ചതും അവർക്ക് ധനസഹായം നല്കിയതും. ഒരു കോളജ് കെട്ടിടത്തിന്റെ പ്ലാൻ അദ്ദേഹം തയ്യാറാക്കിച്ചുവച്ചു. എന്നാൽ ആ പദ്ധതി നടപ്പായില്ലെന്നു നമുക്കറിയാം. മാർ ഈവാനിയോസ് തിരുമേനി കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ട് തിരുവനന്തപുരം ആർച്ച്ബിഷപ്പായിത്തീർന്നതിനുശേഷവും ഒരു കോളജിന്റെ സ്ഥാപനത്തെക്കുറിച്ച് കൂടെക്കൂടെ ചിന്തിക്കുകയും തന്റെ സന്തതസഹ

www.malankaralibrary.com



ചാരികളായിരുന്ന വൈദികരോട്ട് അക്കാര്യത്തെക്കു റിച്ച് പലപ്പോഴും സംസാരിക്കുകയും ചെയ്തിട്ടുണ്ട്. അതിരൂപതയുടെ സർവ്വതോന്മുഖമായ അഭിവൃദ്ധിക്കു വേണ്ടി കോളജ് സ്ഥാപനത്തിനു മുമ്പുതന്നെ അനേക കാര്യങ്ങൾ നിർവ്വഹിക്കേണ്ടിയിരുന്നതുകൊണ്ട് കോള ജിൻെറ കാര്യം അദ്ദേഹം നീട്ടിനീട്ടിക്കൊണ്ടുപോകുക യാണുണ്ടായത്. തിരുവനന്തപുരം അതിരൂപതയ്ക്കു് വേണ്ടത്ര കെട്ടുറപ്പ് സംജാതമായിക്കഴിഞ്ഞപ്പോൾ ഒരു കോളജ് സ്ഥാപിക്കുന്ന കാര്യം അദ്ദേഹത്തിൻെറ പദ്ധതികളുടെ മുമ്പിൽ വീണ്ടുമെത്തി.

ഇപ്പോൾ നാലാഞ്ചിറയിൽ മാർ ഈവാനിയോസ് കോളജ് സ്ഥിതിചെയ്യുന്ന സ്ഥലം ദേവക്കോട്ടയിലെ ഒരു ചെട്ടിയാരുടെ വകയായിരുന്നു. അയാൾ ആ സ്ഥലം വില്ക്കാനുദ്ദേശിക്കുന്നുവെന്ന് മാർ ഈവാനിയോസ് തിരുമേനി അറിഞ്ഞു. നഗരത്തിൻെറ ബഹളങ്ങളിൽ നിന്നും ഒഴിഞ്ഞുമാറി സ്ഥിതിചെയ്യുന്ന പ്രകൃതിരമണീയ മായ ഈ സ്ഥലം, നൂററിഅറുപതിൽപരം ഏക്കർ വിസ്താരമുള്ള പ്രശാന്തസുന്ദരമായ ഈ സ്ഥലം, ഒരു കലാ ലയത്തിന് സർവ്വഥാ അനുയോജ്യമാണെന്ന് അപ്രതിമ നായ വിദ്യാഭ്യാസവിചക്ഷണൻ കൂടിയായിരുന്ന മാർ ഈവാനിയോസ് തിരുമേനിക്കു തോന്നി. തിരുമേനി ഒരു അനുയായിയോടുകൂടി വസ്തുഉടമസ്ഥനെ സന്ദർശിച്ച് വസ്തുവിൻെറ വില പറഞ്ഞു് ഉറപ്പിച്ചു. നിശ്ചിതതീ യതിതന്നെ വിലയാധാരവും നടന്നു. തിരുമേനി പ്രസ്തുത സ്ഥലം വാങ്ങിക്കഴിഞ്ഞപ്പോൾ അതു് ഗവണ്മെൻറാവ


www.malankaralibrary.com




ശ്യത്തിനുവേണ്ടി പൊന്നുംവിലക്ക് സർക്കാരിലേക്കെടുക്കുന്നതിന് ചില കരുനീക്കങ്ങൾ നടന്നു. എന്നാൽ, ധിഷണാശാലിയായിരുന്ന മാർ ഈവാനിയോസ് തിരുമേനി സർക്കാരിൻെറ പല കരുനീക്കങ്ങളേയും അവയുടെ ഉത്ഭവസ്ഥാനത്തുവച്ചുതന്നെ പരാജയപ്പെടുത്തി.

നമ്മുടെ കഥാപുരുഷൻ വൈദികനാകുന്നതിന് ഏകദേശം ഒരു വർഷം മുമ്പാണ് ഇവയെല്ലാം നടന്നത്. അദ്ദേഹം വൈദികനായി മടങ്ങിയെത്തി ആശ്രമത്തിൽ താമസിച്ചിരുന്ന കാലത്ത് ഇന്നത്തെ മാർ ഈവാനിയോസ് കോളജിൻെറ ഗെയിററിനടുത്തുള്ള കെട്ടിടത്തിൽ താമസിച്ചുകൊണ്ടു അവധിക്കാലം തിരുവനന്തപുരത്തു ചെലവഴിക്കാനെത്തിയ ഏതാനും ശെമ്മാശ്ശന്മാരെ സുറിയാനിയും ആരാധനക്രമവും പഠിപ്പിച്ചിട്ടുണ്ടു്. ഈ എഴുത്തുകാരനും ആ ശെമ്മാശ്ശന്മാരുടെ ഗണത്തിൽപ്പെടും. മാർ ഈവാനിയോസ് തിരുമേനി ആ ദിവസങ്ങളിൽ കൂടെക്കൂടെ നാലാഞ്ചിറക്കുന്നിൽ നടക്കാനെത്തും. പലപ്പോഴും തിരുമേനിയെ ഈ ഗ്രന്ഥകാരനും അനുഗമിക്കും. കോളജ് സ്ഥാപനത്തെക്കുറിച്ചും കോളജ് കെട്ടിടം എവിടെയാണ് നിർമ്മിക്കുന്നതെന്നുള്ളതിനെക്കുറിച്ചും അഭിവന്ദ്യതിരുമേനിയിൽ നിന്നുതന്നെ ഈയുള്ളവൻ ഗ്രഹിക്കുവാനിടവന്നിട്ടുണ്ടു്. ഒരിക്കൽ ബനഡിക്ടച്ചനുമൊന്നിച്ച് വൈകുന്നേരം ഈ ഗ്രന്ഥകാരൻ നാലാഞ്ചിറക്കുന്നിൽക്കൂടി നടക്കുകയായിരുന്നു. ഇപ്പോൾ കോളജിൻെറ പ്രധാന കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥാനത്ത് എത്തിയപ്പോൾ ഈയുള്ളവൻ അച്ചനോടു

www.malankaralibrary.com



മാർ ഈവാനിയോസ് കോളജ് പ്രിൻസിപ്പൽ
ഫാ. ബെനഡിക്ട് ബാംഗ്ളൂരിൽ.



റമ്പാനായതിനു
ശേഷം

www.malankaralibrary.com



പറഞ്ഞു. "അച്ചാ, ഇവിടെയാണു് കോളജിന്റെ പ്രധാന കെട്ടിടം പണിയാൻ പോകുന്നതു്. അച്ചനായിരിക്കും ഈ കോളജിന്റെ ആദ്യത്തെ പ്രിൻസിപ്പൽ." അച്ചനന്നു് കോളജിൽ പഠിക്കുവാൻ പോയിട്ടില്ല. കോളജ് സ്ഥാപനത്തെക്കുറിച്ചുള്ള സംസാരം മാത്രമേ അഭിവന്ദ്യതിരുമേനിയിൽ നിന്നും ഉണ്ടായിട്ടുമുള്ളു. അതിനുള്ള യാതൊരു നടപടിയും തുടങ്ങിയിട്ടുമില്ല. ഈയുള്ളവനെ ബന്ധിക്കുവാൻ അപ്പോഴും വളരെ കളിയാക്കുകയാണുണ്ടായതു്. അദ്ദേഹം കോളജ് വൈസ് പ്രിൻസിപ്പലായിരിക്കുമ്പോൾ മെത്രാനാകുന്നതിനെക്കുറിച്ചും ഈ ഗ്രന്ഥകർത്താവു് ഈ രീതിയിൽ സംസാരിച്ചിട്ടുണ്ടു് എന്നുള്ളതും ഇവിടെ കൂട്ടിച്ചേർത്തുകൊള്ളട്ടെ. അന്നും കുറച്ചു കളിയാക്കു കിട്ടി. പക്ഷേ, കാലചക്രഭ്രമണത്തിൽ ഈ രണ്ടു കാര്യങ്ങളും സംഭവിച്ചു. ബാലാമിന്റെ കഴുത സംസാരിച്ച കഥ വേദപുസ്തകത്തിലുണ്ടല്ലോ.

നമ്മുടെ കഥാപുരുഷൻ തൃശ്ശിനാപ്പള്ളിയിൽ പഠിച്ചുകൊണ്ടിരുന്ന കാലത്താണു് നാലാഞ്ചിറക്കുന്നിൽ കോളജ് കെട്ടിടത്തിന്റെയും ഹോസ്റ്റൽ കെട്ടിടങ്ങളുടെയും പണിതുടങ്ങിയതു്. നഗരത്തിന്റെ ശബ്ദായമാനമായ ഭാഗങ്ങളിൽനിന്നകന്നു്, കണ്ണുകൾക്കു് കൗതുകമേകുന്ന പ്രകൃതിദൃശ്യങ്ങളുടെ ആവാസസ്ഥാനമാണു്, മാർ ഈവാനിയോസ് കോളജ് സ്ഥിതിചെയ്യുന്ന പുരയിടം. തെക്കും പടിഞ്ഞാറും ആഞ്ഞടിക്കുന്ന അലയാഴി; കിഴക്കും വടക്കും നീണ്ടു് നിവർന്നുകിടക്കുന്ന പർവ്വതപംക്തികൾ;

www.malankaralibrary.com



ഭൂമിയെ പച്ചപ്പട്ടുടയാട ധരിപ്പിക്കുന്ന വയലേലകൾ; കനകകുംഭങ്ങൾ ശിരസ്സിലേന്തിനില്ക്കുന്ന തെങ്ങിൻതോപ്പുകൾ; പ്രകൃതിക്കു വെള്ളിയരഞ്ഞാണമേകുന്ന തോടുകൾ; നഗരത്തിൽ തലയുയർത്തിനില്ക്കുന്ന മനോഹരഹർമ്മ്യങ്ങൾ—വിലോഭനീയമായ കാഴ്ചകളാണ് നാലാഞ്ചിറക്കുന്നിൽ നില്ക്കുന്ന ഒരു പ്രേക്ഷകന് ദൃശ്യമാകുക. സമുദ്രനിരപ്പിൽനിന്ന് വളരെ ഉയർന്ന പ്രദേശമാകയാൽ സുഗമമായ കുളിർകാററ് ശരീരത്തിനും മനസ്സിനും ഉന്മേഷമേകും. കുററിക്കാടുകൾപിടിച്ച് കുറുക്കൻെറയും മററു ചെറുതരം വന്യജീവികളുടെയും പാമ്പുകളുടെയും അധിവാസസ്ഥാനങ്ങളായിരുന്ന നാലാഞ്ചിറക്കുന്നുകളുടെ രൂപവും ഭാവവും ഒന്നുരണ്ടുവർഷങ്ങൾകൊണ്ട് ആകപ്പാടെ മാറിപ്പോയി. പ്രകൃതിയുടെയും മനുഷ്യൻെറയും കരവിരുതുകൾ സമഞ്ജസമായി പ്രദ്യോദിപ്പിക്കുന്ന രംഗങ്ങളായി നാലാഞ്ചിറക്കുന്ന്.

1949 മേയ് മാസത്തോടുകൂടി ഒരു കലാലയം ആരംഭിക്കുന്നതിനുള്ള സജ്ജീകരണങ്ങളെല്ലാം പൂർത്തിയായി. മാർ ഈവാനിയോസ് കോളജ് എന്ന പേരിൽ അറിയപ്പെടുന്ന പ്രസ്തുത കലാലയത്തിൻെറ പ്രഥമ പ്രിൻസിപ്പലായി കഥാനായകൻ നിയമിക്കപ്പെട്ടു.

1949 മേയ് മാസത്തിൽ മാർ ഈവാനിയോസ് കോളജിൽ പഠനം ആരംഭിച്ചു. ധനതത്ത്വശാസ്ത്രത്തിൽ ബി എ. ജൂണിയർ ക്ലാസ്സും ചരിത്രവിഷയങ്ങളിൽ ജൂണിയർ ഇൻറർമീഡിയററു ക്ലാസ്സും ആണ് ആരംഭിച്ചത്. 145 വിദ്യാർത്ഥികൾ മാത്രമേ ആ വർഷം

www.malankaralibrary.com



കോളജിൽ ഉണ്ടായിരുന്നുള്ളു. കോളജിൻെറ രണ്ടാം വർഷം ഇൻറർമീഡിയററ് ക്ലാസ്സുകൾക്ക് ഒന്നും രണ്ടും ഗ്രൂപ്പുകൾ തുടങ്ങി; ആ വർഷത്തെ വിദ്യാർത്ഥികളുടെ സംഖ്യ 641 ആയിരുന്നു. കോളജിൻെറ മൂന്നാം വർഷത്തിൽ വിദ്യാർത്ഥികളുടെ എണ്ണം 1011 ആയി.

ബഹുമാനപ്പെട്ട ബനഡിക്ടച്ചൻ രണ്ടുവർഷക്കാലം മാർ ഈവാനിയോസ് കോളജ് പ്രിൻസിപ്പലായും ഏകദേശം രണ്ടുവർഷത്തോളം വൈസ്പ്രിൻസിപ്പലായും സ്തുത്യർഹമായ സേവനം ചെയ്തു. കോളജിൻെറ ഭരണത്തലവൻ, ഒരു മാതൃകാദ്ധ്യാപകൻ, പ്രേഷിത ചൈതന്യംതുളുമ്പുന്ന ഒരു സന്യാസവൈദികൻ എന്നീ ത്രിവിധനിലകളിൽ അച്ചനെക്കുറിച്ച് ഒരു ലഘുവായ സമീക്ഷ ഇവിടെ പ്രസക്തമാണ്.

കോളജ് സ്ഥാപകനായ മാർ ഈവാനിയോസ് തിരുമേനിയുടെ പ്രതീക്ഷകൾ സാക്ഷാത്ക്കരിക്കേണ്ടതുണ്ട്. കലാലയത്തിൻെറ സർവ്വവിധമായ അഭിവൃദ്ധിക്കും അടിത്തറപാകേണ്ടതുണ്ട്. ത്യാഗസന്നദ്ധതയും നിസ്വാർത്ഥതയും പ്രഗത്ഭതയും ഹൃദയഹാരിയായ ആചാര്യമര്യാദകളും ഒത്തിണങ്ങിയ ഒരു പ്രിൻസിപ്പലിനു മാത്രമേ കോളജ് സ്ഥാപകൻെറ സംശുദ്ധമായ പ്രതീക്ഷകൾക്ക് രൂപംനല്കുവാൻ സാധിക്കുകയുള്ളു. അക്കാര്യത്തിൽ നമ്മുടെ കഥാനായകൻ വിജയിക്കുകതന്നെ ചെയ്തു. ലളിതമായ ജീവിതം, കറയററ സേവനസന്നദ്ധത, അശ്രാന്തപരിശ്രമം, ആത്മാർത്ഥതനിറഞ്ഞ പെരുമാററം, സഹകരണ മനോഭാവം മുതലായ ഗുണങ്ങൾ

www.malankaralibrary.com



ബന്ധിക്കുന്ന, സഹാദ്ധ്യാപകക്കും, വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രിയംകരനാക്കി. സ്നേഹമസൃണമായ സഹകരണം സഹാദ്ധ്യാപകരിൽനിന്നും അദ്ദേഹത്തിന് നിർലോഭം ലഭിച്ചു. കുട്ടികൾ അദ്ദേഹത്തെ ഭയപ്പെടുന്നതിൽ അധികമായി സ്നേഹിച്ചു. ഇങ്ങനെ കോളേജിൽ അച്ചടക്കത്തിന്റെയും സഹകരണത്തിന്റെയും അദ്ധ്വാനത്തിന്റെയും ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിന് അദ്ദേഹത്തിന് സാധിച്ചു.

മാർ ഈവാനിയോസ് കോളേജിന്റെ ദ്വിതീയ വാർഷികദിനത്തിൽ പ്രിൻസിപ്പൽ എന്ന നിലയിൽ നമ്മുടെ കഥാപുരുഷൻ സമർപ്പിച്ച വാർഷികറിപ്പോർട്ടിൽനിന്ന് ഏതാനും വാചകങ്ങൾ ഇവിടെ ഉദ്ധരിക്കുക സമുചിതമായിരിക്കുമെന്നു കരുതുന്നു.

"കോളേജിൽ നല്ല അച്ചടക്കം നിലനിത്തുന്നതിന് ഞങ്ങളുടെ വിദ്യാർത്ഥികൾ ഹാർദ്ദമായി ഞങ്ങളോടു സഹകരിച്ചു എന്നു പ്രസ്താവിക്കുവാൻ ഈ വർഷവും എനിക്കു സന്തോഷമുണ്ട്. ഈ കോളേജിലെ ജീവിതത്തിന്റെ പ്രത്യേകതയായ സമാധാനപരമായ സൗഹൃദത്തെ ഭഞ്ജിച്ച ഒരൊററ അസുഖകരമായ സംഭവം പോലും എനിക്ക് ഓക്കുവാൻ കഴിയുന്നില്ല. ഏതാനും നിമിഷങ്ങൾ മൗനപ്രാർത്ഥന നടത്തി സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹം യാചിച്ചുകൊണ്ടാണ് ഞങ്ങൾ ഒരുദിവസത്തെ ജോലി ആരംഭിക്കുക."........

......"ഇൻറർ കോളേജിയററ് ടൂർണമെൻറുകളുടെ ഒരു കൺവീനർ എനിക്കയച്ച കത്തിലെ ഒന്നുരണ്ടു വരി

www.malankaralibrary.com



കറം ഉദ്ധരിക്കുന്നതിന് എന്നെ അനുവദിക്കുക. "അച്ചൻെറ വിദ്യാർത്ഥികളുടെ വളരെ നല്ല പെരുമാററത്തെക്കുറിച്ചും അവർ പ്രദർശിപ്പിച്ച കളികളിലുള്ള താല്പര്യത്തെക്കുറിച്ചും എഴുതുകയും അച്ചനെ അഭിനന്ദിക്കുകയും ചെയ്യേണ്ടതു് എൻെറ ചുമതലയാണെന്നു ഞാൻ കരുതുന്നു. പ്രേക്ഷകരിൽ അവർ വളരെ നല്ല ഒരു മതിപ്പാണുളവാക്കിയതു്.........കോളേജ് ടീം പ്രദശിപ്പിച്ച രീതിയിലുള്ള അച്ചടക്കവും കളികളിലെ താല്പര്യവും വിദ്യാർത്ഥികളിൽ ഉളവാകേണ്ടതാവശ്യമാണെന്നു് എല്ലാ കലാലയങ്ങളും ചിന്തിച്ചിരുന്നെങ്കിൽ അതു് സർവ്വകലാശാലയ്ക്കു മൊത്തത്തിലുള്ള ഒരു വിജയം ആയേനെ."

ബനഡിക്ടച്ചൻെറ സേവനസന്നദ്ധതയും വിദ്യാർത്ഥികളോടുള്ള ഉററബന്ധവും സ്പഷ്ടമാക്കുന്ന ഒരു സംഭവം കാണുക. മാർ ഈവാനിയോസ് കോളജിൽ പബ്ലിക്ക് പരീക്ഷ നടക്കുന്ന ഒരു ദിവസം. ചോദ്യക്കടലാസ് ഔദ്യോഗികമായി പൊട്ടിച്ചു് വിതരണംചെയ്യുന്നതിന് ഏതാനും നിമിഷങ്ങറം മാത്രമേയുള്ളു. പക്ഷേ പ്രിൻസിപ്പലിനെ ഓഫീസിൽ കാണുന്നില്ല. എന്തു സംഭവിച്ചു എന്നറിയാതെ അദ്ധ്യാപകർ ചോദ്യക്കടലാസ് ലഭിക്കുന്നതിന് അക്ഷമരായി ഓഫീസിൽ നില്ക്കുകയാണു്. അപ്പോറംക്കാണാം, പ്രിൻസിപ്പൽ ഹോസ്റ്റലിൽ നിന്നും ഒരു വിദ്യാർത്ഥിയെ സൈക്കിളിൽ ഇരുത്തി അതിവേഗം ഉന്തിക്കൊണ്ടുവരുന്നതു്. കാലിൽ ഏതോ ചെറിയ മുറിവും സ്വല്പംപനിയുമുള്ള ഒരു കുട്ടിയെ പരീക്ഷയ്ക്കു നടന്നുപോകാൻ അനുവദിക്കാതെ സ്വന്തം സൈക്കിളിൽ കയററിക്കൊണ്ടു വരികയായിരുന്നു അദ്ദേഹം.

www.malankaralibrary.com



നമ്മുടെ കഥാനായകൻെറ ഉദാത്തമായ മനുഷ്യ സ്നേഹവും ഔദാര്യവും കണിക്കുന്ന വേറൊരു സംഭവം. നിർദ്ധനനായ ഒരു വിദ്യാർത്ഥി സ്കൂൾഫൈനൽ ക്ലാസ്സിൽ ഒന്നാംക്ലാസ്സിൽ വളരെ നല്ലമാർക്കുകളോടുകൂടി പാസ്സായി, മാർ ഈവാനിയോസ് കോളജിൽ ചേരുന്നതിനു വന്നു. അവൻെറ നിസ്സഹായത മനസ്സിലാക്കിയ ബനഡിക്ടച്ചൻ അവനെ കോളജിൽ പ്രവേശിപ്പിക്കുവാൻതന്നെ നിശ്ചയിച്ചു. ഫീസിലും മററും ചില ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുവാൻ വേണ്ട ഏർപ്പാടുകൾ അദ്ദേഹം ചെയ്തു. അവനെ ഹോസ്റ്റലിൽ താമസിപ്പിക്കുവാനും അദ്ദേഹം തീരുമാനിച്ചു. എന്നാൽ പ്രസ്തുത വിദ്യാർത്ഥി ഹോസ്റ്റലിൽ എത്തിയതു് വെറുംകൈയായിട്ടാണു്. ശയ്യോപകരണങ്ങളില്ല. ശരിയായ വേണ്ടത്ര വസ്ത്രം ഇല്ല. ഒരു ദിവസത്തിനകം ഇവയെല്ലാം അവനു ലഭിച്ചു. പക്ഷേ, അച്ചൻെറ മുറിയിൽനിന്നും പല സാധനങ്ങളും മററാരുമറിയാതെ അപ്രത്യക്ഷമായെന്നു മാത്രം. ആ വിദ്യാർത്ഥി ഇന്നു് പ്രശസ്തനായ ഒരു എൻജിനീയറാണു്.

നമ്മുടെ കഥാനായകനു് ഒരു മാതൃകാദ്ധ്യാപകനു വേണ്ട എല്ലാ യോഗ്യതകളും ഉണ്ടായിരുന്നു. ധനതത്ത്വശാസ്ത്രത്തിൽ ഉന്നതബിരുദം നേടിയതിനുപുറമേ നിരന്തരമായ വായനകൊണ്ടും ശ്രദ്ധാപൂർവ്വമായ പഠനംകൊണ്ടും അദ്ദേഹം ആ വിഷയത്തിൽ അവഗാഹമായ പാണ്ഡിത്യം നേടിയിരുന്നു. ധനതത്ത്വശാസ്ത്രത്തിലെ എത്ര പ്രയാസമേറിയ ഭാഗവും ലളിതമായ രീതിയിൽ ചർച്ച ചെയ്തു് വിദ്യാർത്ഥികൾക്കു പകർന്നുകൊടുക്കുന്നതിൽ പ്രഗത്ഭനായിരുന്നു നമ്മുടെ കഥാപുരുഷൻ.

www.malankaralibrary.com



ജ്ഞാനവും ജ്ഞാനവിനിമയത്തിനുള്ള പാടവവും ഒരധ്യാപകനത്യാവശ്യമായ ഗുണങ്ങളാണ്. അതോടൊപ്പം വിദ്യാർത്ഥികളുടെ ഉന്നമനത്തിനുള്ള തീക്ഷ്ണമായ ആഗ്രഹവും ഒരു മാതൃകാദ്ധ്യാപകന് കൂടിയേ കഴിയൂ. നമ്മുടെ കഥാനായകനെ സംബന്ധിച്ചു പറയുകയാണെങ്കിൽ അദ്ദേഹത്തിൻെറ സർവ്വശ്രദ്ധയും എപ്പോഴും വിദ്യാർത്ഥികളിൽ കേന്ദ്രീകരിച്ചിരുന്നു എന്നു പറയുന്നതിൽ അതിശയോക്തിയില്ല. പ്രിൻസിപ്പൽ എന്ന നിലയിൽ ഭാരമേറിയ ചുമതലകൾ ഉണ്ടായിരുന്നിട്ടും ഒരാഴ്ചയിൽ പതിന്നാലും പതിനഞ്ചും മണിക്കൂറുകൾ അദ്ദേഹം പഠിപ്പിച്ചുപോന്നു. ഇതിനും പുറമേ അവധിദിവസങ്ങളിൽ പ്രത്യേകക്ലാസ്സുകൾ എടുക്കുന്നതിനു് അദ്ദേഹത്തിന് ഒരു മടിയും ഉണ്ടായിരുന്നില്ല. ഹോസ്റ്റലിൽ താമസിച്ചിരുന്ന കുട്ടികൾക്ക് രാവിലെയും വൈകിട്ടും ക്ലാസ്സുകൾ എടുക്കുക, കോമ്പസിഷനും മററു ഗൃഹപാഠങ്ങളും തിരുത്തിക്കൊടുക്കുക തുടങ്ങി പലവിധ സഹായങ്ങൾ ചെയ്യുന്നതിൽ അദ്ദേഹം സദാ സന്നദ്ധനായിരുന്നു.

ബനഡിക്ടച്ചൻ വിദ്യർത്ഥികളുമായി വളരെ അടുത്ത വ്യക്തിപരമായ സമ്പക്കം പുലത്തിപ്പോന്നു. ഓരോ വിദ്യാർത്ഥിയുടെയും യോഗ്യതകളും ബലഹീനതകളും ഗ്രഹിച്ചു് അതനുസരിച്ചു് അവരോടു പെരുമാറുന്നതിനുള്ള കഴിവാണ് ഒരദ്ധ്യാപകൻ എന്ന നിലയിലും ഭരണത്തലവൻ എന്ന നിലയിലും അദ്ദേഹത്തെ അങ്ങേയററം വിജയിപ്പിച്ചതു്. സാമ്പത്തികമായി

www.malankaralibrary.com



വിഷമതകൾ അനുഭവിക്കുന്നവരെ ഉള്ളഴിഞ്ഞു സഹായിക്കുവാനും പഠനത്തിൽ പിന്നോക്കം നില്ക്കുന്നവരെ വേണ്ടവിധത്തിൽ പ്രോത്സാഹിപ്പിക്കുവാനും അദ്ദേഹം മടികാണിച്ചിട്ടില്ല.

ഹോസ്റ്റൽ വാർഡൻ കൂടിയായിരുന്നു ബനഡിക്ടച്ചൻ. ഇന്നു് മാർ ഈവാനിയോസ് കോളജ് ഹോസ്റ്റലുകൾക്കുള്ള മഹത്തായ പാരമ്പര്യങ്ങൾക്കും അച്ചടക്കത്തിനും അടിത്തറ ഇട്ടതു് അദ്ദേഹമാണ്. കോളജിലെ ജോലികൾ കഴിഞ്ഞാലുടൻ തന്നെ ഹോസ്റ്റലിലെത്തുക അച്ചൻെറ പതിവായിരുന്നു. വിദ്യാർത്ഥികളുടെ അനുദിനജീവിതത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചു് അവരുടെ മാനസികവും ശാരീരികവും ആദ്ധ്യാത്മികവുമായ അഭിവൃദ്ധിക്കു വേണ്ടി ഇത്രയേറെ പണിയെടുത്ത വേറെ ഹോസ്റ്റൽ വാർഡന്മാർ കേരളത്തിൽ ഉണ്ടായിട്ടുണ്ടോ എന്നു് സംശയമാണ്. മാസംതോറും പൊതുമീററിംഗുകൾ, ചർച്ചാസമ്മേളനങ്ങൾ മുതലായവ സംഘടിപ്പിച്ചു് സംസ്കാരത്തിൻെറയും അച്ചടക്കത്തിൻെറയും മൂല്യങ്ങൾ വിദ്യാർത്ഥികളുടെ ഇടയിൽ വളർത്തുവാൻ അദ്ദേഹത്തിനു സാധിച്ചിട്ടുണ്ട്. പുരാതനകാലത്തെ ഗുരുകുലവിദ്യാഭ്യാസത്തിൻെറ ഒരു പ്രതീതിയാണു് അന്നു് ഹോസ്റ്റൽ വിദ്യാർത്ഥികൾക്കു് അനുഭവപ്പെട്ടതു്. പ്രിൻസിപ്പലെന്ന നിലയിൽ കോളജിൻെറ രണ്ടാം വാർഷികസമ്മേളനത്തിൽ നമ്മുടെ കഥാനായകൻ സമർപ്പിച്ച റിപ്പോർട്ടിൽ ഗുരുകുലരീതിയിലുള്ള ഈ വിദ്യാഭ്യാസലക്ഷ്യത്തെക്കുറിച്ചു് അദ്ദേഹം പ്രസ്താവിക്കുന്നു: "ഹോസ്റ്റലിലും

www.malankaralibrary.com



കോളജിലും ഞങ്ങളെല്ലാവരും കൂടിച്ചേർന്ന് ഒരു ഭവനത്തിലെ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണെന്ന് ഞാൻ കരുതുന്നു. വിദ്യാത്ഥികൾക്ക വേണ്ടിയുള്ള ഒരു യഥാത്ഥഭവനം, ഒരു ഗുരുകുലം, അത്രെ ഞങ്ങളുടെ മുമ്പിലുള്ള ആദർശം.''

ഒരു അദ്ധ്യാപകനെന്ന നിലയിൽ ബനഡിക്ടച്ചൻെറ പ്രവത്തനങ്ങൾ ക്ലാസ്സുമുറികളിൽ മാത്രം ഒതുങ്ങിനിന്നില്ല. വിജ്ഞാനം പകരുന്നതോടൊപ്പം കായികാഭ്യാസങ്ങൾക്കും വിനോദങ്ങൾക്കും ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും അവയിൽ സജീവമായ പങ്കു വഹിക്കുന്നതിനും അദ്ദേഹം എപ്പോഴും തയ്യാറായിരുന്നു. പ്രിൻസിപ്പൽ എന്ന നിലയിൽ പലവിധ ജോലികൾ ഉണ്ടായിരുന്നിട്ടും കളിക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി എല്ലാ മത്സരങ്ങളിലും ഒരു പ്രേക്ഷകനായി സന്നിഹിതനാകുക അദ്ദേഹത്തിൻെറ പതിവായിരുന്നു. വിനോദയാത്രകൾ സംഘടിപ്പിക്കുന്നതിനും വിദ്യാത്ഥികളോടൊത്ത് അവയിൽ ഉല്ലാസപൂവ്വം പങ്കെടുക്കുന്നതിനും അദ്ദേഹം താല്പര്യം കാണിച്ചു പോന്നു.

ഒരു ഭരണത്തലവനായിട്ടോ, ഒരു മാതൃകാദ്ധ്യാപകനായിട്ടോ മാത്രമല്ല ബനഡിക്ടച്ചൻ എല്ലാവരുടെയും സ്നേഹബഹുമാനങ്ങൾക്ക് പാത്രീഭവിച്ചത്. കോളജ് പ്രിൻസിപ്പലായിരുന്നപ്പോഴും അദ്ദേഹം അക്ഷരാത്ഥത്തിൽ തന്നെ ഒരു മാതൃകാസന്യാസവൈദികനുംകൂടിയായിരുന്നു. വളരെ ലളിതമായിരുന്നു, അദ്ദേഹത്തിൻെറ

www.malankaralibrary.com



ജീവിതം. വസ്ത്രങ്ങൾ തന്നെ രണ്ടോ മൂന്നോ മാത്രമേ ഉണ്ടായിരുന്നുള്ളു. അവ പലപ്പോഴും അദ്ദേഹം തന്നെ ത്താനെയാണ് അലക്കിയിരുന്നത്. ഒരു മദ്ധ്യവേനൽ അവധിക്കാലം. കോളജിലെ സജ്ജീകരണങ്ങളുടെ പരിശോധനയ്ക്കു് സർവ്വകലാശാലാക്കമ്മീഷൻ എത്തുന്ന ദിവസം. അന്നു് ഉപയോഗിക്കാനുള്ള കുപ്പായം അതിൻറ തലേരാത്രി സ്വയം നനച്ചു് തേച്ചിട്ടാണ് പിറെറ ദിവസം അദ്ദേഹം ഉപയോഗിച്ചത്. ഒരു സന്യാസവൈദികനെന്ന നിലയിൽ ബനഡിക്ടച്ചനിൽ കണ്ട ദൈവാശ്രയവും മതതീക്ഷ്ണതയും മാതൃകാപരമായ ജീവിതവും വിദ്യാർത്ഥികളുടെ ഇടയിലുള്ള അദ്ദേഹത്തിൻെറ സ്വാധീനത വർദ്ധിപ്പിച്ചിട്ടുണ്ട്. രാവിലെ ക്ലാസ്സാരംഭിക്കുന്നതിനു മുമ്പു് രണ്ടു മിനിട്ടു നേരത്തേയ്ക്കുള്ള മൗനപ്രാർത്ഥന നടപ്പിലാക്കിയതു് ബനഡിക്ടച്ചനാണ്. പ്രാർത്ഥനയ്ക്കു മണിയടിക്കുന്ന സന്ദർഭത്തിൽ എല്ലാ വിദ്യാർത്ഥികളും അദ്ധ്യാപകരും, കോളജ് കാമ്പസിൽ എവിടെയായാലും മൗനം പാലിച്ചു് നിശ്ചലരായി നിന്നു് പ്രാർത്ഥന നടത്തുന്ന പാരമ്പര്യം കോളജിനെ സംബന്ധിച്ചിടത്തോളം പ്രാധാന്യമേറിയ ഒന്നാണ്. അതുപോലെതന്നെ സാന്മാർഗ്ഗികമൂല്യങ്ങൾ വിദ്യാർത്ഥികളിൽ വളർത്തുന്നതിനു് ആഴ്ചയിൽ ഒരു സന്മാർഗ്ഗത്തക്ലാസ്സ് കോളജിൽ അദ്ദേഹം നടപ്പാക്കി.

കത്തോലിക്കാവിദ്യാർത്ഥികളുടെ ആദ്ധ്യാത്മികമായ അഭിവൃദ്ധിയെ ലക്ഷ്യമാക്കി കാതലിക്ക് സ്ററുഡൻറ്സ് യൂണിയൻ (C. S. U.) ബഹുമാനപ്പെട്ട

www.malankaralibrary.com



അച്ചൻ കോളജിൽ സ്ഥാപിക്കുകയും അതിൻെറ ചുമതല ഏറ്റെടുക്കുകയും ചെയ്തു. കോളജിൽനിന്നും പിരിയുന്നതുവരെ ഈ സംഘടനകളുടെ എല്ലാ പ്രവത്തനങ്ങൾക്കും അദ്ദേഹം മാഗ്ഗദർശകനും പ്രോത്സാഹകനും ആയിരുന്നു. ആ പ്രവത്തനങ്ങളിലെല്ലാം അദ്ദേഹം സജീവമായി പങ്കുചേരുകയും ചെയ്തു.

ഇങ്ങനെയുള്ള ചുമതലകളെല്ലാം സ്തുത്യർഹമാം വിധം നിറവേററിക്കൊണ്ടിരുന്നപ്പോൾ സമീപമുള്ള മിഷ്യൻസ്ഥലങ്ങളിൽ വിശുദ്ധകർബാന അർപ്പിക്കുന്നതിനും സഹായസഹകരണങ്ങൾ നല്കുന്നതിനും അദ്ദേഹം അതിവ്യതല്പരനായിരുന്നു. നടന്നും സൈക്കിളിലുമായി നമ്മുടെ കഥാനായകൻ മിഷ്യനിൽ പോകുന്ന കാഴ്ച ഏവർക്കും, പ്രത്യേകിച്ച്, സഹവൈദികക്ക് വലിയ പ്രചോദനം നല്കിയിട്ടുണ്ട്.

ബനഡിക്ടച്ചൻ കോളജിൽ എല്ലാവക്കും എത്ര മാത്രം പ്രിയംകരനായിരുന്നു എന്നുള്ള വസ്തുത പ്രത്യക്ഷത്തിൽ തെളിഞ്ഞതു് അദ്ദേഹത്തെ മെത്രാൻസ്ഥാനത്തേയ്ക്കുയത്തിയ സന്ദർഭത്തിലാണു്. അച്ചൻെറ ഈ ഉന്നത പദലബ്ധിയിൽ ആഹ്ലാദഭരിതരായ വിദ്യാത്ഥികളും അധ്യാപകരും മററു് കോളജ്ജീവനക്കാരും ഏകോപിച്ച് അദ്ദേഹത്തിൻെറ മെത്രാൻസ്ഥാനാരോഹണ ചടങ്ങ് മോടിപിടിപ്പിക്കുവാൻ ശ്രമമാരംഭിച്ചു. ഒരു മെത്രാനുവേണ്ട എല്ലാ സ്ഥാനവസ്ത്രങ്ങളും സ്ഥാനചിഹ്നങ്ങളും വളരെ ഭംഗിയായി നിമ്മിച്ച് അദ്ദേഹത്തിനു സമ്മാനിക്കുവാൻ അവർ നിശ്ചയിച്ചു. ആവശ്യത്തിൽ

www.malankaralibrary.com



ക്കൂടുതലായ ഒരു നല്ല സംഖ്യ അതിവേഗം പിരിഞ്ഞു കിട്ടി. ആ തുകകൊണ്ടു് അദ്ദേഹത്തിനു് സമ്മാനമായി നല്കുവാനുള്ളതെല്ലാം അവർ നല്കുകയും ചെയ്തു. മെത്രാൻ പട്ടാഭിഷേകം കഴിഞ്ഞു് അദ്ദേഹത്തിന്റെ ബഹുമാനാർത്ഥം കോളെജിൽവച്ചു നടത്തിയ ഗാർഡൻ പാർട്ടിയിൽ അദ്ധ്യാപകാദ്ധ്യേതാക്കൾ സ്നേഹിതന്മാർ മുതലായി ആയിരക്കണക്കിനാളുകൾ സംബന്ധിച്ചിരുന്നു എന്നു പറയുമ്പോൾ ആ ചടങ്ങിന്റെ വിപുലതയും അതിന്റെ പുറകിലുള്ള ആത്മാർത്ഥതയും എത്രമാത്രമെന്നു പറയേണ്ടതില്ലല്ലോ.

1951-ൽ ഫാദർ തോമസ് നങ്ങച്ചിവീട്ടിൽ അമേരിക്കയിൽനിന്നു് ഉപരിപഠനംകഴിഞ്ഞു് മടങ്ങിയെത്തി. മാർ ഈവാനിയോസ് തിരുമേനി അദ്ദേഹത്തെ കോളെജിന്റെ പ്രിൻസിപ്പലായി നിയമിച്ചു. പ്രിൻസിപ്പലായിരുന്ന ബനഡിക്ടച്ചൻ വൈസ്പ്രിൻസിപ്പലുമായി. സാധാരണരീതിയിൽ ഒരു തരംതാഴ്ത്തലുപോലെ തോന്നാവുന്ന ഈ സംഭവം നമ്മുടെ കഥാനായകനെ ഒട്ടുംതന്നെ അലട്ടുകയോ വിഷമിപ്പിക്കുകയോ ചെയ്തില്ല. മററാരെങ്കിലുമായിരുന്നു എങ്കിൽ പുറമെ എന്തെങ്കിലും കപടന്യായങ്ങൾ പറഞ്ഞു് ജോലിയിൽനിന്നും മാറാൻ ശ്രമിക്കുമായിരുന്നു. അങ്ങനെയുള്ള സംഭവങ്ങൾ കേരളത്തിലെ കോളെജുകളിൽ ഉണ്ടായിട്ടുമുണ്ടു്. എന്നാൽ ത്യാഗത്തിന്റെ വേദിയിൽ അർപ്പണംചെയ്ത ജീവിതവുമായി മുന്നോട്ടുപോകുന്ന ഒരു സന്യാസിവര്യനു് ലൗകികരീത്യായുള്ള അഭിമാനത്തിന്റെ പ്രശ്നമേയില്ല. മേല

www.malankaralibrary.com



ധികാരിയുടെ ആജ്ഞ അനുസരിക്കുകയാണ് അദ്ദേഹത്തെസംബന്ധിച്ചിടത്തോളം അഭിമാനകരം. പ്രിൻസിപ്പലിന്റെ ഔദ്യോഗിക ചുമതലയിൽനിന്ന് വിട്ടുമാറിയെങ്കിലും നമ്മുടെ കഥാനായകന്റെ പ്രവത്തനരീതികൾക്കോ മററുള്ളവരോടുള്ള പെരുമാററങ്ങൾക്കോ യാതൊരു വ്യത്യാസവും ഉണ്ടായില്ല. അധികാരം കൂടുതൽ സേവനത്തിനുള്ള ഒരു ഉപാധി മാത്രമാണ് കഥാനായകനെ സംബന്ധിച്ചിടത്തോളം അന്നും ഇന്നും. അതാണ് അദ്ദേഹത്തിന്റെ ജീവിതതത്വശാസ്ത്രം. ഹോസ്റ്റൽവാർഡൻ എന്ന നിലയിലും അച്ചൻ സേവനം തുടർന്നു.



www.malankaralibrary.com

## അദ്ധ്യായം ഒൻപതു്

# ഒരു വിദ്യാർത്ഥിയുടെ സ്മരണകൾ

നമ്മുടെ കഥാനായകൻെറ മെത്രാൻപട്ടാഭിഷേക ദിനത്തിൽ 'ദീപിക'യിൽ വന്ന ഒരു ലേഖനമാണു് ഈ അദ്ധ്യായത്തിലുള്ളതു്. 1953 ജനുവരിയിൽ, മാർ ഈവാനിയോസ് കോളജിൽ ബി. എ. സീനിയർ വിദ്യാർത്ഥിയായിരുന്ന ശ്രീ കുര്യാക്കോസ് തെക്കേക്കണ്ടത്തിൽ ആണു് ലേഖനകർത്താവു്. ബനഡിക്ടച്ചൻെറ ഹൃദ്യമായ ഒരു ലഘുചിത്രം നല്കുന്ന പ്രസ്തുത ലേഖനം അതേപടി ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു.

## ഗുരുവിനു് അനുമോദനങ്ങൾ

കഴിഞ്ഞ സ്കൂൾവർഷാരംഭത്തിൽ കോളജ് പ്രവേശനത്തിനായി ഞാൻ മാർ ഈവാനിയോസ് കോളജ് പ്രിൻസിപ്പാളിൻെറ മുറിയിലേക്കു് ആനീതനായി.

www.malankaralibrary.com



എൻെറ പ്രതീക്ഷകൾക്കും, ഉദ്ദേശങ്ങൾക്കുമെതിരായി അവിടെ ഞാൻ കണ്ടതു് കാഷായവസ്ത്രത്തോടും മാറു മറയെ കിടക്കുന്ന താടിമീശയോടും, ഒരു കറുത്ത നൂലിൽ ബന്ധിച്ചിരിക്കുന്ന മരക്കുരിശോടും കൂടിയ ഒരു കൃശ ഗാത്രനെയാണു്. അദ്ദേഹത്തിൻെറ കറുത്തിരുണ്ട താടി മീശകൾക്കിടയിൽ പ്രശോഭിച്ചിരുന്ന വെൺമുത്തുക ളുടെ ദർശനമാത്രയിൽ എൻെറ ഉൽക്കണ്ഠയും ആകാം ക്ഷയും ഓടിഒളിച്ചു. ഞാൻ വന്ദനം പറഞ്ഞു. പ്രതി വന്ദനം ചെയ്തശേഷം ചിരപരിചിതരെപ്പോലെ എന്നോടു് കുശലപ്രശ്നം ചെയ്തു. എൻെറ സർട്ടിഫി ക്കേററുകളെല്ലാം പരിശോധിച്ചശേഷം എന്നെ കോള ജിൽ പ്രവേശിപ്പിച്ചു. ഞാൻ അദ്ദേഹത്തിൻെറ സന്നി ധിയിൽ നിന്നും ഇറങ്ങിപ്പോയശേഷവും എനിക്കു് ആ തേജസ്സമാകർഷമായ പുഞ്ചിരിയും ഒട്ടുംതന്നെ നര ബാധിച്ചിട്ടില്ലാത്ത താടിമീശയും വിസ്മരിക്കുവാൻ കഴി ഞ്ഞില്ല. അങ്ങനെ പ്രഥമദർശനത്തിൽ തന്നെ അങ്കു രിച്ച ബഹുമാനാദരങ്ങളെയും, സ്നേഹത്തെയും കൂടുതൽ ദൃഢതരമാക്കണമെന്ന നിശ്ചയത്തോടുകൂടി ഞാൻ ആദ്യ മായി കോളജിൽ എത്തി. ഏതു ക്ലാസ്സാണു്? എന്താണു് ആദ്യകരണീയം? എന്നെല്ലാം ആലോചിച്ചു് നോട്ടീസ് ബോർഡിൽ നോക്കിനില്ക്കവെ എൻെറ തോളിൽ ആരോ സ്പർശിച്ചതായി തോന്നി. തിരിഞ്ഞുനോക്കിയ പ്പോൾ അതാ, ആ കാഷായവസ്ത്രധാരിയായ കൃശഗാ ത്രൻ പുഞ്ചിരിപ്പൂനിലാവു പൊഴിച്ചുകൊണ്ടു് അവിടെ നില്ക്കുന്നു. ഞാൻ വന്ദനം ചെയ്തു. "എന്താണു വേണ്ടതു്"? ക്ലാസ്സില്ലേ? എന്നെല്ലാം തുരുതുരെ രണ്ടുമൂന്നു ചോദ്യങ്ങൾ.

www.malankaralibrary.com



എൻെറ വിഷമസ്ഥിതി ഞാനറിയിച്ചു. എനിക്കു വേണ്ട നിർദ്ദേശങ്ങൾ നൽകിയ ശേഷം വരാന്തയിലുള്ള വിദ്യാർത്ഥിസമൂഹത്തിൻെറയിടയിൽ ഒരു കൊള്ളിയാൻ പോലെ അദ്ദേഹം മറഞ്ഞുകഴിഞ്ഞു. ഞാൻ ആ 'കാഷായനിറം' ദൂരെ മറയുന്നതുവരെ കണ്ണിമയ്ക്കാതെ നോക്കിക്കൊണ്ടുനിന്നു, സാമാന്യമര്യാദ അനുസരിച്ച് ഒരു 'ഉപകാരം' പറഞ്ഞില്ലല്ലോ എന്നോർത്തു കുണ്ഠിതപ്പെട്ടുകൊണ്ട്.

ഞാൻ ക്ലാസ്സിൽ കയറി ഇരുന്നു. എല്ലാം അപരിചിതമായ ചുററുപാടുകൾ. ഞങ്ങൾക്ക് വിഷയവിവരപ്പട്ടിക തന്നു. പ്രിൻസിപ്പാളിൻെറ ക്ലാസ്സ് ഞങ്ങൾക്കുണ്ടോ എന്ന് ഞാൻ അന്വേഷിച്ചു. എൻെറ ക്ലാസ്സിൽ ഉണ്ടായിരുന്ന എല്ലാവരും തന്നെ അക്കാര്യത്തിൽ എന്നെപ്പോലെ അജ്ഞരായിരുന്നു. ആദ്യത്തെ ക്ലാസ്സിൽ അദ്ദേഹം വന്നില്ല. മൂന്നാമത്തെ ദിവസം നാലാമത്തെ പിരീയഡിൽ, എല്ലാവരും മൃഷ്ടാന്നമായ ഉച്ചയൂണിനു ശേഷം മന്ദോന്മേഷാരായി മേശപ്പുറത്ത് തലയും ചാച്ച് അർദ്ധനിമീലിതാക്ഷികളോടുകൂടി ഇരിക്കുന്ന സമയത്ത്, അതാ വരുന്നു ആ കാഷായവസ്ത്രധാരി! ഉറക്കംപൂണ്ടിരുന്നവരെല്ലാം ഞെട്ടി എണീററു. സ്റ്റേജിൽ ചാടിക്കയറി സഹജമായ പുഞ്ചിരിയോടുകൂടി ഞങ്ങളുടെയെല്ലാം പേരു്, ജന്മദേശം, ഇത്യാദി ചോദിച്ചു. അടുത്ത പരിപാടിയായി അദ്ധ്യാപനത്തിലേക്കു കടന്നു. അക്കൊല്ലം ഞങ്ങൾക്ക് പ്രിൻസിപ്പലിൻെറ വകയായി എത്തിക്സ് (Ethics) ക്ലാസ്സുമാത്രമേ ഉണ്ടായിരുന്നുള്ളൂ.

www.malankaralibrary.com



ദൈവത്തിൻെറ അസ്തിത്വം, ദൈവികലക്ഷണങ്ങൾ, ഇവയെപ്പററി പ്രതിപാദിക്കുമ്പോഴുള്ള വാചാലത വേറൊരിക്കലും അദ്ദേഹത്തിൽ പ്രത്യക്ഷപ്പെട്ടിരുന്നില്ല. ലളിതമായി, മധുരമായി, സ്ഫുടമായി, വാചാലതയോടുകൂടിയുള്ള ആ ഇംഗ്ലീഷ്പ്രഭാഷണങ്ങൾ ഏതു തിരുമണ്ടനും ഗ്രഹിക്കത്തക്കതായിരുന്നു. പുതുവാക്കുകളെന്തെങ്കിലും വന്നാലുടൻ അതു ബോർഡിലെഴുതി, അതിൻെറ ഉത്ഭവം, അർത്ഥം, പ്രയോഗവിശേഷം, എന്നിവയെല്ലാം മനസ്സിലാക്കീട്ടല്ലാതെ കടന്നുപോകാറില്ല. ഇക്കൊല്ലം ഞങ്ങൾക്ക് അദ്ദേഹം ധനതത്വശാസ്ത്രവുമെടുത്തുതുടങ്ങി. ഏററവും ശ്രമകരമായ ഭാഗങ്ങൾ പോലും വളരെ ലളിതമായ ഭാഷയിൽ, സുകരമായ വിധത്തിൽ, പ്രതിപാദിച്ചു മനസ്സിലാക്കുന്നതിലത്രേ അദ്ദേഹത്തിൻെറ അസാമാന്യപാടവം അടങ്ങിയിരിക്കുന്നതു്. ക്ലാസ്സിൽ വന്നാലുടൻ പഴയ പാഠങ്ങളിലേക്കു് ഒരു തിരിഞ്ഞുനോട്ടം നടത്തും. ഉത്തരം പറയാത്തവക്കു് വീണ്ടും ആ ഭാഗം വിവരിച്ചുകൊടുക്കും. ഒരു ദിവസം എത്ര മണിക്കൂറുകൾ പഠിപ്പിക്കുന്നതിനും അദ്ദേഹത്തിനു് ക്ലേശമില്ല. ഏതെങ്കിലും ഒരു ക്ലാസ്സിൽ അധ്യാപകൻ വന്നില്ലെങ്കിൽ കതകിനിടയിൽക്കൂടി പുഞ്ചിരിക്കുന്ന താടിമീശാലംകൃതമായ ഒരു മുഖം പ്രത്യക്ഷപ്പെടും. അപ്പോഴപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളുടെ ഒരു ശരിയായ വിശകലനം ക്ലാസ്സിൽ നടത്തും. ഒരു മാതൃകാദ്ധ്യാപകനെന്ന നിലയിൽ മാത്രമല്ല, നയശാലിയായ ഒരു ഭരണകത്താവു് എന്ന നിലയിലും അദ്ദേഹത്തിൻെറ നേട്ടങ്ങൾ നിരവധിയാണു്.

www.malankaralibrary.com



ക്ലാസ്സു വിട്ടാൽ എവിടെയും അദ്ദേഹത്തിൻെറ പുഞ്ചിരി ക്കുന്ന മുഖം കാണാം. ഞങ്ങളുടെ ഓരോ പ്രവർത്തനങ്ങ ളെയും, അദ്ദേഹത്തിൻെറ സൂക്ഷ്മതയുള്ള കണ്ണുകൾ പിന്തു ടരുന്നുണ്ട്. കൂട്ടംകൂടി നിന്ന് പല പദ്ധതികളും സംഘ ടിപ്പിക്കുമ്പോൾ മിക്കപ്പോഴും ചെറിയ രണ്ടു വിരലുകൾ ഞങ്ങളുടെ ദേഹത്തു സ്പർശിക്കും. ഞങ്ങളുടെയിടയിൽ കൂടി വൈസ്പ്രിൻസിപ്പൽ നടക്കുകയാണ്. അദ്ദേഹം തിരിഞ്ഞുനോക്കാറില്ല. പക്ഷേ, ആ കണ്ണുകൾ ഞങ്ങ ളുടെ പ്രവർത്തനങ്ങളെ പൂർണ്ണമായും അതിനിടയിൽ മന സ്സിലാക്കിക്കഴിഞ്ഞിരിക്കും. വിദ്യാർത്ഥികൾക്കിടയിൽ കൂടി വളഞ്ഞും തിരിഞ്ഞും ഉള്ള ആ ഓട്ടം കണ്ടാൽ തോന്നും എന്തോ കാര്യവ്യഗ്രതയോടുകൂടി പായുകയാ ണെന്ന്. എന്നാൽ അങ്ങനെയല്ല. അദ്ദേഹത്തിന് സാവധാനത്തിൽ ഇഴഞ്ഞിഴഞ്ഞു നടക്കുവാനറിഞ്ഞു കൂടാ. അതാണ് അതിനു കാരണം.

അദ്ദേഹത്തെ ഇതിനെല്ലാമുപരിയായി വിദ്യാർത്ഥി സമൂഹത്തിന് പ്രിയംകരനാക്കിത്തീർത്തു, അദ്ദേഹ ത്തിൻെറ കളികളിലുള്ള താല്പര്യമാണ്. എല്ലാ ദിവ സവും വിദ്യാർത്ഥികളോടൊന്നിച്ചു കളിക്കുന്നതു് അദ്ദേ ഹത്തിൻെറ ഒരു ദിനചര്യയാണ്. ഹോസ്റ്റലിലെ മുറി കളുടെ മൂലകളിൽ പാരായണാസക്തരായി സായാഹ്ന സമയം മുഴുവനും ചിലവഴിക്കുന്ന ഒരുത്തനേയും അദ്ദേഹം വെറുതെവിടുകയില്ല. അവരെ മുറിയിൽനിന്നും വലി ച്ചിറക്കി ഓടിക്കുന്നതു് പുത്തരിയല്ല. അവരോടുന്നതു് നോക്കിനിൽക്കുകയല്ല ആ ശിഷ്യവത്സലൻ ചെയ്യുന്നതു്.

www.malankaralibrary.com



അരയിലെ ബൽറെറടുത്തു ചുററിക്കെട്ടി, താടിമീശ കൈലേസിട്ടു് കഴുത്തോടുചേർത്തുകെട്ടി, എല്ലാവരുടേയും മുമ്പിൽ ഓടുന്ന ആ ഓട്ടം കണ്ടിട്ടുള്ള ആരേയും ചിരിച്ചു വീർപ്പുമുട്ടിക്കും. ഓരോക്കൂട്ടം വിദ്യാർത്ഥികളേയുംകൊണ്ടു് ദേശപര്യടനത്തിനു് പോകുന്നതു് അദ്ദേഹത്തിനു് വളരെ സന്തോഷമുള്ള കാര്യമാണു്. നിർദ്ദിഷ്ടസ്ഥലത്തു ചെന്നാൽ അവിടെവെച്ചു് പ്രസംഗമത്സരമായി, സംഗീതമത്സരമായി, പ്രഥമഗണനീയർക്കു സമ്മാനദാനമായി. ഏകദേശം മൂന്നാഴ്ചയ്ക്കുമുമ്പു് ഒരുക്കൂട്ടം വിദ്യാർത്ഥികളുമായി അദ്ദേഹം കോവളത്തു പോയി. ആദ്യം കടലിൽ ചാടി നീന്തിത്തുടങ്ങിയതു് ഫ: ബനഡിക്ടാണു്. ഏകദേശം ഒരുഫർലോംഗു് ദൂരെ പോയി നിന്നിട്ടു് അതിനപ്പുറം ആരും പോകരുതെന്നു് ആ സ്നേഹസമ്പന്നൻ ആജ്ഞയുംനൽകി. പര്യടനം കഴിഞ്ഞു് തിരിച്ചുവന്നവർ ഇതുപോലൊരു സന്തോഷപ്രദമായ യാത്ര ഇതിനു മുമ്പൊരിക്കലും നടന്നിട്ടില്ല എന്ന അഭിപ്രായക്കാരായിരുന്നു. ഇതെഴുതുമ്പോൾ എൻെറ ചിന്താമണ്ഡലത്തിൽ ഉയർന്നുവരുന്ന ചിത്രം അദ്ധ്യാപകന്മാരും വിദ്യാർത്ഥികളുമായി അടുത്തുനടന്ന ഒരു ബാസ്കറ്റ്ബോൾ മാച്ചിൽ കളിച്ചു ക്ഷീണിച്ചു് പന്തിൻെറ മുകളിൽ ആസനസ്ഥനായി ക്ഷീണമകററുന്ന ആ കായകവിനോദപ്രിയൻേറതാണു്. ഒരു ടൂർണ്ണമെൻറുണ്ടെങ്കിൽ കളിസ്ഥലത്തിനോടേററവുമടുത്ത ഒരു സ്ഥാനത്തു് കൈയും കെട്ടി തലയും കുലുക്കി ചിരിച്ചുകൊണ്ടിരിക്കുന്ന ഒരു കാഷായവസ്ത്രധാരിയെ കാണാം. ഫാദർ ബനഡിക്ടു് തിരുവനന്തപുരം അതിരൂപതയുടെ സഹായമെത്രാനായി തിര

www.malankaralibrary.com



ഞ്ഞെട്ടപ്പെട്ട വിവരം അറിഞ്ഞ ഒരു അക്രൈസ്തവ മാന്യൻ ചോദിച്ചതു് "എല്ലാ ടൂർണ്ണമെൻറിനും യൂണിവേഴ്സിററി സ്റ്റേഡിയത്തിൽ കാണുന്ന ആ കാഷായ വസ്ത്രംധരിച്ച താടിക്കാരനല്ലേ?" എന്നാണു്.

ഇങ്ങനെ മാനസികവും ശാരീരികവുമായ സംഗതികളിൽ മാത്രമല്ല അദ്ദേഹത്തിൻെറ ശ്രദ്ധ പതിഞ്ഞിരുന്നതു്. അതിലുപരിയായി ആധ്യാത്മികകാര്യങ്ങളിൽ അദ്ദേഹം ശ്രദ്ധ പതിച്ചിരുന്നു. സി എസ്. യു. (Catholic Students Union) വിൻെറ എല്ലാ സമ്മേളനങ്ങളിലും അദ്ദേഹം സന്നിഹിതനായിരിക്കും. എന്തു ഭക്തകൃത്യമുണ്ടോ അതിലെല്ലാം അദ്ദേഹം എല്ലാവരുടേയും മുമ്പിൽ മുട്ടിന്മേൽ നില്ക്കുന്നതു കാണാം. മാർ ഈവാനിയോസ് കോളജിൽ നിന്നു് അടുത്തകാലത്തു് ഒരു പരിഹാരപ്രദക്ഷിണത്തിൻെറ ഏററവും മുൻപിൽ കുരിശിനു പുറകിലായി, ജപമാലയും കയ്യിലേന്തി മററെല്ലാവർക്കും നേതൃത്വവും പ്രചോദനവും നൽകിയതു് ഫാദർ ബനഡിക്ട് തന്നെയാണു്. ഭക്തകൃത്യങ്ങൾക്കിടക്കു് എന്തെങ്കിലും ക്രമക്കേടു് കണ്ടാലതാണദ്ദേഹത്തെ ഏററവും ദേഷ്യപ്പെടുത്തുന്ന സംഭവം. ചന്ദ്രസമാനമായ ആ മുഖം അനുക്ഷണം കാർമ്മേഘാവൃതമാകും. അദ്ദേഹത്തിൻെറ ശിശുസമാനമായ പ്രകൃതിയുടെ ബഹിർസ്ഫുരണമാണു് സന്തോഷഘട്ടങ്ങളിലുള്ള അദ്ദേഹത്തിൻെറ പൊട്ടിച്ചിരിയും, അല്പം സങ്കടത്തിനിടയായാലുള്ള കണ്ണുനീരും. മാർ ഈവാനിയോസ് തിരുമേനി ആലസ്യത്തിലായിരുന്നപ്പോൾ ഫാദർ ബനഡിക്ട് എല്ലാ ദിവസവും വിദ്യാർത്ഥികളോടൊത്തു് തിരുമേനി

www.malankaralibrary.com



ക്കവേണ്ടി നിറഞ്ഞ കണ്ണുകളോടുകൂടി ഗദ്ഗദസ്വരത്തിൽ നടത്തിയിരുന്ന പ്രാത്ഥന ഏതു കഠിനഹൃദയൻെറയും കരളലിയിക്കുവാൻ പോരുന്നതായിരുന്നു. ലളിതജീവിതം അദ്ദേഹത്തിൻെറ ഒരു പ്രത്യേകതയാണു്. രാത്രിയിൽ കൂടിയാൽ നാലു മണിക്കൂർ ഉറങ്ങും. അതിരാവിലെ എണീററു് പ്രഭാതചര്യകൾ കഴിച്ചു് ദിവ്യബലി അപ്പിക്കുന്ന സമയത്തുള്ള അദ്ദേഹത്തിൻെറ സംഗീതങ്ങൾ (മലയാളത്തിലുള്ളവ) ഹൃദയാവജ്ജകവും ഭക്തിദ്യോതകവുമാണു്. ദിവ്യബലിയും, വിദ്യാത്ഥികളോടുകൂടിയുള്ള പ്രാത്ഥനയും കഴിഞ്ഞു് സ്വന്തം മുറിയിലേക്കു പോകും. വിദ്യാത്ഥികളുടെ രാവിലത്തെ ലഘുഭക്ഷണസമയത്തു് അദ്ദേഹം എല്ലാ ഭക്ഷണശാലകളും സന്ദർശിക്കുന്നു. എല്ലായിടത്തും ഓരോ "തമാശയടിച്ചു്" അങ്ങു കടന്നുപോകും. ക്ലാസ്സുസമയമാകുമ്പോഴേക്കും ഒരുകെട്ടുപുസ്തകങ്ങളും, മാസികകളും പേറിക്കൊണ്ടു് കോളജിലെത്തുന്നു. നാലു മണിവരെ പ്രത്യേകാവശ്യമൊന്നുമില്ലെങ്കിൽ കോളേജിൽ തന്നെ കഴിക്കും. വൈകുന്നേരം, കളി, കളിയെല്ലാം കഴിഞ്ഞാൽ ഹോസ്റ്റലിലെ ഓരോ മുറിയും കയറിഇറങ്ങും. സന്ധ്യഭക്ഷണം, സമൂഹപ്രാത്ഥന എന്നിവയ്ക്കുശേഷം പുസ്തകപാരായണത്തിലേർപ്പെടുന്നു. രാത്രിയിൽ ആരെങ്കിലും എപ്പോഴെങ്കിലും മുറിയിൽ നിന്നു പുറത്തിറങ്ങിയാൽ ബനഡിക്ടച്ചനെ കണ്ടുമുട്ടാതിരിക്കുകയില്ല. ഹോസ്റ്റൽ നിവാസികളിൽ പലരും പറയുന്നതു് അദ്ദേഹം ഉറങ്ങുന്നതു് എപ്പോഴാണെന്നറിഞ്ഞുകൂടാ എന്നാണു്.

മാതൃകാധ്യാപകൻ, ശിഷ്യവത്സലൻ, കായികവിനോദകൻ, തമാശക്കാരൻ ഈ വിധത്തിലെല്ലാം

www.malankaralibrary.com



വിദ്യാത്ഥികളുടെ കണ്ണിലുണ്ണിയായിത്തീർന്ന ഫാദർ ബനഡിക്ടിനെ സഹായമെത്രാനായി തിരഞ്ഞെടുത്ത വിവരം അറിഞ്ഞപ്പോൾ ഞങ്ങൾക്ക് സങ്കടമാണോ, സന്തോഷമാണോ അധികമുണ്ടായതു് എന്നു പറയുവാൻ പ്രയാസം. തീർച്ചയായും അദ്ദേഹത്തിൻെറ സ്ഥാനലബ്ധിയിൽ ഞങ്ങൾ അതിയായി സന്തോഷിച്ചു. എന്നാൽ ആ സന്തോഷത്തിലും ഒരു വിഷാദച്ഛായ കലർന്നിരുന്നു. ഞങ്ങളോടുകൂടി, ഞങ്ങൾക്കുവേണ്ടി ജീവിച്ച ബനഡിക്ടച്ചനെ വിട്ടുപിരിയുവാൻ ആർക്കു തന്നെ മനസ്സുണ്ടാകും? ഞങ്ങളിലാരെങ്കിലുമൊരാൾ ശയ്യാവലംബിയായിത്തീരുന്ന അവസരത്തിലുള്ള അദ്ദേഹത്തിൻെറ സ്നേഹാന്വേഷണവും പരിചരണവും ഞങ്ങൾക്കിനിയും ക്ഷിപ്രസാദ്ധ്യമല്ലല്ലോ എന്നോത്തപ്പോൾ പല വിദ്യാത്ഥികളും മ്ലാനവദനരായിച്ചമഞ്ഞു. വാനം പാടിയെപ്പോലെ കോളജിലും, ഹോസ്റ്റലിലും, കളിസ്ഥലത്തും എന്നുവേണ്ട വിദ്യാത്ഥികൾ സമ്മേളിക്കുന്ന സ്ഥലങ്ങളിലെല്ലാം സ്വച്ഛന്ദം പാടിപ്പറന്നു നടന്നിരുന്ന അദ്ദേഹത്തിനു് കൂട്ടിലടയ്ക്കപ്പെട്ടാലെന്നപോലെ കുറേക്കാലത്തേക്കു് അരസികത തോന്നാതിരിക്കയില്ല. എന്നാൽ, ആ ഗൗരവമേറിയ സ്ഥാനത്തും അദ്ദേഹം കത്തവ്യനിരതനായി "ആട്ടിൻപററത്തിൻെറ" ശരിയായ പാലനത്തിൽ വിജയശ്രീലാളിതനാകുമെന്നു് ഞങ്ങൾക്കറിയാം. അതിനായി ജഗദീശ്വരൻെറ അനുഗ്രഹം അദ്ദേഹത്തിൻെറ മേൽ അനവരതം വർഷിക്കപ്പെടട്ടെ എന്നു് ഞങ്ങൾ അകൈതവമായി പ്രാത്ഥിക്കുന്നു. ഞങ്ങളുടെ പ്രിയഗുരുനാഥൻെറ ഈ സ്ഥാനലബ്ധിയിൽ അദ്ദേഹത്തിനു് ഞങ്ങളുടെ ഹൃദയംഗമമായ അനുമോദനങ്ങൾ.

www.malankaralibrary.com

## അദ്ധ്യായം പത്ത്

# മംഗളവാർത്ത

അമേരിക്കൻപര്യടനവും ആസ്ത്രേലിയൻ പര്യടനവും കഴിഞ്ഞു് തിരിച്ചെത്തിയ മാർ ഈവാനിയോസ് തിരുമേനി വീണ്ടും പഴയപോലെ തന്നെ നിരവധി കർമ്മരംഗങ്ങളിൽ മുഴുകി. അദ്ദേഹത്തിൻെറ ആരോഗ്യം ക്രമേണ ക്ഷയിച്ചുകൊണ്ടിരിക്കുകയാണു് എന്നു് ഏററം അടുത്തു് സഹകരിച്ചുകൊണ്ടിരുന്നവർ ഗ്രഹിക്കുവാനിടയായി. ചെറുപ്പകാലം മുതൽ തന്നെ വിശ്രമമില്ലാതെ അത്യദ്ധ്വാനം ചെയ്തു് ശീലിച്ചുപോന്ന വ്യക്തിയായിരുന്നതുകൊണ്ടു്, വിശ്രമമില്ലാതെ പ്രവർത്തിക്കുക തിരുമേനിയെ സംബന്ധിച്ചിടത്തോളം ഒരാവശ്യമായിക്കഴിഞ്ഞിരുന്നു. പ്രവർത്തനനിരതമായ ഒരു മനുഷ്യനൈഡനാമോ ആയിരുന്നു അദ്ദേഹമെന്നു് പറയുന്നതാവും ശരി. പക്ഷേ 1952 മേയ് മാസമായപ്പോഴേക്കും അദ്ദേഹം ക്ഷീണഗ്രസ്തനായി. പഴയതുപോലെ തുടർച്ചയായി ജോലി ചെയ്യുക ക്ലേശകരമായി തിരുമേനിക്കനുഭവ


www.malankaralibrary.com



പ്പെട്ടു. കൂടെക്കൂടെ തളർച്ചയും ക്ഷീണവുമായി അദ്ദേഹത്തിന് കഴിയേണ്ടിവന്നു. ഭക്ഷണത്തിനു രുചിയില്ലാതായി. തിരുവനന്തപുരത്ത് സുപ്രസിദ്ധരായിരുന്ന ഭിഷഗ്വരന്മാർക്ക് രോഗകാരണം കൃത്യമായി കണ്ടുപിടിക്കുക സാദ്ധ്യമല്ലാതെവന്നു. കൂടുതൽ വിദഗ്ദ്ധമായ പരിശോധനയ്ക്കും ചികിത്സയ്ക്കുമായി മദ്രാസിൽ ഡോക്ടർ പണ്ടാലയുടെ ആശുപത്രിയിൽ പ്രവേശിക്കുവാൻ തിരുമേനി തീരുമാനിച്ചു.

1952 ജൂലൈ ആദ്യവാരത്തിൽ മാർ ഈവാനിയോസ് തിരുമേനി മദ്രാസിലേക്ക് ചികിത്സാർത്ഥം കാറിൽ യാത്ര തിരിച്ചു. ജൂലൈ 7–ാം തീയതി തിരുമേനി ഉദരത്തിൽ ഒരു ശസ്ത്രക്രിയയ്ക്ക് വിധേയനായി. 16 ഡോക്ടറന്മാർ ചേർന്ന ഒരു ടീമാണ് ശസ്ത്രക്രിയ നടത്തിയത്. ശസ്ത്രക്രിയയുടെ ഫലമായി രോഗനിർണ്ണയം ചെയ്യുവാൻ അവർക്കു കഴിഞ്ഞു. കരളിന്റെ മുകൾഭാഗം മുഴുവൻ ചെറിയ ചെറിയ കുരുക്കൾ ഉണ്ടായതാണ് രോഗകാരണം. പക്ഷേ കരളിൽ ഒരു ശസ്ത്രക്രിയ നടത്തുവാൻ അവർ ധൈര്യപ്പെട്ടില്ല. മദ്രാസിലെ ചികിത്സയ്ക്കുശേഷം അദ്ദേഹം ബാംഗ്ലൂർ സെന്റ് മാത്താസ് ആശുപത്രിയിൽ ഏതാനും ദിവസങ്ങൾ കഴിച്ചു. അതിനുശേഷം തിരുമേനി കാറിൽത്തന്നെ നാട്ടിലേയ്ക്കു തിരിച്ചു. നാലാഞ്ചിറ ബഥനിആശ്രമത്തിൽ അദ്ദേഹം താമസമാക്കി. നമ്മുടെ കഥാനായകൻ എല്ലാ ദിവസവും അഭിവന്ദ്യതിരുമേനിയെക്കണ്ടു് സംസാരിക്കുമായിരുന്നു. തിരുമേനിയുടെ രോഗം ഫാദർ ബനഡിക്ടിന്റെ മന

www.malankaralibrary.com



നിയുക്തമെത്രാൻ



മെത്രാൻ സ്ഥാനാഭിഷേകത്തിനു മുൻപു്.

www.malankaralibrary.com



സ്സിനെ അഗാധമായി സ്പർശിച്ചു. മാർ ഈവാനിയോസ് തിരുമേനിയുമായി അടുത്തു പരിചയപ്പെട്ട നാൾ മുതൽ പുത്രസഹജവും തീവ്രവുമായ സ്നേഹവികാരങ്ങളാണു് നമ്മുടെ കഥാനായകനു് ആ അഭിവന്ദ്യതാതനോടുണ്ടായിരുന്നതു്.

ബഥനിആശ്രമത്തിൽ വെച്ചു് മാർ ഈവാനിയോസ് തിരുമേനിക്ക നടത്തിയ കന്തീലാശുശ്രൂഷയിൽ നിറഞ്ഞ കണ്ണുകളോടുകൂടി ഫാദർ ബനഡിക്റ്റ് പങ്കെടുത്തു. കുറെ നാൾ കഴിഞ്ഞു് മാർ ഈവാനിയോസ് തിരുമേനി പട്ടം അരമനയിലേക്ക് താമസം മാററി. അപ്പോഴും മിക്ക ദിവസങ്ങളിലും ബനഡിക്ടച്ചൻ വൈകുന്നേരം അരമനയിലെത്തുകയും അഭിവന്ദ്യതിരുമേനിയുടെ രോഗവിവരങ്ങൾ ആരായുകയും ചെയ്തുപോന്നു. രോഗത്തിനു് കുറെ ശമനമുണ്ടായി അല്പസ്വല്പമൊക്കെ പരസഹായത്തോടെ നടക്കാമെന്നായപ്പോൾ തിരുമേനി പല ദിവസങ്ങളിലും മാർ ഈവാനിയോസ് കോളജിലേക്ക് കാറിൽ പോകും. ബനഡിക്ടച്ചൻ വാർഡനായിരുന്ന ഹോസ്റ്റലിൻെറ മുമ്പാകെ കാറു് എത്തും. അവിടെ കാറിൽ നിന്നിറങ്ങി മുററത്തു് സജ്ജമാക്കിയ ഒരു ചാരുകസേരയിൽ കിടന്നു് അദ്ദേഹം വിശ്രമിക്കും. മനംകവരുന്ന പ്രകൃതിഭംഗി ആസ്വദിച്ചും കുളിർകാറേററുംകൊണ്ടുള്ള ആ വിശ്രമവേളകളിൽ തിരുമേനിയുടെ സമീപെ, നമ്മുടെ കഥാനായകൻ ഉണ്ടായിരിക്കും. പല കാര്യങ്ങളെക്കുറിച്ചും അവർ തമ്മിൽ അപ്പോൾ സംഭാഷണം നടത്തും.

www.malankaralibrary.com



1952 ഒക്ടോബർ മാസത്തിൽ മാർ ഈവാനിയോസ് തിരുമേനിയുടെ രോഗം അല്പംകൂടി. ആ മാസത്തിൽ രണ്ടു പ്രാവശ്യം അദ്ദേഹത്തിന് രക്തം നല്കുകയുണ്ടായി. തിരുമേനിയുടെ രോഗനില നമ്മുടെ കഥാനായകന് മനോവേദന ഉളവാക്കി. ഹോസ്റ്റൽ ചാപ്പലിൽ എന്നും തിരുമേനിയുടെ ആയുരാരോഗ്യങ്ങൾക്കു വേണ്ടി ബനഡിക്ടച്ചൻ ശോകാകുലമായ സ്വരത്തിൽ ഗദ്ഗദകണ്ഠനായി വിദ്യാർത്ഥികളോടൊത്ത് പരസ്യപ്രാർത്ഥന കഴിക്കുമായിരുന്നു. അതുപോരാ, തിരുമേനിയുടെ രോഗശമനത്തിനുവേണ്ടി തിരുവന്തപുരം പട്ടണത്തിലെ എല്ലാ കത്തോലിക്കാദൈവാലയങ്ങളിലേക്കും ഒരു പരിഹാരപദയാത്ര തന്നെ നടത്തണമെന്ന് കഥാനായകനു തോന്നി. അതനുസരിച്ച് അദ്ദേഹം കുറെ വിദ്യാർത്ഥികളോടൊന്നിച്ച് നഗ്നപാദനായി നാലാഞ്ചിറ നിന്നും ജപമാല പ്രാർത്ഥന ചൊല്ലിക്കൊണ്ട് നഗരത്തിലെ എല്ലാ ദൈവാലയങ്ങളും സന്ദർശിച്ച് പ്രാർത്ഥന നടത്തി. പട്ടം ദൈവലയത്തിൽ അന്ന് ഈ തീർത്ഥാടകരെ സ്വീകരിച്ചത് ഈ ഗ്രന്ഥകാരനാണ്.

രോഗഗ്രസ്തനായ കാലം മുതൽ ഒരു സഹായമെത്രാനുണ്ടാകേണ്ടതിനെക്കുറിച്ച് മാർ ഈവാനിയോസ് തിരുമേനി ചിന്തിച്ചുതുടങ്ങിക്കാണുമെന്ന് വിശ്വസിക്കാം. കാരണം അദ്ദേഹം വളരെ ദീർഘദൃഷ്ടിയുള്ള വ്യക്തിയായിരുന്നു. സിറോമലങ്കരറീത്തിന്റെയും തിരുവനന്തപുരം അതിരൂപതയുടെയും പുനരൈക്യപ്രസ്ഥാനത്തിന്റെയും ഭാവി, പക്വമതിയും, ആദർശനിഷ്ഠയും

www.malankaralibrary.com



ജീവിതവിശുദ്ധിയും കാര്യപ്രാപ്തിയും ഒത്തിണങ്ങിയ ഒരു വൈദികമേലദ്ധ്യക്ഷൻെറ സ്ഥാനാരോഹണത്തെ ക്കൂടി ആശ്രയിച്ചാണിരിക്കുന്നതെന്നു് അദ്ദേഹത്തിനു് അറിയാമായിരുന്നെന്നു തീച്ച. തൻെറ കാലത്തുതന്നെ ഒരു പുതിയ മെത്രാൻകൂടി ഉണ്ടാകുവാൻ അതിനാൽ അദ്ദേഹം ആഗ്രഹിച്ചു. എതൽക്കാര്യസാദ്ധ്യത്തിനു വേണ്ടി, ചികിത്സ ആരംഭിക്കുന്നതിനു മുൻപുതന്നെ, ഇൻഡ്യയിലെ ഡലഗാദ് അപ്പസ്തോലിക്കാ മുഖേന റോമി ലേക്കു് അദ്ദേഹം അപേക്ഷ സമർപ്പിച്ചുകഴിഞ്ഞിരുന്നു.

1952 നവംബർ മാസത്തിലെ മൂന്നാമത്തെ ആഴ്ച യിലൊരു ദിവസം ബനഡിക്ടച്ചൻ പതിവുപോലെ മാർ ഈവാനിയോസ് കോളജിൽ ക്ലാസ്സെടുത്തുകൊണ്ടി രിക്കുന്ന വേള. പട്ടം ആർച്ചുബിഷപ്സ് ഹൗസിൽ നിന്നും ഒരു പ്രത്യേകദൂതൻ അച്ചനെ കാണാൻ ക്ലാസ്സിനു പുറത്തു നില്ക്കുന്നു. അച്ചൻ ആ സന്ദർശകൻെറ പക്ക ലേക്കു് ഇറങ്ങിച്ചെല്ലുന്നു. ഭംഗിയായി ഒട്ടിച്ച ഒരു കവർ അച്ചനെ ഏല്പിച്ചിട്ടു് ആ ആൾ സ്ഥലം വിടുന്നു. അന്നു അരമനയിലുണ്ടായിരുന്ന മാർ സേവറിയോസ് തിരുമേനിയുടെ ആ കത്തു് അച്ചൻ ശ്രദ്ധാപൂർവ്വം വായി ക്കുന്നു. ക്ലാസ്സുകൾ കഴിഞ്ഞു് നാലുമണിക്കു് അരമനയി ലെത്തണമെന്നു കാണിച്ചുള്ള ആ കത്തു് വായിച്ചു പോക്ക റ്റിലിട്ടശേഷം ക്ലാസ്സിൽ കയറി കഥാനായകൻ അദ്ധ്യാ പനം തുടരുന്നു.

എന്തിനാണു് താൻ അരമനയിലെത്തേണ്ട തെന്നു് അച്ചനറിഞ്ഞുകൂടാ. തൻെറ ജീവിതത്തിലെ

www.malankaralibrary.com



ഒരു വഴിത്തിരിവിന്റെ നാന്ദിയാണ് പ്രസ്തുത കത്തെന്നുള്ള വിവരവും അദ്ദേഹത്തിനജ്ഞാതമാണ്. അതുകൊണ്ട് ആ കാര്യത്തെക്കുറിച്ച് അദ്ദേഹത്തിന് പ്രത്യേകിച്ചൊരു ചിന്തയും ഉണ്ടാകുന്നില്ല. കോളജിലെ ചുമതലകൾ നിറവേററിക്കൊണ്ട് കഥാനായകൻ നാലുമണി വരെ കലാലയത്തിൽ കഴിയുന്നു. കോളജ് വിട്ടുകഴിഞ്ഞ് സൈക്കിളിൽ അദ്ദേഹം അരമനയിൽ എത്തുന്നു.

മാർ സേവറിയോസ് തിരുമേനി അരമനയുടെ രണ്ടാം നിലയിൽ ഏററം പടിഞ്ഞാറേ മുറിയിലാണെന്നുള്ള വിവരമറിഞ്ഞ് അച്ചൻ മുറിയിലെത്തി തിരുമേനിയുടെ കൈ മുത്തുന്നു. പതിവുള്ള കുശലപ്രശ്നങ്ങൾക്കുശേഷം തിരുമേനി, ബനഡിക്ടച്ചനെ വിവരമറിയിക്കുന്നു: "അച്ചനെ മാർ ഈവാനിയോസ് തിരുമേനിയുടെ സഹായമെത്രാനായി റോമിൽ നിന്നും തെരഞ്ഞെടുത്തിരിക്കുന്നു. ഈ സ്ഥാനം സ്വീകരിക്കുവാൻ സമ്മതമാണെന്നു കാണിച്ച് നൺഷ്യോ തിരുമേനിക്ക് അച്ചൻ ഈ കോഡ് (Code) കമ്പിസന്ദേശമായി അയയ്ക്കണം. ഒന്നു രണ്ടു ദിവസത്തിനകം ഔദ്യോഗികമായ അറിയിപ്പ് ഇവിടെ ലഭിക്കും." ബനഡിക്ടച്ചൻ അല്പനേരത്തേക്കു മൗനമായി നില്ക്കുന്നു. ആ മുഖത്ത് അഗാധമായ ചിന്തകളുടെ വീചികൾ പ്രത്യക്ഷപ്പെടുന്നുണ്ട്. മാർ സേവറിയോസ് തിരുമേനി കഥാനായകന്റെ മറുപടി അറിയുവാൻ ആകാംക്ഷയോടുകൂടി ബനഡിക്ടച്ചനെ തന്നെ സൂക്ഷിച്ചുനോക്കിക്കൊണ്ടിരിക്കുന്നു. ഏതാനും മിനിട്ടുകൾക്കുശേഷം അച്ചൻ പ്രതിവചി

www.malankaralibrary.com



ക്കുന്നു. "എനിക്ക് ചിന്തിക്കാൻ സമയം വേണം. പിന്നീടു മറുപടി അയയ്ക്കാം."

മാർ സേവറിയോസ് തിരുമേനിയുടെ കൈമുത്തി അച്ചൻ കോളജിലേക്കു മടങ്ങി. അദ്ദേഹം പതിവിലേറെ ചിന്താധീനനായി ഏവൎക്കും കാണപ്പെട്ടു. പതിവുപോലെ അദ്ദേഹം സ്വകൃത്യങ്ങളിൽ വ്യാപൃതനായി. പക്ഷേ, ബനഡിക്ടച്ചൻെറ മനസ്സ് കലങ്ങിമറിഞ്ഞുകൊണ്ടിരുന്നു. പ്രാൎത്ഥനയിൽ അദ്ദേഹം അഭയം തേടി. പ്രാൎത്ഥനാപൂൎവ്വം കാര്യങ്ങൾ അദ്ദേഹം വിശകലനം ചെയ്തു. ഒടുവിൽ ഇതു ദൈവതിരുമനസ്സാണെന്നും അതിനു താൻ കീഴ്‌വഴങ്ങേണ്ടതാണെന്നും അദ്ദേഹത്തിനു ബോധ്യപ്പെട്ടു. മെത്രാൻസ്ഥാനം സ്വീകരിക്കുവാൻ സമ്മതമാണെന്ന് നാലാം ദിവസം കഥാനായകൻ ഇൻറനൺഷ്യോയിക്ക് കോഡുഭാഷയിൽ കമ്പിസന്ദേശമയച്ചു.

നവംബർ 30–ാം തീയതി തിരുവനന്തപുരത്തുള്ള പത്രപ്രതിനിധികൾക്ക് ഈ മംഗളവാൎത്തയുടെ വിവരം ലഭിച്ചു. പരിശുദ്ധസിംഹാസനത്തിൻെറ ഔദ്യോഗികപത്രമെന്നു വിശേഷിപ്പിക്കാവുന്ന 'ഒസ്സർവത്തോരേ റൊമാനോ' യിൽ ഈ വാൎത്ത സ്ഥലംപിടിച്ചുകഴിഞ്ഞിരുന്നു. ഇങ്ങനെയുള്ളൊരു വാൎത്ത ഒളിച്ചുവയ്ക്കുക സാദ്ധ്യമല്ലല്ലോ. റോയിട്ടർ ഈ വാൎത്തയ്ക്കു പ്രചരണം നൽകിക്കഴിഞ്ഞിരുന്നു. നഗരത്തിലും കോളജ് ഹോസ്റ്റലിലും ഈ വാൎത്ത പെട്ടെന്ന് വ്യാപിച്ചു.

കോളജിലും ഹോസ്റ്റലിലും പ്രകടിതമായ സന്തോഷത്തിൻെറ അലചാൎത്തുകൾ ചിത്രീകരിക്കുവാൻ ഈ

www.malankaralibrary.com



ലേഖിതാവിൻെറ തൂലിക അശക്തമാണ്. വൈദികരും വിദ്യാർത്ഥികളും അഭ്യുദയകാംക്ഷികളുമെല്ലാം അഭിനവ തിരുമേനിയെ കണ്ടു് കൈമുത്തി ആശംസകളർപ്പിക്കു വാൻ അഹമഹമികയാ എത്തിത്തുടങ്ങി. തങ്ങളെ ഹൃദയംഗമായി സ്നേഹിച്ചു് തങ്ങളുടെ സർവ്വവിധ അഭി വൃദ്ധികളിലും എപ്പോഴും ശ്രദ്ധയുണ്ടായിരുന്ന അഭിവന്ദ്യ ഗുരുഭൂതനും പിതാവും സ്നേഹിതനും എല്ലാമായിരുന്ന ബനഡിക്ടച്ചൻെറ ഈ ഉയർച്ചയെക്കുറിച്ചു് വിദ്യാർത്ഥി കളെല്ലാം സന്തോഷിച്ചെങ്കിലും, അതേസമയം തന്നെ അദ്ദേഹത്തിൻെറ വിശിഷ്ടസേവനം ഇനി തങ്ങൾക്ക് ലഭിക്കയില്ലല്ലോ എന്നു് ഓർത്തപ്പോൾ അവർക്ക് സ്വാഭാ വികമായിത്തന്നെ സങ്കടവും ഉണ്ടായി. ഇങ്ങനെ സമ്മി ശ്രവികാരങ്ങളോടുകൂടിയാണ് അവർ അഭിനവതിരു മേനിക്ക് ആശംസകളർപ്പിച്ചതു്.

ഡിസംബർ 1-ാം തീയതിയിലെ മലയാളപത്രങ്ങ ളെല്ലാം തന്നെ ഈ മംഗളവാർത്തയുംകൊണ്ടാണ് പുറത്തു വന്നതു്. ബനഡിക്ടച്ചൻെറ ഒരു ലഘുവായ ജീവിത ചരിത്രത്തോടും ബ്ലോക്കോടുംകൂടി ദീപിക പ്രസ്തുതവാർത്ത ഇപ്രകാരം റിപ്പോർട്ടു ചെയ്തു:-

"മാർ ഈവാനിയോസ് കോളജിൻെറ ഇപ്പോ ഴത്തെ വൈസ് പ്രിൻസിപ്പലും ഹോസ്റ്റൽ വാർഡനു മായ റവ. ഫാദർ ബനഡിക്ട് ഒ. ഐ. സി. എം. എ. എൽ. പിച്ചു്. എൽ. ഡി. അവർകളെ അൻറാർഡോ സിലെ സ്ഥാനികമെത്രാപ്പോലീത്താ ആയും തിരുവന ന്തപുരം അതിരൂപതയുടെ സഹായമെത്രാപ്പോലീത്തായു

www.malankaralibrary.com



മായി പരിശുദ്ധ സിംഹാസനത്തിൽ നിന്നു് നിയമി ച്ചിരിക്കുന്നതായി ഒസ്സർവത്തോരേ റൊമാനോ പത്ര ത്തിൽ പ്രസിദ്ധീകൃതമായിരിക്കുന്ന വിവരം ഇവിടെ അറിവു ലഭിച്ചിരിക്കുന്നു. ഔദ്യോഗികഅറിയിപ്പു ഒന്നു രണ്ടു ദിവസങ്ങൾക്കിടയിൽ ഇവിടെ ലഭിക്കുമെന്നു് പ്രതീക്ഷിക്കപ്പെടുന്നു. അതു ലഭിച്ചാലുടനെ ഇദ്ദേഹ ത്തിൻെറ വാസം അതിമെത്രാസനഅരമനയിലേക്കു് മാററുന്നതാണു്."

പത്രങ്ങൾ മുഖേന സന്തോഷദായകമായ ഈ വാത്ത മലയാളപത്രങ്ങൾ ചെന്നെത്തുന്ന എല്ലാ സ്ഥല ങ്ങളിലുമെത്തി. തിരുവനന്തപുരം അതിരൂപതയിലും തിരുവല്ലാരൂപതയിലും വൈദികരും ജനങ്ങളും അത്യാ ഹ്ലാദത്തോടെ ഈ വാത്ത സ്വാഗതം ചെയ്തു. എല്ലാ വരും പ്രതീക്ഷിച്ചിരുന്ന കാര്യമായിരുന്നു ഇതു്. "ജന ങ്ങളുടെ സ്വരം ദൈവത്തിൻെറ സ്വരം" (Vox Populi, Vox Dei) എന്ന ആപ്തവാക്യം ഈ സംഭവത്തിൽ അന്വത്ഥമായി.

ബനഡിക്ടച്ചനെ മാർ ഈവാനിയോസ് തിരു മേനിയുടെ സഹായമെത്രാനായി നിയമിച്ചുകൊണ്ടുള്ള ഔദ്യോഗികസന്ദേശം ഒന്നുരണ്ടു ദിവസത്തിനകം പട്ടം അരമനയിലെത്തി. മാർ ഈവാനിയോസ് തിരുമേനി നിയുക്തമെത്രാനെ ഔദ്യോഗികമായി വിവരമറിയിച്ചു. എറണാകുളം ആച്ചുബിഷപ്പായിരുന്ന മാർ അഗസ്റ്റീ നോസ് കണ്ടത്തിൽ തിരുമേനിയെ ഉടനെതന്നെ സന്ദ ശിച്ചു് അഭിവാദനങ്ങൾ അർപ്പിക്കുവാനും മാർ ഈവാ നിയോസ് തിരുമേനി നിയുക്തമെത്രാനു് നിർദ്ദേശം

www.malankaralibrary.com



നൽകി. അതനുസരിച്ച് ബനഡിക്ട് തിരുമേനി എറണാകുളം അതിമെത്രാസന അരമനയിലെത്തി കണ്ടത്തിൽ തിരുമേനിയെ സന്ദർശിച്ചു. വളരെയധികം സന്തോഷപൂർവ്വകവും സ്നേഹമസൃണവുമായ ഒരു സ്വീകരണമാണ് നമ്മുടെ കഥാനായകന് എറണാകുളം അരമനയിൽ ലഭിച്ചതു്. കണ്ടത്തിൽ തിരുമേനി നിയുക്ത മെത്രാൻ തിരുമേനിക്ക് മെത്രാന്മാർ ഉപയോഗിക്കുന്ന ഇനം ഒരു സ്വർണ്ണമോതിരം സമ്മാനമായി നല്കി.

1952 ഡിസംബർ മാസത്തിൽ മാർത്തോമ്മാശ്ലീഹാ കേരളത്തിൽ വന്നതിൻെറ 19-ാം ശതാബ്ദപൂർത്തിയും വിശുദ്ധ ഫ്രാൻസിസ് സേവ്യർ ദിവംഗതനായതിൻെറ 4-ാം ശതാബ്ദപൂർത്തിയും ഏകോപിച്ച് വിപുലമായ തോതിൽ എറണാകുളത്തുവച്ച് ആഘോഷിക്കുവാൻ കേരളത്തിലെ കത്തോലിക്കർ വേണ്ട നടപടികൾ സ്വീകരിച്ചുകൊണ്ടിരുന്ന സന്ദർഭമായിരുന്നു അതു്. വിശുദ്ധ ഫ്രാൻസിസ് സേവ്യറിൻെറ അക്ഷയമായ തിരുശരീരം വിശ്രമം കൊള്ളുന്ന ഗോവയിലും പ്രത്യേകമായ ആഘോഷങ്ങൾക്ക് ഒരുക്കങ്ങൾ നടന്നുകൊണ്ടിരുന്നു. രണ്ടു സ്ഥലങ്ങളിലെയും ആഘോഷങ്ങളിൽ പേപ്പൽ ലഗോറ്റ് എന്ന നിലയിൽ സംബന്ധിക്കുവാൻ സിഡ്നിയിലെ ആർച്ചുബിഷപ്പായ കർദ്ദിനാൾ ഗിൽറോയി തിരുമേനിയെ 12-ാം പീയൂസ് മാർപ്പാപ്പാ നിയോഗിക്കുകയും ചെയ്തുകഴിഞ്ഞിരുന്നു. ഗോവയിലെ തിരുക്കർമ്മങ്ങളിൽ സംബന്ധിക്കുന്നതിനും ഡിസംബർ 3-ാം തീയതി മുതൽ പരസ്യവണക്കത്തിനായി പ്രദർശി

www.malankaralibrary.com



പ്പിക്കുന്ന വിശുദ്ധ ഫ്രാൻസിസ് സേവ്യറിൻെറ തിരു ശരീരം കണ്ടു വണങ്ങുന്നതിനും ഏകദേശം ആയിര ത്തോളം വരുന്ന ഒരു കേരളകത്തോലിക്കാതീത്ഥാടക സംഘം ചങ്ങനാശ്ശേരി, കൊല്ലം, പാലാ എന്നീ സ്ഥല ങ്ങളിലെ തിരുമേനിമാരുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ട്രെയിനിൽ നവംബർ 30-ന് എറണാകു ളത്തു നിന്നും തിരിച്ചു. മദ്രാസിൽ മത്തോമ്മാശ്ലീഹാ യുടെ അന്തിമദിനങ്ങളുമായി ബന്ധപ്പെട്ട സ്ഥലങ്ങളും, മൈലാപ്പൂരും സന്ദർശിച്ച് അവർ ഗോവയിലെത്തി. രാവിലെ 9-20-നാണ് അവർ എറണാകുളം സൗത്തിൽ നിന്ന് യാത്ര തിരിച്ചത്. അന്നേ ദിവസം വൈകി ട്ടാണ് ബനഡിക്റ്റച്ചനെ മാർ ഈവാനിയോസ് തിരു മേനിയുടെ സഹായമെത്രാനായി തെരഞ്ഞെടുത്ത വിവരം പരസ്യമായത്. കേവലം യാദൃശ്ചികമെന്ന് തോന്നാ വുന്ന ഈ സംഭവത്തിലും ദൈവപരിപാലനയുടെ അത്ഭു താവഹമായ പ്രവത്തനം നമുക്ക് കാണാൻ കഴിയും.

തീത്ഥാടകസംഘത്തിൽ ചേരുവാൻ അപേക്ഷി ച്ചിരുന്നവക്കെല്ലാം തന്നെ ആദ്യത്തെ തീത്ഥാടകരുടെ ഗണത്തിൽ പോകുന്നതിന് ട്രയിനിൽ സ്ഥലമില്ലാതിരു ന്നതുമൂലം സാധിക്കാതെ വന്നു. രണ്ടാമത്തു് ഒരു തീത്ഥാ ടകസംഘം കൂടി പോകുന്നതിന് വേണ്ട ഒരുക്കങ്ങൾ ആരംഭിച്ച വേളയിലാണ് നമ്മുടെ കഥാനായകനെ മെത്രാൻസ്ഥാനത്തേക്ക് തെരഞ്ഞെടുത്ത വാത്ത പുറത്തു വന്നതു്. അദ്ദേഹത്തിൻെറ നേതൃത്വത്തിൽ അൻപ തിൽ പരം വൈദികരും നൂറോളം കന്യാസ്ത്രീകളും ജീവി

www.malankaralibrary.com



ത്തിൻെറ എല്ലാ തുറകളിൽ നിന്നുമുള്ള മുന്നൂററിഎഴു പത്തു വിശ്വാസികളും ചേർന്നു് അഞ്ഞൂററിഇരുപത്തു പേരുടെ ഒരു സംഘം 13-നു രാവിലെ സ്പെഷ്യൽ ട്രയിനിൽ യാത്ര തിരിച്ചു. ഈ ദ്വിതീയ തീർത്ഥാടക സംഘം ഡിസംബർ 16 തീയതി ഗോവയിലെത്തി. ഈ തീർത്ഥകസംഘത്തിൻെറ അഡ്വാൻസ് പാർട്ടിയുടെ നേതൃത്വം വഹിച്ചിരുന്ന ശ്രീ ജോസഫ് വൈപ്പന ഗോവയിൽ വച്ചു് നിയുക്തമെത്രാൻ തിരുമേനിയെ ഹാരമണിയിച്ചു സ്വീകരിച്ചു. തീർത്ഥാടകർ താമസി ച്ചതു് ഗോവയിലെ കാജിററൻ കോൺവെൻറിൽ അത്രെ. തിരുമേനിയുടെ നേതൃത്വത്തിൽ തീർത്ഥാടകർ ഗോവയിലെ ചരിത്രപ്രധാനമായ സ്ഥലങ്ങൾ സന്ദർശി ക്കുകയും വിശുദ്ധ ഫ്രാൻസിസ് സേവ്യറുടെ മൃതദേഹം കണ്ടു് ആ കബറിടത്തിങ്കൽ പ്രാർത്ഥന നടത്തുകയും ദൈവാലയത്തിലെ വിശുദ്ധ കർമ്മങ്ങളിൽ പങ്കെടുക്കു കയും ചെയ്തു. തീർത്ഥകരെ സംബന്ധിച്ചിടത്തോളം തിരു മേനിയുടെ നേതൃത്വത്തിലുള്ള ആ തീർത്ഥയാത്ര അവി സ്മരണീയമായ ഒന്നാണു്.

ദീപികയുടെ സ്റ്റാഫ് പ്രതിനിധി പ്രസ്തുത തീർത്ഥ യാത്രയെക്കുറിച്ചു് 1952 ഡിസംബർ 24-ാം തീയതി ബുധനാഴ്ചയിലെ ദീപികയിൽ എഴുതിയ ലേഖനം ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ.

www.malankaralibrary.com



## മറക്കാനാവാത്ത ആ ഏഴു ദിവസങ്ങൾ ദ്വിതീയതീർത്ഥകസംഘത്തിൻെറ ആദ്ധ്യാത്മിക ജൈത്രയാത്ര.

അതു് ഏററവും വിജയകരമായ ഒരു പുണ്യയാത്ര ആയിരുന്നു. ഇന്ത്യയുടെ കിഴക്കേ കടൽത്തീരത്തു് സെൻറു് തോമസിൻെറയും പടിഞ്ഞാറേകടൽത്തീരത്തു് സെൻറു് സേവ്യറിൻെറയും ശവകുടീരങ്ങൾ സ്ഥിതി ചെയ്യുന്നു. കൃപ്പ നില്ക്കുന്ന സംഖ്യയില്ലാത്ത തീർത്ഥകരെപ്പോലെ ആ പുണ്യവേദികളെ ആഴിവീചികൾ നിരന്തരം ചുംബിച്ചുകൊണ്ടിരിക്കുന്നു.

സെൻറു് തോമസ് അപ്പസ്തോലൻ നമ്മുടെ ജന്മനാട്ടിൽ ആഗതനായതിൻെറ 19-ാം ശതാബ്ദപൂർത്തിയും സെൻറു് സേവ്യർ ചരമമടഞ്ഞതിൻെറ നാലാം ശതാബ്ദപൂർത്തിയും ആഘോഷിക്കപ്പെടുന്ന ഈ വേളയിൽ കേരളീയകത്തോലിക്കർ അവരുടെ ധർമ്മം ഏററവും ഉചിതമായിത്തന്നെ നിർവഹിച്ചു. ഒന്നാമത്തെ കേരളീയതീർത്ഥകസംഘത്തിൽ ആയിരത്തിൽപരവും രണ്ടാമത്തെ തീർത്ഥകസംഘത്തിൽ അഞ്ഞൂറിൽപരവും ആളുകൾ ആ പുണ്യസ്ഥലങ്ങളെ സന്ദർശിച്ചു് കൃതകൃത്യരായി. രണ്ടാം തീർത്ഥയാത്രയെപ്പററിയാണു് എനിക്കു പറയുവാനുള്ളതു്.

## രണ്ടാം തീർത്ഥാടകസംഘം

കേരളകത്തോലിക്കരായ അഞ്ഞൂററിരുപതു് തീർത്ഥകരേയും വഹിച്ചുകൊണ്ടു് ഡിസംബർ 13-ാം

www.malankaralibrary.com



തീയതി പ്രഭാതത്തിൽ സ്പെഷ്യൽ ട്രെയിൻ എറണാകുളം സൗത്തിൽ നിന്നു യാത്ര തിരിച്ചു. തീർത്ഥകരിൽ നൂറോളം കന്യാസ്ത്രീകളുണ്ടായിരുന്നു. സാരിയണിഞ്ഞ യുവതികളും, മുഴക്കയ്യൻ ചട്ടയും വലിയ കുണുക്കുകളും ധരിച്ച പ്രൗഢകളും എഴുപതു കഴിഞ്ഞു് പല്ലും കൊഴിഞ്ഞ വൃദ്ധകളും അക്കൂട്ടത്തിൽ ഉൾപ്പെട്ടു. അമ്പതിൽ പരം വൈദികരുൾപ്പെട്ട പുരുഷവിഭാഗത്തിൽ യുവാക്കന്മാരായിരുന്നു കൂടുതൽ. ഏതാനും ചില പടുകിഴവന്മാരും മുലകുടിമാറാത്ത ഏതാനും കുഞ്ഞുങ്ങളും, വലിയ താടിക്കാരും എല്ലാം ഉണ്ടായിരുന്നു, ഈ അഞ്ഞൂററവരുടെ കൂട്ടത്തിൽ. പരിശുദ്ധ കേരളീയവേഷം എവിടെയും പ്രത്യേകം ആകർഷകമായിരുന്നു. കേരളത്തിലെ മൂന്നു റീത്തുകളിലും പെട്ട ആ തീർത്ഥകർ ഒരൊററ കുടുംബത്തിലെ അംഗങ്ങളെപ്പോലെ സന്തുഷ്ടരായും സംതൃപ്തരായും ഏഴെട്ടു ദിവസങ്ങൾ കഴിച്ചുകൂട്ടി. ഒരു തീർത്ഥകൻ മടങ്ങിയെത്തി കോട്ടയത്തെത്തിയപ്പോൾ പറയുകയുണ്ടായി, "ഞാൻ ഇപ്പോഴാണു് എൻെറവീട്ടിലെ കാര്യങ്ങളെപ്പററി ഓർക്കുന്നതു്" എന്നു്. ജീവിതവ്യവഹാരവ്യഗ്രതകളിൽ നിന്നു് എല്ലാം വിമുക്തരായി, ചിരിച്ചും പാടിയും പ്രാർത്ഥിച്ചും, പുതുമകൾ കണ്ടും പുണ്യസ്ഥലങ്ങൾ വന്ദിച്ചും തീർത്ഥകർ അങ്ങനെ സോല്ലാസം സഞ്ചരിച്ചു.

## ഒരു കൊച്ചു കർമ്മയോഗി

രണ്ടാം തീർത്ഥകസംഘത്തെ നയിച്ചതു് തിരുവനന്തപുരം അതിരൂപതയുടെ നിയുക്തസഹായമെത്രാപ്പോ

www.malankaralibrary.com



കേരള ന്യൂമാനെന്ന കേളികേട്ടൊരു കർമ്മ–
ധീരനാമീവാനിയോസ്
സിംഹത്തിൻ പിൻഗാമിയായ്
ഭാവിതൻ ചരിത്രത്തിൻ തങ്കരേഖകൾ ചേർക്കാൻ
ദൈവത്താൽ നിയുക്തനാമാചാര്യ! നമസ്കാരം!''

നിയുക്തമെത്രാന് 1952 ഡിസംബർ 27–നു രാവിലെ അരമനചാപ്പലിൽ വച്ച് മാർ ഈവാനിയോസ് തിരുമേനി വന്ദ്യ ചേപ്പാട്ടു പീലിപ്പോസ് റമ്പാച്ചന്റെ സഹകരണത്തോടുകൂടി റമ്പാൻ സ്ഥാനം നൽകി. പൗരസ്ത്യസഭകളിൽ നിലവിലുള്ള ഈ റമ്പാൻ സ്ഥാനം വിശേഷവിധിയായ അധികാരമൊന്നുമുള്ള സ്ഥാനമല്ല. റമ്പാൻ സ്ഥാനം സ്വീകരിക്കുന്ന വ്യക്തി ക്രിസ്തുവിന്റെ കുരിശു വഹിച്ചുകൊണ്ടു് ഒരു ദയറായക്കാരനായി, ഒരു സന്യാസിയായി, ജീവിച്ചുകൊള്ളാമെന്നു് പ്രതിജ്ഞയെടുക്കുന്ന ഒരു കർമ്മമാണിതു്. ഈ ചടങ്ങിൽ കാർമ്മികൻ സ്ഥാനാർത്ഥിയുടെ തോളിൽ ഒരു മരക്കുരിശു വയ്ക്കുന്ന കർമ്മമുണ്ടു്. സന്യാസജീവിതത്തെ അഭിവ്യഞ്ജിപ്പിക്കുന്ന ഒരു ശിരോവസ്ത്രം, മസനപ്സാ, റമ്പാനു നൽകപ്പെടുന്നു. മെത്രാനാകാൻ തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തിക്കു് ദയറായജീവിതത്തിന്റെ ഈ ചിഹ്നങ്ങൾ നല്കുന്ന പതിവു് സിറോമലങ്കരറീത്തിന്റെ പാരമ്പര്യമാണു്.

മാർ ഈവാനിയോസ് തിരുമേനിയെ സന്ദർശിക്കുന്നതിനു് ഡിസംബർ 29–ാം തീയതി തിങ്കളാഴ്ച പത്തരമണിക്കു് കർദ്ദിനാൾ ഗിൽറോയി തിരുമേനി

www.malankaralibrary.com



അതിമെത്രാസന അരമനയിലെത്തി. നമ്മുടെ കഥാനായകൻെറ നേതൃത്വത്തിൽ അരമനഗേററിൽ വച്ച് അദ്ദേഹത്തിന് ഹൃദ്യമായ ഒരു വരവേൽപ്പ് നൽകപ്പെട്ടു. ഒരു ഘോഷയാത്രയായി കർദ്ദിനാളിനെ അരമനയിലേക്ക നയിച്ചു. അദ്ദേഹം മാർ ഈവാനിയോസ് തിരുമേനിയെ സന്ദർശിച്ച് ആശംസകളർപ്പിച്ച് കുശലപ്രശ്നം നടത്തി. കർദ്ദിനാളിനെ സ്വാഗതം ചെയ്യുന്നതിന് അരമനയങ്കണത്തിൽ ഒരു യോഗം ചേർന്നു. ആലസ്യം പരിഗണിക്കാതെ മാർ ഈവാനിയോസ് തിരുമേനിയും ആ യോഗത്തിൽ സംബന്ധിച്ചു ആ ദിവസങ്ങളിൽ മാർതോമ്മാശ്ലീഹായുടേയും വിശുദ്ധ ഫ്രാൻസിസ് സേവിയറിൻെറയും ശതാബ്ദജൂബിലിയാഘോഷങ്ങൾ എറണാകുളത്തു നടക്കുന്നുണ്ടായിരുന്നു. ഡിസംബർ 30–ാം തീയതി ചൊവ്വാഴ്ച വൈദികമേലദ്ധ്യക്ഷന്മാക്കും വൈദികക്കും വേണ്ടി എറണാകുളത്തു നടന്ന പ്രത്യേക സമ്മേളനത്തിൽ "പുനരൈക്യപ്രസ്ഥാനം" എന്ന വിഷയത്തെക്കുറിച്ച് നമ്മുടെ കഥാനായകൻ ചെയ്ത പ്രസംഗം ശ്രോതാക്കളുടെ അഭിനന്ദനങ്ങൾക്ക പാത്രമായി. ബോംബെ ആർച്ചുബിഷപ്പ് വലേറിയൻ ഗ്രാഷ്യസ് തിരുമേനിക്ക് കർദ്ദിനാൾ പദവി ലഭിച്ചതിൽ അദ്ദേഹത്തെ അനുമോദിക്കുന്നതിന ബോംബെയിൽ ചേന്ന ഒരു മഹാസമ്മേളനത്തിൽ "കർദ്ദിനാൾ, പ്രതീക്ഷയുടെ പ്രതീകം" എന്ന വിഷയത്തെ ആസ്പദമാക്കി ആംഗലഭാഷയിൽ ഉജ്ജ്വലത്തായ ഒരു പ്രഭാഷണം തൻെറ പട്ടാഭിഷേകത്തിന മുൻപ് കഥാനായകൻ ചെയ്ത കാര്യവും ഈ സന്ദർഭത്തിൽ സ്മരണീയമത്രെ. 1953 ജനുവരി മൂന്നാമത്തെ ആഴ്ചവരെ നിയുക്തമെത്രാൻ കോളജ് ഹോസ്റ്റലിൽ താമസിച്ചു.

www.malankaralibrary.com

## അദ്ധ്യായം പതിനൊന്ന്

# മെത്രാൻ പട്ടാഭിഷേകം


ബെനഡിക്ട് തിരുമേനിയുടെ മെത്രാൻ പട്ടാഭിഷേകം വളരെ അത്യാഡംബരപൂർവ്വം നടത്തുന്നതിനുള്ള ഒരുക്കങ്ങൾ പുരോഗമിച്ചുകൊണ്ടിരുന്നു. വിവിധ കമ്മററികൾ ഉത്സാഹപൂർവ്വം തങ്ങളുടെ ചുമതലകൾ ഭംഗിയായി നിർവ്വഹിക്കുന്നതിന് പണിയെടുത്തു. അതിമെത്രാസന അരമനവളപ്പിൽ പുതുതായി പണി ആരംഭിച്ചിരുന്ന കത്തീഡ്രൽ ദൈവാലയത്തിൻെറ തറ മുഴുവൻ ഉൾക്കൊള്ളത്തക്കവിധം മനോഹരവും ബ്രഹ്മാണ്ഡവുമായ ഒരു മൂന്നുനില പന്തൽ രൂപം പൂണ്ടുതുടങ്ങി. ക്ഷണിക്കപ്പെട്ട അഭിവന്ദ്യ തിരുമേനിമാർക്ക് താമസിക്കുവാൻ മസ്കററ് ഹോട്ടൽ, ഗവൺമെൻറ് അതിഥി മന്ദിരങ്ങൾ, ഇവയെല്ലാം കാലേക്കൂട്ടി റിസർവ്വ് ചെയ്തു കഴിഞ്ഞു. ഇടവകകളിൽ നിന്നെത്തുന്നവർക്ക് അരമന പരിസരങ്ങളിൽ വച്ചുതന്നെ ഭക്ഷണം നൽകുന്നതിന് മെസ്സ്കമ്മററി വേണ്ട ഏർപ്പാടുകൾ ചെയ്തുകഴിഞ്ഞു.

www.malankaralibrary.com

മെത്രാഭിഷേകപന്തലിലേക്ക്



മെത്രാഭിഷേകത്തിലെ രംഗങ്ങൾ





www.malankaralibrary.com





www.malankaralibrary.com





അഭിവന്ദ്യതിരുമേനിയും

അനുജൻ റവ. ഡോ. ഗ്രേഷ്യസ് തങ്ങളത്തിൽ

ഓ. ഐ. സി-യും.

www.malankaralibrary.com



ജനുവരി 29–ാം തീയതി മെത്രാൻ പട്ടാഭിഷേകം നട ത്തേണ്ടതാണെന്നു തീരുമാനിക്കപ്പെട്ടു. കേരളത്തിൻെറ തലസ്ഥാനനഗരിയുടെ ചരിത്രത്തിൽ ഇദംപ്രഥമമായി നടക്കുന്ന ഒരു മെത്രാൻ പട്ടാഭിഷേകം എന്ന നിലയിൽ ഏററം മോടിയായി എല്ലാക്കാര്യങ്ങളും നിർവ്വഹിക്ക പ്പെടേണ്ടതാണെന്നും തീരുമാനിക്കപ്പെട്ടു.

മാർ ഈവാനിയോസ് തിരുമേനി ഈ കാലഘട്ട ത്തിലും ആലസ്യവിധേയനായിരുന്നു. അദ്ദേഹത്തിനു് ജീവിതത്തിൽ മൂന്നാഗ്രഹങ്ങൾ നിറവേററാനുണ്ടായി രുന്നു. ഒരു ഒന്നാംഗ്രേഡ് കോളജിൻെറ സ്ഥാപന മായിരുന്നു അവയിൽ ആദ്യത്തേതു്. ആ ആഗ്രഹം വളരെ ഭംഗിയായിത്തന്നെ അദ്ദേഹം നിറവേററി. മനോഹരവും ബ്രഹ്മാണ്ഡവുമായ ഒരു കത്തീഡ്രൽ ദൈവാലയം പണികഴിപ്പിച്ചു് അതിൽ വിശുദ്ധ കർബാന അനുഷ്ഠിക്കണമെന്നായിരുന്നു രണ്ടാമത്തെ ആഗ്രഹം. കത്തീഡ്രൽ ദൈവാലയത്തിൻെറ തറ പ്പണി പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു. പ്രധാന അൾത്താര സ്ഥിതിചെയ്യുന്നതിനു താഴെ മെത്രാന്മാരെ കബറടക്കുന്നതിനു വേണ്ട സ്ഥാനങ്ങളും നിർമ്മിതമായി ക്കഴിഞ്ഞിരിക്കുന്നു. അപ്പോൾ ഈ ആഗ്രഹം ഭാഗിക മായിട്ടെങ്കിലും നിറവേററിക്കഴിഞ്ഞു എന്നു പറയാം. തൻെറ സഹായമെത്രാനെ സ്വന്തം കൈകൾകൊണ്ടു് അഭിഷേകം ചെയ്യണം എന്നായിരുന്നു അദ്ദേഹത്തിൻെറ മൂന്നാമത്തെ ആഗ്രഹം. ദീർഘനേരത്തേക്കുള്ള ഈ ശുശ്രൂഷ അനാരോഗ്യവാനായ തിരുമേനിക്കു് ശ്രമ

www.malankaralibrary.com



സാദ്ധ്യമായതിനാൽ നിയുക്തമെത്രാന്റെ പട്ടാഭിഷേകത്തിന് തിരുമേനി പ്രധാന കാർമ്മികത്വം വഹിക്കാതിരിക്കുകയായിരിക്കും നല്ലതെന്ന് പലരും അദ്ദേഹത്തെ ഉപദേശിച്ചു. പക്ഷെ ആ ഉപദേശങ്ങളെല്ലാം അദ്ദേഹം തിരസ്കരിക്കുകയും തന്റെ ദൃഢനിശ്ചയത്തിൽ ഉറച്ചു നില്ക്കുകയും ചെയ്തു.

1953 ജനവരി 28-ാം തീയതി ഉച്ചകഴിഞ്ഞപ്പോഴേക്കും ഒരുത്സവത്തിന്റെ പ്രതീതി ഉളവാക്കുന്ന വിധമാണ് അരമനപ്പറമ്പിൽ കേരളത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ആളുകൾ വന്നും പോയും ഇരുന്നത്. അരമനയും പരിസരങ്ങളും ഈ മഹത്തായ സുദിനം പ്രമാണിച്ച് രാജോചിതമാംവണ്ണം അലങ്കരിക്കപ്പെട്ടിരുന്നു. പ്രധാന കവാടത്തിൽ നിന്ന് അരമനയിലേക്കും പട്ടാഭിഷേകത്തിന് സജ്ജീകൃതമായിരുന്ന മൂന്നുനില പന്തലിലേക്കുമുള്ള പാതകൾ വെള്ളമണൽ വിരിച്ച് ഒരുക്കപ്പെട്ടിരുന്നു. കൊടിതോരണാദികളാലും ആലക്തികദീപങ്ങളാലും അലംകൃതമായിരുന്ന പന്തൽ ചേതസ്സമാകർഷകമായിരുന്നു.

ജനവരി 29 വ്യാഴാഴ്ചത്തെ പ്രഭാതം പൊട്ടിവിടർന്നത് പട്ടാഭിഷേകത്തിനുള്ള പന്തലിലേക്ക് പ്രവഹിച്ചുകൊണ്ടിരുന്ന ജനക്കൂട്ടത്തെ കണ്ടുകൊണ്ടാണ്. കാറുകളിലും ബസ്സുകളിലും സൈക്കിളുകളിലും കാൽനടയായും ജനങ്ങൾ എത്തിക്കൊണ്ടിരുന്നു. പ്രശസ്താതിഥികളെ വഹിച്ചുകൊണ്ടുള്ളമോട്ടാർവാഹനങ്ങളുടെ ഒരു പ്രവാഹം തന്നെ ദൃശ്യമായി. അരമനയുടെ പ്രധാന കവാടത്തിൽ

www.malankaralibrary.com



വച്ചു് മാർ ഈവാനിയോസ് കോളജ് വിദ്യാർത്ഥികൾ ഉൾപ്പെട്ട സുശിക്ഷിതരായ സന്നദ്ധഭടന്മാർ എല്ലാവരേയും സ്വീകരിച്ചു് പന്തലിലേക്ക ആനയിച്ചുകൊണ്ടിരുന്നു.

അഭിഷേകകർമ്മങ്ങളുടെ ആദ്യത്തെ പരിപാടിയായി അരമനയിൽ നിന്നു് ഒരു ഘോഷയാത്രയായി നിയുക്തമെത്രാൻ തിരുമേനിയെ പന്തലിലേക്ക് ആനയിച്ചു. ഇടവകവൈദികർ, കർമ്മലീത്താസന്യാസികൾ, അഭിവന്ദ്യതിരുമേനിമാർ, നിയുക്തമെത്രാൻ തിരുമേനി എന്നിങ്ങനെയായിരുന്നു ഘോഷയാത്രയുടെ ക്രമം. ഘോഷയാത്രയുടെ പുറകിലായി മാർ ഈവാനിയോസ് തിരുമേനിയും കാറിൽ സഞ്ചരിച്ചിരുന്നു. ഘോഷയാത്ര അരമനയിൽ നിന്നു് പന്തലിൻെറ പ്രധാന വാതുക്കൽ എത്തിച്ചേരുന്നതിനു് ഇരുപത്തഞ്ചുമിനിട്ടു സമയം വേണ്ടിവന്നു. തിരുമേനിമാർ പന്തലിൽ പ്രവേശിച്ചപ്പോൾ പന്തലിൽ കൂടിയിരുന്ന ജനക്കൂട്ടം എഴുന്നേററു നിന്നു് തൊഴുകൈകളോടെ സ്നേഹാദരങ്ങൾ പ്രകടിപ്പിച്ചു. തിരുമേനിമാർ പന്തലിൽ തയ്യാർ ചെയ്തിരുന്ന മദ്ബഹായിൽ എത്തി തങ്ങൾക്ക നിശ്ചയിച്ചിരുന്ന സ്ഥാനങ്ങളിൽ ഉപവിഷ്ടരായി. വരാപ്പുഴ ആർച്ചുബിഷപ്പും തൂത്തുക്കുടി, തിരുവല്ലാ, തിരുവനന്തപുരം, കൊല്ലം, കോട്ടയം, പാലാ, കോട്ടാർ, തൃശ്ശിനാപ്പള്ളി, കോയമ്പത്തൂർ, തൃശ്ശൂർ, വിജയപുരം, ആലപ്പുഴ, കൊച്ചി, എന്നീ പതിമ്മൂന്നു രൂപതകളിലെ മെത്രാന്മാരും വിവിധ രൂപതകളിൽപ്പെട്ട ആറു മോൺസിഞ്ഞോറ

www.malankaralibrary.com



ന്മാരും മദ്ബഹായിൽ സന്നിഹിതരായിരുന്നു. കൂടാതെ കേരളത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ നാനൂറോളം വൈദികരും നൂറിൽപരം കന്യാസ്ത്രീകളും വിവിധ ജാതിമതസ്ഥരായ പതിനായിരത്തിൽ അധികം ജനങ്ങളും പന്തലിൽ സ്ഥാനം പിടിച്ചിരുന്നു. പന്തലിൻെറ പുറത്തും അനേകർ തിങ്ങിക്കൂടി നിന്നു കൊണ്ടു് വിശുദ്ധ കർമ്മങ്ങളിൽ പങ്കെടുക്കുകയുണ്ടായി.

മെത്രാഭിഷേകത്തിൻെറ പ്രധാന കാർമ്മികനായ മാർ ഈവാനിയോസ് തിരുമേനി, വിശുദ്ധ കുർബാന അനുഷ്ഠിക്കുന്നതിനു മുമ്പുള്ള തുയോബോ ശുശ്രൂഷ ആരംഭിച്ചു.

ഈ അവസരത്തിൽ പാലാ മെത്രാൻ ഡോക്ടർ സെബാസ്റ്റ്യൻ വയലിൽ തിരുമേനി നിയുക്തമെത്രാനെ അദ്ദേഹത്തിൻെറ സ്ഥാനലബ്ധിയിൽ അനുമോദിച്ചു കൊണ്ടു് ഒരു പ്രസംഗം ചെയ്തു. പ്രസംഗം ഇപ്രകാരം സംഗ്രഹിക്കാം:–

"കേരളസഭാചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തുന്ന ഒരു സുദിനമാണിന്നു്. ആഹ്ലാദം തുളുമ്പുന്ന ഒരു ജനക്കൂട്ടമാണു് ഇവിടെ സമ്മേളിച്ചിരിക്കുന്നതു്. കേരളത്തിൻെറ മുഴുവൻ ശ്രദ്ധയും ഇന്നു് ഈ പട്ടത്തേക്കു് ആകർഷിക്കപ്പെട്ടിരിക്കുകയാണു്. ഇന്നാട്ടിലെ എല്ലാ ക്രിസ്ത്യൻ പ്രമുഖനേതാക്കന്മാരും ഇവിടെ സമ്മേളിച്ചിട്ടുണ്ടു്. വിശ്വവിശ്രുതനായ മാർ ഈവാനിയോസിൻെറ സഹായമെത്രാൻെറ സ്ഥാനാഭിഷേകകർമ്മത്തിൽ സംബന്ധിക്കുന്നതിനുള്ള സന്തോഷം അഗാധമാണു്.

www.malankaralibrary.com



"മാർ ഈവാനിയോസ് തിരുമേനി വിശ്വവിശ്രുതനാണ്. അദ്ദേഹം തന്റെ ജീവിതം കൊണ്ട് ഭൂഗോളത്തിലുള്ള സകലരുടെയും ശ്രദ്ധയെ ആകർഷിച്ചുകഴിഞ്ഞു. അദ്ദേഹം 1930 സെപ്റ്റംബർ 20-ാം തീയതിയാണ് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടത്. ആ സംഭവം ചരിത്രം എന്നും സ്മരിക്കുന്നതാണ്. തുടർന്ന് ഒരു വലിയ ജനസഞ്ചയം കത്തോലിക്കാസഭയിലേക്ക് ആകർഷിക്കപ്പെട്ടു.

"മാർ ഈവാനിയോസ് തിരുമേനിയുടെ വ്യക്തിവിലാസം അന്യാദൃശമാണ്. രണ്ടു സംവത്സരങ്ങൾക്കു മുൻപ് ഞാൻ റോമിൽ ചെന്നപ്പോൾ എന്റെ അടുത്തു വന്ന പലരും "മാർ ഈവാനിയോസിന്റെ നാട്ടുകാരനാണോ?" എന്നാണ് ചോദിച്ചത്. അദ്ദേഹം വിദേശികളുടെപോലും അഭിനന്ദനത്തിനു പാത്രീഭവിച്ചിട്ടുണ്ട്.

"അദ്ദേഹത്തിനു സർവ്വഥാ യോഗ്യനായ ഒരു സഹായിയാണ് ഇന്നത്തെ നമ്മുടെ തിരുമേനി. വിദ്യാഭ്യാസനഭോമണ്ഡലത്തിലും മററ് എല്ലാ മണ്ഡലങ്ങളിലും അദ്ദേഹം ഒരു രജതനക്ഷത്രമാണ്.

"ഈ സ്ഥാനാഭിഷേകകർമ്മം നടക്കുന്ന അവസരത്തിൽ വേദപുസ്തകത്തിലെ ഒരു ഭാഗം എന്റെ ഓർമ്മയിൽ വരുന്നു. യോർദ്ദാൻനദിയിൽ പശ്ചാത്തപിക്കുന്നവർക്കു ജ്ഞാനസ്നാനം നടത്തിക്കൊണ്ടിരുന്ന യോഹന്നാന്റെസമീപം ക്രിസ്തു ജ്ഞാനസ്നാനത്തിനായി എത്തി. അദ്ദേഹത്തിനു ജ്ഞാനസ്നാനം നൽകിയ അവസരത്തിൽ

www.malankaralibrary.com



സ്വർഗ്ഗത്തിൽ നിന്നും ഒരു സ്വരം കേൾക്കപ്പെട്ടു. "ഇവൻ ആകുന്നു എനിക്ക് ഏററം പ്രിയപുത്രൻ. ഇവനിൽ ഞാൻ ഏററം സംപ്രീതനായിരിക്കുന്നു." ആ സ്വരം അഭിഷേകകർമ്മം നടത്തുന്ന ഈ അവസരത്തിലും ആധ്യാത്മിക ചെവികൾക്കു കേൾക്കാൻ കഴിയുന്നതാണ്. പരമാർത്ഥത്തിൽ പൗരോഹിത്യത്തിൻെറ പരമകാഷ്ഠയിലേക്കാണ് ഇപ്പോൾ നിയുക്തമെത്രാൻ ഉയർത്തപ്പെടുന്നത്. ഇതിലും ഉൽകൃഷ്ടമായ ഒരു പദവി പൗരോഹിത്യത്തിലില്ല.

"ഈ അസാധാരണഭാഗ്യത്തിൽ അദ്ദേഹത്തെ അനുമോദിക്കേണ്ടതു് നമ്മുടെ കടമയാണ്. സഭയിലെ വിശ്വാസികളെ പഠിപ്പിക്കുവാനും ഒരു ഭാഗത്തെ ഭരിക്കുവാനുമുള്ള സ്വാതന്ത്ര്യമാണ് ഇപ്പോൾ നൽകപ്പെടുന്നതു്. ഇന്നേ ദിവസത്തിനു് ഒരു പ്രത്യേകതയുണ്ടു്. ഇന്നു്, ജനീവയിലെ മെത്രാനായിരുന്ന സെൻറ് ഫ്രാൻസിസ് സാലസ് തിരുമേനിയുടെ ദിനമാണ്. സാലസ് തിരുമേനിയെ അവിടെ നിയോഗിക്കുന്ന അവസരത്തിൽ അവിടെ കൈവിരലിൽ എണ്ണുന്നതിനു മാത്രമേ കത്തോലിക്കർ ഉണ്ടായിരുന്നുള്ളു. എന്നാൽ വിശുദ്ധൻെറ പെരുമാററങ്ങൾ കൂടുതൽ കൂടുതൽ വിശ്വാസികളെ സഭയിലേക്കു ക്ഷണിച്ചു. അതുപോലെ തന്നെ പുനരൈക്യപ്രസ്ഥാനം ഇനിയും വളരെയധികം പുരോഗമിക്കുമെന്നു് നമുക്കു് വിശ്വസിക്കാം; പ്രതീക്ഷിക്കാം.

"ഈ അവസരത്തിൽ വേറൊരു കാര്യംകൂടി ഞാൻ ഓർമ്മിക്കുന്നുണ്ടു്. മൂന്നുറുകൊല്ലം മുൻപു നടന്ന കൂനൻ

www.malankaralibrary.com



കരിശുസത്യമാണ് അതു്. ഞാൻ ആ സംഭവത്തിന് ആരെയും പഴിക്കുന്നില്ല. പക്ഷേ, അതൊരു നിർഭാഗ്യമായിപ്പോയി. എങ്കിലും സഭാ ഐക്യത്തിന് മാർഗ്ഗദർശിത്വം മാർ ഈവാനിയോസ് തിരുമേനി നൽകിക്കഴിഞ്ഞു. ആ ശ്രമം കൊച്ചുതിരുമേനി പൂർത്തിയാക്കുമെന്ന് നമുക്ക് വിശ്വസിക്കാം.''

അനന്തരം ഫാ. ഫ്രാൻസിസ് സാലസ് സി. എം. ഐ. മാർ ബെനഡിക്ട് തിരുമേനിയെ മാർ ഈവാനിയോസ് തിരുമേനിയുടെ സഹായമെത്രാനായി നിയമിച്ചുകൊണ്ടു് പരിശുദ്ധ സിംഹാസനത്തിൽ നിന്നയച്ച ബൂളാ വായിച്ചു. ആ ബൂളാ താഴെ ചേർക്കുന്നു.

''ദൈവത്തിൻെറ ദാസന്മാരുടെ ദാസനായ പീയൂസ് മെത്രാൻ, ക്രിസ്ത്യാനുകരണസന്യാസസഭയുടെ അംഗവും, ആൻറർഡോസിലെ സ്ഥാനികമെത്രാനും, സീറോമലങ്കരജനതയുടെ ഇപ്പോഴത്തെ ആർച്ചുബിഷപ്പിൻെറ സഹായമെത്രാനുമായി തെരഞ്ഞെടുക്കപ്പെട്ട നമ്മുടെ പ്രിയപുത്രൻ ബെനഡിക്ട് വറുഗീസിന് അഭിവാദനവും അപ്പോസ്തോലികമായ ആശീർവ്വാദവും നൽകുന്നു.

''എല്ലാ ക്രിസ്തീയജനതയുടെയും ഭരണം, നമ്മുടെമേൽ അർപ്പിച്ചിരിക്കുന്ന വലിയ ഭാരങ്ങളിൽ എത്ര വിഷമിച്ചായാലും നാം നിർവ്വഹിക്കുന്ന ഒരു ചുമതല ഇടയന്മാരെ നിയമിക്കുകയും മെത്രാന്മാരെ അവരുടെ എപ്പിസ്കോപ്പൽ ചുമതലകളിൽ സഹായിക്കുന്നതിനുവേണ്ടി ആവശ്യമുള്ളപ്പോഠം അവക്ക് സഹായമെത്രാന്മാരെ നല്കു

www.malankaralibrary.com



കയുമാണ്. സുകൃതങ്ങളുടേയും ഭക്തിയുടെയും അനുഷ്ഠാനങ്ങളിൽ ഒരു കാലത്ത് മുമ്പിട്ടുനില്ക്കുകയും കാലങ്ങളുടെ പ്രയാസങ്ങളും സാഹചര്യവുംമൂലം പഴയ ശ്രേഷ്ഠതയിൽ നിന്ന് വീണുപോകുകയും ചെയ്തിട്ടുള്ള ഏതെങ്കിലുമൊരു സ്ഥാനികഭദ്രാസനത്തിലേക്ക് സഹായമെത്രാന്മാരെ നാം നിയമിക്കുന്നു. സിറോമലങ്കരജനതയുടെ ആർച്ച് ബിഷപ്പും നമ്മുടെ ബഹുമാന്യസഹോദരനുമായ മാർ ഈവാനിയോസ് ഗീവർഗ്ഗീസ് തോമസ് പണിക്കർ വീട്ടിലിന് അദ്ദേഹത്തിൻെറ അനാരോഗ്യവും പ്രായാധിക്യവും മൂലം ഒരു സഹായമെത്രാനെ നല്കുവാൻ നാം ആഗ്രഹിക്കുന്നു. തുടർച്ചയായി ഈ കാര്യം അദ്ദേഹം ആവശ്യപ്പെട്ടുകൊണ്ടിരിക്കയായിരുന്നു. പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള തിരുസംഘത്തിൻെറ സെക്രട്ടറിയും വിശുദ്ധ റോമൻസഭയുടെ കർദ്ദിനാളുമായ നമ്മുടെ ബഹുമാന്യസഹോദരനോട് ആലോചിച്ചും നമ്മുടെ അപ്പോസ്തോലികമായ അധികാരത്തിൻെറ പൂർണ്ണതയിലും മാർ ഈവാനിയോസ് ഗീവർഗ്ഗീസ് തോമസിൻെറ സഹായിയായി താങ്കളെ നാം നിയമിക്കുന്നു. അദ്ദേഹത്തിൻെറ അനുവാദത്തോടുകൂടി നഗരത്തിലും സിറോമലങ്കരറീത്തിലുള്ള തിരുവനന്തപുരം അതിരൂപതയിലും എല്ലാ വിശുദ്ധ പൊന്തിഫിക്കൽ കർമ്മങ്ങളും അനുഷ്ഠിക്കുന്നതിനും അജപാലനപരമായ മറെറല്ലാ ചുമതലകളും നിർവ്വഹിക്കുന്നതിനുമാണത്. മുമ്പു പ്രസ്താവിച്ച നമ്മുടെ അധികാരമുപയോഗിച്ച് സമുദ്രതീരത്തുള്ള ഫെനീസിലെ ടയർ മെത്രാപ്പോലീത്തൻ പള്ളിയുടെ സാമന്തഭദ്രാസനവും ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്നതുമായ ആൻറർ

www.malankaralibrary.com



ഡോസിലെ സ്ഥാനികഭദ്രാസനത്തിലേക്ക് നാം താങ്കളെ തെരഞ്ഞെടുക്കുകയും നോമിനേറ്റു ചെയ്യുകയും ചെയ്യുന്നു. ഈ സ്ഥാനത്തോടുകൂടി ഈ മഹനീയ പദവിയോട് ചേന്ന എല്ലാ അവകാശങ്ങളും പ്രത്യേകാധികാരങ്ങളും ഭാരങ്ങളും ചുമതലകളും നാം താങ്കൾക്കു നല്കുന്നു. താങ്കളുടെ സൗകര്യം പരിഗണിച്ചുകൊണ്ടു് താങ്കളുടെ റീത്തിലുള്ള, താങ്കൾ ഇഷ്ടപ്പെടുന്ന ഒരു മെത്രാനാൽ രണ്ടു കത്തോലിക്കാമെത്രാന്മാരുടെ സഹായത്തോടുകൂടി,—ഇവരെല്ലാവരും തന്നെ പരിശുദ്ധ സിംഹാസനത്തോടുള്ള ഐക്യത്തിൽ വത്തിക്കുന്നവരായിരിക്കണം. റോമിനു പുറത്തുവച്ചു് സ്വതന്ത്രമായും നിയമാനുസൃതമായും പട്ടാഭിഷേകം പ്രാപിക്കുന്നതിനു് താങ്കൾക്കു നാം അനുവാദം നല്കുന്നു. താങ്കൾ തെരഞ്ഞെടുക്കുന്ന ആ മെത്രാനു് താങ്കൾക്കു പട്ടാഭിഷേകം നല്കുന്നതിനുള്ള കല്പനയും ഔദ്യോഗികസ്ഥാനവും ഈ കത്തുമുഖേന നാം നല്കുന്നു. എന്നിരുന്നാലും പട്ടാഭിഷേകത്തിനുമുമ്പു് പത്രോസിൻെറ സിംഹാസനവുമായി ഐക്യതയിൽ വത്തിക്കുന്ന ഒരു കത്തോലിക്കാമെത്രാൻെറ മുമ്പാകെ താങ്കൾ, പൗരസ്ത്യസഭക്കാക്കുവേണ്ടി നിശ്ചയിച്ചിട്ടുള്ള നിയമങ്ങളനുസരിച്ചു് കത്തോലിക്കാവിശ്വാസത്തിൻെറ നിയമാനുസൃതരീതിയിലുള്ള വിശ്വാസപ്രഖ്യാപനം നടത്തുകയും പരിശുദ്ധ സിംഹാസനത്തോടുള്ള വിശ്വസ്തത കാണിക്കുന്നതും മോഡേണിസ്റ്റുകളുടെ തെറ്റുകൾക്കെതിരെയുള്ളതുമായ സാധാരണസത്യപ്രതിജ്ഞ നടത്തുകയും ചെയ്യണമെന്നു് നാം ആഗ്രഹിക്കുന്നു. ആ മെത്രാൻെറയും താങ്കളുടെയും ഒപ്പുകളോടുകൂടിയ അവ

www.malankaralibrary.com



യുടെ പ്രതികരം കഴിയുന്നതും വേഗത്തിൽ പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള തിരുസംഘത്തിന് താങ്കൾ അയക്കേണ്ടതാണ്. താങ്കളും താങ്കളുടെ പട്ടാഭിഷേക ത്തിനുവേണ്ടി താങ്കൾ തെരഞ്ഞെടുത്ത മെത്രാനും ഈ കല്പന ലംഘിക്കുന്ന പക്ഷം നിയമമനുശാസിച്ചിട്ടുള്ള ശിക്ഷകൾക്ക് നിങ്ങൾ രണ്ടുപേരും പാത്രമാകുന്നതായി രിക്കും.

താങ്കൾ ഭാരം വഹിക്കേണ്ട വിശുദ്ധ സഭയുടെ ആ വിഭാഗം ധാരാളമായ ഫലങ്ങൾ ഉളവാക്കുവാൻ വേണ്ടി സ്വർഗ്ഗീയമായ അനുഗ്രഹങ്ങളുടെ പനിമഞ്ഞു് താങ്കളുടെ മേൽ വർഷിക്കപ്പെടുവാൻ നാം പ്രാർത്ഥിക്കുന്നു.

നമ്മുടെ വാഴ്ച്ചയുടെ 14-ാം സംവത്സരം, 1952 ഒക്ടോബർ 25-ാം തീയതി റോമിനു സമീപമുള്ള കാസ്റ്റൽ ഗൊണ്ടോൾഫോയിൽ വച്ചു് നല്കപ്പെട്ടതു്. പരിശുദ്ധറോമൻ സഭയുടെ ചാൻസലക്കുവേണ്ടി,

+ എവുജീൻ കാർഡിനൽ തിസരാങ്ങ്
കർദ്ദിനാൾ സംഘത്തിൻെറ ഡീൻ.
+ അൽഫോൺസൂസ് കർണിച്ചി,
ഫ്രാൻസിസ് ക്രുസ്ഹാന്നിബാൾ ഫെറേററി.

പട്ടാഭിഷേകകർമ്മത്തിനു് പ്രധാന കാർമ്മികനായി രുന്ന മാർ ഈവാനിയോസ് തിരുമേനിയുടെ സഹ കാർമ്മികന്മാർ തിരുവല്ലാ മെത്രാൻ മാർ സേവറിയോസ് തിരുമേനിയും കോട്ടയംമെത്രാൻ മാർ തോമസ് തറയിൽ തിരുമേനിയുമായിരുന്നു. അവർ നിയുക്തമെത്രാനെ

www.malankaralibrary.com



സമീപിച്ച് "തിരുവനന്തപുരം ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ സഹായമെത്രാനാകുവാൻ അങ്ങയെ പരിശുദ്ധറൂഹാ ക്ഷണിക്കുന്നു" എന്നു് പ്രസ്താവിച്ച് പട്ടാഭിഷേകത്തിനു് ക്ഷണിക്കുകയുണ്ടായി. ബനഡിക്ട് തിരുമേനി അവരുടെ മുമ്പിൽ മുട്ടുകുത്തി. "ഞാൻ സമ്മതിച്ച് അതു സ്വീകരിക്കുന്നു" എന്നു പ്രസ്താവിച്ചുകൊണ്ടു് പ്രസ്തുത ക്ഷണം സ്വീകരിച്ചു.

മാർ ഈവാനിയോസ് തിരുമേനി വി. കർബ്ബാന തുടർന്നു. പട്ടാഭിഷേകത്തിനു സമയമായപ്പോൾ പ്രധാന കാർമ്മികനായ മാർ ഈവാനിയോസ് തിരുമേനി സിംഹാസനത്തിൽ ആസനസ്ഥനായി സഹകാർമ്മികന്മാർ ബനഡിക്ട് തിരുമേനിയെ മദ്ബഹായിൽ കൊണ്ടുവന്നു. അദ്ദേഹം വിശ്വാസപ്രസ്താവന പരസ്യമായി വായിച്ചശേഷം അതു മാർ ഈവാനിയോസ് തിരുമേനിയെ ഏല്പിച്ചു. തുടർന്നു് സിറോമലങ്കര റീത്തനുസരിച്ചുള്ള പട്ടാഭിഷേകകർമ്മങ്ങൾ നടന്നു. മാർ ഗ്രിഗോറിയോസ് എന്ന നാമധേയത്തിൽ ബനഡിക്ട് തിരുമേനിക്കു മാർ ഈവാനിയോസ് തിരുമേനി മെത്രാൻപട്ടം നൽകി. പുതിയ മെത്രാനു് പ്രധാനാചാര്യസ്ഥാനത്തിടുത്ത അംശവസ്ത്രങ്ങൾ നല്കപ്പെട്ടു. അംശവസ്ത്രധാരിയായ മാർ ഗ്രിഗോറിയോസ് തിരുമേനിയെ സിംഹാസനത്തിന്മേലിരുത്തി മെത്രാന്മാരും പട്ടക്കാരും കൂടി എടുത്തു. നവമെത്രാൻ സിംഹാസനത്തിലിരുന്നു് ഏവൻഗേലിയോൻ വായിച്ചു. അടുത്ത

www.malankaralibrary.com



ചടങ്ങ് അംശവടി നല്കലായിരുന്നു. അതിനുശേഷം കാർമ്മികനും പുതിയ മെത്രാനും ത്രോണോസിനു നേരെ തിരിഞ്ഞുനിന്നു. കാർമ്മികൻ മാർ ഗ്രിഗോറിയോസ് തിരുമേനിക്ക് രഹസ്യോപദേശം നൽകിയതോടെ മെത്രാഭിഷേകകർമ്മങ്ങൾ സമാപിച്ചു.

തുടർന്ന് കാർമ്മികനും മെത്രാന്മാരെല്ലാവരും പുതിയ മെത്രാന് സമാധാനചുംബനം നല്കി. മാർ ഗ്രിഗോറിയോസ് തിരുമേനി സ്ലീബാകൊണ്ടു് ജനങ്ങളെ ആശീർവദിച്ചു.

അനന്തരം അഭിനവതിരുമേനിക്കുള്ള മംഗളപത്രസമർപ്പണവും സമ്മാനദാനങ്ങളുമാണ് നടന്നതു്. സുദീർഘമായ പട്ടാഭിഷേകകർമ്മംമൂലം ക്ഷീണിതനായ മാർ ഈവാനിയോസ് തിരുമേനി അരമനയിലേക്കു മടങ്ങി. തിരുവനന്തപുരം അതിരൂപതവകയായി ഒരു മംഗളപത്രം വന്ദ്യ ശ്രീ ചേപ്പാട്ടു പീലിപ്പോസ് റമ്പാൻ വായിച്ചു സമർപ്പിച്ചു. കത്തോലിക്കാകോൺഗ്രസ് മുതലായ സംഘടനകളുടെ വകയായി ഹാരാർപ്പണം നടന്നു. തിരുവനന്തപുരം അതിരൂപതവകയായും, ബഥനി സന്യാസിനിസന്യാസസമൂഹങ്ങളുടെ വകയായും കൊച്ചുതിരുമേനിക്ക് ജ്ഞാനമഞ്ജരികൾ സമർപ്പിക്കപ്പെട്ടു. മാർ ഈവാനിയോസ് കോളജിലെ അദ്ധ്യാപകരുടെയും മററു ജോലിക്കാരുടെയും വിദ്യാർത്ഥികളുടെയുംവകയായി സ്വർണ്ണംകൊണ്ടുള്ള സ്ലീബായും കഴുത്തുമാലയും രജതനിർമ്മിതമായ ധൂപക്കുററിയും കൊച്ചുതിരുമേനിക്ക് നൽകപ്പെട്ടു. ബഥനിസന്യാസാശ്രമത്തിൻെറ വക

www.malankaralibrary.com



യായി കാസായും പീലാസായും സമർപ്പിക്കപ്പെട്ടു. മംഗളപത്രത്തിനും മററു സ്നേഹപ്രകടനങ്ങൾക്കും മറുപടിയായി അഭിനവതിരുമേനിയുടെ പ്രസംഗമാണ് പിന്നീട് നടന്നതു്. തിരുമേനി ഇപ്രകാരം പ്രസ്താവിച്ചു.

പെന്തിക്കോസ്തിദിവസം ക്രിസ്തു ശിഷ്യന്മാർക്കു നൽകിയ വാചാലതയുടെ ഒരു അംശം എനിക്കു കിട്ടിയിരുന്നു എങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുകയാണ്. എങ്കിൽ മാത്രമേ എനിക്കിതിനു എന്തെങ്കിലും മറുപടി പറയുവാൻ സാദ്ധ്യമാകൂ. ക്രിസ്തു തൻെറ സഭയുടെ ഭരണത്തിനായി തിരഞ്ഞെടുത്ത പന്ത്രണ്ടു് അപ്പസ്തോലന്മാരുടെ ഗണത്തിലേക്കാണ് ഞാനും ഇപ്പോൾ ഉയർത്തപ്പെട്ടിരിക്കുന്നതു്. പത്രോസിനെയും പൗലോസിനെയും ഉൾക്കൊള്ളുന്ന ധീരന്മാരുടെ ഗണത്തിലേക്ക്. പരിശുദ്ധാത്മാവിൻെറ പ്രവർത്തനങ്ങൾ തികച്ചും അത്ഭുതകരങ്ങളാണ്. ഈ പ്രവർത്തനം ദൈവപരിപാലനയുടെ മറെറാരു ലക്ഷ്യം മാത്രമാണ്. ദൈവം തൻെറ ശിഷ്യന്മാരായി ഭൂമിയിൽ നിയോഗിച്ചതു് കേവലം പന്ത്രണ്ടു് മീൻപിടുത്തക്കാരെയായിരുന്നു. പക്ഷേ, പരിശുദ്ധാത്മാവിൻെറ പ്രവർത്തനത്താൽ അവരുടെ കർത്തവ്യം അവർ ശരിക്കു നിറവേററി. അതുപോലെതന്നെ എളിയവനായ എന്നെയും പരിശുദ്ധാത്മാവു് വഴിതെളിച്ചു മുമ്പോട്ടുകൊണ്ടുപോകുമെന്നു് എനിക്കു വിശ്വാസമുണ്ടു്.

ഇന്നു് ഞാൻ ഏററിരിക്കുന്ന ഭാരം അത്യന്തം ശ്രമകരമാണ്. ദൈവതിരുമുമ്പിൽ ഇതു് വലിയ ഒരു സ്ഥാനമാണ്.

www.malankaralibrary.com



ക്രിസ്തു ശിഷ്യന്മാരെ തിരഞ്ഞെടുത്തത് അദ്ധ്വാനിക്കുന്നതിനും, കഷ്ടപ്പെടുന്നതിനും രക്തം ചൊരിയുന്നതിനുമാണ്. സഭയുടെ ആരംഭകാലത്ത് രക്തസാക്ഷിത്വം ഒരു നിശ്ചയമായ സംഗതിയായിരുന്നു.

ആദിമകാലത്തെ സ്ഥിതിതന്നെയാണ് ഇന്നും സംജാതമായിരിക്കുന്നത്. ഇന്നു നാം ഇവിടെ കൂടിയിരിക്കുമ്പോൾ, കാർഡിനൽ മിൻസേന്തി, ചൈനയിലെ കർദ്ദിനാൾ തുടങ്ങിയവർ നിരന്തരമായ മതപീഡനം സഹിച്ചുകൊണ്ടിരിക്കുകയാണ്. ഇതേമാതിരിയുള്ള കഷ്ടതകളെ അഭിമുഖീകരിക്കാനാണ് ദൈവം എന്നെ ക്ഷണിച്ചിരിക്കുന്നത്. ദൈവകൃപയാൽ അതിനുള്ള ശക്തി എനിക്കുണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ പ്രവർത്തനങ്ങൾ വിജയപ്രദമാക്കുന്നതിന് നിങ്ങളുടെ ആത്മാർത്ഥമായ സഹകരണം ആവശ്യമാണ്.

ഇന്നുമുതൽ നിങ്ങളുടെ ദുഃഖം എന്റെ ദുഃഖവും നിങ്ങളുടെ ആവശ്യം എന്റെ ആവശ്യവും നിങ്ങളുടെ സന്തോഷം എന്റെ സന്തോഷവും ആയിരിക്കും.

മുന്നൂറു വർഷങ്ങൾക്കു മുൻപു നടന്ന സഭാഭിന്നത അവസാനിപ്പിക്കുന്നതിനായി എന്റെ മുഴുവൻ കഴിവുകളും ഞാൻ വിനിയോഗിക്കുന്നതാണ്."

പട്ടാഭിഷേകകർമ്മത്തിൽ സംബന്ധിച്ച തിരുമേനിമാർക്കും പുരോഹിതന്മാർക്കും പ്രമുഖ വ്യക്തികൾക്കും

www.malankaralibrary.com



സെൻറു് മേരീസ് ഹൈസ്കൂൾ ഹാളിൽവച്ചു് ലഞ്ചു നൽകപ്പെട്ടു. വൈകുന്നേരം നാലരമണിക്കു് പന്തലിൽ വച്ചു നടത്തിയ വിഭവസമൃദ്ധമായ ഗാർഡൻ പാർട്ടിയിൽ 1500-ഓളം പ്രശസ്ത വ്യക്തികൾ സംബന്ധിച്ചു. കൊച്ചുതിരുമേനിക്കു മംഗളങ്ങൾ നേർന്നുകൊണ്ടു്, തിരുമേനി വൈദികവിദ്യാഭ്യാസം നിർവഹിച്ച കാൻഡി സെമിനാരിയിലെ റെക്ടർ പ്രസംഗിച്ചു.

അനന്തരം മാർ ഗ്രീഗോറിയോസ് തിരുമേനിയെ അനുമോദിച്ചുകൊണ്ടും മാർ ഈവാനിയോസ് തിരുമേനിയുമായുള്ള ചിരകാലസുഹൃൽബന്ധത്തെ അനുസ്മരിച്ചുകൊണ്ടും മി. കെ. സി. മാമ്മൻമാപ്പിള ഒരു പ്രസംഗം ചെയ്തു. മാർ ഈവാനിയോസ് തിരുമേനി തൻെറ ശിഷ്യനായിരുന്നെന്നും തിരുമനസ്സിലെ വ്യക്തിമാഹാത്മ്യവും കർമ്മകുശലതയും നേതൃത്വവും അഭിനന്ദനാർഹമാണെന്നും അദ്ദേഹം പ്രസ്താവിച്ചു. ഈ സന്ദർഭത്തിൻെറ പ്രാധാന്യത്തെ കരുതിയാണു് വാചാപ്രസംഗം ചെയ്യരുതെന്നുള്ള ഡോക്ടറന്മാരുടെ നിർദ്ദേശത്തെ അവഗണിച്ചുകൊണ്ടു് താൻ പ്രസംഗിക്കുന്നതെന്നും അഭിനവ തിരുമേനിയുടെ ജന്മദേശം തൻെറ പിതാമഹന്മാരുടെ ജന്മദേശത്തുതന്നെ ആണെന്നും തിരുമേനിയുമായി തനിക്കു രക്തബന്ധമുണ്ടെന്നും മാമ്മൻമാപ്പിള പ്രസ്താവിച്ചു. പിന്നീടു മാർ ഈവാനിയോസ് തിരുമേനി ചെയ്ത പ്രസംഗത്തിൽ ഇന്നത്തെ മംഗളകർമ്മത്തിൽ പ്രകടമായ സഹകരണബുദ്ധിക്കു കൃതജ്ഞത പ്രകാശിപ്പിക്കുകയും, തൻെറ സഹായമെത്രാനായി അഭിനവതിരു

www.malankaralibrary.com



മേനിയെ ലഭിച്ചതിൽ സന്തോഷം പ്രകടിപ്പിക്കയും ചെയ്തു. മി. മാമ്മൻ മാപ്പിളയുമായുള്ള ചിരകാലസുഹൃദ്ബന്ധത്തെപ്പററിയും തിരുമേനി പരാമർശിക്കുകയുണ്ടായി. തിരുമേനി തൻെറ ജീവിതഗതി വ്യത്യാസപ്പെടുത്തി മററൊരു പന്ഥാവിൽക്കൂടി ജീവിതം തുടർന്നപ്പോൾ മി. മാമ്മൻമാപ്പിള അദ്ദേഹത്തിൻെറ ജീവിതഗതി വ്യത്യാസപ്പെടുത്താതെ അതിലുറച്ചു നില്ക്കുകയാണു ചെയ്തതെന്ന് തിരുമേനി ഫലിതരൂപേണ പ്രസ്താവിക്കുകയുണ്ടായി. ആശംസകൾക്കും അനുമോദനങ്ങൾക്കും മറുപടിയായി കൊച്ചുതിരുമേനി ഇപ്രകാരം പ്രസ്താവിച്ചു:

"നിങ്ങളുടെ സ്നേഹബഹുമാനങ്ങൾക്കു ഞാൻ കൃതജ്ഞനാണ്. നിങ്ങളുടെ സഹകരണവാഗ്ദാനം എനിക്കു ധൈര്യവും പ്രചോദനവും നല്കുന്നു. കോളേജിൽ കുറേനാൾ കഴിച്ചുകൂട്ടിയതിനാൽ ധാരാളം പേരുമായി പരിചയപ്പെടാനിടയായി. വ്യക്തിപരമായി പറഞ്ഞാൽ കോളജിലെ ജോലിയായിരുന്നു കൂടുതൽ സന്തോഷപ്രദം. പക്ഷേ, ദൈവഹിതം അതല്ല. മനുഷ്യനു ശരീരവും ആത്മാവുമുണ്ട്. ആദ്ധ്യാത്മികപുരോഗതിക്കു ശാരീരികസിദ്ധികളുമാവശ്യമാണ്. ആദ്ധ്യാത്മികമായ ഒരു മൂല്യം ഉണ്ടായിരിക്കണം സമസ്തപ്രവൎത്തനങ്ങൾക്കും. രാഷ്ട്രീയ,സാമൂഹ്യ,സാമുദായികപ്രവൎത്തനങ്ങളിൽ അതു തെളിയിക്കണം. രാഷ്ട്രീയവും, ആദ്ധ്യാത്മികപുരോഗതിയുമായി ബന്ധമുണ്ട്. രാഷ്ട്രീയത്തിൽ അധികചിന്ത ചെലുത്തുന്ന രാജ്യങ്ങൾ അപകടത്തെ ക്ഷണിച്ചുവരു

www.malankaralibrary.com



ത്തുന്നുവെന്നു് തൃശ്ശിനാപ്പള്ളിയിലെ ഒരു പ്രൊഫസർ പറയുകയുണ്ടായി. ഇന്നു നാം ഒരു പ്രതിസന്ധിഘട്ടത്തിലാണു്. രാഷ്ട്രീയത്തെപ്പററി നാം കൂടുതൽ ചിന്തിക്കുന്നു. സാമ്പത്തികകാര്യത്തിലും സഭയ്ക്കു കണ്ണുടയ്ക്കുവാൻ കഴിയുകയില്ല. എനിക്കു് സാധുക്കളോടു് അധികം സ്നേഹമുണ്ടു്. ഞാൻ ഒരു പാവമായിരുന്നു. പട്ടിണിയുടെ വിഷമത നേരിട്ടറിയുവാൻ എനിക്കു സാധിച്ചിട്ടുണ്ടു്. എൻെറ ആയുസ്സിൻെറ ബാക്കിമുഴുവൻ സാധുക്കളുടെ ഉയർച്ചയ്ക്കുവേണ്ടി വിനിയോഗിക്കുമെന്നു് ഞാൻ പ്രതിജ്ഞ ചെയ്യുന്നു. പട്ടിണിക്കാരോടു് പ്രേമമുണ്ടെന്നു പറഞ്ഞു കണ്ണുനീർ വീഴ്ത്തുന്ന ഏതൊരുവനെയും വെല്ലുവിളിക്കാൻ ഞാൻ തയ്യാറാണു്."

അന്നുതന്നെ സന്ധ്യയ്ക്കു് വി. ജെ. ററി. ഹാളിൽ വച്ചു് മാർ ഈവാനിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ മാർതോമ്മാശ്ലീഹായുടെ ശതാബ്ദജൂബിലി വിവിധ ക്രൈസ്തവവിഭാഗങ്ങൾ ചേർന്നു് കൊണ്ടാടി. വിവധ സഭകളിലെ പന്ത്രണ്ടു് മെത്രാന്മാരും ഒട്ടനവധി പ്രമുഖവ്യക്തികളും പ്രസ്തുത യോഗത്തിൽ സംബന്ധിച്ചു. അഭിനവതിരുമേനിയെക്കുറിച്ചു് മാർ ഈവാനിയോസ് തിരുമേനി ഇപ്രകാരം പ്രസ്താവിച്ചു: "ഒരു ശിശു ജനിക്കുന്ന അവസരത്തിൽ ആ കുടുംബത്തിൽ മാത്രമല്ല, അടുത്ത ഗൃഹങ്ങളിലും സന്തോഷം ഉണ്ടാകുന്നതാണു്. നിങ്ങളുടെ പുതിയ മെത്രാൻ തിരുവനന്തപുരത്തു് പുതിയ ആളല്ല. നിങ്ങൾ അദ്ദേഹത്തെ പല നിലകളിലും വീക്ഷിച്ചിട്ടുണ്ടു്. മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ വിജയം സ്വയം പരിത്യാഗത്തിലടങ്ങിയി

www.malankaralibrary.com



രിക്കുന്നു. അദ്ദേഹത്തെ പരിചയമുള്ള എല്ലാവർക്കും ഈ സ്ഥാനലബ്ധി അത്യധികം ആനന്ദം ഉളവാക്കുന്നതാണു്.'' ശതാബ്ദജൂബിലിയെക്കുറിച്ചും അഭിനവതിരുമേനിയെ അനുമോദിച്ചുകൊണ്ടും മിസ്റ്റർ പി. സി അലക്സാണ്ടർ ഐ. എ. എസ്; മാർ തീമോത്തിയോസ് തിരുമേനി (ഇപ്പോൾ കാതോലിക്കാബാവ), ദക്ഷിണേന്ത്യൻ സഭാമെത്രാൻ എ. എച്ച്. ലഗ്ഗ് തിരുമേനി, ശ്രീ കളത്തിൽ വേലായുധൻനായർ (അന്നു് മന്ത്രി), കോട്ടയം മെത്രാൻ തറയിൽ തിരുമേനി, തൃത്തുക്കുടി മെത്രാൻ റോച്ചുതിരുമേനി എന്നിവർ പ്രസംഗിച്ചു. അനുമോദനങ്ങൾക്കു മറുപടിയായി മാർ ഗ്രീഗോറിയോസ് തിരുമേനി ഉജ്ജ്വലത്തായ ഒരു പ്രസംഗംചെയ്തു. പ്രസ്തുത പ്രസംഗത്തിൽ തിരുമേനി ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി.

"ഇൻഡ്യ സ്വതന്ത്രയായ 1947 ആഗസ്റ്റ് 15-ാം തീയതി രാത്രി സെൻറ് തോമസിൻെറ ശവകുടീരം ഭക്തിയോടെ സന്ദർശിച്ചവരുടെ കൂട്ടത്തിൽ ഞാനും ഉണ്ടായിരുന്നു. ഇന്നു് അതിനുശേഷം അഞ്ചു കൊല്ലങ്ങൾ കടന്നിരിക്കുന്നു. ആദ്ധ്യാത്മികവിഷയത്തിൽ നാം ഒരു വിധത്തിലും മുമ്പോട്ടു പോയിട്ടില്ല. ആരംഭകാലത്തു് അതിവേഗം വളർന്ന സഭ ഇടക്കാലത്തു തളർന്നുപോകാനുള്ള കാരണം നമ്മുടെ ജാഗ്രതക്കുറവും വിഘടിതതാല്പര്യങ്ങളുമാണു്. നമുക്കു് നമ്മുടെ ഭിന്നതകൾ അകററാം.''

അഭിനവമെത്രാൻെറ പട്ടാഭിഷേകദിനത്തിൽ ദീപിക പ്രസിദ്ധപ്പെടുത്തിയ പത്രാധിപലേഖനംകൂടി ഉദ്ധരിച്ചുകൊള്ളുന്നു:

www.malankaralibrary.com



"മാർ ഈവാനിയോസ് തിരുമേനിയുടെ സഹായ മെത്രാനായിരിക്കാൻ ഇന്നു വാഴിക്കപ്പെടുന്ന മാർ ഗ്രിഗോറിയോസ് തിരുമേനിയെക്കാരം യോഗ്യനായ ഒരു ദേഹം മലങ്കരറീത്തിലില്ലെന്ന് നിസ്സംശയം പറയാവുന്നതാകുന്നു. മദിരാശി സർവ്വകലാശാലയിൽ നിന്നും മാർ ഈവാനിയോസ് തിരുമേനിയെപ്പോലെ തന്നെ വളരെ ഉന്നതമായ ബിരുദം ഈ തിരുമേനിയും സമ്പാദിച്ചിട്ടുണ്ടു്. ലത്തീൻഭാഷയും തിരുമേനിക്കു നല്ലവണ്ണം വശമാണു്. കാൻഡി സെമിനാരിയിലാണ് വൈദികപഠനം നടത്തിയതു്. അതിലും തിരുമേനി ബിരുദധാരിയാണു്. വെറും ബിരുദധാരിമാത്രമല്ല, പരീക്ഷകളെല്ലാം ഏററം ഉന്നതമായ നിലയിലാണ് പാസ്സായിട്ടുള്ളതു്. മാർ ഈവാനിയോസ് കോളെജിലെ ഭരണസമിതിയിലെ ഒരംഗമായിട്ടിരുന്നും വൈസ്പ്രിൻസിപ്പൽസ്ഥാനം വഹിച്ചും, കുറെനാരം പ്രിൻസിപ്പലിൻെറ ജോലിനോക്കിയും മാർ ബനഡിക്ട് തിരുമേനി തൻെറ ബുദ്ധിശക്തിയും കാര്യവിവരവും ഭരണപാടവവും ജനരഞ്ജനയും ധാരാളം പ്രകടമാക്കിയിട്ടുണ്ടു്. വയസ്സു മുപ്പത്തിയാറു മാത്രമേയുള്ളുവെങ്കിലും ഒരു വയോവൃദ്ധൻെറ പരിപക്വബുദ്ധിയും ശീലവുമാണ് തിരുമേനിക്കുള്ളതു്. സേവനവാസന ജന്മസിദ്ധമാണു്. ഈ സ്വഭാവവിശേഷങ്ങരംക്കെല്ലാം മകുടം ചാർത്തുന്ന സാക്ഷാത്തായ വിനയം പ്രഥമസമ്പർക്കത്തിൽ ആരെയും വശീകരിക്കുന്നതുമാകുന്നു. ഇതെല്ലാംവെച്ചുനോക്കുമ്പോരം രണ്ടാമനില്ലാത്ത ആ ഒന്നാമന് ഒരു രണ്ടാമനായിത്തന്നെ മാർ ഗ്രിഗോറിയോസ് പരിലസിക്കുമെന്ന് നമുക്കു പ്രതീക്ഷിക്കാം."

www.malankaralibrary.com

## അദ്ധ്യായം പന്ത്രണ്ട്

# സ്വീകരണങ്ങൾ

അഭിവന്ദ്യ മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ മെത്രാൻ പട്ടാഭിഷേകത്തിനുശേഷം ഏകദേശം നാലു മാസക്കാലങ്ങൾ ആർഭാടപൂർവ്വകമായ സ്വീകരണങ്ങളുടെയും അനുമോദനങ്ങളുടേയും ഒരു ഘോഷയാത്ര തന്നെ ഉണ്ടായി. തിരുവനന്തപുരം അതിരൂപതയിലും തിരുവല്ലാ രൂപതയിലും തിരുമേനിയുടെ മെത്രാൻസ്ഥാനലബ്ധി അത്യധികമായ ആനന്ദവായ്പാണ് ഉളവാക്കിയത്. തിരുമേനിയെ സ്വീകരിച്ച് തങ്ങളുടെ സ്നേഹാദരങ്ങൾ പ്രകടിപ്പിക്കുന്നതിന് മലങ്കര സുറിയാനിറീത്തിലുള്ള പള്ളികളും സ്ഥാപനങ്ങളും ഒരു മത്സരം തന്നെ പ്രകടിപ്പിച്ചു എന്നു പ്രസ്താവിക്കുന്നതിൽ അതിശയോക്തിയില്ല. എല്ലാ സ്വീകരണങ്ങളെക്കുറിച്ചും ഈ ലഘുഗ്രന്ഥത്തിൽ പ്രതിപാദിക്കുക സാദ്ധ്യമല്ല. അതിനു വലിയ ഒരു ഗ്രന്ഥം തന്നെ ആവശ്യമായി വരും. മെത്രാൻ പട്ടാഭിഷേകം കഴിഞ്ഞുള്ള രണ്ടാഴ്ചക

www.malankaralibrary.com



ളിലെ രണ്ടുമൂന്നു സ്വീകരണങ്ങളെക്കുറിച്ചു മാത്രമേ ഇവിടെ പ്രതിപാദിക്കാൻ ഉദ്ദേശമുള്ളു.

സ്വീകരണങ്ങളുടെ നാന്ദി കുറിച്ചതു് നമ്മുടെ കഥാനായകൻ പ്രിൻസിപ്പലായും വൈസ്പ്രിൻസിപ്പലായും സേവനമനുഷ്ഠിച്ച മാർ ഈവാനിയോസ് കോളെജിൽ തന്നെയാണു്. പട്ടാഭിഷേകം കഴിഞ്ഞ പിറേറ ദിവസം, അതായതു് 1953 ജനുവരി 30-ാം തീയതി വെള്ളിയാഴ്ച വൈകിട്ടു് നാലര മണിക്കു് നടത്തപ്പെട്ട അതിവിപുലമായ തോതിലുള്ള ഒരു ഗാർഡൻപാർട്ടിയായിരുന്നു, സ്വീകരണത്തിൻെറ ആദ്യചടങ്ങു്. അതിനുശേഷം നടത്തപ്പെട്ട യോഗത്തിൽ ദക്ഷിണേന്ത്യൻ സഭയുടെ മെത്രാനായ ബിഷപ്പു് ലഗ്ഗ് അദ്ധ്യക്ഷത വഹിച്ചു. അഭിനവമെത്രാൻെറ വിവിധ ഗുണങ്ങളെ പ്രകീർത്തിച്ചുകൊണ്ടുള്ള അദ്ധ്യക്ഷപ്രസംഗത്തിനുശേഷം അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടെയും ഏതാനും പ്രതിനിധികൾ പ്രസംഗിച്ചു. അദ്ധ്യപകാദ്ധ്യേതാക്കളുടെ വകയായി ഒരു സ്വർണ്ണസ്ലീബാ തിരുമേനിക്കു് ഉപഹാരമായി നല്കപ്പെട്ടു. സ്വീകരണയോഗത്തിൽ ഒരു വിദ്യാർത്ഥിയായ ജോസഫ് വെനാൻസിയൂസ് ഡിക്രൂസ് വായിച്ച ഇംഗ്ലീഷ് കവിതയും അദ്ധ്യാപകനായ ജി. വൈദ്യനാഥ അയ്യർ വായിച്ച മംഗളോപഹാരവും ഇവിടെ ചേർക്കുന്നു.

www.malankaralibrary.com



## "Benedictus qui venit in nomine Domini."

To You, my Lord, we come, your loving children
And erstwhile students, fortunate and gay,
With homage true of loyalty and affection.
And fervent wishes on this auspicious Day.

Felicitation, joy, congratulation—
Is the message we endeavour to impart
To our Father, our revered, devoted Pastor;
To the Guide that comes to us from Christ's
own heart.

The Guide, the soul of this our Alma Mater,
The Friend of Youth whose sympathy profound
And cheery smile was light on gloomy periods,
Our healing balms to some deep hidden wound.

To you, My Lord, today we fain would offer
The assurance of allegiance fond and true;
Our Gratitude and efforts to be ever
Ready, both to endure and to do.

Strong in the faith of our ancestors,
Courageous in the cause of duty stern;
Loyal to God, and Truth, and our dear country,
The Cross before, the crown in Heaven to earn.

www.malankaralibrary.com



Such, your Lordship, is our humble message,
And the prayer that we offer at God's throne-
That our College may be blessed with peace
and progress.
The harvest of the seed thus nobly sown.

To You, My Lord, strength and benediction
Heaven's choicest gifts e'er yet bestowed;
Success in every task and undertaking,
And zealous helpers that will light your load.

May Your Lordship carry from our college
The mem'ry of the prayer we lay down-
That we may ever be on earth, a consolation,
In Heav'n, your Lordshid's bright eternal Crown.

## മംഗളോപഹാരം

ഇപ്പാരിൽപ്പെരു പൊങ്ങും പെരുമയൊടമരും
ദിവ്യ തേജസ്വിയാകും
മാർപ്പാപ്പാ തൻ പ്രസാദത്തിനു ഗുണനിധിയാ–
മാരു സൽപ്പാത്രമായി,
അപ്പാണ്ഡിത്യാംബുരാശേ, ഭവികനിലയമേ,
"മാർ ഗ്രീഗോറ്യസ്സ്" സംജ്ഞ–
യ്ക്കിപ്പോളർഹൻ ഭവാ,നിക്കവനകലിക ഞാൻ
സാദരം കാഴ്ച വെയ്പ്പൂ.

www.malankaralibrary.com



മൊട്ടിൽ കാണുന്നവല്ലോ വികസിതകുസുമ-
ത്തിങ്കൽ വാരാൻലാവും
പുഷ്ടശ്രീ വ്യക്തമല്ലെങ്കിലുമകതളിരി-
ന്നിമ്പമേകും വിധത്തിൽ
കട്ടിക്കാലത്തതേമട്ടമല ചരിതനാ-
മങ്ങുതൻ സദ്ഗുണം നൽ-
ച്ചിട്ടയ്ക്കൊത്തുള്ള കർമ്മ പ്രഭയിലഖിലവും-
ഞങ്ങൾ കണ്ടു മഹാത്മൻ!

അന്തർവാണിക്കടിപ്പെട്ടനുപമധിഷണാ-
ശാലിയാമങ്ങു വിട്ടു
സ്വന്തം മാതാവിനേയും ജനകനെയുമഹോ!
ബന്ധുവർഗ്ഗത്തിനേയും;
ചന്തം ചിന്തുന്ന കാവ്യത്തിനു സമതവഹി-
ച്ചീടുമത്യാഗവൃത്തം
ചിന്തിക്കുന്തോറുമാരും പുളകിതതനുവായ്
ത്തീരുമാറുള്ളതല്ലോ.

ആരാധ്യാരാധ്യാരാമഗ്ഗുരുവരരിരുപേ-
രന്നു കാണിച്ച മാർഗ്ഗം
സ്ഫാരാഭം കാണ്മു ധർമ്മോത്സുകശുഭചരിത-
ന്മാർക്ക് ഗന്തവ്യമായി;
വാരാളും വൈദികാഗ്രേസര, മഹിമയെഴും
ഭവ്യപൂർണ്ണൻ ഭവാനാ-
ണാരാജദ് വീഥിയൂടേ ജനതയെയിനിമേൽ
കൊണ്ടുപോകേണ്ടതോർത്താൽ.

ധർമ്മഭ്രംശം ഭവിക്കും യുഗമതിലുലകം
താങ്ങി നിർത്തുന്നതോർത്താൽ

www.malankaralibrary.com



കർമ്മത്താൽ ഖ്യാതി തേടിപ്പുട്ടതയൊടമരും
തച്ചാദൃശാചാര്യരത്രേ;
നൈർമ്മല്യം തിങ്ങമെങ്ങന്നന്നുദിവസമഹോ!
നിർവഹിക്കുന്ന കൃത്യം
നിർമ്മായം വാഴ്ത്തുമെന്നും സുജനതതിമഹാ.
പ്രാതിഭോത്തംസമൃത്തേ!

ഈ വിദ്യാമന്ദിരത്തിൻ ഭരണമതുലിതൗ-
ജസ്സോടങ്ങൊന്ന നാളിൽ
ഹേ! വിദ്വൻ, ശ്ലാഘ്യമാകും തവ നിപുണത ഞ-
ങ്ങൾക്കു നേരിട്ടു കാണായ്;
ഭാവി ശ്ശ്രേയസ്സു പാഠാലയമിതിന്നുളവാ
യിട്ടുവാൻ ഭവ്യപൂരം
തൂവി ശ്രീമൻ, ഭവാൻ പൂലതിക വളരുവാൻ
വിണ്ണു തൂമാരി പോലേ.

ഭൂയിഷ്ഠൈശ്വര്യമാർന്നിപ്പുണ്യനിലയനം
പോലെ മറവുള്ളതാകും
ശ്രീയുക്ത സ്ഥാപനൗഘങ്ങളുമനുപമമാം
കീർത്തിപൂണ്ടുല്ലസിക്കാൻ
ആയുസ്സാരോഗ്യസമ്പൽസ്സുഖമിവയവിടു
ത്തേയ്ക്കു നൽകട്ടെ മേന്മേൽ
ശ്രീയേശുക്രിസ്തു,-വിശ്വത്തിനു വരഗുരുവായ്
വാഴുമാ ദൈവപുത്രൻ.

www.malankaralibrary.com



ഫെബ്രുവരി ഒന്നാം തീയതി തിരുവല്ലാ രൂപത യുടെ വകയായി കൊച്ചുതിരുമേനിക്ക് ഗംഭീരമായ ഒരു സ്വീകരണം നല്കപ്പെട്ടു. തിരുവല്ലാ അരമനയിൽനിന്നു ഘോഷയാത്രയായി അഭിവന്ദ്യ തിരുമേനിയെ സെൻറ് ജോൺസ് കത്തീഡ്രൽ ദൈവാലയത്തിലേക്ക് എതിരേററു. കത്തീഡ്രൽ മൈതാനിയിൽ നടന്ന വമ്പിച്ച മഹാസമ്മേളനത്തിൽ കോട്ടയം മെത്രാൻ തറയിൽ തിരുമേനി അദ്ധ്യക്ഷത വഹിച്ചു. പല മഹത്തുക്കളും അനുമോദനപ്രസംഗങ്ങൾ നടത്തി. രൂപത വകയായി ഒരു മംഗളപത്രം മോൺസിഞ്ഞോർ കച്ചിറമററം വായിച്ച് അഭിവന്ദ്യതിരുമേനിക്കു സമർപ്പിച്ചു. യോഗത്തിനു ശേഷം മേരിഗിരി അരമനാങ്കണത്തിൽവച്ച് ഒരു ഗാർഡൻപാർട്ടിയും നടത്തപ്പെട്ടു.

ഈ സ്വീകരണങ്ങൾക്കെല്ലാം മകുടം ചാർത്തുന്ന ഒരു ഉജ്ജ്വലസ്വീകരണമാണ് ഫെബ്രുവരി എട്ടാംതീയതി സ്വന്തം നാട്ടിൽ അഭിവന്ദ്യ തിരുമേനിക്കു ലഭിച്ചതു്. നാനാജാതിമതസ്ഥരായ ആളുകൾ ഈ സ്വീകരണം വമ്പിച്ച വിജയമാക്കുന്നതിനു ഐകമത്യത്തോടെ പരിശ്രമിച്ചു. തങ്ങളുടെ നാടിൻെറ അഭിമാനഭാജനമായ ശ്രേഷ്ഠവ്യക്തിയുടെ മെത്രാൻസ്ഥാനലബ്ധിയിൽ നാട്ടുകാരെല്ലാം ആഹ്ളാദഭരിതരായിരുന്നു. തങ്ങളുടെ മകൻെറ സന്യാസജീവിതപ്രവേശനത്തിന് പല വിലങ്ങുതടികളും എടുത്തിട്ട കഥാനായകൻെറ മാതാപിതാക്കൾ നാട്ടുകാരുടെ ഈ ഉത്സാഹത്തിമിർപ്പ് അഭിമാനത്തോടും ആഹ്ളാദത്തോടും നോക്കിക്കണ്ടു. തങ്ങളുത്തിൽ

www.malankaralibrary.com



കുടുംബവും കുടുംബാംഗങ്ങളും നാട്ടുകാരുടെ പ്രശംസയ്ക്ക് പാത്രമായി. തങ്ങളത്തിൽ കുടുംബവുമായി തലമുറകൾ പഴക്കമുള്ള ബന്ധം എടുത്തു കാണിക്കുന്നതിന് പലരും ഉത്സുകരായി.

മൂന്നുമണിക്ക് മാർ സേവേറിയോസ് തിരുമേനിയുമൊന്നിച്ച് കല്ലൂപ്പാറ ഓർത്തഡോക്സ് പള്ളിയുടെ മുൻവശം കെട്ടി അലങ്കരിച്ചിരുന്ന കമനീയമായ സ്വീകരണമണ്ഡപത്തിൽ എത്തിയ കൊച്ചുതിരുമേനിയെ ഇടവകവികാരി ഹാരമണിയിച്ചു സ്വീകരിച്ചു. കല്ലൂപ്പാറ അങ്ങാടിക്കൽ കവലയിൽ നിർമ്മിതമായിരുന്ന പൂപ്പന്തലിൽ വച്ച് പൊതുജനങ്ങളുടെ പ്രതിനിധിയായി പഞ്ചായത്തു പ്രസിഡൻറ് തിരുമേനിയെ സ്വീകരിച്ചു. അനേകായിരം ജനങ്ങൾ അവിടെ തിങ്ങിക്കൂടിയിരുന്നു. അലങ്കരിച്ച ഒരു ജീപ്പിൽ മാർ സേവേറിയോസ് തിരുമേനിയോടൊന്നിച്ച് അഭിനവ മെത്രാൻ ആസനസ്ഥനായി, ഘോഷയാത്ര പുറപ്പെട്ടു: സൈക്കിൾ റാലി, സ്വർണ്ണക്കുരിശുകൾ, വെള്ളിക്കുരിശുകൾ, മുത്തുക്കുടകൾ, കൊടികൾ എന്നിവ ഘോഷയാത്രയ്ക്കു നിറപ്പകിട്ടേകി. ബാൻറ്, ചെണ്ട മുതലായ താളമേളങ്ങൾ ഘോഷയാത്രയുടെ മാററു വർദ്ധിപ്പിച്ചു. കല്ലൂപ്പാറ, കവിയൂർ, ചെങ്ങരൂർ, മല്ലപ്പള്ളി, വെണ്ണിക്കുളം, തുരുത്തിക്കാട്ട് എന്നീ പ്രദേശങ്ങളിലെയെല്ലാം വിവിധ ജാതിമതസ്ഥരായ അനേകായിരം ആളുകൾ ഘോഷയാത്രയിൽ പങ്കെടുത്തു. കല്ലൂപ്പാറയുടെയും കവിയൂരിൻെറയും അതിർത്തിയായ പെരുമ്പടിയിൽ നിന്നാ

www.malankaralibrary.com



രംഭിച്ച ഈ ഘോഷയാത്ര പുതുപ്പള്ളി ഹൈസ്കൂൾ അങ്കണത്തിലേക്ക നീങ്ങി. റോഡു തിങ്ങിക്കവിഞ്ഞു് നീങ്ങിയിരുന്ന ഘോഷയാത്രയ്ക്കു് ഒരു മൈലിൽ കൂടുതൽ നീളമുണ്ടായിരുന്നു. ഇത്രയും വലിയ ഒരു സ്വീകരണം കല്ലൂപ്പാറയിൽ ഒരു വ്യക്തിക്കും ലഭിച്ചിട്ടില്ലെന്നും ഇത്രയും വലിയ ഒരു ജനക്കൂട്ടം കല്ലൂപ്പാറയുടെ ചരിത്രത്തിൽ ഉണ്ടായിട്ടില്ലെന്നുമാണു് പഴമക്കാർ പറയുന്നതു്. മോറാൻ മാർ ബസ്സേലിയോസ് തൃതീയൻ കാതോലിക്കാബാവായുടെ അദ്ധ്യക്ഷതയിൽ യോഗം ചേരാനാണു് നേരത്തേ തീരുമാനിച്ചിരുന്നതു്. എന്നാൽ ഏതോ താല്ക്കാലികകാരണത്താൽ കാതോലിക്കാബാവാതിരുമേനിക്കു് വന്നു ചേരുവാൻ സാധിച്ചില്ല. അതിനാൽ ഹൈസ്കൂൾ മൈതാനത്തു കൂടിയ ആ വൻപിച്ച മഹായോഗത്തിൽ കോട്ടയം മെത്രാൻ തറയിൽ തിരുമേനി ആദ്ധ്യക്ഷം വഹിച്ചു. മന്ത്രി ശ്രീ റ്റി. എം. വർഗ്ഗീസ് ഉൾപ്പെടെ പല മഹത്തുക്കളും അനുമോദനങ്ങൾ നടത്തി. ശ്രീ റ്റി. എം. വർഗ്ഗീസിൻെറ പ്രസംഗത്തിൽ അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു:

"ശിക്ഷണബോധത്തോടുകൂടി നമ്മുടെ സഹകരണവും അനുഭാവവും നാം പ്രദർശിപ്പിച്ചാൽ ഈ അഭിനവതിരുമേനിയെക്കൊണ്ടു് കൂടുതൽ പ്രയോജനം ഉണ്ടാകും. തിരുമേനിയുടെ വിജയത്തിനു് അതു് ഏററവും ആവശ്യമാണു്. കുറെക്കാലത്തെ എൻെറ പരിചയംകൊണ്ടു്, താനാണു് ബഹുമാനിക്കപ്പെടേണ്ടതെന്ന ചിന്ത ലവലേശവും കൂടാതെ, വിനയത്തോടും

www.malankaralibrary.com



പാകതയോടും, സേവനം എന്ന ഏകലക്ഷ്യത്തിൽ മുന്നോട്ടുപോകുന്ന ഒരാളാണ് ഈ തിരുമേനി എന്നെനിക്കു ബോദ്ധ്യമുണ്ട്. ഈ തിരുമേനിയെ അനുമോദിക്കുന്നതിൽ എനിക്കുകൂടി സാധിച്ചതിൽ സന്തോഷമുണ്ട്.'' കല്ലൂപ്പാറ ദേശവാസികളുടെ വകയായി അഭിനവതിരുമേനിക്ക് ഒരു മംഗളപത്രം സമർപ്പിക്കപ്പെട്ടു. പൊതുജനങ്ങളുടെ വകയായി ഒരു സ്ലീബായും പുതുശ്ശേരി ഹൈസ്കൂളിലെ അദ്ധ്യാപകരുടെ വകയായി ഒരു കാസായും കൊച്ചുതിരുമേനിക്ക് സമർപ്പിക്കപ്പെട്ടു. അനേകർ തിരുമേനിയെ ഹാരങ്ങൾ അണിയിച്ചു. ഉദ്ദേശം മൂന്നു മൈൽ ദീർഘിച്ച സ്വീകരണഘോഷയാത്രയിൽ പല സ്ഥലങ്ങളിൽ വച്ചും തിരുമേനിക്ക് പ്രത്യേകസ്വീകരണങ്ങൾ നല്കപ്പെടുകയുണ്ടായി എന്ന കാര്യവും സ്മരണീയമാണ്.

തിരുവനന്തപുരം അതിരൂപതയിലെ വിവിധ സ്ഥലങ്ങളിൽ വച്ചു തിരുമേനിക്കു ലഭിച്ച വൻപിച്ച സ്വീകരണങ്ങളെക്കുറിച്ച് സ്ഥലപരിമിതിമൂലം ഇവിടെ പ്രസ്താവിക്കുന്നില്ല.

www.malankaralibrary.com

## അദ്ധ്യായം പതിമ്മൂന്ന്

# ഭരണച്ചുമതലയിലേക്ക്

മെത്രാനായതിനുശേഷം നമ്മുടെ കഥാനായകൻ, മാർ ഈവാനിയോസ് തിരുമേനിയുടെ നിർദ്ദേശങ്ങൾ അനുസരിച്ച് അതിരൂപതയുടെ ഭരണപരമായ കാര്യങ്ങളിൽ ഏർപ്പെട്ടുപോന്നു. ആലസ്യവിധേയനായ വലിയ തിരുമേനിയുടെ ചികിത്സാകാര്യങ്ങളിലും സുഖസൗകര്യാദികളിലും കൊച്ചുതിരുമേനി സവിശേഷശ്രദ്ധ പതിപ്പിച്ചിരുന്നു. മാർ ഈവാനിയോസ് തിരുമേനിക്ക് സംഭാഷണത്തിലേപ്പെടാനുള്ള ശരീരസ്ഥിതി ഉണ്ടായിരുന്ന വേളകളിലെല്ലാം കൊച്ചുതിരുമേനി അദ്ദേഹത്തെ സന്ദർശിച്ച് വിവിധ കാര്യങ്ങളെപ്പററി സംഭാഷണങ്ങൾ നടത്തുകയും ഉപദേശങ്ങൾ ആരായുകയും ചെയ്യുക പതിവായിരുന്നു. വലിയ തിരുമേനിക്ക് എന്തെങ്കിലും അസുഖം അല്പം കൂടുതലാണെന്ന് അറിഞ്ഞാലുടൻതന്നെ നമ്മുടെ കഥാനായകൻ രോഗശയ്യക്കരികെ എത്തുകയായി. മാർ ഈവാനിയോസ് തിരുമേ

www.malankaralibrary.com



നിക്ക് എല്ലാ വിധത്തിലുമുള്ള പരിചരണങ്ങൾ കൃത്യ രീതിയിൽ കൃത്യസമയത്ത് ലഭിക്കണമെന്നുള്ള കാര്യത്തിൽ മാർ ഗ്രീഗോറിയോസ് തിരുമേനിക്ക് അങ്ങേഅററത്തെ നിർബന്ധം ഉണ്ടായിരുന്നു. വലിയ തിരുമേനിയെ കാണാനായിട്ട മാത്രം എത്തുന്ന പ്രമുഖവ്യക്തികളെ സ്വീകരിച്ച് ഉപചരിക്കുന്നതിൽ നമ്മുടെ കഥാനായകൻ ശ്രദ്ധ പതിച്ചുപോന്നു.

1953–ലെ കഷ്ടാനുഭവയാഴ്ചയിൽ മാർ ഈവാനിയോസ് തിരുമേനിയുടെ രോഗനില അപകടമേഖലയിലേക്ക നീങ്ങി. തിരുമേനി ദിവംഗതനാകുമോയെന്ന് എല്ലാവരും സംശയിച്ചു. എന്നാൽ ക്രമേണ രോഗത്തിനു ശമനമുണ്ടായി. പക്ഷേ, ജൂലൈ മാസത്തിൻെറ ആരംഭത്തോടുകൂടി മാർ ഈവാനിയോസ് തിരുമേനിയുടെ രോഗനിലയിൽ കാര്യമായ വർദ്ധനയുണ്ടായി. ജൂലൈ 15–ാം തീയതി അദ്ദേഹത്തിൻെറ രോഗം പെട്ടെന്നു വർദ്ധിച്ചു. സന്ധ്യ കഴിഞ്ഞപ്പോഴേക്കും നില ആശങ്കാവഹമായി. തിരുവല്ലാ മെത്രാൻ മാർ സേവേറിയോസ് തിരുമേനിയുടെയും അനേകം വൈദികരുടെയും സാന്നിദ്ധ്യത്തിൽ രാത്രി ഒൻപതു മണിയോടുകൂടി നമ്മുടെ കഥാനായകൻ, വലിയ തിരുമേനിക്ക് അന്ത്യക്രൂദാശ നല്കി. എല്ലാവരും പ്രാർത്ഥിച്ചുകൊണ്ടു നില്ക്കവേ അര നൂററാണ്ടു കാലത്തോളം ത്യാഗഭരിതമായ ഒരു ജീവിതം നയിച്ച ആ മഹാത്മാവ്, പുനരൈക്യപ്രസ്ഥാനത്തിൻെറ വിശാലവീഥി വെട്ടിത്തുറക്കുകയും യാതനകളും കഷ്ടപ്പാടുകളും സഹിച്ചുകൊണ്ട് അനേകാ

www.malankaralibrary.com



യിരങ്ങളെ കത്തോലിക്കാസഭയിലേക്ക നയിച്ച ആ പ്രേഷിതവര്യൻ, കേരളസഭയുടെയും കത്തോലിക്കാസഭയുടെതന്നെയും ചരിത്രത്തിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച ആ വീരപുരുഷൻ, നമ്മുടെ കഥാനായകനെ തൻെറ സഹായമെത്രാനായി വാഴിച്ച ആ പുണ്യചരിതൻ, പതിനൊന്നു മണിയോടുകൂടി, തൻെറ കിരീടം പ്രാപിക്കുന്നതിനു് കർത്താവിൽ നിദ്ര പ്രാപിച്ചു. അപ്പോഠംതന്നെ നമ്മുടെ കഥാനായകൻ മാർ സേവേറിയോസ് തിരുമേനിയുടെ സഹകരണത്തോടുകൂടി മേല്പട്ടക്കാരുടെ കബറടക്കത്തിനുള്ള പ്രാരംഭശുശ്രൂഷ നിർവ്വഹിച്ചു. സ്ഥാനവസ്ത്രങ്ങഠ ധരിപ്പിച്ചു് കസേരയിലിരുത്തിയിരുന്ന മൃതദേഹം ആ രാത്രിയിൽതന്നെ പാളയം സെൻറു് മേരീസ് ഭദ്രാസനദൈവാലയത്തിലെ മദ്ബഹായിലേക്കു് കൊണ്ടുപോകപ്പെട്ടു. ദിവംഗതനായ അഭിവന്ദ്യതിരുമേനിയുടെ കബറടക്കം പിറേറ ദിവസം തന്നെ നടത്തുവാൻ കഥാനായകനും മാർ സേവേറിയോസ് തിരുമേനിയുംകൂടി നിശ്ചയിച്ചു. മാർ ഈവാനിയോസ് തിരുമേനിയുടെ ചരമവാർത്തയും കബറടക്ക വിവരവും കാണിച്ചുകൊണ്ടുള്ള കമ്പിസന്ദേശങ്ങളും ഫോൺവിളികളും കേരളത്തിൻെറ നാനാഭാഗങ്ങളിലേക്കും രാത്രിയിൽതന്നെ പോയി. സന്ദേശവാഹകരെ നിയോഗിക്കേണ്ട സ്ഥലങ്ങളിലേക്കു് സന്ദേശവാഹകർ യാത്രയായി. അതിരൂപതയിലെ എല്ലാ പള്ളികളിലും രാത്രിയിൽതന്നെ വിവരമെത്തി.

1953 ജൂലൈ പതിനാറാം തീയതി മാർ ഈവാനിയോസ് തിരുമേനിയുടെ കബറടക്കം നടന്നു. പാളയം

www.malankaralibrary.com



സെൻറ് മേരീസ് പള്ളിയിൽ സ്ഥാനവസ്ത്രവിഭൂഷിതമായി ഒരു കസേരയിൽ ഇരുത്തിയിരുന്ന മൃതദേഹം ഒരു നോക്കു കാണുവാനും, തങ്ങളുടെ ആദരാഞ്ജലികൾ അർപ്പിക്കുവാനുമായി പ്രഭാതം പൊട്ടിവിടർന്നപ്പോൾതന്നെ വിവിധജാതിമതസ്ഥരായ ആളുകൾ പാളയം പള്ളിയിലേക്കു നീങ്ങുന്ന കാഴ്ചയാണ് തിരുവനന്തപുരം നഗരം ദർശിച്ചത്. രാവിലെ കൃത്യം ആറു മണിക്കുതന്നെ പാലാ മെത്രാൻ വയലിൽ തിരുമേനി കൽദായറീത്തിൽ പൊന്തിഫിക്കൽകുർബാന അർപ്പിച്ചു. അതിനുശേഷം മാർ സേവറിയോസ് തിരുമേനിയും മാർ ഗ്രിഗോറിയോസ് തിരുമേനിയും ചേപ്പാട്ടു റമ്പാച്ചനും ചേർന്ന് മലങ്കര റീത്തിൽ മൂന്നിന്മേൽ കുർബാന അർപ്പിച്ചു. പിന്നീട് ചങ്ങനാശ്ശേരി മെത്രാൻ കാവുകാട്ടുതിരുമേനി ചരമപ്രസംഗം നടത്തി. അനന്തരം നടന്ന നഗരികാണിക്കൽ ശുശ്രൂഷയ്ക്കുശേഷം മൃതദേഹം കസേരയോടുകൂടിത്തന്നെ എടുത്ത് പ്രത്യേകം സജ്ജമാക്കിയിരുന്ന രഥത്തിലേക്കു മാററപ്പെട്ടു. രഥത്തിൽ വരാപ്പുഴ ആർച്ചുബിഷപ്പ് അട്ടിപ്പേററി തിരുമേനിയും മൃതദേഹത്തിൻെറ ഇരുവശങ്ങളിലുമായി മാർ സേവറിയോസ് തിരുമേനിയും മാർ ഗ്രിഗോറിയോസ് തിരുമേനിയും ഉപവിഷ്ടരായി. കൃത്യം പത്തര മണിക്ക് പാളയം സെൻറ് മേരീസ് ഭദ്രാസന ദൈവലയത്തിൽ നിന്നും പട്ടത്തേക്കുള്ള വിലാപയാത്ര ആരംഭിച്ചു. ജീവിതത്തിൻെറ എല്ലാ തുറകളിലുമുള്ള ആയിരക്കണക്കിനാളുകൾ പങ്കെടുത്ത ഈ വിലാപയാത്ര കടന്നുപോയ വീഥിയുടെ ഇരുപാർശ്വങ്ങളിലും ശോകമൂകമായ ഒരു വലിയ ജനക്കൂട്ടമുണ്ടായിരുന്നു. കേരള

www.malankaralibrary.com



ത്തിലെ എല്ലാ കത്തോലിക്കാവൈദികമേലദ്ധ്യക്ഷന്മാരും ശതക്കണക്കിന് വൈദികരും കന്യാസ്ത്രീകളും ഈ വിലാപയാത്രയിൽ പങ്കുകൊണ്ടു. ഉച്ചഭാഷിണിയിൽക്കൂടി ശോകരസം നിറഞ്ഞ ഭക്തഗീതങ്ങളും പ്രാർത്ഥനകളും അന്തരീക്ഷത്തിലേക്ക് ഒഴുകിക്കൊണ്ടിരുന്നു. സ്റ്റേററ് പോലീസ് ബാൻറ് ശോകഭരിതമായിരുന്ന അന്തരീക്ഷത്തിനു മാററ് വർദ്ധിപ്പിച്ചു. നാലു സ്വർണ്ണക്കുരിശുകൾ, പന്ത്രണ്ടു വെള്ളിക്കുരിശുകൾ, ഇരുന്നൂറു മുത്തുക്കുടകൾ, അനേകം കറുത്ത കൊടികൾ എന്നിവ ആ വിലാപയാത്രയെ കൂടുതൽ മോടി പിടിപ്പിച്ചു. പന്ത്രണ്ടു മണിയോടുകൂടി വിലാപയാത്ര ഇന്നത്തെ പട്ടം കത്തീഡ്രൽ പണിതുകൊണ്ടിരുന്ന സ്ഥലത്തെത്തി.

കത്തീഡ്രലിലെ മദ്ബഹായുടെ താഴെ നിർമ്മിതമായ കബറിടത്തിലേക്ക് മൃതദേഹം സംവഹിക്കപ്പെട്ടു. മൃതദേഹം കസേരയോടുകൂടി കബറിടത്തിനുള്ളിൽ എടുത്തുവച്ചശേഷം ശുശ്രൂഷയുടെ അന്ത്യഭാഗം തുടർന്നു നടത്തപ്പെട്ടു. കബറിടത്തിനുള്ളിൽ വളരെയധികം കുന്തിരിക്കം ഇടുകയും മൃതദേഹത്തിൽ സൈത്തെണ്ണ ഒഴിക്കുകയും ചെയ്തു. വന്ദ്യതിരുമേനിമാർ ഓരോരുത്തരായി കബറിടത്തിൻെറ മുമ്പിലെത്തി അന്ത്യയാത്ര പറഞ്ഞു. പിന്നീട് പട്ടുതുണികൊണ്ടു് മൃതദേഹത്തിൻെറ മുഖം മൂടുകയും കബർ അടയ്ക്കുകയും ചെയ്തു.

മാർ ഈവാനിയോസ് തിരുമേനി ദിവംഗതനായപ്പോൾ അതുവരെ സഹായമെത്രാനായിരുന്ന മാർ ഗ്രിഗോറിയോസ് തിരുമേനി വിക്കർ അഡ്മിനിസ്ട്രേ

www.malankaralibrary.com



ററർ എന്ന നിലയിൽ അതിരൂപതയുടെ ഭരണഭാരം ഏറ്റെടുത്തു. ഈ പുതിയ സ്ഥാനം സ്വീകരിച്ചതിനു ശേഷം തിരുമേനി ആദ്യം എഴുതിയ ഇടയലേഖനം മാർ ഈവാനിയോസ് തിരുമേനിയുടെ ചരമം പ്രമാണിച്ച് നാല്പതു ദിവസങ്ങൾ അതിരൂപതയിൽ ദുഃഖാചരണം നടത്തണമെന്നും ദിവംഗതനായ തിരുമേനിക്കു വേണ്ടി പ്രാർത്ഥനകൾ നടത്തണമെന്നും ആവശ്യപ്പെട്ടു കൊണ്ടുള്ളതായിരുന്നു. പ്രസ്തുത ഇടയലേഖനം ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു:

"ദൈവകൃപയാലും തിരുസിംഹാസനത്തിൻെറ ആനുകൂല്യത്താലും തിരുവനന്തപുരം അതിരൂപതയുടെ വികാർ അഡ്മിനിസ്ട്രേററർ മാർ ഗ്രിഗോറിയോസ് മെത്രാനിൽ നിന്നും.

നമ്മുടെ അധികാരത്തിൽപെട്ട പള്ളികളിലെയും മിഷ്യനുകളിലെയും ബ. വികാരിമാർക്കും സഹായപട്ടക്കാർക്കും സന്യാസികൾക്കും സന്യാസിനികൾക്കും സത്യവിശ്വാസികൾ ഏവർക്കും വാഴ്വ്.

കർത്താവിൽ പ്രിയരെ,

പുനരൈക്യപ്രസ്ഥാനത്തിൻെറ പ്രണേതാവും മലങ്കരസുറിയാനി ഹൈരാർക്കിയുടെ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പുമായിരുന്ന നമ്മുടെ അഭിവന്ദ്യ പിതാവ് നി. വ. ദി. ശ്രീ മാർ ഈവാനിയോസ് തിരുമനസ്സുകൊണ്ട് ദൈവമഹിമയ്ക്കും ആത്മരക്ഷയ്ക്കുമായുള്ള സുദീർഘവും ധീരവുമായ യത്നങ്ങൾക്കു ശേഷം 71-ാ മത്തെ വയസ്സിൽ ഈ ജൂലൈമാസം 15-ാം തീയതി നിത്യ

www.malankaralibrary.com



സമ്മാനത്തിനായി നമ്മെ വേർപെട്ടുപോയിയെന്ന മമ്മ ഭേദകമായ വാർത്ത അങ്ങെ വാത്സല്യമക്കളായ നിങ്ങളേ വരെയും അത്യന്തം സങ്കടത്തോടുകൂടി അറിയിച്ചുകൊള്ളുന്നു. ഇക്കഴിഞ്ഞ ഒരു വർഷത്തിൽ കൂടുതലായി അഭിവന്ദ്യപിതാവു് കൂടുതലും ശയ്യാവലംബിയായി കഴിയുകയായിരുന്നു. എല്ലാ കാര്യങ്ങളും സാവകാശമായി ക്രമപ്പെടുത്തുന്നതിനും അന്ത്യയാത്രയ്ക്കായി തന്റെ ആത്മാവിനെ ഒരുക്കുന്നതിനും നല്ലവനായ ദൈവം അദ്ദേഹത്തിനു് അവസരം നല്കുകയും അദ്ദേഹം ആ അവസരത്തെ നന്നായി ഉപയോഗിക്കുകയും ചെയ്തു. ജൂലൈ 15-ാം തീയതി തിരുമനസ്സിലെ രോഗം വർദ്ധിക്കുകയും പെട്ടെന്നു് അദ്ദേഹത്തിന്റെ നില ആശങ്കാവഹമായിത്തീരുകയും ചെയ്തു. തിരുവല്ലാ രൂപതയുടെ മെത്രാൻ നി. വ. ദി. ശ്രീ മാർ സേവറിയോസ് മെത്രാപ്പോലീത്തായുടെയും അനേകം വൈദികരുടെയും സാന്നിദ്ധ്യത്തിൽ രാത്രി ഒൻപതുമണിയോടുകൂടി നാം വന്ദ്യപിതാവിനു് അന്ത്യകൂദാശ കൊടുത്തു. തുടന്നു് എല്ലാവരും പ്രാർത്ഥിച്ചുകൊണ്ടിരിക്കവേ രാത്രി 11 മണിക്കു് വന്ദ്യപിതാവു് കർത്താവിൽ നിദ്രപ്രാപിച്ചു. ദൈവമാതാവിന്റെ പിറവിത്തിരുനാളിൽ ജനിച്ച നമ്മുടെ വത്സലപിതാവു് ഇഹലോകവാസം വെടിഞ്ഞതു് കർമ്മലമാതാവിന്റെ അനുഗ്രഹപൂർണ്ണമായ തിരുനാളിലായിരുന്നു എന്നുള്ളതു് എത്ര ആശ്വാസകരമാണു്. വന്ദ്യപിതാവു് മരിക്കുന്നതിനു് ഏതാനും ദിവസങ്ങൾക്കു മുൻപു് നമ്മോടു പറഞ്ഞ വാക്കുകൾ സന്താപനിമഗ്നരായ നമുക്കെല്ലാവർക്കും ആശ്വാസം നൽകട്ടെ. "ഈ

www.malankaralibrary.com



രോഗം മരണകരമാണെന്നാണ് നമ്മുടെ ബോദ്ധ്യം. സ്വർഗ്ഗത്തിൽ ചെന്നതിനുശേഷവും പുനരൈക്യപ്രസ്ഥാനത്തിന്റെ അഭിവൃദ്ധിക്കായി നാം സർവ്വാത്മനാ ശ്രമിക്കുന്നതായിരിക്കും.''

## "പ്രിയ സഹോദരങ്ങളേ, വാത്സല്യമക്കളെ,

കാരുണ്യവാനായ ദൈവം വന്ദ്യപിതാവിന്റെ ആത്മാവിനെ തന്റെ സന്നിധിയിലേക്ക് പ്രവേശിപ്പിക്കുന്നതിനും അദ്ദേഹത്തിന്റെ ആഗ്രഹത്തെ വേഗത്തിൽ സാധിച്ചുകൊടുക്കുന്നതിനും നമുക്കു പ്രാർത്ഥിക്കാം.

തിരുമനസ്സിലെ മരണവാർത്ത നമ്മുടെ എല്ലാ ഇടവകകളിലും ഉടനെതന്നെ എത്തിക്കുന്നതിന് നാം ഏർപ്പാടു ചെയ്തിരുന്നു. കേരളത്തിലെ അഭിവന്ദ്യ കത്തോലിക്കാദ്ധ്യക്ഷന്മാരും നിരവധി വൈദികരും കന്യാസ്ത്രീകളും അനേകായിരം വിശ്വാസികളും വെള്ളിയാഴ്ച നടന്ന സംസ്കാരകർമ്മത്തിൽ പങ്കുകൊണ്ടു. സെന്റ് മേരീസ് ഭദ്രാസനദൈവാലയത്തിൽ നിന്നും നഗരം ചുററി പട്ടത്തു പുതുതായി പണികഴിപ്പിക്കുന്ന ഭദ്രാസന ദൈവാലയത്തിലേക്ക് നടത്തിയ ആഡംബരസമന്വിതവും ഭക്തിസംവർദ്ധകവുമായ വിലാപയാത്ര ഏററവും ഹൃദയാവർജ്ജകമായിരുന്നു. പുതിയ ഭദ്രാസനദൈവാലയത്തിൽ ബലിപീഠത്തിനു കീഴിലായി പ്രത്യേകം സജ്ജീകരിച്ചിരുന്ന കബറിൽ തിരുമനസ്സിലെ ശരീരം സംസ്കരിക്കപ്പെട്ടു.

www.malankaralibrary.com



"നമുക്കുവേണ്ടി ജീവിക്കുകയും തന്റെ ആരോഗ്യത്തേയും ജീവനേയും, അതുമല്ലാ ഭാവിജീവിതത്തെത്തന്നെയും നേരുകയും ചെയ്ത നമ്മുടെ വത്സലപിതാവിനോട്ട് നമുക്കുള്ള കടപ്പാട്ട് നാം നിങ്ങളോട്ട് പ്രത്യേകം അറിയിക്കേണ്ടതില്ലല്ലോ. ഈ കടപ്പാട്ട് നിറവേററുന്നതിന് വ്യക്തിപരമായും ഇടവകകൾ ഒരുമിച്ചും ദുഃഖം ആചരിക്കുകയും വന്ദ്യപിതാവിന്റെ ആത്മാനുകൂലാത്ഥം പ്രാത്ഥിക്കുകയും പ്രായശ്ചിത്തം അനുഷ്ഠിക്കുകയും സർവ്വോപരി ദിവ്യബലിയിൽ സംബന്ധിക്കുകയും ദിവ്യകാരുണ്യം സ്വീകരിക്കുകയും ചെയ്യണമെന്ന് നാം താല്പര്യപ്പെടുന്നു. തിരുമനസ്സിലെ ചരമദിനമായ 15-ാം തീയതി മുതൽ 40 ദിവസത്തേയ്ക്കു് അതിരൂപത മുഴുവൻ വിലാപകാലമായി നാം പ്രഖ്യാപനം ചെയ്തുകൊള്ളുന്നു.

ബനഡിക്ട് മാർ ഗ്രിഗോറിയോസ്
വികാർ അഡ്മിനിസ്ട്രേററർ.

തിരുവനന്തപുരം
20 ജൂലൈ 1953.

ഒരാഴ്ചയ്ക്കുള്ളിൽ നമ്മുടെ കഥാനായകനെ തിരുവനന്തപുരം അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേററായി തിരുസിംഹാസനത്തിൽ നിന്നും നിയമിച്ചു. പിൻതുടർച്ചാവകാശത്തോടുകൂടിയ സഹായമെത്രാനായിട്ടല്ലായിരുന്ന നമ്മുടെ കഥാനായകൻ മെത്രാനായി തെരഞ്ഞെടുക്കപ്പെട്ടത്. മാർ ഈവാനിയോസ്

www.malankaralibrary.com



തിരുമേനിയുടെ ഇംഗിതാനുസരണമായിരിക്കാം റോമിൽ നിന്നു് വെറും സഹായമെത്രാനെന്നുള്ള നിലയിൽമാത്രം മാർ ഗ്രീഗോറിയോസ്തിരുമേനിയെ തെരഞ്ഞെടുത്തതു്. മാർ സേവറിയോസ് തിരുമേനിക്കു് ഏതെങ്കിലും തരത്തിൽ അനിഷ്ടമുണ്ടാകരുതു്, തന്റെ കാലശേഷം പരിശുദ്ധ സിംഹാസനംതന്നെ തന്റെ പിൻഗാമി ആരായിരിക്കണമെന്നുള്ള കാര്യം തീരുമാനിച്ചുകൊള്ളട്ടെ, എന്നു് ബുദ്ധിമാനായിരുന്ന മാർ ഈവാനിയോസ് തിരുമേനി വിചാരിച്ചിരുന്നിരിക്കണം എന്നു കരുതുവാൻ ന്യായമുണ്ടു്. അതിനാലാണു് മാർ ഈവാനിയോസ് തിരുമേനിയുടെ കാലശേഷം അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക് എന്ന നിലയിൽ നമ്മുടെ കഥാനായകൻ 1955 ജനുവരി വരെ അതിരൂപതയുടെ ഭരണം നടത്തിയതു്.

1954 ഏപ്രിൽ 22-ാം തീയതി ഫാദർ സഖറിയാസ് പോളച്ചിറക്കലിനെ തന്റെ സഹായമെത്രാനായി മാർ സേവറിയോസ് തിരുമേനി തിരുവല്ലാ സെൻറു് ജോൺസ്കത്തീഡ്രൽ മൈതാനിയിൽ പ്രത്യേകം സജ്ജമാക്കിയിരുന്ന പന്തലിലെ മദ്ബഹായിൽ വച്ചു് അത്തനാസിയോസ് എന്ന പേരിൽ അഭിഷേകം ചെയ്തു. പ്രസ്തുത അഭിഷേകകർമ്മത്തിൽ നമ്മുടെ കഥാനായകനും കോട്ടയം മെത്രാൻ തറയിൽ തിരുമേനിയുമായിരുന്നു സഹകാർമ്മികന്മാർ.

www.malankaralibrary.com

## അദ്ധ്യായം പതിന്നാല്

# മെത്രാപ്പോലീത്താസ്ഥാനവും വിദേശപര്യടനവും

അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ എന്ന നിലയിൽ മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ രണ്ടു വർഷത്തെ ഭരണം സ്തുത്യർഹമാണെന്ന് പരിശുദ്ധ സിംഹാസനത്തിനു ബോധപ്പെട്ടു. തിരുമേനിയെ തിരുവനന്തപുരം അതിരൂപതയുടെ മെത്രാപ്പോലീത്താ ആയി 1955 ജനുവരി 27–ാം തീയതി പരിശുദ്ധ സിംഹാസനത്തിൽ നിന്ന് നിയമിച്ചു. തിരുവല്ലാ രൂപതയുടെ മാർ സേവറിയോസ് തിരുമേനിക്ക് ആർച്ച്ബിഷപ്പ്–ബിഷപ്പ് എന്ന സ്ഥാനവും മാർപ്പാപ്പാതിരുമേനി കല്പിച്ചനുവദിച്ചു. 1955 ഏപ്രിൽ 29–ാം തീയതി മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ സ്ഥാനാരോഹണചടങ്ങ് പാളയം സെൻറ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽവച്ച് നടന്നു. വൈകുന്നേരം അഞ്ചു മണിക്ക്

www.malankaralibrary.com



തിരുവല്ലാ മെത്രാൻ മാർ അത്തനാസിയോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ തിരുവനന്തപുരം കോട്ടാർ എന്നീ രൂപതകളിലെ മെത്രാന്മാരുടെയും അനേകം വൈദികരുടെയും കന്യാസ്ത്രീകളുടെയും ശതക്കണക്കിന് വിശ്വാസികളുടെയും സാന്നിദ്ധ്യത്തിൽ നടന്ന ഈ ചടങ്ങ് ഒരു മണിക്കൂർ ദീർഘിച്ചു. പരിശുദ്ധ സിംഹാസനത്തിൽനിന്നുള്ള ബൂളാ വായനയ്ക്കു ശേഷം തിരുമേനിയെ സിംഹാസനത്തിലിരുത്തി ഉയർത്തി. അത്തനാസിയോസ് തിരുമേനിയും വൈദികരും ചേർന്ന് ഓക്സിയോസ് പാടി. ആറു മണിക്ക് വി. ജെ. ററി. ഹാളിൽ വച്ചു നടന്ന സൽക്കാരത്തിൽ മന്ത്രിമാരായ എ. ജെ. ജോൺ, കൊച്ചുകുട്ടൻ, സ്പീക്കർ, വിവിധ വകുപ്പദ്ധ്യക്ഷന്മാർ, പൗരമുഖ്യർ ആദിയായി മുന്നൂറോളം പ്രശസ്താതിഥികൾ സംബന്ധിച്ചു. മന്ത്രി കൊച്ചുകുട്ടൻ, ഡി. സി. സി. പ്രസിഡൻറു് ഇലങ്കത്ത്, അഡ്വക്കേറു് കെ. എസ്. ജോസഫ്, ശ്രീ വി. വി. ജോസഫ് ഐ. ഏ. എസ്. എന്നിവർ അനുമോദന പ്രസംഗങ്ങൾ നടത്തി. അഭിവന്ദ്യതിരുമേനി സമുചിതമായി മറുപടി പറഞ്ഞു. ഹൃദ്യവും വിഭവസമൃദ്ധവുമായ സൽക്കാരം ഏഴുമണിയോടുകൂടി പര്യവസാനിച്ചു. തിരുമേനിയുടെ മെത്രാപ്പോലീത്താസ്ഥാനാരോഹണം സംബന്ധിച്ച് 'ദീപിക'യുടെ ആദ്യപേജിലുള്ള മംഗളാശംസയും ദീപികയുടെ പത്രാധിപലേഖനവും ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ.

www.malankaralibrary.com



# മംഗളം

"അനശ്വരദീപത്തിൽ നിന്നു്
പുതുതായി കൊളുത്തപ്പെട്ട മണിവിളക്കേ,
കൊടുങ്കാററിലും കെടാതെ
ചുററുമുള്ള ഇരുളുകളെയും നിഴലുകളെയും
മായിച്ചുകൊണ്ടു്
അമർത്ത്യസത്യത്തിൻെറയും
അനർഘശാന്തിയുടെയും
പൊൻകതിരുകൾ വീശിക്കൊണ്ടു്
തെളിഞ്ഞു തെളിഞ്ഞു പ്രകാശിച്ചാലും!"

# "മെത്രാപ്പോലീത്താ സ്ഥാനാരോഹണം

നി. വ. ദി. ശ്രീ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയെ മലങ്കരസുറിയാനി സഭയുടെ മെത്രാപ്പോലീത്തയായും, തിരുവനന്തപുരം അതിരൂപതയുടെ ആർച്ചുബിഷപ്പായും പരി. റോമാസിംഹാസനം കല്പിച്ചു നിയമിച്ചിരിക്കുകയാണല്ലോ. ഇതു സംബന്ധിച്ചുള്ള ഔദ്യോഗികസ്ഥാനാരോഹണച്ചടങ്ങു നടക്കുന്നതു് ഇന്നാണു്. ഈ അവസരത്തിൽ നമ്രശിരസ്സോടെ അഞ്ജലീബദ്ധമായി ഭക്ത്യാദരപൂർവ്വം ദീപികയുടെ അനുമോദനങ്ങൾ തിരുമേനിയുടെ പാദാരവിന്ദങ്ങളിൽ സമർപ്പിച്ചു കൊള്ളുന്നു.

www.malankaralibrary.com



"ലോകവ്യാപകമായ കത്തോലിക്കാസഭയിൽ, ദേശം, കാലം, ഭാഷ, ജാതി, ആരാധനാപാരമ്പര്യം എന്നിത്യാദി പലതിനേയും ആസ്പദീകരിച്ചു് വിവിധങ്ങളായ ആരാധനക്രമങ്ങളും സഭാഭരണഗ്രൂപ്പുകളുമുണ്ടു്. യൂറോപ്യന്മാർ കേരളത്തിൽ വന്നതിനെ തുടർന്നുണ്ടായ ചരിത്രസംഭവങ്ങളുടെ ഫലമായി ലത്തീൻ റീത്തെന്നും, സിറോമലബാർ റീത്തു് (കൽദായറീത്തു്) എന്നും രണ്ടു തരം ആരാധനക്രമങ്ങളും സഭാഭരണഗ്രൂപ്പുകളുമത്രെ കേരളത്തിൽ ഉണ്ടായിരുന്നതു്. കാലംചെയ്ത നിത്യസ്മരണീയനായ മാർ ഈവാനിയോസ് തിരുമേനിയും മററും യാക്കോബായസഭവിട്ടു് മാതൃസഭയായ കത്തോലിക്കാസഭയിലേക്കു് പുനരൈക്യപ്പെട്ടുവന്നപ്പോൾ മലങ്കര സുറിയാനി റീത്തു് (അന്ത്യോക്യാറീത്തു്) എന്നൊന്നുകൂടി റോമാസിംഹാസനം കേരളത്തിൽ അംഗീകരിച്ചു. ഇങ്ങനെ ഒരു ലത്തീൻറീത്തും രണ്ടു സുറിയാനിറീത്തുകളും ഇപ്പോൾ കേരളത്തിലുണ്ടു്. മെത്രാന്മാരും, പട്ടക്കാരും അൽമായക്കാരും ചേർന്നുള്ള ഈ ഗ്രൂപ്പുകളെ ഹൈറാർക്കി (Hierarchy) എന്നാണു പറയുന്നതു്. പലതിലും സ്വയംഭരണാവകാശമുള്ള സ്ഥാപനങ്ങളാണിവ. കേരളത്തിലെ ലത്തീൻഹൈറാർക്കിയുടെ ഉന്നതസ്ഥാനി വരാപ്പുഴ അതിരൂപതയുടെ മെത്രാപ്പോലീത്തായും അതിൽ ഉൾപ്പെട്ടിട്ടുള്ള രൂപതകൾ കോട്ടാറും, തിരുവനന്തപുരവും, ആലപ്പുഴയും, കൊച്ചിയും, കോഴിക്കോട്ടും ആകുന്നു. സുറിയാനി ഹൈറാർക്കികൾ രണ്ടുണ്ടു്. ഒന്നിൻെറ ഉന്നതസ്ഥാനി എറണാകുളം അതിരൂപതയുടെ മെത്രാപ്പോലീത്തയും അതിൽ ഉൾപ്പെട്ട രൂപതകൾ, ചങ്ങനാ

www.malankaralibrary.com



ശ്ശേരി, കോട്ടയം, പാലാ, തൃശ്ശൂർ, തലശ്ശേരി എന്നിവയും ആകുന്നു. രണ്ടാമത്തേതിന്റെ ഉന്നതസ്ഥാനിയായിട്ടാണ് തിരുവനന്തപുരം അതിരൂപതയുടെ മെത്രാപ്പോലീത്തായെ ഇന്ന് ഔപചാരികമായി അവരോധിക്കുന്നതു്. ഈ ഹൈറാർക്കിയിൽ ഉൾപ്പെട്ട ഒരു രൂപതയേ ഉള്ളു; തിരുവല്ലാരൂപത.

ഇങ്ങനെ വെവ്വേറെ ഭരണഗ്രൂപ്പുകളും വിഭിന്ന റീത്തുകളും ഉണ്ടെങ്കിലും എല്ലാവരും കത്തോലിക്കാ സഭാംഗങ്ങളാകുന്നു. എല്ലാ കത്തോലിക്കരും റോമാ മാർപ്പാപ്പായുടെ കീഴിലാണു നില്ക്കുന്നതു്. റോമാമാർപ്പാപ്പായുടെ സ്ഥാനങ്ങൾ പലതാണു്. തിരുമേനി റോമായുടെ മെത്രാപ്പോലീത്തായും ഇററലിയുടെ പ്രൈമററും, പശ്ചിമസഭയുടെ പാത്രിയർക്കീസും, കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനായ പോപ്പുമാകുന്നു. മാർപ്പാപ്പാ പാത്രിയർക്കീസായിട്ടുള്ള പാശ്ചാത്യസഭയുടെ (ലത്തീൻസഭയുടെ) കാനോനാ നിയമങ്ങളും താൻ പാത്രയർക്കീസല്ലാത്ത പൌരസ്ത്യസഭകളുടെ കാനോനാ നിയമങ്ങളും തമ്മിൽ ചില കാര്യങ്ങളിൽ വ്യത്യാസമുണ്ടു്. പക്ഷേ വിശ്വാസസത്യങ്ങളിലും സാന്മാർഗ്ഗികനിയമങ്ങളിലും **(Faith and morals)** പാശ്ചാത്യപൌരസ്ത്യസഭകൾ തമ്മിൽ ഒരു വ്യത്യാസവുമില്ല. സ്ഥലകാലവിസ്തൃതമായ, കത്തോലിക്കാസഭയുടെ വൈവിധ്യത്തിലുള്ള ഈ ഏകത്വമാണല്ലോ അതിന്റെ വൈശിഷ്ട്യങ്ങളിലൊന്നു്.

മലങ്കര സുറിയാനിഹൈറാർക്കിയുടെ തലവനായിരുന്ന മാർ ഈവാനിയോസിന്റെ കാലശേഷം ആ വമ്പ

www.malankaralibrary.com



നപാററിയ പിമ്പൻ, പൗലോസ് നട്ടതിനെ നനച്ചു വളൎത്തേണ്ട അപ്പൊല്ലോ ആരെന്നു പലരും സംശയിച്ചു. അധികസമയം വേണ്ടിവന്നില്ലാ, ഏലിയാ ദീൎഘദൎശിയുടെ സ്ഥാനവസ്ത്രം ധരിക്കുവാൻ യോഗ്യനാണ് എലിസേവൂസ് എന്ന് എല്ലാവരും ഗ്രഹിച്ചു. മഹാനായ മാർ ഈവാനിയോസ് തിരുമേനിയുടെ സഹായമെത്രാനായിട്ടാണല്ലോ മാർ ഗ്രിഗോറിയോസ് ആദ്യം വാഴിക്കപ്പെട്ടതു്. മാർ ഈവാനിയോസ് രോഗശയ്യയിൽ കിടന്ന ആ കാലയളവിൽ ഹൈരാൎക്കിയുടെ ഭരണച്ചുമതല മുഴുവനും വഹിച്ചിരുന്നതു് ഈ തിരുമേനിയായിരുന്നു. മാർ ഈവാനിയോസിൻെറ കാലശേഷം രണ്ടു വൎഷം തിരുവനന്തപുരം അതിരൂപതയുടെ അഡ്മിനിസ്ട്രേററായി ഭരണം നടത്തി. ചുരുങ്ങിയ ഈ കാലഘട്ടത്തിൽ തിരുമനസ്സുകൊണ്ടു നിൎവ്വഹിച്ച കാര്യങ്ങൾ മതി തിരുമനസ്സിലെ സാധാരണയിൽ കവിഞ്ഞ, സാമൎത്ഥ്യ വിശേഷങ്ങൾ തെളിയിക്കുവാൻ. ഈ രണ്ടുകൊല്ലങ്ങൾക്കുള്ളിൽ പതിനായിരത്തിൽപരം ആളുകളെ കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെടുത്തുവാൻ തിരുമേനിക്കു സാധിച്ചു. പുതിയ വലിയ പത്തു പള്ളികൾ കൂദാശചെയ്തു കഴിഞ്ഞു. മറേറതാനും വലിയ പള്ളികളുടെ പണി നടന്നുകൊണ്ടിരിക്കുന്നു. ഏകദേശം ഇരുപതോളം പുതിയ മിഷ്യൻ കേന്ദ്രങ്ങൾ തുറന്നിട്ടുണ്ടു്. മാർ ഈവാനിയോസ് കോളജിൽ പുതിയ ഗ്രൂപ്പുകൾ പലതും തുടങ്ങി. പത്തനാപുരത്തു് ഒരു ഇംഗ്ലീഷ് മിഡിൽസ്കൂൾ ആരംഭിച്ചു. അതിനാവശ്യമായ കെട്ടിടം പണി പൂൎത്തിയാക്കി. അഞ്ചലിൽ ഒരു മിഷ്യൻ ഹോ

www.malankaralibrary.com



സ്പിററൽ സ്ഥാപിച്ചു. കാര്യക്ഷമമായി അതിൻെറ പ്രവത്തനം നടക്കുന്നുണ്ട്. തിരുവനന്തപുരം പട്ടണത്തിൽ ഒരു അനാഥശാല സ്ഥാപിച്ചു. നൂററൻപതോളം അനാഥപൈതങ്ങളെ സംരക്ഷിക്കേണ്ടതിന് വേണ്ട എല്ലാ സജ്ജീകരണങ്ങളും ഇവിടെ പൂത്തിയായി വരുന്നു. രണ്ടു വർഷങ്ങൾക്കുള്ളിൽ മാർ ഗ്രിഗോറിയോസ് തിരുമേനി നിവ്വഹിച്ച ഈ കൃത്യങ്ങൾ ഒരു കാര്യം പ്രസ്പഷ്ടമാക്കുന്നുണ്ട്. തൻെറ കീഴിലുള്ള ജനതതയുടെ ആധ്യാത്മികവും ധാമ്മികവും സാംസ്കാരികവും ഭൗതികവുമായ എല്ലാ പുരോഗമനവശങ്ങളിലും തിരുമേനിയുടെ ദൃഷ്ടി പതിയുന്നുണ്ടെന്നു്. ഈ ഓരോ രംഗത്തിലും ഒരു മനുഷ്യവ്യക്തിക്ക് എത്രമാത്രം പരിപൂണ്ണത പ്രാപിക്കാമോ അത്രയ്ക്കും പരിപൂണ്ണത ഒരു കത്തോലിക്കൻ പ്രാപിക്കണമെന്നുള്ളതാണ് കത്തോലിക്കാസഭയുടെ ആദശം. ഈ ആദശമാണ് തിരുമേനിയെ നയിക്കുന്നതു്.

പലസ്തീനായിലെ ഇസ്രായേൽ രാഷ്ട്രത്തിൻെറ പ്രസിഡൻറാകണമെന്ന് ഐൻസ്റ്റൈനോട് അവിടത്തെ ജനങ്ങൾ ആവശ്യപ്പെടുകയുണ്ടായി. ഐൻസ്റ്റൈൻെറ ഉത്തരം "I am not qualified in the area of human relationships". "മനുഷ്യരോടുള്ള പെരുമാററരംഗത്തിൽ വേണ്ട യോഗ്യത എനിക്കില്ല", എന്നായിരുന്നു. ഒരു ഭരണാധികാരിക്ക് അവശ്യംവേണ്ട ഗുണവിശേഷങ്ങളായിട്ടാണ് മഹാബുദ്ധിമാനായ ഐൻസ്റ്റൈൻ ഇതിനെ കല്പിച്ചതു്. ഈ ഗുണവിശേഷ

www.malankaralibrary.com



ത്തിൻെറ ഏതാണ്ടൊരു പരിപൂർണ്ണത മാർ ഗ്രിഗോറിയോസ് തിരുമേനിയിൽ കാണാൻ കഴിയും. മാർ ഈവാനിയോസ് കോളേജിൻെറ വൈസ്പ്രിൻസിപ്പാളായും പ്രിൻസിപ്പാളായും നാലഞ്ചുകൊല്ലം, മെത്രാനാകുന്നതിനു മുൻപ് തിരുമേനി കഴിച്ചു. തിരുമേനി വിദ്യാർത്ഥിലോകത്തിൻെറ ആരാധനാപാത്രമായിത്തീർന്നു. ഇക്കാലത്തെ വിദ്യാർത്ഥിലോകത്തോടും, യുവജനങ്ങളോടും ഇങ്ങനെ ഇണങ്ങിച്ചേരുവാൻ ആർക്കു കഴിയും? കൃപതാഭരണത്തിലും ജന്മസിദ്ധമായ ഈ ഗുണവിശേഷം തിരുമേനിയുടെ വിജയരഹസ്യങ്ങളിൽ ഒന്നാണ്. അന്യാദൃശ്യമായ ഈ വശ്യശക്തിമൂലം "Our Charming Bishop" "നമ്മുടെ പ്രിയംകരനായ മെത്രാൻ" എന്നു് തിരുമേനിയെപ്പററി പറയാറുണ്ട്.

തിരുമനസ്സിലേക്കു ദീർഘായുസ്സും തിരുമനസ്സിലെ ഭരണത്തിനു് സർവ്വോൽക്കർഷവും ഉണ്ടാകട്ടെ എന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു".

1955 മെയ് പതിന്നാലാം തീയതി പാളയം സെൻറ് മേരീസ് കത്തീഡ്രലിൽ വച്ചു നടന്ന ആഘോഷമായ ചടങ്ങിൽവച്ച് എറണാകുളം മെത്രാപ്പോലീത്താ ജോസഫ് പാറേക്കാട്ടിൽ (ഇപ്പോൾ കർദ്ദിനാൾ) തിരുമേനിയിൽ നിന്നു മെത്രാപ്പോലീത്താസ്ഥാനത്തിൻെറ ഔദ്യോഗികചിഹ്നമായ പാലിയം നമ്മുടെ കഥാനായകൻ സ്വീകരിച്ചു. പ്രസ്തുത ചടങ്ങിൽ ചങ്ങനാശ്ശേരി ആർച്ചുബിഷപ്പ് മാർ കാവുകാട്ടു തിരുമേനിയും ഇൻറർനൺഷ്യേയുടെ ഒരു പ്രത്യേകപ്രതിനിധിയും സംബ

www.malankaralibrary.com



ഡിച്ചു. തിരുവനന്തപുരം അതിരൂപതവകയായി സമർപ്പിച്ച മംഗളപത്രത്തിന് മാർ ഗ്രിഗോറിയോസ് തിരുമേനി സമുചിതമായ മറുപടി പറഞ്ഞു.

ലോകദിവ്യകാരുണ്യകോൺഗ്രസിന്റെ 36-ാം സമ്മേളനം ബ്രസീലിന്റെ അന്നത്തെ തലസ്ഥാനമായിരുന്ന റിയോഡിജനിറോയിയിൽ. 1955 ജൂലൈ 17-ാം തീയതി ആരംഭിച്ചു. പ്രസ്തുത കോൺഗ്രസിൽ സംബന്ധിക്കുന്നതിന് അഭിവന്ദ്യ തിരുമേനിക്ക് അതിന്റെ ഭാരവാഹികളുടെ ക്ഷണം ലഭിച്ചു. തിരുമേനി ക്ഷണം സ്വീകരിച്ചു. തന്റെ ഈ പര്യടനത്തിൽ പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പായെ സന്ദർശിച്ച് സ്നേഹാദരങ്ങൾ സമർപ്പിക്കണമെന്ന് നമ്മുടെ കഥാനായകൻ ആഗ്രഹിച്ചു. അതനുസരിച്ച് യാത്രയ്ക്കുവേണ്ട എല്ലാ സജ്ജീകരണങ്ങളും ചെയ്തു. മേയ് മാസം 25-ാം തീയതി ബുധനാഴ്ച തിരുവനന്തപുരം അരമനചാപ്പലിലും പാളയം സെന്റ് മേരീസ് കത്തീഡ്രൽ പള്ളിയിലും പ്രാർത്ഥന നടത്തിയശേഷം അഭിവന്ദ്യതിരുമേനിയും സെക്രട്ടറിയായി അദ്ദേഹത്തെ അനുഗമിച്ച റവ. ഡോ. സി. റ്റി. ഗീവർഗീസ് പണിക്കരും വിമാനമാർഗ്ഗം ബോംബെയിലേക്ക് യാത്രതിരിച്ചു. നമ്മുടെ കഥാനായകന്റെ പ്രഥമപാശ്ചാത്യപര്യടനമായിരുന്നു ഇത്. അദ്ദേഹത്തിന് സകല ഭാവുകങ്ങളും നേർന്ന് യാത്രയയക്കുന്നതിനുവേണ്ടി തിരുവനന്തപുരം അതിരൂപതയിലെ മിക്ക വൈദികരും കന്യാസ്ത്രീകളും ധാരാളം വിശ്വാസികളും വിമാനത്താവളത്തിൽ എത്തിയിരുന്നു.

www.malankaralibrary.com



ജോൺമാർപ്പാപ്പായോടൊന്നിച്ച്.

www.malankaralibrary.com



തിരുവനന്തപുരം ബിഷപ്പ് പീററർ ബർണാർഡ് തിരുമേനിയും വിമാനത്താവളത്തിലെത്തിയിരുന്നു.

ഹൃദയാതലസ്പർശിയായ വികാരവായ്പോടെയാണ് അഭിവന്ദ്യതിരുമേനിക്ക് വിമാനത്താവളത്തിലെത്തിയിരുന്നവർ യാത്രാമംഗളങ്ങൾ നേർന്നത്.

യാത്രയ്ക്കു മുൻപ് അഭിവന്ദ്യതിരുമേനി പുറപ്പെടുവിച്ച ഇടയലേഖനം താഴെ ചേർക്കുന്നു.

**ദൈവകൃപയാലും തിരുസിംഹാസനത്തിൻെറ ആനുകൂല്യത്താലും തിരുവനന്തപുരം അതിരൂപതയുടെ ആർച്ചുബിഷപ്പ്,**

## ബെനഡിക്ട് മാർ ഗ്രീഗോറിയോസ്

**മെത്രാപ്പോലീത്തായിൽ നിന്നും**

നമ്മുടെ അധികാരത്തിൽപെട്ട പള്ളികളിലെയും മിഷനുകളിലെയും ബ. വികാരിമാർക്കും സഹായപട്ടക്കാർക്കും സന്യാസികൾക്കും സന്യാസിനികൾക്കും സത്യവിശ്വാസികൾ ഏവർക്കും വാഴ്വ്.

**കർത്താവിൽ പ്രിയരെ,**

പാറമേൽ തൻെറ ഭവനം പണികഴിച്ച ബുദ്ധിമാനായ മനുഷ്യനെ നമ്മുടെ ദിവ്യരക്ഷകൻ ശ്ലാഘിച്ചതായി നാം സുവിശേഷത്തിൽ വായിക്കുന്നുണ്ട്. ആ ഭവനം എതൃശക്തികളെ എപ്രകാരം എതിരിടുകയും ജയിക്കുകയും ചെയ്യുന്നുവെന്നും നമ്മുടെ കർത്താവ് വിവരിച്ചു നമ്മെ മനസ്സിലാക്കുന്നുണ്ട്. അവിടുന്നു പണികഴിച്ചതായ അങ്ങേ തിരുസഭയുടെ ഒരു ഛായയാണ്

www.malankaralibrary.com



ഈ ഭവനം നമുക്ക നല്കുന്നതു്. ആ സ്വർഗ്ഗീയശില്പി യുടെ അനന്തജ്ഞാനത്തിൻെറയും ശക്തിയുടെയും പ്രത്യ ക്ഷതെളിവെന്നവണ്ണം എല്ലാ എതിർശക്തികളെയും വിജ യപൂർവ്വം നേരിട്ടുകൊണ്ടു് ആ സഭ മുന്നേറുകയാണു്.

വേറൊരു ഭാഗത്തു്, മനുഷ്യൻെറ അഹങ്കാരവും പിശാചിൻെറ ചതിവും മൂലം ഉണ്ടായിട്ടുള്ള നിരവധി സ്ഥാപനങ്ങൾ മണലിന്മേൽ പണിയപ്പെട്ട ഭവനങ്ങൾ പോലെ നിലംപതിക്കുന്നതായും നാം കാണുന്നുണ്ടു്. ഇ വയിൽനിന്നു് വ്യത്യസ്ഥമായി സത്യേകതിരുസഭ ഉറപ്പോടും സ്ഥിരതയോടും നിലനില്ക്കുന്നതു് ദിവ്യരക്ഷ കൻ അതിനു നല്കിയിരിക്കുന്ന ബലിഷ്ഠമായ അടി സ്ഥാനം മൂലമാണു്. ഈ അടിസ്ഥാനമാകട്ടെ തിരു സഭയിൽ അവിടുന്നു നിക്ഷേപിച്ചിരിക്കുന്ന ദൈവിക മായ അധികാരമല്ലാതെ മറെറാന്നുമല്ല. ഈ അധികാര ത്തെ അതിൻെറ പൂർണ്ണതയിൽ നമ്മുടെ കർത്താവു് വിശുദ്ധ പത്രോസിനും അദ്ദേഹത്തിൻെറ പിൻഗാമി കൾക്കും നല്കുകയുണ്ടായി. ദിവ്യരക്ഷകൻെറ നിർണ്ണയ മനുസരിച്ചു് വിശുദ്ധ പത്രോസിൻെറ പിൻഗാമി വാണ രുളുന്ന പരിശുദ്ധ റോമാസിംഹാസനമാകുന്നു, തിരുസ ഭയിൽ ഐക്യത്തിൻെറ അടിസ്ഥാനവും കേന്ദ്രവും ഉപാധിയും. പരിശുദ്ധ പിതാവായ മാർപ്പാപ്പാ നമ്മുടെ കർത്താവിൻെറ വികാരിയും പ്രതിനിധിയുമാകുന്നു. അദ്ദേ ഹത്തെ അനുസരിക്കുന്നവർ ദിവ്യരക്ഷകനെത്തന്നെ അ നുസരിക്കുന്നു.

www.malankaralibrary.com



പ്രിയ സഹോദരങ്ങളെ, വാത്സല്യമക്കളെ,

തെററിദ്ധാരണകളാലും സാഹചര്യങ്ങളുടെ സമ്മർദ്ദം കൊണ്ടും ഒരുകാലത്ത് ഈ പരിശുദ്ധസിംഹാസനത്തിൽനിന്നും അകന്നു നില്ക്കുവാൻ ഇടയായ നമ്മെ ദൈവം തൻെറ അനന്ത കരുണമൂലം ദൈവികമായ ആ അടിസ്ഥാനത്തിൽ കൂട്ടിച്ചേർത്തു പണിതിട്ട് ഇപ്പോൾ കാൽ ശതാബ്ദക്കാലം തികയുകയാണ്. ഛിന്നഭിന്നമായി ശിഥിലീഭവിക്കുകയും ദിനംപ്രതിയെന്നവണ്ണം കൂടുതലായി അധഃപതിക്കുകയും ചെയ്തുകൊണ്ടിരുന്ന നമ്മെ ഈ പുനരൈക്യം വഴിയായി യഥാർത്ഥമായ സമാധാനത്തിൻെറയും ശാന്തിയുടെയും മാർഗ്ഗത്തിലേക്ക് ദൈവം ആനയിച്ചു. ആ മഹൽസംഭവത്തിൻെറ രജതജൂബിലി നാം ഇപ്പോൾ ആഘോഷിക്കുകയാണ്. ഈ കഴിഞ്ഞ ഇരുപത്തഞ്ചു വർഷങ്ങളിൽ പരിശുദ്ധ സിംഹാസനത്തോടുള്ള ഐക്യം വഴിയായി നമുക്കു ലഭിച്ച അനുഗ്രഹങ്ങളും അഭിവൃദ്ധിയും അത്ഭുതാവഹങ്ങളാണ്. ഈ നന്മകൾക്കായി നാം ദൈവത്തോടു നന്ദിയുള്ളവരായിരിക്കണം.

ഈ ജൂബിലിവർഷത്തിൽ ദൈവത്തിൻെറ നേരെയുള്ള നമ്മുടെ ഹൃദയപൂർവ്വമായ കൃതജ്ഞത ബാഹ്യമായി പ്രകടിപ്പിക്കുന്നതിനു ഏററം ഉത്തമമായ ഒരു മാർഗ്ഗമായി നമുക്കു തോന്നുന്നത്, ദൈവത്തിൻെറ സ്ഥാനപതിയും നമ്മുടെ കർത്താവിൻെറ വികാരിയുമായ മാർപ്പാപ്പാ തിരുമേനിയെ സന്ദർശിച്ച് പരിശുദ്ധ സിംഹാസനത്തിൻെറ നേർക്കു നമുക്കെല്ലാവർക്കുമുള്ള സ്നേഹവും

www.malankaralibrary.com



ബഹുമാനവും വിധേയത്വവും പ്രദർശിപ്പിക്കുകയെന്നുള്ള താണ്. ഈ ഉദ്ദേശത്തോടുകൂടി നിങ്ങൾ എല്ലാവരു ടെയും പ്രതിനിധിയെന്ന നിലയിൽ നിത്യനഗരത്തി ലേക്കു പോകുന്നതിനും പരിശുദ്ധപിതാവിനെ സന്ദർശി ക്കുന്നതിനും നാം ആഗ്രഹിക്കുന്നു.

തിരുവനന്തപുരത്തുനിന്നും അടുത്ത ബുധനാഴ്ച (മേയ് 25–ാം തീയതി) ബോംബെയിലേക്കു വിമാന മാർഗ്ഗം യാത്രതിരിക്കുന്നതിനും ബോംബെയിൽനിന്ന് 27–ാം തീയതി വീണ്ടും യാത്ര തുടന്ന് 28–ാം തീയതി ശനിയാഴ്ച റോമിൽ ചെന്നുചേരുന്നതിനും നാം തീരുമാ നിച്ചിരിക്കുന്ന വിവരം നിങ്ങളേവരേയും നാം അറിയി ച്ചുകൊള്ളുന്നു. പെന്തിക്കോസ്തി തിരുനാളിൽ വിശുദ്ധ പത്രോസിൻെറയും പൗലോസിൻെറയും കബറിങ്കൽ പരിശുദ്ധ കർബാന അർപ്പിക്കുന്നതിനും പ്രാർത്ഥിക്കുന്ന തിനും നാം ആഗ്രഹിക്കുന്നു. ദൈവം നമുക്ക് എല്ലാവ ർക്കും ചെയ്തുതന്നിട്ടുള്ള അത്ഭുതാവഹങ്ങളായ നന്മകൾക്കു നന്ദിപറയുകയും നിങ്ങൾക്കെല്ലാവർക്കുംവേണ്ടി കൂടുതൽ സമൃദ്ധമായ അനുഗ്രഹങ്ങൾ നാം അപേക്ഷിക്കുകയും ചെയ്യുന്നതായിരിക്കും. എന്നാൽ വിശേഷവിധിയായി ഒരു അനുഗ്രഹം നാം ദൈവത്തോടു പ്രാർത്ഥിക്കുന്നതിനാ യിട്ടുണ്ട്. ഐക്യത്തിൻെറ കേന്ദ്രവും അടിസ്ഥാനവു മായ വിശുദ്ധ പത്രോസിൻെറ സിംഹാസനത്തിൽനി ന്ന് ഭിന്നിച്ചു നില്ക്കുന്നവരായി പതിനൊന്നു ലക്ഷ ത്തോളമുള്ള നമ്മുടെ സഹോദരങ്ങൾ അവരുടെ യഥാർ ത്ഥനില ഗ്രഹിക്കുന്നതിനും അവരെ സ്നേഹപൂർവം

www.malankaralibrary.com



മാർ അത്തനാസീയോസ് തിരുമേനിയുടെ
മെത്രാൻ സ്ഥാനാഭിഷേകശേഷം
മാർ സേവേറിയോസ് മെത്രാപ്പോലീത്തായോടൊന്നിച്ച്.

www.malankaralibrary.com



ക്ഷണിച്ച്, ആകാംക്ഷയോടെനോക്കിപ്പാർക്കുന്ന അവരുടെ വത്സലപിതാവിന്റെ ഭവനത്തിലേക്ക് തിരിച്ചു വരുന്നതിനും ദൈവം ഇടയാക്കട്ടെയെന്നു നമുക്കു പ്രാർത്ഥിക്കാം. ഇങ്ങനെ നമ്മുടെ ദിവ്യരക്ഷകൻ പീഡയനുഭവിക്കുന്നതിനു മുമ്പായി പരമപിതാവിന്റെ പക്കൽ അണച്ച ആ പ്രാർത്ഥന നിറവേറുവാൻ ഇടയാകട്ടെ. "പിതാവേ, നീ എന്നിലും ഞാൻ നിന്നിലുമായിരിക്കുന്നതുപോലെ അവരും നമ്മിൽ ഒന്നായിരിക്കട്ടെ".

**പ്രിയസഹോദരങ്ങളെ, വാത്സല്യ മക്കളെ,**

ദൈവാനുഗ്രഹത്താൽ നമ്മുടെ യാത്ര വിജയകരമാകുന്നതിന് നിങ്ങൾ തുടർച്ചയായി പ്രാർത്ഥിക്കണം.

നാം മടങ്ങി വരുന്നതുവരെ നമ്മുടെ അതിരൂപതയുടെ കാര്യാദികൾ വേണ്ടവണ്ണം നിർവഹിക്കുന്നതിന് നമ്മുടെ സ്നേഹഭാജനമായ വെരി. റവ. ഫാദർ സി. റ്റി. കുരുവിളയെ മെയ്മാസം 25-ാം തീയതിമുതൽ നമ്മുടെ അഡ്മിനിസ്ട്രേറ്റർ ആയി നാം നിയമിച്ചിരിക്കുന്നു എന്നുള്ള വിവരവും ഈ കല്പനമൂലം നാം നിങ്ങളേവരേയും അറിയിച്ചുകൊള്ളുന്നു. നമ്മുടെ അതിരൂപതയിലെ എല്ലാ സ്ഥാപനങ്ങളും പ്രത്യേകിച്ച് ഇടവകകളും മിഷ്യൻസ്ഥാപനങ്ങളും ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുമായി പൂർവാധികം അഭിവൃദ്ധിപ്പെടുത്തുന്നതിന് നിങ്ങളേവരും ആത്മാർത്ഥമായി പ്രയത്നിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് നാം ഹൃദയപൂർവം അനുസ്മരിപ്പിക്കുന്നു.

www.malankaralibrary.com



ആർച്ച്ബിഷപ്പ് എന്ന നിലയിൽ നാം അതിരൂപതയുടെ ഭരണം ഔദ്യോഗികമായി ഭരമേററതിനുശേഷം ഒന്നാമതായി അയയ്ക്കുന്ന ഈ ഇടയലേഖനത്തിൽ നമുക്ക് നിങ്ങളോട് വിശേഷവിധിയായി പറയുവാനുള്ളത് ഇതാണ്. പ. പിതാവായ മാർപ്പാപ്പാ നമ്മെ നിയമിച്ചുകൊണ്ട് അയച്ച കല്പനയിൽ പ്രകടിപ്പിച്ച ആഗ്രഹം തന്നെയാണ് അത്. അതായത് നമുക്ക ഭരമേല്പിക്കപ്പെട്ടവരായ നമ്മുടെ വത്സലമക്കൾ, വൈദികരും വിശ്വാസികളും, അവരുടെ സ്നേഹത്തിൻെറയും സൗഹാർദ്ദതയുടെയും ദൃഷ്ടാന്തങ്ങളാൽ എല്ലാവർക്കും ക്രിസ്തുവിൻെറ പരിമളമായിത്തീരട്ടെ!

ദൈവമായ കർത്താവിൻെറ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരുടെയുംമേൽ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ കന്യകമറിയാമിൻെറയും എല്ലാ ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

+ ബെനഡിക്ട് മാർ ഗ്രിഗോറിയോസ്
ആർച്ച്ബിഷപ്പ്.

**അതിമെത്രാസന അരമന, പട്ടം,**
**തിരുവനന്തപുരം,**
**19–5–1955.**

ബോംബെയിൽ നിന്ന് മെയ് 27–ാം തീയതി തിരുമേനിയും സെക്രട്ടറിയും യാത്ര തുടർന്നു. 28–ാം തീയതി ശനിയാഴ്ച അവർ റോമിലെത്തി. കർദ്ദിനാൾ ടിസ്സറാങ്ങുമായും പൗരസ്ത്യസഭകൾക്കായുള്ള തിരുസംഘ

www.malankaralibrary.com



ത്തിലെ അംഗങ്ങളുമായും മലങ്കരസഭയെ സംബന്ധിച്ച കാര്യങ്ങൾ ചർച്ച് ചെയ്യുന്നതിനും അഭിവന്ദ്യ തിരുമേനി റോമിലെ താമസക്കാലം പ്രയോജനപ്പെടുത്തി. ഈ റോമാ സന്ദർശനവേളയിലാണ് വിശ്വപ്രസിദ്ധനായ മോൺസിഞ്ഞോർ ഫുൾട്ടൻഷീനുമായി (ഇപ്പോൾ അമേരിക്കയിൽ റോച്ചസ്റ്ററിലെ ബിഷപ്പ്) വ്യക്തിപരമായ നിലയിൽ തിരുമേനി പരിചയപ്പെട്ടത്. ജൂൺ 11-ാം തീയതി അഭിവന്ദ്യതിരുമേനി വത്തിക്കാനിൽ വച്ച് 12-ാം പീയൂസ് മാർപ്പാപ്പാ തിരുമേനിയെ സന്ദർശിച്ച് ആദരാഞ്ജലികളർപ്പിക്കുകയും മലങ്കരസഭയെക്കുറിച്ചും പുനരൈക്യപ്രസ്ഥാനത്തിൻെറ പുരോഗതിയെക്കുറിച്ചും സംഭാഷണം നടത്തുകയും ചെയ്തു. വളരെ വിരളമായി മാത്രമേ അക്കാലങ്ങളിൽ പരിശുദ്ധപിതാവ് സന്ദർശകരെ സ്വീകരിക്കാറുണ്ടായിരുന്നുള്ളു. മലങ്കരസഭയോടുള്ള മാർപ്പാപ്പാ തിരുമേനിയുടെ പ്രത്യേകമായ സ്നേഹവായ്പാണ് ഇപ്രകാരമൊരു സ്വകാര്യസന്ദർശനമനുവദിക്കുവാൻ പ്രേരകമായത്. ആ സ്വകാര്യസന്ദർശനം പതിനഞ്ചുമിനിട്ട നീണ്ടുനിന്നു. ഇതിനുമുമ്പു തന്നെ ഒരു പൊതുചടങ്ങിൽ വച്ച് മാർപ്പാപ്പാതിരുമേനിയുമായി നമ്മുടെ കഥാനായകൻ കുശലപ്രശ്നങ്ങൾ നടത്തിയിരുന്നു.


റോമിൽ നിന്ന് യൂറോപ്പിലെ പല രാജ്യങ്ങളിലും ഹ്രസ്വമായ സന്ദർശനങ്ങൾ നടത്തിയതിനുശേഷം അഭിവന്ദ്യതിരുമേനി തെക്കെഅമേരിക്കയിലെ ബ്രസീലിലെത്തി, റിയോഡി ജനീറോയിൽ സമ്മേളിച്ച ദിവ്യ

www.malankaralibrary.com



കാരുണ്യകോൺഗ്രസിൽ സംബന്ധിച്ചു. പൗരസ്ത്യരീതിയിലുള്ള തിരുമേനിയുടെ സ്ഥാനവസ്ത്രങ്ങളും ഹൃദ്യമായ പെരുമാററങ്ങളും സ്വച്ഛസുന്ദരമായി ഇംഗ്ലീഷിലും ലത്തീനിലും പ്രസംഗിക്കുന്നതിനുള്ള പാടവവുംആ ലോകസമ്മേളനത്തിൽ പങ്കുകൊണ്ടിരുന്ന പല മഹാരഥന്മാരുടെയും ശ്രദ്ധയെ ഹഠാദാകർഷിച്ചു. തെക്കേഅമേരിക്കയിലേയും ഐക്യനാടുകളിലെയും കാനഡായിലേയും പല സ്ഥലങ്ങൾ സന്ദർശിക്കുന്നതിനും പ്രസംഗിക്കുന്നതിനും അതുമൂലം നമ്മുടെ കഥാനായകനു് ക്ഷണം ലഭിച്ചു. സമയദൗർലഭ്യം നിമിത്തം പല ക്ഷണങ്ങളും തിരുമേനിക്കു് നിരസിക്കേണ്ടതായിവന്നു. കോൺഗ്രസ് കഴിഞ്ഞു് തെക്കേഅമേരിക്കയിലെ ഏതാനും സ്ഥലങ്ങൾ സന്ദർശിച്ച ശേഷം തിരുമേനി സെക്രട്ടറിയുമൊന്നിച്ചു് ഐക്യനാടുകളിലേക്കു പോയി. ഐക്യനാടുകളിലെ തിരുമേനിയുടെ പര്യടനം വമ്പിച്ച വിജയമായിരുന്നു. ഐക്യനാടുകളിലെ വിവിധ സ്റ്റേററുകളിലുള്ള പ്രമുഖനഗരങ്ങളെല്ലാം തന്നെ തിരുമേനി സന്ദർശിച്ചു. മാർ ഈവാനിയോസ് തിരുമേനിയെ ഐക്യനാടുകളിലെ മിക്ക കത്തോലിക്കാസഭാനേതാക്കന്മാർക്കും വിവിധ ജീവിതത്തുറകളിലുള്ള അനേകം പൗരമുഖ്യർക്കും വ്യക്തിപരമായി പരിചയം ഉണ്ടായിരുന്നതുകൊണ്ടു് അദ്ദേഹത്തിൻെറ പിൻഗാമി എന്ന നിലയിൽ നമ്മുടെ കഥാനായകനെ അവർ സസന്തോഷം സ്വീകരിച്ചുപചരിച്ചു. കർദ്ദിനാൾ സ്പെൽമാൻ, കർദ്ദിനാൾ കുഷിംഗ്, മോൺസിഞ്ഞോർ ഫുൾട്ടൻഷീൻ ആദിയായ സഭാനേതാക്കന്മാരുമായി വ്യക്തിപരമായ സൗഹൃദംസ്ഥാപിച്ചു്

www.malankaralibrary.com



ആർച്ചുബിഷപ്പ്
കൗൺസിലിൽ സംബന്ധിച്ച
പൗരസ്ത്യസഭാദ്ധ്യക്ഷന്മാരോടൊന്നിച്ച്.

www.malankaralibrary.com



പുഷ്ടിപ്പെടുത്തുവാനും നമ്മുടെ കഥാനായകനു സാധിച്ചു. അമേരിക്കൻ ഐക്യനാടുകളിൽ കാണേണ്ടതായ കാഴ്ചകൾ മിക്കവാറും എല്ലാംതന്നെ നമ്മുടെ കഥാനായകൻ കണ്ടു. അനേകസ്ഥലങ്ങളിൽ ഇൻഡ്യയെക്കുറിച്ചും ഇൻഡ്യയിലെ ക്രൈസ്തവസഭകളെക്കുറിച്ചും പുനരൈക്യ പ്രസ്ഥാനത്തെക്കുറിച്ചും തിരുമേനി ഉജ്ജ്വലത്തായ പ്രഭാഷണങ്ങൾ ചെയ്തു. ഫോട്ടോ സഹിതം തിരുമേനിയുടെ സന്ദർശനവിവരങ്ങൾ പ്രമുഖപത്രങ്ങളിലെല്ലാം തന്നെ സ്ഥലംപിടിച്ചു. പല റേഡിയോപ്രസംഗങ്ങളും തിരുമേനി നിർവ്വഹിച്ചു. പല ടെലിവിഷൻ പരിപാടികളിലും തിരുമേനി പങ്കെടുത്തു.

വിജയകരമായ ഈ പര്യടനം പൂർത്തിയാക്കി 1955 ഡിസംബർ 14-ാം തീയതി തിരുമേനി തിരുവനന്തപുരത്ത് തിരിച്ചെത്തി. ഗംഭീരമായൊരു സ്വീകരണമാണ് നമ്മുടെ കഥാനായകന് വിമാനത്താവളത്തിൽ ലഭിച്ചത്. തിരുവനന്തപുരം അതിരൂപതയിലെ മിക്ക വൈദികരും അനേകം കന്യാസ്ത്രീകളും വലിയൊരു ജനക്കൂട്ടവും നമ്മുടെ കഥാനായകനെ സ്വീകരിക്കുവാൻ വിമാനത്താവളത്തിൽ എത്തിയിരുന്നു. വിമാനത്തിൽ നിന്നിറങ്ങിയ അഭിവന്ദ്യതിരുമേനിയെ തിരുവനന്തപുരം ബിഷപ്പ് പീററർ ബർണാർഡ് പെരേരാ തിരുമേനിഹാരമണിയിച്ചുസ്വീകരിച്ചു. അനേകംകാറുകളുടെ അകമ്പടികളോടുകൂടി വിമാനത്താവളത്തിൽ നിന്ന് പട്ടത്തേക്ക് തിരുമേനി പുറപ്പെട്ടു. പാളയം സെൻറ് മേരീസ് കത്തീഡ്രലിൽ കയറി പ്രാർത്ഥിച്ചശേഷം അര

www.malankaralibrary.com



മനയിൽ എത്തി. പട്ടം അരമനയിൽ വച്ചു നടന്ന സ്വീകരണയോഗത്തിൽ റവ. ഡോ. എൻ. എ. തോമസ്, മി. മാത്യു മുരിക്കൻ, വി. വി. മാത്യു എന്നിവർ പ്രസംഗിച്ചു. തിരുമേനി തൻെറ പാശ്ചാത്യപര്യടനാനുഭവങ്ങളെ പ്രതിപാദിച്ചുകൊണ്ടു് സമുചിതമായ മറുപടി പ്രസംഗം ചെയ്തു.

ഈ പാശ്ചാത്യപര്യടനത്തിനുശേഷം അഭിവന്ദ്യ തിരുമേനി അനേകപ്രാവശ്യം ലോകപര്യടനങ്ങൾ നടത്തിയിട്ടുണ്ടു്. എല്ലാ പശ്ചിമയൂറോപ്യൻരാജ്യങ്ങളും വിശുദ്ധ നാടുകളും ആഫ്രിക്കയും അമേരിക്കൻ ഐക്യനാടുകളും കാനഡായും ഫിലിപ്പൈൻസും, ഹോങ്കോങ്ങും മലേഷ്യയും, സിങ്കപ്പൂരും എല്ലാം അദ്ദേഹം സന്ദർശിച്ചിട്ടുണ്ടു്. സാധാരണക്കാരായ നമുക്കു് തിരുവനന്തപുരം കോട്ടയം, ചങ്ങനാശ്ശേരി പോലെയാണു് അദ്ദേഹത്തിനു് ന്യൂയോർക്കും, വാഷിംഗ്ടണും, ഒട്ടാവായും, ലണ്ടനും, പാരീസും, റോമും എല്ലാം. തിരുമേനിയുടെ പര്യടനങ്ങൾ ഒരിക്കലും വ്യക്തിപരമായ താല്പര്യങ്ങളെ മുൻനിർത്തി ആയിരുന്നിട്ടില്ല. ഈ വിദേശയാത്രകൾ നിമിത്തം തിരുവനന്തപുരം അതിരൂപതയ്ക്കു് വിവിധ രംഗങ്ങളിൽ പുരോഗമനം ഉളവാക്കുവാനും നമ്മുടെ കഥാനായകനു് കഴിഞ്ഞിട്ടുണ്ടു്.

www.malankaralibrary.com

## അദ്ധ്യായം പതിനഞ്ച്

# ഉപസംഹാരം

1933-ൽ കല്ലൂപ്പാറ തങ്ങളത്തിൽ വീട്ടിൽനിന്ന് തന്റെ മാതാപിതാക്കളുടെ അറിവോ സമ്മതമോ ഇല്ലാതെ ബഥനി സന്യാസസമൂഹത്തിലെ അംഗമാകുവാൻ ഇറങ്ങിത്തിരിച്ച ഒരു യുവാവ്, ജീവിതം മുഴുവൻ ക്രിസ്തുനാഥനു വേണ്ടിയുള്ള ഒരു യാഗവസ്തുവും, സമസൃഷ്ടങ്ങൾക്ക് നന്മ ചെയ്യുവാനുള്ള ദൈവികദാനവുമായി കരുതിയ ഒരു യുവാവ്, തിരുവനന്തപുരം ആർച്ച്ബിഷപ്പായ ചരിത്രത്തിലേക്ക് ഒരു എത്തിനോട്ടം ഈ ഗ്രന്ഥകർത്താവ് നടത്തിക്കഴിഞ്ഞു. അഭിവന്ദ്യ ആർച്ച്ബിഷപ്പ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ 1955 മുതൽ 1969 വരെയുള്ള ജീവിതകാലഘട്ടത്തിലെ സംഭവങ്ങൾ രേഖപ്പെടുത്തുവാനുള്ള യാതൊരു കരുക്കളും ഈ ഗ്രന്ഥകാരന് ലഭിച്ചിട്ടില്ല. ഔദ്യോഗികമായ പല രേഖകളിലുമായി വ്യാപിച്ചു കിടക്കുന്ന കാര്യങ്ങൾ ലഭിക്കാൻ സാദ്ധ്യമല്ലെന്നറിയാമായിരുന്നതുകൊണ്ട് അവ

www.malankaralibrary.com



ലഭിക്കവാനുള്ള സാഹസസംരഭത്തിനു് ഈ ലേഖിതാവു് തുനിഞ്ഞുമില്ല. മാത്രമല്ല തിരുമേനിയുടെ കീഴിലുള്ള ഒരു വൈദികൻ, മെത്രാപ്പോലീത്താ എന്ന നിലയിലുള്ള തൻെറ മേലധികാരിയുടെ ഓരോ പ്രവൎത്തനത്തെയും ചരിത്രദൃഷ്ട്യാ പരിശോധിച്ചു് വിലയിരുത്തുക ശരിയാണെന്നും ഈ ഗ്രന്ഥകൎത്താവിനു് അഭിപ്രായമില്ല. അതിനാൽ അഭിവന്ദ്യതിരുമേനിയുടെ വിപുലമായ ഒരു ജീവിതചരിത്രമെഴുതുവാനുള്ള ചുമതല ഭാവിയിലെ ചരിത്രകാരന്മാൎക്കു് ഈയുള്ളവൻ വിട്ടുകൊടുക്കുന്നു.

എങ്കിലും ഈ ഗ്രന്ഥം ഉപസംഹരിക്കുന്നതിനു മുൻപു് പൊതുവായ ചില കാര്യങ്ങൾ പറയാം. സ്ഥാനവും അധികാരവും തിരുമേനിയുടെ ജീവിതത്തിലോ, പെരുമാററത്തിലോ, ജീവിതവീക്ഷണത്തിലോ കാര്യമായ പരിവൎത്തനമൊന്നും ഉളവാക്കിയിട്ടില്ല. വളരെ ലളിതമായ ജീവിതം, ഹൃദ്യമായ പെരുമാററം, മുഷിഞ്ഞിരുന്നു് ജോലി ചെയ്യുവാനുള്ള സന്നദ്ധത—ഇവ തിരുമേനിയുടെ പ്രത്യേകതകളാണു്. എല്ലാവൎക്കും കഴിവുള്ള എല്ലാവിധ സഹായങ്ങളും ചെയ്യുന്നതിനു് അവിടുന്നു് എപ്പോഴും സന്നദ്ധനാണു്. നൎമ്മസംഭാഷണങ്ങളിൽ തിരുമേനി ഒരു വിദഗ്ദ്ധനാണു്. മനോഭാരവുമായി അവിടുത്തെ സമീപിക്കുന്നവർ സാന്ത്വനപ്പെട്ടു മാത്രമേ ആ സന്നിധിയിൽനിന്നു പോകാറുള്ളു. സമഭാവനയോടുകൂടി മാത്രമേ മററുള്ളവരോടു ഈ വത്സലതാതൻ ഇടപെടാറുള്ളു. തൻെറ അജഗണത്തിൻെറ ആദ്ധ്യാത്മികമായ അഭിവൃദ്ധിയിൽ മാത്രമല്ലാ ലൗകിക

www.malankaralibrary.com



പോൾമാർപ്പാപ്പായോടൊന്നിച്ച്.

www.malankaralibrary.com



മായ അഭിവൃദ്ധിയിലും അവിടുന്ന് തികച്ചും തല്പരനാണ്. തിരുവനന്തപുരം അതിരൂപതയിൽ അങ്ങോളമിങ്ങോളം നടക്കുന്ന സാമൂഹ്യപ്രവർത്തനങ്ങൾ പാവപ്പെട്ടവരുടെ നേർക്കുള്ള അവിടുത്തെ അനുകമ്പയുടെ ഉത്തമഫലങ്ങളത്രെ.

ക്രൈസ്തവസഭകളുടെ ഐക്യത്തിനുവേണ്ടി ദാഹിക്കുന്ന ഈ പ്രേഷിതവര്യൻ കേരളത്തിലെ എക്യുമെനിക്കൽ പ്രസ്ഥാനങ്ങളുടെ മുൻനിരയിൽ നിന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇതരമതസ്ഥരോടും തിരുമേനിയുടെ സമ്പർക്കം അനുകരണീയമാണ്. അടുത്തകാലത്ത് സ്വാമിചിന്മയാനന്ദൻ തിരുവനന്തപുരത്തു നടത്തിയ ഗീതാപ്രവചനങ്ങൾ ഉൽഘാടനം ചെയ്തതു് നമ്മുടെ കഥാപുരുഷനാണ്. സിറോമലങ്കരറീത്തിൻെറ വ്യക്തിത്വം നിലനിർത്തുന്ന കാര്യത്തിൽ അവിടുന്ന് സദാ ശ്രദ്ധാലുവാണ്. തിരുവനന്തപുരം അതിരൂപതയിലുള്ള വൈദികർക്ക് ഒരു മെത്രാപ്പോലീത്താ എന്നതിനേക്കാളുപരി ഒരു വത്സലപിതാവും സ്നേഹിതനും ഗുണകാംക്ഷിയുമാണവിടുന്ന്.

1954 മുതൽ 1969 വരെ തിരുവനന്തപുരം അതിരൂപതയ്ക്കു കൈവന്നിട്ടുള്ള അഭിവൃദ്ധി താഴെ കാണിച്ചിരിക്കുന്ന സ്ഥിതിവിവരക്കണക്കിൽ നിന്നു വ്യക്തമാകും.

www.malankaralibrary.com



| | 1954 | 1969 |
|---|---|---|
| വൈദികർ | 81 | 184 |
| പള്ളികൾ | 190 | 405 |
| ഫ്രാൻസിസ്കൻ ബ്രദേഴ്സ് | 12 | 23 |
| മഠങ്ങൾ | 14 | 32 |
| കന്യാസ്ത്രീകൾ | 116 | 322 |
| കോളജ്കൾ | 1 | 3 |
| നേഴ്സറിസ്ക്കൂളുകൾ | ഇല്ല | 16 |
| ഹൈസ്ക്കൂളുകൾ | 5 | 17 |
| അനാഥശാലകൾ | 1 | 5 |
| ഡിസ്പെൻസറികൾ | ഇല്ല | 6 |
| ഹോസ്റ്റലുകളും ബോഡിംഗുകളും | 2 | 10 |
| കത്തോലിക്കർ | 70347 | 140544 |

മേലുദ്ധരിച്ച കണക്കുകൾ സ്വയം സംസാരിക്കുന്നവയാകകൊണ്ടു് അവയ്ക്കു പ്രത്യേകമൊരു ഭാഷ്യം ആവശ്യമില്ല. ദൈവസ്നേഹഭരിതവും പരസ്നേഹപ്രചോദിതവുമായ നിരന്തരപരിശ്രമത്തിൻെറയും കഷ്ടപ്പാടുകളുടെയും ഫലമായി കൈവന്ന ഈ നേട്ടങ്ങളുടെ പട്ടിക അനുദിനം വദ്ധിച്ചുകൊണ്ടിരിക്കയുമാണു്.

1969 ഓഗസ്റ്റ് 24-ാം തീയതി തൻെറ പൗരോഹിത്യത്തിൻെറ രജതജൂബിലി ആഘോഷിക്കുന്ന ഈ സ്നേഹതാതൻ, തൻെറ പൗരോഹിത്യത്തിൻെറ കനകജൂബിലിയും വജ്രജൂബിലിയും ആഘോഷിക്കാൻ നിത്യപുരോഹിതനായ ക്രിസ്തുനാഥൻ അനുഗ്രഹിക്കട്ടെ.